SUPREME AUDIT INSTITUTION OF INDIA
लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

# ജല ജീവൻ മിഷനെക്കുറിച്ചുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

**കേരള സർക്കാർ**
**2025-ലെ റിപ്പോർട്ട് നമ്പർ 10**
**(പ്രവർത്തനക്ഷമതാ ഓഡിറ്റ് – സിവിൽ)**

# ജല ജീവൻ മിഷനെക്കുറിച്ചുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

**കേരള സർക്കാർ**

**2025-ലെ റിപ്പോർട്ട് നമ്പർ 10**

**(പ്രവർത്തനക്ഷമതാ ഓഡിറ്റ് – സിവിൽ)**

# ഉള്ളടക്കം


| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| **ആമുഖം** | | v |
| **മുഖ്യ സംഗ്രഹം** | | vii |
| **അദ്ധ്യായം I – അവതാരിക** | | |
| സംസ്ഥാനത്തെ ജെജെഎമ്മിന്റെ ഘടനാ രൂപം | 1.1 | 1 |
| ഓഡിറ്റ് ലക്ഷ്യങ്ങൾ | 1.2 | 2 |
| ഓഡിറ്റ് മാനദണ്ഡം | 1.3 | 2 |
| ഓഡിറ്റിന്റെ വ്യാപ്തി, സാംപ്ലിംഗ്, രീതിശാസ്ത്രം | 1.4 | 3 |
| കൃതജ്ഞത | 1.5 | 4 |
| **അദ്ധ്യായം II - സ്ഥാപന സംവിധാനവും ആസൂത്രണവും** | | |
| അധികാരപ്പെടുത്തിയ ചുമതലാ കൈമാറ്റത്തിനുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത് | 2.1 | 5 |
| ജെജെഎമ്മിന് കീഴിൽ നടപ്പാക്കുന്ന പദ്ധതികൾക്കായുള്ള പ്രവർത്തന പരിപാലന നയം രൂപപ്പെടുത്താത്തത് | 2.2 | 6 |
| ജെജെഎമ്മിനു കീഴിലെ സ്ഥാപന സംവിധാനം | 2.3 | 8 |
| വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള ലക്ഷ്യം കൈവരിക്കാത്തത് | 2.4 | 14 |
| ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികളെ ഫലപ്രദമായി ഏർപ്പെടുത്താത്തത് | 2.5 | 15 |
| മറ്റ് പരിപാടികളും / പദ്ധതികളുമായുള്ള സംയോജനം | 2.6 | 16 |
| ശിപാർശകൾ | | 17 |
| **അദ്ധ്യായം III - സാമ്പത്തിക നിർവ്വഹണം** | | |
| ജെജെഎമ്മിന്റെ സാമ്പത്തിക പുരോഗതി | 3.1 | 20 |
| ഗുണഭോക്തൃ വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും | 3.2 | 26 |
| കരാറുകാർക്കുള്ള പേയ്മെന്റ് മുടങ്ങിക്കിടക്കുന്നത് | 3.3 | 29 |
| റോഡ് പുനഃസ്ഥാപന നിരക്കുകളിൽ ഇരട്ടിയായി ജിഎസ്ടി ബുക്കിംഗ് നടത്തിയത് | 3.4 | 30 |
| സേവന നിലവാരം 55 എൽപിസിഡിയിൽ കൂടുതലായി രൂപകല്പന ചെയ്ത പദ്ധതികളിലെ കേന്ദ്ര സർക്കാർ ഫണ്ടുകളുടെ ക്രമരഹിതമായ ചെലവ് | 3.5 | 30 |
| സെന്റേജ് ചാർജുകൾക്കുള്ള അനുവദനീയമല്ലാത്ത ചെലവ് നടത്തിയത് | 3.6 | 31 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടിയിന്മേലുള്ള ചെലവ് ജെജെഎം | 3.7 | 32 |

| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| ഫണ്ടുകളിൽ നിന്ന് അന്തിമ ചെലവായി ബുക്ക് ചെയ്തത് | | |
| ജെജെഎമ്മിന്റെ അക്കൗണ്ടുകളിൽ കണ്ടെത്തിയ പൊരുത്തക്കേടുകൾ | 3.8 | 33 |
| ശിപാർശകൾ | | 34 |
| **അദ്ധ്യായം IV - പദ്ധതികളുടെ നിർവ്വഹണം** | | |
| പദ്ധതി നിർവ്വഹണത്തിലെ മന്ദഗതി | 4.1 | 36 |
| പദ്ധതി നിർവ്വഹണത്തിലെ സമയപരിപാലനം | 4.2 | 39 |
| പദ്ധതികളുടെ നിർവ്വഹണം | 4.3 | 42 |
| ശ്രദ്ധയിൽപ്പെട്ട കരാർ മാനേജ്മെന്റിലെ ക്രമക്കേടുകൾ | 4.4 | 46 |
| സമ്പാദനത്തിലെ ഗുണമേന്മാ പരിപാലനം | 4.5 | 52 |
| ഒഴിവാക്കാനാവുമായിരുന്ന ചെലവുകൾ | 4.6 | 52 |
| ഉറവിടത്തിന്റെ അപര്യാപ്തതകൾ | 4.7 | 56 |
| ജലവിതരണത്തിലെ ഗുണമേന്മയിലെ പ്രശ്നങ്ങൾ | 4.8 | 58 |
| മുൻഗണനാമേഖലകളിൽ പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കാത്തത് | 4.9 | 60 |
| ക്യു & ക്യു ബ്ലോക്കുകളിൽ എസ്‌വിഎസുകൾ ഏറ്റെടുക്കുന്നതിലെ വീഴ്ച | 4.10 | 62 |
| നിശ്ചിത സ്ഥാനങ്ങളിൽ ടാപ്പ് കണക്ഷനുകൾ നൽകാതിരുന്നത് | 4.11 | 63 |
| പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിൽ എസ്‌സി/എസ്‌ടി ഭൂരിപക്ഷമുള്ള മേഖലകളിൽ ശുദ്ധജലവിതരണത്തിന്റെ അഭാവം | 4.12 | 64 |
| ശിപാർശകൾ | | 65 |
| **അദ്ധ്യായം V - ജലഗുണനിലവാര മേൽനോട്ടവും നിരീക്ഷണവും** | | |
| സംസ്ഥാനത്തെ ലബോറട്ടറികളുടെ സ്ഥാപന ചട്ടക്കൂട് | 5.1 | 68 |
| ഗ്രാമപഞ്ചായത്ത് / വില്ലേജ് തലത്തിലുള്ള ജല ഗുണനിലവാര പരിശോധനയുടെ ഫലപ്രാപ്തി | 5.2 | 72 |
| ജലഗുണനിലവാര പരിശോധനാ ഫലങ്ങളിലെ മൂല്യങ്ങൾ തമ്മിലുള്ള പൊരുത്തക്കേടുകൾ | 5.3 | 74 |
| നിർദ്ദേശിക്കപ്പെട്ട ടേൺ എറൗണ്ട് സമയം പാലിക്കാതിരുന്നത് | 5.4 | 75 |
| ജല ഗുണനിലവാര മേൽനോട്ട നിരീക്ഷണ പരിപാടി (ഡബ്ല്യുക്യുഎംഎസ്‌പി) നടപ്പാക്കുന്നതിൽ കണ്ട മറ്റു ന്യൂനതകൾ | 5.5 | 76 |
| ശിപാർശ | | 77 |

| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| **അദ്ധ്യായം VI - നിരീക്ഷണവും വിലയിരുത്തലും** | | |
| ടാപ്പ് കണക്ഷനുകളുടെ പ്രവർത്തനത്തിന്റെ നിരീക്ഷണം | 6.1 | 79 |
| ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം/ ഇ-അബാക്കസ്/ ഇ-സർവീസ് | 6.2 | 81 |
| പരിശോധനകൾ നടത്തുന്നതിലെ ക്രമക്കേടുകൾ | 6.3 | 83 |
| ശിപാർശ | | 86 |

# അനുബന്ധങ്ങൾ


| അനുബന്ധം | വിവരണം | പേജ് |
|---|---|---|
| 1.1 | സാമ്പിൾ തെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ | 87 |
| 3.1 | കേന്ദ്ര സർക്കാരും കേരള സർക്കാരും ഫണ്ട് അനുവദിച്ചതിന്റെ വിശദാംശങ്ങൾ | 88 |
| 3.2 | പിഎംജിഎസ്വൈയിൽ നിക്ഷേപിച്ച റോഡ് പുനഃ സ്ഥാപന ചാർജുകളുടെ വിശദാംശങ്ങൾ | 90 |
| 3.3 | തെരഞ്ഞെടുത്ത ജിപികളിലെ പദ്ധതികളുടെ ചെലവിന്റെ വിഹിതം | 91 |
| 3.4 | സെന്റേജ് ചാർജുകൾ അടച്ചതിന്റെ വിശദാംശങ്ങൾ | 94 |
| 4.1 | ക്രമരഹിതമായ നിരക്ക് പരിഷ്കരണം മൂലം കെഡബ്ല്യുഎയ്ക്കുണ്ടായ അധിക ബാധ്യതയുടെ വിശദാംശങ്ങൾ | 95 |
| 4.2 | ദീർഘകാലമായി അടുക്കി വച്ചിരിക്കുന്ന പോളിമർ പൈപ്പുകളുടെ വിശദാംശങ്ങൾ | 96 |
| 4.3 | തെരഞ്ഞെടുത്ത ജില്ലകളിൽ വസ്തുക്കൾ വിതരണം ചെയ്ത എംപാനൽ ചെയ്യാത്ത സ്ഥാപനങ്ങളുടെ / വിതരണക്കാരുടെ വിശദാംശങ്ങൾ | 99 |
| 4.4 | പിഡബ്ല്യുഡിക്ക് അധികമായി നൽകിയ റോഡ് പുനഃ സ്ഥാപന ചാർജുകളുടെ വിശദാംശങ്ങൾ | 102 |
| 5.1 | കെഡബ്ല്യുഎ ക്യുസിഡി ശേഖരിച്ച് കെഡബ്ല്യുഎയിലും മറ്റ് ലബോറട്ടറികളിലും പരീക്ഷിച്ച ജല സാമ്പിളുകളുടെ പരിശോധനാ ഫലങ്ങളിലെ മൂല്യങ്ങളുടെ താരതമ്യം | 103 |

| | |
|---|---|
| റിപ്പോർട്ടിൽ ഉപയോഗിച്ചിരിക്കുന്ന ചുരുക്കെഴുത്തുകളുടെ പദസൂചിക | 105 |

# ആമുഖം

ഭരണഘടനയുടെ ആർട്ടിക്കിൾ 151 (2) പ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണ്ണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2024 മാർച്ച് 31-ന് അവസാനിച്ച കാലയളവിലെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

2019-24 കാലയളവിലെ, 'ജല ജീവൻ മിഷനെ' സംബന്ധിച്ച് നടത്തിയ പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ഫലങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

കേരള സർക്കാർ ജലവിഭവ, ഭൂജല വകുപ്പുകൾ, കേരള വാട്ടർ അതോറിറ്റി, കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി, തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്ന് ഓഡിറ്റ് നടപടിക്രമങ്ങളുടെ ഓരോ ഘട്ടത്തിലും നൽകിയ സഹകരണത്തിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

# മുഖ്യ സംഗ്രഹം

## മുഖ്യ സംഗ്രഹം

നാല്പത്തിനാല് നദികളും നിരവധി തടാകങ്ങളും കടലിനോട് ചേർന്നുള്ള കായലുകളുമുള്ള സമൃദ്ധമായ ജലസ്രോതസ്സുകളുടെ നാടായിട്ടാണ് കേരളം കണക്കാക്കപ്പെടുന്നത്. പ്രതിവർഷം ഗണ്യമായ അളവിൽ മഴ ലഭിക്കുന്ന കേരളം, വാർഷികവൃഷ്ടിയുടെ കാര്യത്തിൽ ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. കേരളത്തിലെ ഗ്രാമീണ ജനത കിണർ ജലസംവിധാനത്തെയാണ് ആശ്രയിക്കുന്നത്. കേരളത്തിൽ ജനസംഖ്യയുടെ നാലിൽ മൂന്ന് ഭാഗത്തിനും സ്വന്തം ഗൃഹപരിസരത്തുതന്നെ കുടിവെള്ളം ലഭ്യമാണ്. എന്നാൽ, വ്യത്യസ്ത ജില്ലകളെ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ വ്യത്യാസപ്പെട്ടിരുന്നു. ഇടുക്കിയിൽ ജനസംഖ്യയുടെ **41** ശതമാനത്തിന് മാത്രമേ ഗൃഹപരിസരത്ത് കുടിവെള്ളം ലഭ്യമാകുന്നുള്ളുവെങ്കിൽ കൊല്ലം ജില്ലയിൽ ഇത് **85** ശതമാനം ആയിരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാരവും ജില്ലകൾ തോറും വ്യത്യാസപ്പെട്ടിരുന്നു.

**2019**-ൽ കേന്ദ്ര സർക്കാർ ജല ജീവൻ മിഷൻ (ജെജെഎം) ആരംഭിച്ചപ്പോൾ, ഗ്രാമീണ സമൂഹത്തിന് **100** എൽപിസിഡി (ഒരു വ്യക്തിക്ക് ഒരു ദിവസം നല്കുന്ന വെള്ളത്തിന്റെ അളവ് ലിറ്ററിൽ) എന്ന ശ്രമകരമായ സേവന നിലവാരം കേരള സർക്കാർ ലക്ഷ്യം വച്ചു. **2019**-ൽ ഗ്രാമീണ കുടുംബങ്ങളുടെ ടാപ്പ് വാട്ടർ കണക്ഷൻ കവറേജ് **25** ശതമാനത്തിൽ താഴെ മാത്രം ആയിരിക്കെ, **2020-25** കാലയളവിലേക്ക് ഗ്രാമീണ ജനസംഖ്യയുടെ **100** ശതമാനത്തിനും പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള ടാപ്പ് കണക്ഷനുകൾ (എഫ്എച്ച്ടിസി) നൽകാനാണ് സംസ്ഥാനം ലക്ഷ്യമിട്ടത്. ആകെ **₹44,714.79** കോടി ചെലവിൽ **54.45** ലക്ഷം വീടുകൾക്ക് എഫ്എച്ച്ടിസികൾ നൽകുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി.

ഗ്രാമീണ ജലവിതരണ മേഖലയിൽ ഈ ഇടപെടലിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ആസൂത്രണം, നടപ്പാക്കൽ, സാമ്പത്തിക നിർവ്വഹണം, നിരീക്ഷണം തുടങ്ങിയ മേഖലകളിൽ ദൗത്യത്തിന്റെ ലക്ഷ്യങ്ങൾ എത്രത്തോളം കൈവരിച്ചുവെന്ന് വിലയിരുത്തുന്നതിനാണ് ഞങ്ങൾ ഈ ഓഡിറ്റ് ഏറ്റെടുത്തത്. കേരളത്തിൽ പദ്ധതിയുടെ ഫലപ്രാപ്തിയെക്കുറിച്ചുള്ള സുപ്രധാന ഉൾക്കാഴ്ചകൾ ഞങ്ങളുടെ പരിശോധനയിൽ നിന്നും ഉരുത്തിരിഞ്ഞു.

ജലവിതരണ സംവിധാനങ്ങളുടെ ആസൂത്രണം, നടപ്പാക്കൽ, പരിപാലനം എന്നിവയിൽ ഗ്രാമീണ സമൂഹങ്ങളെ സജീവമായി ഉൾപ്പെടുത്തിക്കൊണ്ട്, ഒരു സമൂഹകേന്ദ്രീകൃതവും സമൂഹ നിയന്ത്രിതവുമായ പദ്ധതി ആയിട്ടാണ് ജെജെഎം വിഭാവനം ചെയ്തിരുന്നത്. എന്നാൽ, കേരള സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള വാട്ടർ അതോറിറ്റി (കെഡബ്ല്യുഎ) ജെജെഎമ്മിനെ മുന്നോട്ട് നയിക്കുന്ന ഒരു പ്രധാന ചാലക ശക്തിയായി തുടർന്നുവെന്ന് ഞങ്ങൾ നിരീക്ഷിച്ചു. അടിസ്ഥാനതലത്തിൽ അനുഭവപ്പെടുന്ന ആവശ്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്താതെ, സ്വന്തമായി തയ്യാറാക്കിയ ഡിപിആറുകളിൽ നിന്നുള്ള വിവരങ്ങൾ സ്വീകരിച്ചുകൊണ്ട് കെഡബ്ല്യുഎ അതിന്റെ ഡിവിഷനുകൾ/സബ് ഡിവിഷനുകൾ വഴിയാണ് പദ്ധതി നടപ്പാക്കിയത്. പാർശ്വവൽക്കരിക്കപ്പെട്ട ഗ്രാമീണ സമൂഹങ്ങളുടെ ഉടമസ്ഥാവകാശം ഉറപ്പിക്കുന്നതിനും അവയുടെ ശാക്തീകരണത്തിനുള്ള ഒരു

ഉപാധിയായും ഗ്രാമ ജല-ശുചിത്വ സമിതികളും (വിഡബ്ല്യുഎസ്സി) വില്ലേജ് ആക്ഷൻ പ്ലാനുകളും (വിഎപി) പദ്ധതിയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, പരിശോധന നടത്തിയ 21 ഗ്രാമപഞ്ചായത്തുകളിൽ (ജിപി) നാലെണ്ണത്തിൽ മാത്രമേ വിഡബ്ല്യുഎസ്സികൾ രൂപീകരിച്ചിട്ടുള്ളൂവെന്നും, വിഎപികൾ വിഭാവനം ചെയ്തത് പോലെ തയ്യാറാക്കിയിട്ടില്ലെന്നും ഞങ്ങൾ നിരീക്ഷിച്ചു. സംസ്ഥാന ആക്ഷൻ പ്ലാൻ ജില്ലാ ആക്ഷൻ പ്ലാനുകളിൽ നിന്ന് ഉത്ഭവിക്കുകയോ, ഉറവിട സുസ്ഥിരതാ നടപടികൾക്കും മലിന ജലസംസ്കരണത്തിനും വേണ്ടി സമഗ്രമായ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുകയോ ചെയ്യുകയുണ്ടായില്ല. ജല വിതരണ സംവിധാനങ്ങളുടെ സുസ്ഥിരതയും തുടർച്ചയും ഉറപ്പാക്കുന്നതിന്, സംസ്ഥാനം ഒരു പ്രവർത്തന പരിപാലന നയം (ഒ ആന്റ് എം) രൂപീകരിച്ചിരുന്നില്ല. കൂടാതെ, ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിക്ക് അനുസൃതമായി കുടിവെള്ള പരിപാലനം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഔപചാരികമായി കൈമാറാൻ പ്രാപ്തമാക്കുന്ന അനുയോജ്യമായ ഒരു വിജ്ഞാപനം പഞ്ചായത്ത് രാജ് നിയമ പ്രകാരം സംസ്ഥാനത്ത് ഇതുവരെയും പുറപ്പെടുവിച്ചിട്ടില്ല. പരിശോധന നടത്തിയ ജില്ലകളിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്), ധനകാര്യ കമ്മീഷൻ (ടൈഡ് ഗ്രാന്റ്), സംയോജിത നീർത്തട പരിപാലന പദ്ധതി (ഐഡബ്ല്യുഎംപി), സ്വച്ഛ് ഭാരത് മിഷൻ (എസ്ബിഎം) (ഗ്രാമീൺ) പോലുള്ള പരിപാടികൾ / പദ്ധതികളുമായി ചേർന്ന്, ജെജെഎമ്മിന് കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി മാനവവിഭവശേഷിയുടെയും സാമ്പത്തിക ഉറവിടങ്ങളുടെയും വിനിയോഗം സുഗമമാക്കുന്നതിനുള്ള ഒരു സംയോജിത പദ്ധതി രൂപീകരിച്ചിട്ടില്ലെന്ന് ഞങ്ങൾ നിരീക്ഷിച്ചു.

തത്ഫലമായി, പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ നൽകുന്നതിൽ ഗണ്യമായ പുരോഗതി കണ്ടെങ്കിലും, 2,13,991 കണക്ഷനുകൾ നൽകി ഒരു മാസത്തിനുള്ളിൽ വിച്ഛേദിക്കപ്പെട്ടതായും ഞങ്ങൾ നിരീക്ഷിച്ചു. ഇത് പദ്ധതിയിൽ ഗുണഭോക്താക്കൾക്കുള്ള താൽപ്പര്യമില്ലായ്മയെ സൂചിപ്പിക്കുന്നു. പരിശോധന നടന്ന ജിപികളിൽ നാലിടത്തു മാത്രമാണ് ₹131.40 ലക്ഷം മതിക്കുന്ന ഗുണഭോക്തൃ വിഹിതം ശേഖരിച്ചത് എന്ന വസ്തുതയിലും ഇത് പ്രതിഫലിക്കുകയുണ്ടായി.

നൂറ് ശതമാനം കവറേജ് നേടാനുള്ള ശ്രമത്തിൽ ബേസ്ലൈൻ സർവ്വേകളിലൂടെയും മുൻഗണനാക്രമം പാലിക്കുന്നതിലൂടെയും ആവശ്യകതകളുടെ യാഥാർത്ഥ്യബോധത്തോടെയുള്ള വിലയിരുത്തൽ സർക്കാർ നടത്തിയില്ലെന്നും, അതിനാൽ, ഗുണനിലവാര ബാധിത പ്രദേശങ്ങൾ, ആസ്പിരേഷണൽ ജില്ല, സൻസദ് ആദർശ് ഗ്രാം യോജന (എസ്എജിവൈ) ഗ്രാമങ്ങൾ തുടങ്ങിയ ജലവിതരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ അത്യന്താപേക്ഷിതമായിരുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള പ്രത്യേക ഇടപെടലുകൾ ഉണ്ടായില്ലെന്നും ഞങ്ങൾ നിരീക്ഷിച്ചു. മതിയായ എണ്ണം സമൂഹ ജലശുദ്ധീകരണ പ്ലാന്റുകൾ (സിഡബ്ല്യുപിപി) പ്രവർത്തിപ്പിച്ചുകൊണ്ട് ജലഗുണനിലവാരബാധിതമായ അധിവാസകേന്ദ്രങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കെഡബ്ല്യുഎ / പരിശോധന നടത്തിയ ജിപികൾ ഫലപ്രദമായ പരിഹാര നടപടികളൊന്നും സ്വീകരിച്ചതായി ഞങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞില്ല. ഓഡിറ്റിനായി തെരഞ്ഞെടുത്ത മൂന്ന് പട്ടികവർഗ്ഗ ഭൂരിപക്ഷമുള്ള ഗ്രാമപഞ്ചായത്തുകളായ അഗളി,

പൂതൂർ, ഷോളയൂർ എന്നിവിടങ്ങളിൽ ഒരു എഫ്എച്ച്ടിസി പോലും നൽകിയിരുന്നില്ല.

അഞ്ച് വർഷത്തെ കാലയളവിൽ ആകെയുള്ള 5,318 പ്രവൃത്തികളിൽ 51 ശതമാനം മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്നതിനാൽ, പദ്ധതിയ്ക്ക് കാര്യമായ കാലതാമസവും നേരിടേണ്ടി വന്നു. പതിനേഴ് ശതമാനം പ്രവൃത്തികൾ ആരംഭിക്കുവാൻ പോലും കഴിഞ്ഞില്ല. റോഡ് കട്ടിംഗുമായി ബന്ധപ്പെട്ട അനുമതികൾ നേടിയെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകളാണ് ഈ കാലതാമസത്തിനു പ്രധാന കാരണമായി ഞങ്ങൾ കണ്ടത്. ജെജെഎം പ്രവൃത്തികളുമായി ബന്ധപ്പെട്ട റോഡ് കട്ടിംഗിനുള്ള അനുമതിയ്ക്കായി വിവിധ സ്ഥാപനങ്ങളിലേയ്ക്ക് അയച്ച 7,458 അപേക്ഷകളിൽ പകുതിയിലധികവും ഇപ്പോഴും തീർപ്പാകാതെ ശേഷിക്കുന്നു. അംഗീകാരം നല്കുന്ന ഏജൻസികളിൽ നിന്ന് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ശരാശരി 60 മുതൽ 390 ദിവസങ്ങൾ വരെയായിരുന്നു.

ഭരണപരമായ ഈ കാലതാമസങ്ങൾക്ക് പുറമേ, തക്കതായ സംസ്ഥാന വിഹിതം അനുവദിക്കുന്നതിലെ കാലതാമസവും തൽഫലമായി കേന്ദ്രസർക്കാർ ഫണ്ടുകൾ റിലീസ് ചെയ്യുന്നതിൽ ഉണ്ടായ കുറവും പദ്ധതി നടപ്പാക്കലിന്റെ കാലതാമസത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കിയതായി ഞങ്ങൾ നിരീക്ഷിച്ചു. ജെജെഎമ്മിന് വേണ്ടിയുള്ള സംസ്ഥാനത്തിന്റെ പ്രൊജക്റ്റഡ് ഫണ്ട് മൊത്തം ഗ്രാന്റിന്റെ ആകെ അടങ്കലിന്റെ ആറു മടങ്ങിലധികമായിരുന്നു എങ്കിലും കേന്ദ്രസർക്കാരുമായി 50:50 അനുപാതത്തിൽ പങ്കാളിത്തമുള്ള പദ്ധതിയായതിനാൽ, ജെജെഎം പൂർത്തിയാക്കുന്നതിന് ആവശ്യമായിരുന്ന ഫണ്ട് സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ കണ്ടെത്തിയിരുന്നില്ല. കൂടാതെ, ഗുണഭോക്തൃ വിഹിതമായും പഞ്ചായത്ത് വിഹിതമായും മതിയായ ഫണ്ട് ലഭിച്ചിരുന്നില്ല. പരിമിതമായ ധനലഭ്യത പദ്ധതിയുടെ നടത്തിപ്പിനെ ബാധിച്ചു. സംസ്ഥാനത്തെ കരാറുകാർക്ക് നൽകാൻ ₹3,578.47 കോടിയുടെ ബില്ലുകളുടെ കുടിശ്ശിക ഉണ്ടായിരുന്നതിനാൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ അവർ മടിക്കുകയുണ്ടായി. ₹3,625.72 കോടിയുടെ വർക്ക് പാക്കേജുകൾ അവാർഡ് ചെയ്യാതെ അവശേഷിച്ചിരുന്നത് കരാറുകാർക്കിടയിലെ താൽപര്യക്കുറവ് വ്യക്തമാക്കുന്നതോടൊപ്പം കാലതാമസത്തിന് ആക്കം കൂട്ടുകയും ചെയ്തു.

വെള്ളത്തിന്റെ ഗുണനിലവാരം നിരീക്ഷിച്ചതിലും, പദ്ധതിയുടെ മൊത്തത്തിലുള്ള പുരോഗതി വിലയിരുത്തിയതിലും, നിരവധി പോരായ്മകൾ ഉണ്ടായതായി ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. എല്ലാ ജലസ്രോതസ്സുകളെയും ഉൾപ്പെടുത്തി, പതിവായും വ്യവസ്ഥാപിതമായും ജല ഗുണനിലവാര പരിശോധന നടത്തിയിരുന്നില്ല. കൂടാതെ, പരിശോധനയിൽ പോസിറ്റീവ് ആണെന്ന് കണ്ടെത്തിയ സാമ്പിളുകളുടെ ഫലം പരിഹാര നടപടികൾക്കായി സമൂഹവുമായി പങ്കുവെച്ചിരുന്നില്ല. ഗ്രാമീണ – അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട് നിർവ്വഹിക്കപ്പെട്ട എല്ലാ എൻജിനീയറിംഗ് പ്രവൃത്തികളുടെയും മൂന്നാം കക്ഷി പരിശോധന, പേയ്മെന്റ് നൽകുന്നതിന് മുൻപ് നടത്തേണ്ടിയിരുന്നെങ്കിലും, ഇത് ചെയ്തതായി കണ്ടില്ല. ഇൻ-വില്ലേജ് ജലവിതരണ അടിസ്ഥാന സൗകര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, രൂപകൽപ്പന ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനും, സമൂഹങ്ങളെ

സ്വരൂപിപ്പിക്കുന്നതിനും, ഇടപെടുത്തുന്നതിനും സഹായിക്കേണ്ട ഇംപ്ലിമെന്റിംഗ് സപ്പോർട്ട് ഏജൻസികളെ (ഐഎസ്എ) ആസൂത്രണ, സമാഹരണ ഘട്ടങ്ങളെല്ലാം പൂർത്തിയായതിനു ശേഷം മാത്രമാണ് ഈ പ്രക്രിയയിലേക്ക് കൊണ്ടുവന്നിരുന്നത് എന്നും, ഇത് ഈ ഏജൻസികൾക്ക് വഹിക്കാൻ കഴിയുമായിരുന്ന പങ്കും സ്വാധീനവും പരിമിതിപ്പെടുത്തിയെന്നും ഞങ്ങൾ കണ്ടെത്തി. ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐഒടി) പ്ലാറ്റ്ഫോം നിലവിലില്ലായിരുന്നു. കൂടാതെ, ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവുമായി (ഐഎംഐഎസ്) ബന്ധപ്പെട്ട ഡാറ്റാ ഗവേർണൻസിനും വാലിഡേഷനുമുള്ള സംവിധാനവും ശക്തിപ്പെടുത്തേണ്ടതുണ്ട്.

മൊത്തത്തിൽ, കേരളത്തിൽ ജെജെഎം നടപ്പിലാക്കിയതിലൂടെ ഗ്രാമീണ മേഖലകളിലുടനീളം പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള ടാപ്പ് കണക്ഷൻ ശൃംഖല വിപുലീകരിക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിച്ചെങ്കിലും, ഗ്രാമീണ വീടുകളിൽ 100 ശതമാനം എഫ്എച്ച്ടിസികൾ എന്ന ലക്ഷ്യത്തിന്റെ സ്ഥാനത്ത്, 2024 മാർച്ച് മാസത്തോടെ സംസ്ഥാനത്തിന് 52.46 ശതമാനം മാത്രമേ നേടാനായുള്ളൂ. കൂടാതെ, ജലവിതരണ സംവിധാനങ്ങളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിൽ സമൂഹങ്ങളുടെ ഉത്തരവാദിത്തപരവും പ്രതികരണാത്മകവുമായ പങ്കാളിത്തത്തിന്റെ പല നിർണ്ണായക മേഖലകളിലും പദ്ധതി നിർവ്വഹണത്തിൽ വീഴ്ചയുണ്ടായി. ബേസ്‌ലൈൻ സർവ്വേകളുടെയും മുൻഗണനാക്രമത്തിന്റെയും അഭാവം, ജലത്തിന്റെ ഗുണനിലവാരം കുറഞ്ഞ പ്രദേശങ്ങൾ, ഗോത്രവർഗ്ഗ അധിവാസ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ലോല പ്രദേശങ്ങളിൽ പദ്ധതിയുടെ കുറഞ്ഞ കവറേജിനു കാരണമായി. പദ്ധതി നിർവ്വഹണത്തിന് ആവശ്യമായി ആസൂത്രണം ചെയ്തിരുന്ന വലിയ തുകകൾക്കനുസൃതമായി ധനം സമാഹരിക്കുന്നതിനുള്ള സ്രോതസ്സുകൾ കണ്ടെത്തിയിരുന്നില്ല. സമൂഹങ്ങളുടെയും ഗ്രാമപഞ്ചായത്തുകളുടെയും പരിമിതമായ പങ്കാളിത്തം, റെയിൽ/റോഡ് കട്ടിംഗിനുള്ള അനുമതി നൽകുന്നതിലുണ്ടായ ഭരണപരമായ കാലതാമസം, ഫണ്ടിന്റെ ദൗർലഭ്യം എന്നിവ പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണത്തെ സാരമായി ബാധിച്ചു. ജലത്തിന്റെ ഗുണനിലവാരം അവലോകനം ചെയ്യുന്നതിലും മൂന്നാം കക്ഷിയുടെ മേൽനോട്ടത്തിലും ഉണ്ടായ പോരായ്മകൾ പദ്ധതിയുടെ മൊത്തത്തിലുള്ള നിർവ്വഹണത്തെ ബാധിച്ചു.

പരിശോധനകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നു:

### *ഈ റിപ്പോർട്ടിലെ ശിപാർശകൾ*

- ***സാമൂഹിക ഉടമസ്ഥതയും പങ്കാളിത്തവും ഉറപ്പാക്കുന്നതിനായി, ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിക്ക് അനുസൃതമായി, കുടിവെള്ള മാനേജ്മെന്റ് ഗ്രാമതദ്ദേശസ്ഥാപനങ്ങൾക്കു കൈമാറുവാനായി, കെപിആർ നിയമത്തിനു കീഴിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിഗണിക്കേണ്ടതുണ്ട്.***

- *ജെജെഎമ്മിനു കീഴിൽ ഉറവിട സുസ്ഥിരതയ്ക്കും മലിനജല സംസ്കരണത്തിനുമുള്ള നടപടികൾ ഉൾക്കൊണ്ട് ഒരു സമഗ്രമായ കർമ്മപദ്ധതി സർക്കാർ തയ്യാറാക്കേണ്ടതാണ്.*

- *ജലവിതരണ സംവിധാനങ്ങളുടെ സുസ്ഥിരതയും തുടർച്ചയും ഉറപ്പാക്കുന്നതിനു വേണ്ടി ജെജെഎമ്മിനു കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി സമഗ്രമായ ഒരു പ്രവർത്തന പരിപാലന നയം രൂപീകരിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.*

- *ഗുണഭോക്തൃ കേന്ദ്രീകൃതമായ ബൃഹദ് പദ്ധതികളുടെ കാര്യത്തിൽ, ഒരു ഗ്രാമത്തിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നുണ്ടെന്ന് വിലയിരുത്തുന്നതിന്, പദ്ധതിയുടെ തുടക്കത്തിൽ തന്നെ ബേസ്‌ലൈൻ സർവ്വേകൾ നടത്തുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.*

- *സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് ജല ശുചിത്വ സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും ജെജെഎം നടപ്പിലാക്കുന്നതിനുള്ള വികേന്ദ്രീകൃതവും പങ്കാളിത്തപരവുമായ ഒരു സ്ഥാപന ചട്ടക്കൂടിന്റെ ഭാഗമായി അവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കേണ്ടതാണ്.*

- *ജെജെഎമ്മിന് കീഴിലുള്ള ആവശ്യകതകൾക്ക് മുൻഗണന നൽകുന്നതിനും ഈ ആവശ്യകതകൾ നിറവേറ്റുന്നതിന് മതിയായ സാമ്പത്തിക സ്രോതസ്സുകൾ സമാഹരിക്കുന്നതിനും സർക്കാർ വ്യക്തമായ ഒരു റോഡ് മാപ്പ് രൂപപ്പെടുത്തേണ്ടതാണ്.*

- *ജെജെഎമ്മിനായുള്ള ധനസഹായത്തിന്റെ സംസ്ഥാനവിഹിതം സമയബന്ധിതമായി റിലീസ് ചെയ്യുന്നതിനും, ഉടമസ്ഥതാബോധം പ്രോത്സാഹിപ്പിക്കുന്നതിനും, പദ്ധതിയുടെ നടത്തിപ്പിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും, സമൂഹത്തിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതങ്ങൾ ശേഖരിക്കുന്നതിനും, സർക്കാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.*

- *റെയിൽ/റോഡ് കട്ടിംഗിനുള്ള അനുമതികൾ സമയബന്ധിതമായി ലഭിക്കുന്നതിനുവേണ്ടി വകുപ്പുകളെയും ജിപികളെയും സമന്വയിപ്പിക്കുന്നതിനെ സംബന്ധിച്ച് ജെജെഎം നിർവ്വഹണ ഏജൻസികൾക്കുള്ള ഒരു പ്രോട്ടോക്കോൾ സർക്കാർ രൂപീകരിക്കേണ്ടതാണ്.*

- *ജല ഗുണമേന്മാ ബാധിത അധിവാസ കേന്ദ്രങ്ങളിൽ സമൂഹ ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ച്, അവ പ്രവർത്തനക്ഷമമാക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കുകയും, ഇതുവഴി വീടുകളിലെ കുടിവെള്ള, പാചക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തടസ്സരഹിത കുടിവെള്ള വിതരണം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ് .*

- *കെഡബ്ല്യുഎ, ജല ഗുണനിലവാര മേൽനോട്ട നിരീക്ഷണ നടപടികൾ ക്വാളിറ്റി കൺട്രോൾ ഡിവിഷനുകളിലൂടെയും സംസ്ഥാന/ജില്ലാ/സബ് ജില്ലാ ലബോറട്ടറികളിലൂടെയും സ്ഥിരമായി നടത്തുകയും പരിശോധനാഫലങ്ങൾ തൽപരകക്ഷികളെ സമയബന്ധിതമായി അറിയിക്കുകയും ചെയ്യുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.*
- *ഐഎംഐഎസ് (ജെജെഎം) സംബന്ധമായ ഡാറ്റാ ഗവേണൻസിനും സാധൂകരണത്തിനുമുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐഒടി) അധിഷ്ഠിത സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി, ഉചിതമായ ഒരു അളവെടുപ്പ് നിരീക്ഷണ സംവിധാനം കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.*

# അദ്ധ്യായം I
# അവതാരിക

# അദ്ധ്യായം I
# അവതാരിക

ജലം ജീവന് അത്യന്താപേക്ഷിതമാണ്. വീടുകളിലേക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്നത് ആരോഗ്യപരമായ പരിരക്ഷയ്ക്കും മൊത്തത്തിലുള്ള ക്ഷേമത്തിനും നിർണ്ണായകമാണ്. 2019 ഓഗസ്റ്റ് 15-ന് ആരംഭിച്ച ജല ജീവൻ മിഷൻ (ജെജെഎം), 2024 ഓടെ രാജ്യത്തെ എല്ലാ ഗ്രാമീണ കുടുംബത്തിനും വ്യക്തിഗത പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകൾ (എഫ്എച്ച്ടിസി) വഴി സുരക്ഷിതവും സുലഭവുമായ കുടിവെള്ളം എത്തിക്കുവാൻ ലക്ഷ്യം വെക്കുകയുണ്ടായി.

തുല്യമായ ജല ലഭ്യത, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്ക്, ഉറപ്പാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഗാർഹിക ടാപ്പ് കണക്ഷൻ വിതരണത്തിലൂടെ ഒരു വ്യക്തിയ്ക്ക് പ്രതിദിനം 55 ലിറ്റർ സുരക്ഷിതവും ആശ്രയിക്കാവുന്നതുമായ കുടിവെള്ളം നൽകുക എന്നതാണ് ജെജെഎം ലക്ഷ്യമിടുന്നത്. ജല ഗുണനിലവാര പ്രശ്ന ബാധിത പ്രദേശങ്ങളിൽ എഫ്എച്ച്ടിസികൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുക, ടാപ്പ് കണക്ഷനുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, നിർമ്മാണം, ജല ഗുണനിലവാര ക്രമീകരണം, ജല സംസ്കരണം, പ്രവർത്തനവും പരിപാലനവും തുടങ്ങിയ മേഖലകളിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മനുഷ്യവിഭവശേഷി ശാക്തീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക എന്നിവയായിരുന്നു ജെജെഎമ്മിന്റെ സമഗ്രമായ ലക്ഷ്യങ്ങൾ.


ഗ്രാമീണ ജലവിതരണ ടാപ്പുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെയും സുരക്ഷിതമായ കുടിവെള്ള സ്രോതസ്സുകളുടെയും വികസനം, നിലവിലുള്ള ജലസ്രോതസ്സുകളുടെ പുഷ്ടീകരണം, വൻതോതിലുള്ള ജലവിതരണം, ശുദ്ധീകരണ പ്ലാന്റുകൾ, വിതരണ ശൃംഖല, ജല ഗുണനിലവാരത്തെ ബാധിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സാങ്കേതികമായ ഇടപെടലുകൾ, പൂർത്തിയായതും നിലവിലുള്ളതുമായ പദ്ധതികളുടെ നവീകരണം, മലിനജല സംസ്കരണം, പിന്തുണാ പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങൾ ജെജെഎമ്മിന്റെ കീഴിൽ ആരംഭിക്കേണ്ടതായിരുന്നു.

2019-20 മുതൽ 2023-24 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ പരിപാടി പൂർത്തിയാക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിരുന്നു, ഇത് പിന്നീട് 2025 മാർച്ച് വരെ നീട്ടുകയുണ്ടായി.

## 1.1 സംസ്ഥാനത്തെ ജെജെഎമ്മിന്റെ ഘടനാ രൂപം

സംസ്ഥാനത്ത് ജെജെഎം നടപ്പിലാക്കുന്നതിനുള്ള ഘടനാ രൂപം **ചാർട്ട് 1.1-ൽ** നൽകിയിരിക്കുന്നു.

**ചാർട്ട് 1.1: കേരളത്തിലെ ജെജെഎമ്മിന്റെ ഘടനാ രൂപം**




*(ഉറവിടം: കേരള വാട്ടർ അതോറിറ്റി നൽകിയ വിവരങ്ങൾ)*

## 1.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെ പറയുന്നവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് (പിഎ) നടപ്പിലാക്കിയത്:

i. ജെജെഎമ്മിന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി കാര്യക്ഷമമായ ആസൂത്രണവും സ്ഥാപനപരമായ ചട്ടക്കൂടും നിലവിലുണ്ടായിരുന്നോ;

ii. സാമ്പത്തിക സ്രോതസ്സുകളെ മിതമായും കാര്യക്ഷമമായും വിനിയോഗിച്ചിരുന്നോ;

iii. പദ്ധതിയുടെ നിരീക്ഷണത്തിനും വിലയിരുത്തലിനും വേണ്ടി പര്യാപ്തവും ഫലപ്രദവുമായ സംവിധാനങ്ങൾ നിലവിലുണ്ടായിരുന്നോ.

## 1.3 ഓഡിറ്റ് മാനദണ്ഡം

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്:

i. ജെജെഎം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ.

ii. ഗ്രാമീണ ഗൃഹങ്ങളിൽ സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിനും പഞ്ചായത്തുതല കുടിവെള്ള ശുചിത്വ കമ്മിറ്റികൾക്കുമുള്ള മാർഗ്ഗദർശിക.

iii. ജലശക്തി മന്ത്രാലയത്തിനു കീഴിലുള്ള ദേശീയ ജല ജീവൻ മിഷൻ, കുടിവെള്ള ശുചിത്വ വകുപ്പ് പുറത്തിറക്കിയ കുടിവെള്ള ഗുണനിലവാര പരിശോധനയുടെയും അവലോകന സംവിധാനത്തിന്റെയും ചട്ടക്കൂട്.

iv. എസ്ഡിജിയിൽ പ്രതിപാദിച്ചിരിക്കുന്ന കടമകളും വാട്ടർ സാനിറ്റേഷൻ ആന്റ് ഹൈജീനു (വാഷ്) വേണ്ടിയുള്ള വ്യവസ്ഥാപിത പ്രവർത്തന നടപടിക്രമവും.
v. ജനറൽ ഫിനാൻഷ്യൽ റൂൾസ്, 2017.
vi. 2012-ലെ കെപിഡബ്ല്യുഡി മാന്വലും, 2013-ലെ സ്റ്റോർസ് പർച്ചേസ് മാന്വലും.
vii. കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് നയം.

## 1.4 ഓഡിറ്റിന്റെ വ്യാപ്തി, സാംപ്ലിംഗ്, രീതിശാസ്ത്രം

2019-20 മുതൽ 2023-24 വരെയുള്ള ജെജെഎം പദ്ധതിയുടെ നടത്തിപ്പിലാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് ശ്രദ്ധ കേന്ദ്രീകരിച്ചത്. 2024 ജൂലൈ മുതൽ 2025 ഫെബ്രുവരി വരെയായിരുന്നു ഓഡിറ്റ് നടത്തിയത്. ഐഡിയ[1] ഉപയോഗിച്ച് സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിംഗിലൂടെ, മൂന്ന് ജില്ലകൾ തെരഞ്ഞെടുത്തു. **അനുബന്ധം 1.1**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, തെരഞ്ഞെടുത്ത ഓരോ ജില്ലയിൽ നിന്നും രണ്ട് ബ്ലോക്ക് പഞ്ചായത്തുകളും (ബിപി) തെരഞ്ഞെടുത്ത ഓരോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും രണ്ട് മുതൽ നാല് വരെ ഗ്രാമപഞ്ചായത്തുകളും (ജിപി) റാൻഡമായി തെരഞ്ഞെടുത്തു.

കേരള സർക്കാരിന്റെ (ജിഓകെ) ജലവിഭവ വകുപ്പിലെയും (ഡബ്ല്യുആർഡി) മൂന്ന് മുഖ്യ നിർവ്വഹണ ഏജൻസികളിലെയും[2] പ്രസക്തമായ രേഖകളുടെ അവലോകനം ഉൾപ്പെടുന്നതാണ് ഓഡിറ്റ് രീതി. കൂടാതെ, സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചിയിലും കോഴിക്കോടും ഉള്ള കെഡബ്ല്യുഎയുടെ ഗുണനിലവാര നിയന്ത്രണ വിഭാഗങ്ങൾ, ജില്ലാ ഗുണനിലവാര നിയന്ത്രണ ലബോറട്ടറികൾ, ജില്ലാ ജല-ശുചിത്വ മിഷനുകൾ (ഡിഡബ്ല്യുഎസ്എം) എന്നിവയിൽ നിന്നുള്ള രേഖകളും പരിശോധിക്കുകയുണ്ടായി. പദ്ധതിയുടെ കീഴിൽ നിർമ്മിച്ച ആസ്തികളുടെ സംയുക്ത ഭൗതിക പരിശോധനയും, ഗുണഭോക്തൃ ഇടപെടലുകളും, പരിശോധന നടത്തിയ 21 ജിപികളിലെ ഫോക്കസ് ഗ്രൂപ്പ് മീറ്റിംഗുകളും[3], 342 ഗുണഭോക്താക്കളുടെ[4] സർവ്വേകളുമാണ് ഓഡിറ്റ് രീതിശാസ്ത്രത്തിൽ ഉൾപ്പെട്ടിരുന്നത്. കണ്ടെത്തലുകൾ ഉറപ്പുവരുത്തുന്നതിനായി ജെജെഎമ്മിന്റെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ഐഎംഐഎസ്) നിന്ന് ലഭിച്ച ഡാറ്റയുടെ സമഗ്രമായ അവലോകനവും ഓഡിറ്റ് നടത്തി.

2024 ജൂലൈ 23-ന് സംസ്ഥാന സർക്കാർ ജലവിഭവ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സ്പെഷ്യൽ സെക്രട്ടറിമാർ, കെഡബ്ല്യുഎയുടെ ജോയിന്റ് മാനേജിംഗ് ഡയറക്ടർ എന്നിവരുമായി പ്രാരംഭ കൂടിക്കാഴ്ച നടത്തി. ഈ കൂടിക്കാഴ്ചയിൽ ഓഡിറ്റ് വ്യാപ്തി, രീതിശാസ്ത്രം, സാംപ്ലിംഗ്, ഓഡിറ്റ് ലക്ഷ്യങ്ങൾ എന്നിവ ചർച്ച ചെയ്തു. 2025 മേയ് 23-ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായും[5] ജലവിഭവ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും

---

1 ഇന്ററാക്ടീവ് ഡാറ്റ എക്സ്ട്രാക്ഷൻ ആന്റ് അനാലിസിസ്.

2 കേരള വാട്ടർ അതോറിറ്റി (കെഡബ്ല്യുഎ), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (കെആർഡബ്ല്യുഎസ്എ), ഭൂഗർഭജല വകുപ്പ് (ജിഡബ്ല്യുഡി) എന്നിവ.

3 ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, കെഡബ്ല്യുഎയുടെ പ്രതിനിധികൾ, ഹെൽത്ത് ഇൻസ്പെക്ടർമാർ മുതലായവർ ഇതിൽ ഉൾപ്പെടുന്നു.

4 പരിശോധിച്ച 15 ജിപികളിലായി എഫ്എച്ച്ടിസികൾ ലഭിച്ച 342 വീടുകളെ ഉൾപ്പെടുത്തി ഓഡിറ്റ് ഗുണഭോക്തൃ സർവ്വേ നടത്തി.

5 വീഡിയോ കോൺഫറൻസിംഗ് വഴി.

സ്പെഷ്യൽ സെക്രട്ടറിമാരുമായും സമാപന കൂടിക്കാഴ്ച നടത്തി, ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്തു. സർക്കാർ മറുപടി ലഭിക്കുകയും, സർക്കാരിന്റെ പ്രതികരണം ഉചിതമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1.5 കൃതജ്ഞത

കേരള സർക്കാർ ജലവിഭവ, ഭൂഗർഭജല വകുപ്പുകൾ, കെഡബ്ല്യുഎ, കെആർഡബ്ല്യുഎസ്എ, പരിശോധന നടത്തിയ **21** ജിപികൾ എന്നിവിടങ്ങളിൽ നിന്ന് പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ നടത്തിപ്പിനു വേണ്ടി നൽകിയ സഹകരണത്തിനും സഹായത്തിനും ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

# അദ്ധ്യായം II
# സ്ഥാപന സംവിധാനവും ആസൂത്രണവും

## അദ്ധ്യായം II
## സ്ഥാപന സംവിധാനവും ആസൂത്രണവും

സർക്കാർ ജെജെഎമ്മിനു വേണ്ടി ഇതുവരെ ഒരു പ്രവർത്തന പരിപാലന നയം രൂപീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഭരണഘടനാപരമായ അധികാരത്തിനു വിരുദ്ധമായി സംസ്ഥാനത്തെ ഗ്രാമീണ ജലവിതരണ പദ്ധതികൾ നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്വയംഭരണസ്ഥാപനമായ കേരള വാട്ടർ അതോറിറ്റി (കെഡബ്ല്യുഎ) ആണ് നടപ്പിലാക്കുകയും പരിപാലിക്കുകയും ചെയ്യുന്നത്.

സംസ്ഥാനത്ത് പരിശോധന നടത്തിയ **21** ഗ്രാമപഞ്ചായത്തുകളിൽ (ജിപി) നാലെണ്ണത്തിൽ മാത്രമാണ് ജിപി ജല ശുചിത്വ സമിതികൾ (ജിപിഡബ്ല്യുഎസ്സികൾ) രൂപീകരിച്ചത്. എന്നാൽ, ഈ ജല ശുചിത്വ സമിതികൾ ഇതുവരെയും യോഗം ചേർന്നിട്ടുണ്ടായിരുന്നില്ല. പരിശോധന നടത്തിയ ഗ്രാമപഞ്ചായത്തുകളൊന്നും ജെജെഎം മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്ത പോലെ ആവശ്യകതാ വിലയിരുത്തലും ബേസ്‌ലൈൻ സർവ്വേയും നടത്താത്തത്, ഈ ജിപികൾ, ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ വിലയിരുത്താതെയാണ് എഫ്എച്ച്ടിസികൾ നൽകുന്നതെന്ന് സൂചിപ്പിക്കുന്നു. പരിശോധന നടത്തിയ ഗ്രാമപഞ്ചായത്തുകൾ വില്ലേജ് ആക്ഷൻ പ്ലാനുകൾ (വിഎപി) വിഭാവനം ചെയ്തതു പോലെ രൂപപ്പെടുത്തിയില്ല, അതിനാൽ അടിസ്ഥാനതലത്തിലെ യഥാർത്ഥ ആവശ്യങ്ങൾ പ്രതിഫലിപ്പിക്കുന്ന ജില്ലാ ആക്ഷൻ പ്ലാനുകളും (ഡിഎപി) സംസ്ഥാന ആക്ഷൻ പ്ലാനുകളും (എസ്എപി) തയ്യാറാക്കിയതായി കണ്ടില്ല.

**2020-21** മുതൽ **2023-24** വരെയുള്ള കാലയളവിൽ എഫ്എച്ച്ടിസികൾക്കുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലെ കുറവ് **74.76** മുതൽ **83.94** ശതമാനം വരെയാണ്. ഇത് ആസൂത്രണവും നിർവ്വഹണവും തമ്മിലുള്ള ബന്ധമില്ലായ്മയെ സൂചിപ്പിക്കുന്നു. ഉറവിട സുസ്ഥിരതാ നടപടികൾക്കും മലിനജല സംസ്കരണത്തിനുമായി സമഗ്രമായ ഒരു കർമ്മപദ്ധതിയും വികസിപ്പിച്ചിട്ടില്ല എന്നും നിരീക്ഷിച്ചു. പരിശോധന നടത്തിയ **21** ജിപികളിൽ **18** എണ്ണം മാത്രമാണ് ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികളെ (ഐഎസ്എ) ഏർപ്പെടുത്തിയിരുന്നത്. കൂടാതെ, ഈ ജിപികളിൽ **10** എണ്ണത്തിൽ (**56** ശതമാനം) ആസൂത്രണ-സമാഹരണ ഘട്ടത്തിനു ശേഷം മാത്രമേ ഐഎസ്എകളെ ഉൾപ്പെടുത്തിയുള്ളൂ.

### 2.1 അധികാരപ്പെടുത്തിയ ചുമതലാ കൈമാറ്റത്തിനുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത്

ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി കുടിവെള്ള വിഷയത്തെ പതിനൊന്നാം പട്ടികയിൽ ഉൾപ്പെടുത്തി, അതിന്റെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തത്വങ്ങളുമായി പൊരുത്തപ്പെടുന്ന ഒരു വികേന്ദ്രീകൃത ഭരണസംവിധാനം സ്ഥാപിക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (കെപിആർ ആക്ട്) നടപ്പിലാക്കി. നിലവിൽ കേരള വാട്ടർ

അതോറിറ്റിയുടെ (കെഡബ്ല്യുഎ) കീഴിലുള്ള ജലവിതരണ, മലിനജല സംബന്ധ സേവനങ്ങൾ ഗസറ്റ് വിജ്ഞാപനത്തിലൂടെ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കണമെന്ന് നിയമത്തിലെ വകുപ്പ് 234 എ വ്യവസ്ഥ ചെയ്യുന്നു. അന്നു മുതൽ, ഒരു പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉള്ള പ്ലാന്റ്, യന്ത്രങ്ങൾ, ജലവിതരണം, പമ്പിംഗ് സ്റ്റേഷനുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ ജലവിതരണവുമായി ബന്ധപ്പെട്ട എല്ലാ ആസ്തികളും ആ പഞ്ചായത്തിനു കൈമാറേണ്ടതായിരുന്നു. ഗ്രാമത്തിനുള്ളിലെ ജലവിതരണ സംവിധാനങ്ങൾ കൈകാര്യം ചെയ്യാൻ ഗ്രാമപഞ്ചായത്തുകളെ അധികാരപ്പെടുത്തുന്നതിനായി പഞ്ചായത്ത് രാജ് നിയമപ്രകാരം സംസ്ഥാന സർക്കാരുകൾ ഉചിതമായ ഒരു വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് ജെജെഎമ്മിന്റെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ, കെപിആർ നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള അത്തരമൊരു വിജ്ഞാപനം സർക്കാർ ഇതു വരെയും (2024 നവംബർ) പുറപ്പെടുവിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഓഡിറ്റ് നടത്തിയ ഗ്രാമപഞ്ചായത്ത് തല സർവ്വേയിൽ, സാങ്കേതിക പരിജ്ഞാനക്കുറവും സാമ്പത്തിക പരിമിതിയും കാരണം ജലവിതരണപദ്ധതികളുടെ ഗ്രാമീണാടിസ്ഥാനത്തിലുള്ള സൗകര്യങ്ങൾ ഏറ്റെടുക്കാനോ പരിപാലിക്കാനോ സാധിക്കില്ല എന്ന് ജിപികൾ അറിയിച്ചു. പരിശോധന നടത്തിയ ജിപികളിൽ ഓഡിറ്റ് വിളിച്ചു ചേർത്ത ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ നിന്ന്, ജെജെഎമ്മിന്റെ പ്രവർത്തനങ്ങൾ കെഡബ്ല്യുഎ ഒറ്റയ്ക്ക് കൈകാര്യം ചെയ്തുവെന്നും, അതേസമയം ജിപികൾക്ക് അവരുടെ അധികാര പരിധിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും നിരീക്ഷിക്കുന്നതിലും പരിമിതമായ പങ്കേ ഉണ്ടായിരുന്നുള്ളൂ എന്നും വ്യക്തമായിരുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, ജിപികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പങ്കാളിത്തത്തോടെയാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് സർക്കാർ മറുപടി നൽകി (2025 ജൂൺ). എന്നാൽ, പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ, ജെജെഎമ്മിനു കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിൽ ജിപികൾ പങ്കാളിത്തം വഹിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് നടത്തിയ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ തെരഞ്ഞെടുത്ത ജിപികളിലെ പ്രതിനിധികളിൽ നിന്ന് ലഭിച്ച പ്രതികരണങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

ഗസറ്റ് വിജ്ഞാപനത്തിലൂടെ കുടിവെള്ള പരിപാലനം പിആർഐകൾക്ക് ഔപചാരികമായി കൈമാറുന്നത്, ജലവിതരണപദ്ധതികൾ നിയമപരമായി ഏറ്റെടുക്കാൻ പിആർഐകളെ അധികാരപ്പെടുത്തുകയും, അതുവഴി ജെജെഎമ്മിന്റെ പ്രധാന ഉദ്ദേശ്യമായിരുന്ന സാമൂഹിക ഉടമസ്ഥതയും പങ്കാളിത്തവും സാധ്യമാക്കുകയും ചെയ്യുമായിരുന്നു.

### 2.2 ജെജെഎമ്മിന് കീഴിൽ നടപ്പാക്കുന്ന പദ്ധതികൾക്കായുള്ള പ്രവർത്തന പരിപാലന നയം രൂപപ്പെടുത്താത്തത്

ജെജെഎം മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, ജലവിതരണ പദ്ധതികളുടെ നടത്തിപ്പിനും പ്രവർത്തന പരിപാലനത്തിനും ഉപയോക്തൃചാർജുകൾ ഈടാക്കുന്നതിനുമുള്ള ഉത്തരവാദിത്തം ജിപികളിലും/അവയുടെ

ഉപസമിതികളിലും നിക്ഷിപ്തമാണ്. ജലവിതരണ സംവിധാനങ്ങളുടെ സുസ്ഥിരതയും തുടർച്ചയും ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് സമഗ്രമായൊരു പ്രവർത്തന പരിപാലന നയം രൂപീകരിക്കുന്നതിന് ദേശീയ ജല ജീവൻ മിഷൻ (എൻജെജെഎം) ഡയറക്ടർ ഊന്നൽ നൽകി[6].

തൽപരകക്ഷികളുടെ പങ്ക്, പദ്ധതികളുടെ നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശം, ഉദ്യോഗസ്ഥർക്കുള്ള നിർദ്ദിഷ്ട നൈപുണ്യം തുടങ്ങിയ പ്രധാന ഘടകങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തന പരിപാലന നയം ഇതുവരെ സർക്കാർ രൂപീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ഭരണഘടനാപരമായ അധികാരത്തിന് വിരുദ്ധമായി, സംസ്ഥാനത്തെ ഗ്രാമീണ ജലവിതരണ പദ്ധതികൾ നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്വയംഭരണ സ്ഥാപനമായ കെഡബ്ല്യുഎ ആണ് നടപ്പിലാക്കുകയും പരിപാലിക്കുകയും ചെയ്യുന്നത്. ജലവിതരണം നൽകുന്നതിനുള്ള ഉപയോക്തൃചാർജുകൾ ഈടാക്കുന്നതിനുള്ള ഉത്തരവാദിത്തവും ഈ സ്ഥാപനത്തെ ഏൽപ്പിച്ചിരിക്കുന്നു.

വൈദ്യുത ബില്ലുകൾ, അറ്റകുറ്റപ്പണികൾ, ജീവനക്കാരുടെ ശമ്പളം, രാസവസ്തുക്കൾ തുടങ്ങിയവയ്ക്കായുള്ള ആവർത്തിച്ചുള്ള ചെലവുകൾ പ്രവർത്തന പരിപാലന ചെലവുകളിൽ ഉൾപ്പെടുന്നു. എന്നാൽ, സംസ്ഥാനത്തെ ജലവിതരണ പദ്ധതികളുടെ പ്രവർത്തന പരിപാലന ചെലവുകൾ വഹിക്കാൻ കെഡബ്ല്യുഎ ഈടാക്കുന്ന ജല ഉപയോഗ ചാർജ് പര്യാപ്തമായിരുന്നില്ല. ഇതിനെ, കേരള സംസ്ഥാന വൈദ്യുതി ബോർഡിന് വൈദ്യുതി ചാർജായി ₹458.54 കോടി (2024 ഡിസംബർ 31-ലെ കണക്കനുസരിച്ച്) കെഡബ്ല്യുഎ നൽകാനുണ്ട് എന്നതിന്റെ വെളിച്ചത്തിലാണ് കാണേണ്ടത്. നൂറ് ശതമാനം ഗ്രാമീണ വീടുകൾക്കും എഫ്എച്ച്ടിസികൾ നൽകാൻ ജെജെഎം നിർദ്ദേശിക്കുന്നതിനാൽ തുടർന്നുള്ള വർഷങ്ങളിൽ പ്രവർത്തന പരിപാലന ചെലവിലുണ്ടാകാൻ പോകുന്ന വർദ്ധനവ് ഉപയോക്തൃചാർജുകളുടെ രൂപത്തിൽ ഈടാക്കേണ്ടിയിരുന്നു.

തെരഞ്ഞെടുത്ത ജിപികളിൽ ഓഡിറ്റ് നടത്തിയ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ, പൈപ്പുകളുടെ പതിവായ പൊട്ടലുകൾ, മോശമായ അറ്റകുറ്റപ്പണികൾ, പരാതികളുടെ പരിഹാരം വൈകുന്നത് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വെളിപ്പെട്ടു. സമഗ്രമായ ഒരു പ്രവർത്തന പരിപാലന നയം നിലവിലുണ്ടായിരുന്നുവെങ്കിൽ ഇവ ഫലപ്രദമായി പരിഹരിക്കപ്പെടുമായിരുന്നു. പദ്ധതികളുടെ പ്രവർത്തന പരിപാലനം (ഒ ആന്റ് എം) നടപ്പിലാക്കുന്നതിന് സംരംഭകത്വ രീതിയിൽ പ്രാദേശിക സമൂഹങ്ങളെ പരിശീലിപ്പിക്കണമെന്ന് ജെജെഎം മാർഗ്ഗരേഖകളിൽ പറയുന്നുണ്ടെങ്കിലും, പരിശോധന നടത്തിയ ഒരു ജിപിയിലും അത്തരമൊരു ഉദ്യമം കണ്ടെത്താനായില്ല.

ജെജെഎമ്മിന്റെ പ്രവർത്തന പരിപാലന നയത്തിന്റെ ഭാഗമായി, ഗ്രാമപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ജിപികൾക്ക് കൈമാറുന്നത് ഉൾപ്പെടെയുള്ള ഗ്രാമീണ ജലവിതരണപദ്ധതികൾക്കുള്ള നിർദ്ദേശം പരിഗണനയിലാണെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). മുഴുവൻ പദ്ധതിയും പൂർത്തിയാകുമ്പോൾ മാത്രമേ പ്രവർത്തന പരിപാലനം ആവശ്യമുള്ളൂ എന്നും, പ്രവർത്തന പരിപാലന നയം

6 2021 മെയ്, 2021 ഓഗസ്റ്റ്, 2021 ഒക്ടോബർ മാസങ്ങളിൽ കേരള സർക്കാരിന്റെ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തുകൾ മുഖേന

സർക്കാർ അംഗീകരിച്ചു കഴിഞ്ഞാൽ പരിശീലനവും പരിപാലനവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുമെന്നും പ്രസ്താവിച്ചു. ജെജെഎം മാർഗ്ഗരേഖകൾ പ്രകാരം പ്രവർത്തന പരിപാലന നയം എസ്എപിയുടെ ഭാഗമാകണമെന്ന് വിഭാവനം ചെയ്തതിനാൽ നയം രൂപീകരിക്കുന്നതിലെ കാലതാമസം, ഗ്രാമപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിലും കാലതാമസം വരുത്തും.

## 2.3 ജെജെഎമ്മിനു കീഴിലെ സ്ഥാപന സംവിധാനം

സമയബന്ധിതമായ ഒരു ദൗത്യപദ്ധതിയായതിനാൽ, അതിന്റെ വിജയകരമായ നടത്തിപ്പിന് ജെജെഎമ്മിന് ശക്തമായ ഒരു സ്ഥാപനചട്ടക്കൂട് ആവശ്യമായിരുന്നു. മുകളിൽ പറഞ്ഞ കാര്യങ്ങൾ സാധ്യമാക്കുന്നതിനായി, ദേശീയ തലത്തിൽ നാഷണൽ ജല ജീവൻ മിഷൻ (എൻജെജെഎം), സംസ്ഥാന തലത്തിൽ സംസ്ഥാന ജല ശുചിത്വ മിഷൻ (എസ്ഡബ്ല്യുഎസ്എം), ജില്ലാ തലത്തിൽ ജില്ലാതല ജല ശുചിത്വ മിഷൻ (ഡിഡബ്ല്യുഎസ്എം), ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് / ഗ്രാമപഞ്ചായത്ത് ഉപസമിതി, അതായത് പഞ്ചായത്ത് ജല ശുചിത്വ സമിതി (വിഡബ്ല്യുഎസ്സി) എന്നിങ്ങനെ നാല് തലങ്ങളിലുള്ള ഒരു സ്ഥാപന സംവിധാനം സ്ഥാപിക്കേണ്ടതായിരുന്നു.

### 2.3.1 പഞ്ചായത്ത് ജല-ശുചിത്വ സമിതികൾ

ഓരോ പഞ്ചായത്തിലും 10-15 അംഗങ്ങളെ ഉൾപ്പെടുത്തി, വനിതാ അംഗങ്ങൾക്ക് 50 ശതമാനം പ്രാതിനിധ്യം നൽകിക്കൊണ്ട്, ഉപസമിതികളായി പഞ്ചായത്ത് ജല-ശുചിത്വ സമിതികൾ രൂപീകരിക്കേണ്ടതായിരുന്നു. പരിശോധന നടത്തിയ 21 ജിപികളിൽ കൊല്ലം ജില്ലയിലെ മൂന്ന് ജിപികളിലും[7] പാലക്കാട് ജില്ലയിലെ ഒരു ജിപിയിലും[8] മാത്രമാണ് വിഡബ്ല്യുഎസ്സികൾ രൂപീകരിച്ചത് (2022 ജൂലൈ, 2023 ജൂലൈ). എന്നാൽ, ഈ ജിപികളിലെ വിഡബ്ല്യുഎസ്സികൾ ഇതുവരെ യോഗം ചേർന്നിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

താഴെ പറയുന്ന തുടർനിരീക്ഷണങ്ങളും ഓഡിറ്റിൽ നടത്തി:

- ഗ്രാമീണസമൂഹത്തിന്റെ ആവശ്യങ്ങൾ, ബേസ്ലൈൻ സർവ്വേ, റിസോഴ്സ് മാപ്പിംഗ് എന്നിവ അടിസ്ഥാനമാക്കി വിഡബ്ല്യുഎസ്സികൾ വില്ലേജ് ആക്ഷൻ പ്ലാൻ (വിഎപി) തയ്യാറാക്കേണ്ടിയിരുന്നു. ഫണ്ടിന്റെ സ്രോതസ്സ് പരിഗണിക്കാതെ, ഗ്രാമത്തിലെ കുടിവെള്ളവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും വിഎപിയുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടതായിരുന്നു. 2019-24 കാലയളവിൽ, പരിശോധിച്ച ജിപികളോ അവയുടെ വിഡബ്ല്യുഎസ്സികളോ ആസൂത്രണഘട്ടത്തിൽ വിഎപികൾ തയ്യാറാക്കിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. പകരം, കെഡബ്ല്യുഎ തയ്യാറാക്കിയ വിഎപികൾ എട്ട് ജിപികളിൽ അവയുടെ സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയതായി കാണുകയുണ്ടായി. എന്നാൽ,

[7] പന്മന, കുണ്ടറ, മൺറോതുരുത്ത്
[8] പട്ടഞ്ചേരി

വിഡബ്ല്യുഎസ്സിയുടെ വിശദാംശങ്ങൾ, ജലത്തിന്റെ ഗുണനിലവാരം, ഉറവിട സുസ്ഥിരത, മലിനജലസംസ്കരണം, ഖണ്ഡിക **2.6**-ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, വിവിധ പദ്ധതികളുമായും പരിപാടികളുമായുമുള്ള സംയോജനം തുടങ്ങിയ സുപ്രധാന വിവരങ്ങൾ രേഖകളിൽ ഉൾപ്പെടുത്തിയിരുന്നില്ല.

- പരിശോധന നടത്തിയ **21** ജിപികളിൽ നിന്ന് ശേഖരിച്ച വിഎപികളുടെ തെരഞ്ഞെടുത്ത സാമ്പിളുകളുടെ ഓഡിറ്റ് പരിശോധനയിൽ, ഒരു ജിപി[9] മാത്രമാണ്, അതും ആസൂത്രണ ഘട്ടം അവസാനിച്ച ശേഷം, വിഎപി തയ്യാറാക്കിയത് എന്ന് കണ്ടെത്തി.

- പരിശോധന നടത്തിയ **21** ജിപികളിൽ ഒന്നും തന്നെ ബേസ്‌ലൈൻ സർവ്വേ നടത്തിയിരുന്നില്ല. ഇത് തെരഞ്ഞെടുത്ത എല്ലാ ജിപികളും മുൻഗണനാക്രമവും ആവശ്യകതയും വിലയിരുത്താതെയാണ് എഫ്എച്ച്ടിസികൾ നൽകുന്നതെന്ന് സൂചിപ്പിക്കുന്നു. **2019** ഏപ്രിൽ **01**-നു മുൻപുള്ള ഗാർഹിക കവറേജിനെക്കുറിച്ചുള്ള ബേസ്‌ലൈൻ ഡാറ്റ ഈ ജിപികളിൽ ലഭ്യമല്ല. ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികൾ (ഐഎസ്എ) പ്രാരംഭ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ജിപികളിൽ നിന്ന് ലഭിച്ച ദ്വിതീയ ഡാറ്റയെ[10] ആശ്രയിച്ചു. ആവശ്യക്കാരുടെ യഥാർത്ഥ എണ്ണം കണക്കാക്കിയിട്ടില്ലാത്തതിനാൽ, കെഡബ്ല്യുഎ ടാപ്പ് കണക്ഷൻ നൽകിയിട്ടുള്ള വീടുകൾ ഒഴികെ, ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളെയും, പദ്ധതിയുടെ ഗുണഭോക്താക്കളായി കണക്കാക്കുകയുണ്ടായി. **പട്ടിക 2.1**-ൽ കാണിച്ചിരിക്കുന്നതു പോലെ, ഒരു ഗ്രാമപഞ്ചായത്തിലെ ജലത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ആധികാരിക വിലയിരുത്തലിന്റെ അഭാവം എഫ്എച്ച്ടിസികളുടെ ഗണ്യമായ വിച്ഛേദനങ്ങൾക്കു കാരണമായി.

**പട്ടിക 2.1: 2024 ഏപ്രിൽ 01-ലെ കണക്കനുസരിച്ച് തെരഞ്ഞെടുത്ത ജില്ലകളിലെ വിച്ഛേദിക്കപ്പെട്ട എഫ്എച്ച്ടിസികളുടെ വിശദാംശങ്ങൾ**

| ജില്ല | നൽകിയ എഫ്എച്ച്ടിസികളുടെ എണ്ണം | വിച്ഛേദിക്കപ്പെട്ട എഫ്എച്ച്ടിസികളുടെ എണ്ണം | ബില്ല് ചെയ്ത തുകയുടെ പിടിക്കാനുള്ള കുടിശ്ശിക ( ₹) |
|---|---|---|---|
| പാലക്കാട് | 1,96,125 | 44,519 | 1,45,86,963 |
| കൊല്ലം | 2,50,414 | 36,963 | 2,02,66,016 |
| കോഴിക്കോട് | 1,15,525 | 4,621 | 41,64,510 |

*(ഉറവിടം: കെഡബ്ല്യുഎയുടെ ഇ-അബാക്കസ്, ഇ-സർവ്വീസ് ഡാറ്റ)*

ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്ത് വിച്ഛേദിക്കപ്പെട്ട **4,04,404** എഫ്എച്ച്ടിസികളിൽ[11] **2,13,991 (52.92** ശതമാനം**)** എണ്ണം, ടാപ്പ് കണക്ഷനുകൾ നൽകിയ അതേ മാസം തന്നെ വിച്ഛേദിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. ജലത്തിന്റെ

[9] തുറയൂർ

[10] ആകെ അനുവദിച്ച കെട്ടിട അനുമതികളുടെ എണ്ണം മുതലായ പഞ്ചായത്ത് രേഖകളിൽ അടങ്ങിയിരിക്കുന്ന ഡാറ്റ.

[11] പ്രൈസ് 3.0 പ്രകാരം എഫ്എച്ച്ടിസികൾ നൽകുന്നതിന് കണക്കാക്കിയ ഏറ്റവും കുറഞ്ഞ യൂണിറ്റ് ചെലവ് ₹5,913.71 ആയിരുന്നു

ആവശ്യകതയെക്കുറിച്ചോ ലഭ്യതയുടെ വ്യാപ്തിയെക്കുറിച്ചോ യാഥാർത്ഥ്യ ബോധത്തോടെയുള്ള വിലയിരുത്തൽ നടത്താതെ ടാപ്പ് കണക്ഷൻ നൽകിയിരിക്കാനുള്ള സാധ്യതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.

- **100** ശതമാനം കവറേജും കേരളത്തിലെ വിവിധ ഗ്രാമങ്ങളെ ബന്ധിപ്പിക്കുന്ന വിതരണ ശൃംഖലയും ആയിരുന്നു ജെജെഎം നടപ്പിലാക്കുന്നതിലെ പ്രധാന ആശങ്കയെന്നും, ഇത് വിഎപിയെ അപ്രസക്തമാക്കിയെന്നും അന്തിമ കൂടിക്കാഴ്ചയിൽ **(2025** മേയ്) ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട വ്യവസ്ഥകൾക്ക് അനുസൃതമായി വിഡബ്ല്യുഎസ്സിക്കു പകരം ജിപിഡബ്ള്യുഎസ്സി രൂപീകരിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചതായി **(2020** ആഗസ്റ്റ്) സർക്കാർ മറുപടിയിൽ പ്രസ്താവിച്ചു **(2025** ജൂൺ). വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡിപിആർ) കെഡബ്ല്യുഎ തയ്യാറാക്കി ജിപികൾക്ക് സമർപ്പിച്ചുവെന്നും അവ അംഗീകരിച്ചുവെന്നും സർക്കാർ അറിയിച്ചു.

  ജലത്തിന്റെ ഗുണനിലവാരം, ഉറവിട സുസ്ഥിരത, സംയോജനം തുടങ്ങിയ പ്രധാന ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമഗ്ര പദ്ധതിയായ വിഎപിക്ക് പകരമായി പദ്ധതി-നിർദ്ദിഷ്ട ഡിപിആറുകളെ പരിഗണിക്കാൻ കഴിയില്ല എന്നതിനാൽ മുകളിൽ പറഞ്ഞ വാദം സ്വീകാര്യമല്ല. കൂടാതെ, **2020** ഓഗസ്റ്റിൽ ജിപിഡബ്ല്യുഎസ്സികൾ രൂപീകരിക്കാൻ ഉത്തരവുകൾ പുറപ്പെടുവിച്ചുവെങ്കിലും പരിശോധന നടത്തിയ **21** ജിപികളിൽ നാലെണ്ണത്തിൽ മാത്രമേ ജിപിഡബ്ല്യുഎസ്സികൾ രൂപീകരിച്ചിരുന്നുള്ളൂവെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

- ബേസ്ലൈൻ സർവ്വേയെ സംബന്ധിച്ചിടത്തോളം, കോവിഡ് മഹാമാരിയും തുടർന്നുള്ള അടച്ചുപൂട്ടലുകളും പ്രാരംഭഘട്ടത്തിൽ വലിയ തോതിലുള്ള ഫീൽഡ് പരിശോധനകളെ പരിമിതപ്പെടുത്തിയെന്ന് സർക്കാർ മറുപടി നൽകി **(2025** ജൂൺ). നൂറ് ശതമാനം ഗ്രാമീണ വീടുകളെയും ഉൾപ്പെടുത്തുക എന്നതായിരുന്നു സംസ്ഥാന നയം എന്നതിനാൽ, മുൻഗണനാക്രമം പാലിക്കേണ്ട ആവശ്യമില്ലായിരുന്നു. ജല ഉപയോഗ ചാർജുകൾ അടയ്ക്കാത്തത്, അനധികൃത ഉപയോഗങ്ങൾ, കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയത് എന്നിവ കാരണം ജെജെഎം പദ്ധതിക്കു മുൻപു നൽകിയ കണക്ഷനുകൾ വിച്ഛേദിക്കപ്പെട്ടതിന്റെ കണക്കുകളാണ് ഇ-അബാക്കസിലും ഇ-സർവീസിലും അപ്ലോഡ് ചെയ്ത ഡാറ്റയിൽ കാണിച്ചിട്ടുള്ളതെന്നും സർക്കാർ പരാമർശിച്ചു. ഉൽപാദന ഘടകങ്ങൾ പൂർത്തിയായാൽ പ്രവർത്തനക്ഷമമാകുന്ന എച്ച്ടിസികളെയായിരുന്നു ഇ-അബാക്കസിൽ ഡിസ്കണക്ഷൻ എൻട്രിയായി ഉൾപ്പെടുത്തിയത്.

  ഈ റിപ്പോർട്ടിന്റെ ഖണ്ഡികകൾ **4.9, 4.12** എന്നിവയിൽ വിശദമാക്കിയിരിക്കുന്നതു പോലെ, എഫ്എച്ച്ടിസികൾ നൽകുന്നതിൽ എസ്സി/എസ്ടി/ആസ്പിരേഷണൽ ജില്ലകൾ

എന്നിവയ്ക്ക് മുൻഗണന നൽകാത്ത സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, മുൻഗണനാക്രമത്തെക്കുറിച്ച് മേൽപ്പറഞ്ഞ മറുപടി ന്യായീകരിക്കാൻ കഴിയുന്നതല്ല.

ഓഡിറ്റ് നടത്തിയ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ അവരുടെ അധികാര പരിധിയിലുള്ള ജല ഗുണനിലവാരത്തെപ്പറ്റി ആശങ്കകൾ ഉന്നയിച്ചിരുന്നു. ഫലപ്രദമായ ബേസ്‌ലൈൻ സർവ്വേ ഈ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും സമയബന്ധിതമായ പരിഹാര നടപടികൾ ആരംഭിക്കുന്നതിനും സഹായകരമാകുമായിരുന്നു.

കൂടാതെ, ഇ-സർവ്വീസിൽ കാണിച്ചിരിക്കുന്ന കണക്ഷനുകൾ ജെജെഎമ്മിന് കീഴിൽ നൽകിയ പുതിയ കണക്ഷനുകളുമായി ബന്ധപ്പെട്ടതായിരുന്നു. വിച്ഛേദിക്കപ്പെട്ട കണക്ഷനുകളുടെ പേരിൽ അടയ്ക്കേണ്ട കുടിശ്ശിക തുക, അവ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകളാണെന്നും അതിനാലാണ് ബില്ല് ചെയ്യപ്പെട്ടതെന്നും സൂചിപ്പിക്കുന്നു. ഇതര ജല സ്രോതസ്സുകളുടെ ലഭ്യത മൂലമാണ് കണക്ഷനുകൾ വിച്ഛേദിക്കപ്പെട്ടതെന്ന് പരിശോധന നടത്തിയ കെഡബ്ല്യുഎ ഡിവിഷനുകളിലെ ഉദ്യോഗസ്ഥരുടെ മറുപടികളിൽ നിന്നും, ഗുണഭോക്തൃ സർവ്വേയിൽ നിന്നും വെളിപ്പെട്ടു. ഇത് ബേസ്‌ലൈൻ സർവ്വേയിലൂടെ കണ്ടെത്താമായിരുന്നു.

### 2.3.2 ജില്ലാതല ജല-ശുചിത്വ മിഷൻ

സംസ്ഥാന സർക്കാർ സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാതല ജല-ശുചിത്വ മിഷനുകൾ (ഡിഡബ്ല്യുഎസ്എം) രൂപീകരിച്ചു (2020 ജൂൺ). ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന ഡിഡബ്ല്യുഎസ്എമ്മിൽ, ജില്ലാ ആസ്ഥാനത്തെ കെഡബ്ല്യുഎ ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയർ മെമ്പർ സെക്രട്ടറിയായും, ഏഴ് വകുപ്പുകളിൽ / പദ്ധതികളിൽ[12] നിന്നും ഓരോ അംഗവും ഉൾപ്പെട്ടിരുന്നു.

പരിശോധന നടത്തിയ ജില്ലകളിലെ ഡിഡബ്ല്യുഎസ്എമ്മുകൾ, അവരുടെ അധികാര പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾ ഒരു ജില്ലാ ആക്ഷൻ പ്ലാനിലേക്ക് (ഡിഎപി) സംയോജിപ്പിക്കുന്നതിനായി വില്ലേജ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. കൊല്ലം ജില്ലയിലെ ഡിഡബ്ല്യുഎസ്എം ഒരു ഡിഎപി തയ്യാറാക്കിയെങ്കിലും, അതിൽ ഉറവിട സുസ്ഥിരത, മലിന ജല സംസ്കരണം, പദ്ധതികളുടെ സംയോജനം, ജല ബജറ്റിംഗ് എന്നിവയെക്കുറിച്ചുള്ള സുപ്രധാന വിവരങ്ങളോ പ്ലാനുകളോ അടങ്ങിയിരുന്നില്ല. ഐഎസ്എകളുടെ പ്രകടനം നിരീക്ഷിക്കുന്നതിലും ഡിഡബ്ല്യുഎസ്എം പരാജയപ്പെട്ടു.

പഞ്ചായത്ത് തിരിച്ചുള്ള ജനവാസ വ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ടാപ്പ് കണക്ഷനുകളുടെ ആവശ്യകത കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തുകൾ നിർദ്ദേശങ്ങൾ തയ്യാറാക്കിയതായി സർക്കാർ അറിയിച്ചു (2025 ജൂൺ). ഗ്രാമപഞ്ചായത്തുകൾ പ്രമേയങ്ങൾ പാസാക്കുകയും പദ്ധതികളുടെ അംഗീകാരത്തിനായി

[12] വനം, ആരോഗ്യം, പൊതുവിദ്യാഭ്യാസം, ജലസേചനം, ഭൂഗർഭജലം, പൊതുജനസമ്പർക്കം, സംയോജിത ആദിവാസി വികസന പദ്ധതി (ഐറ്റിഡിപി)

ഡിഡബ്ല്യുഎസ്എമ്മിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. പദ്ധതികളുടെ അംഗീകാരത്തിനായി ഡിഡബ്ല്യുഎസ്എം അംഗീകൃത നിർദ്ദേശങ്ങൾ സംസ്ഥാനതല പദ്ധതി അനുമതിദാന സമിതിയുടെ (എസ്എൽഎസ്എസ്സി) മുമ്പാകെ സമർപ്പിച്ചു. എല്ലാ വ്യക്തിഗത നിർദ്ദേശങ്ങളും സമന്വയിപ്പിച്ചാണ് ഡിഎപി രൂപീകരിക്കുന്നതെന്നും ഒരു ജില്ലയ്ക്ക് ഒരൊറ്റ ഏകീകൃത പദ്ധതി സാധ്യമല്ലെന്നും പ്രസ്താവിച്ചു.

വിഎപികൾ തയ്യാറാക്കുന്നതിന്റെയും അവയെ സംയോജിപ്പിച്ച് ഡിഎപികളാക്കുന്നതിന്റെയും നിർണ്ണായക ഘട്ടങ്ങൾ സംസ്ഥാനത്തെ ആസൂത്രണപ്രക്രിയയുടെ ഭാഗമാകുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു എന്ന വസ്തുത സർക്കാർ മറുപടിയിൽ സ്ഥിരീകരിക്കപ്പെട്ടു. തൽഫലമായി, ജെജെഎമ്മിന്റെ പ്രവർത്തന മാർഗ്ഗരേഖകളിൽ വിഭാവനം ചെയ്തപോലെ വിഎപികളിൽ ഉൾപ്പെടുത്തേണ്ട നിർണ്ണായക വശങ്ങൾ കെഡബ്ല്യുഎ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഇടം കണ്ടെത്തിയില്ല.

### 2.3.3 സംസ്ഥാന ജല-ശുചിത്വ മിഷൻ

സംസ്ഥാന ജല-ശുചിത്വ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇനിപ്പറയുന്ന കാര്യങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു:

- സംസ്ഥാന ജല-ശുചിത്വ മിഷന്റെ അപെക്സ് കമ്മിറ്റി വർഷത്തിൽ കുറഞ്ഞത് രണ്ടു തവണയെങ്കിലും, സാധ്യമെങ്കിൽ ത്രൈമാസത്തിലൊരിക്കലെങ്കിലും യോഗം ചേരണമെന്ന് നിഷ്കർഷിക്കപ്പെട്ടിരുന്നു. **2020** ഓഗസ്റ്റ് മുതൽ എസ്ഡബ്ല്യുഎസ്എം എട്ട് മീറ്റിംഗുകൾ മാത്രമേ നടത്തിയിട്ടുള്ളൂവെന്ന് ഓഡിറ്റ് കണ്ടെത്തി. ഇതിൽ അവസാന യോഗം, **15** മാസത്തെ ഇടവേളയ്ക്ക് ശേഷം, **2025** ജനുവരിയിലാണ് ചേർന്നത്.

- സാമ്പത്തിക ആസൂത്രണവും ഫണ്ടുകളുടെ സമയബന്ധിതമായ വിനിയോഗവും, ജലവിതരണത്തിന്റെയും ശുചിത്വ പ്രവർത്തനങ്ങളുടെയും സംയോജനം, ഗ്രാമത്തിലെ ജല അടിസ്ഥാന സൗകര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരം നൽകൽ അല്ലെങ്കിൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനം തുടങ്ങിയ എസ്ഡബ്ല്യുഎസ്എമ്മിൽ നിക്ഷിപ്തമായിരിക്കുന്ന പ്രധാന ചുമതലകളെ സംബന്ധിച്ച പ്രാവർത്തിക നിർദ്ദേശങ്ങളൊന്നും തന്നെ യോഗങ്ങളുടെ മിനിറ്റ്സിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ കണ്ടെത്തി.

- ഈ റിപ്പോർട്ടിലെ ഖണ്ഡികകൾ **3.2.1**, **5.2** എന്നിവയിൽ വിശദീകരിച്ചിരിക്കുന്നതുപോലെ, ഗുണഭോക്തൃ വിഹിതം സമാഹരിക്കൽ, ഫീൽഡ് ടെസ്റ്റിംഗ് കിറ്റുകളുടെ സഹായത്തോടെയുള്ള ജല ഗുണനിലവാര പരിശോധനാ സജ്ജീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട അപെക്സ് കമ്മിറ്റി യോഗങ്ങളിൽ എടുത്ത തീരുമാനങ്ങൾ പരിഗണിക്കുകയോ നടപ്പിലാക്കുകയോ ചെയ്തില്ല. ഇത് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ മതിയായ തുടർനടപടികൾ ഇല്ലെന്നത് സൂചിപ്പിക്കുന്നു.

- കുടിവെള്ള ശുചിത്വ വകുപ്പ് / ദേശീയ ജല ജീവൻ മിഷൻ എന്നിവയുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം എസ്എപികളുടെ[13] വിലയിരുത്തലും തത്വത്തിലുള്ള അംഗീകാരവും എസ്ഡബ്ല്യുഎസ്എമ്മിന്റെ അപെക്സ് കമ്മിറ്റിയെ ഏൽപ്പിച്ചെങ്കിലും, ഓഡിറ്റ് കാലയളവിൽ എസ്ഡബ്ല്യുഎസ്എം, ഒരു എസ്എപിയെക്കുറിച്ചും ചർച്ച ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കെഡബ്ല്യുഎ തയ്യാറാക്കുകയും ഐഎംഐഎസിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്ത എസ്എപിക്ക് എസ്ഡബ്ല്യുഎസ്എം അപെക്സ് കമ്മിറ്റിയുടെ നിർബന്ധിത അംഗീകാരം ഉണ്ടായിരുന്നില്ല. ഈ എസ്എപിയിൽ ഉറവിട സുസ്ഥിരതയ്ക്കും മലിനജല സംസ്കരണത്തിനുമുള്ള നടപടികൾ ഉൾപ്പെടുത്തുകയോ ഒരു ദീർഘകാല സമഗ്ര ജലസുരക്ഷാപദ്ധതി തിരിച്ചറിയുകയോ ചെയ്തില്ല.

- ഫലപ്രദമായ ചർച്ചകൾ സാധ്യമാക്കുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതായിരുന്നു എങ്കിലും, അഞ്ച് വർഷത്തെ ഓഡിറ്റ് കാലയളവിനിടയിൽ നാല് യോഗങ്ങൾ മാത്രമേ നടന്നിട്ടുള്ളൂവെന്നും 2023 നവംബറിന് ശേഷം ഒരു യോഗവും ചേർന്നിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ജലസേചന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കെഎസ്ഇബി, എൽഎസ്ജിഡി എന്നിവയുടെ പ്രതിനിധികൾ സമിതിയിൽ അംഗങ്ങളായിരുന്നുവെങ്കിലും, റോഡ് പുനഃസ്ഥാപനം, പദ്ധതികളുടെ സംയോജനം തുടങ്ങിയ, ഈ കക്ഷികൾക്ക് പ്രസക്തമായ വിഷയങ്ങളെക്കുറിച്ച് ഒരു ചർച്ചയും നടത്തിയിരുന്നില്ലെന്ന് ഈ യോഗങ്ങളുടെ മിനിറ്റ്സുകളിൽ നിന്നും വെളിപ്പെട്ടു.

എസ്ഡബ്ല്യുഎസ്എം യോഗങ്ങളിൽ എസ്എപിയെക്കുറിച്ചും അതിന്റെ ഘടകമായ ജലസുരക്ഷാ പദ്ധതിയെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നതായി സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). എസ്ഡബ്ല്യുഎസ്എമ്മിൽ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്ത എല്ലാ പദ്ധതികളും എസ്എപിയുടെ ഭാഗമായിരുന്നു. എസ്എപിയുടെ ഭാഗമായുള്ള വ്യത്യസ്ത നിർദ്ദേശങ്ങൾ ഡിഎപി പ്രകാരമുള്ള നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണെന്നും, ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി എസ്ഡബ്ല്യുഎസ്എം അംഗീകരിച്ചുവെന്നും പ്രസ്താവിച്ചു.

കെഡബ്ല്യുഎ, ഐഎംഐഎസിൽ അപ്‌ലോഡ് ചെയ്ത എസ്എപി, എസ്ഡബ്ല്യുഎസ്എം ചർച്ച ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ലെന്ന വസ്തുത ഓഡിറ്റ് എസ്ഡബ്ല്യുഎസ്എമ്മിന്റെ യോഗങ്ങളുടെ മിനിറ്റ്സിന്റെ സൂക്ഷ്മപരിശോധനയിൽ സ്ഥിരീകരിച്ചു.

ഉറവിട സുസ്ഥിരത ഉൾപ്പെടുത്താനുള്ള കേന്ദ്രസർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, എസ്ഡബ്ല്യുഎസ്എം യോഗത്തിൽ പുതുക്കിയ എസ്എപി അംഗീകരിക്കുകയും

[13] എഫ്എച്ച്ടിസികളുടെ വാർഷിക ലക്ഷ്യവും അനുബന്ധ സാമ്പത്തിക ആവശ്യകതകളും മുന്നോട്ടു വയ്ക്കുന്ന അഞ്ച് വർഷ സംസ്ഥാന ആക്ഷൻ പ്ലാൻ ഓരോ സംസ്ഥാനവും തയ്യാറാക്കേണ്ടതായിരുന്നു.

ജലസുരക്ഷാപദ്ധതി രൂപീകരിക്കുന്നതിനായി **2025** ജനുവരിയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു.

സുസ്ഥിരമായ ഉപരിതല സ്രോതസ്സുകളെ അടിസ്ഥാനമാക്കി ഗ്രാമീണ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന നയം സംസ്ഥാനം സ്വീകരിച്ചിട്ടുണ്ടെന്നും അതിനാൽ സുസ്ഥിരതയ്ക്കുള്ള മറ്റു പദ്ധതികൾ പരിഗണിച്ചിട്ടില്ലെന്നും സർക്കാർ തുടർന്ന് വ്യക്തമാക്കി. എന്നാൽ, പരിശോധന നടത്തിയ മൂന്ന് ജില്ലകളിൽ, രണ്ട് ജില്ലകളിലെ ഉപരിതല ജലസ്രോതസ്സുകൾ വരൾച്ചക്കാലത്ത് ജലം വിതരണം ചെയ്യാൻ അപര്യാപ്തമാണെന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉറവിട സുസ്ഥിരതാ നടപടികൾ ഉൾപ്പെടുത്തിക്കൊണ്ട് എസ്എപി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ ഇത് അടിവരയിടുന്നു.

## 2.4 വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള ലക്ഷ്യം കൈവരിക്കാത്തത്

വാർഷിക വകയിരുത്തലിനു ആനുപാതികമായി വാർഷിക ലക്ഷ്യങ്ങൾ വിശദീകരിക്കുന്ന ഒരു വാർഷിക കർമ്മ പദ്ധതി (എഎപി) ഫെബ്രുവരി മാസത്തിൽ സംസ്ഥാനം തയ്യാറാക്കേണ്ടതായിരുന്നു. എഎപി, എസ്എപിയിൽ നിന്ന് ഉരുത്തിരിഞ്ഞു വരേണ്ടതും ഡിഡിഡബ്ല്യുഎസ്/എൻജെജെഎം എന്നിവ അംഗീകരിക്കേണ്ടതുമായിരുന്നു. എഎപിക്കു കീഴിലുള്ള നേട്ടങ്ങൾ കണക്കിലെടുത്താണ് ഫണ്ടുകൾ അനുവദിക്കുന്നത്. സംസ്ഥാനം എഎപിയിൽ നിശ്ചയിച്ചിട്ടുള്ള എഫ്എച്ച്ടിസി ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിലുണ്ടായ കുറവിന്റെ വാർഷികാടിസ്ഥാനത്തിലുള്ള ശതമാനവും **പട്ടിക 2.2**-ൽ സൂചിപ്പിച്ചിരിക്കുന്നു:

**പട്ടിക 2.2: സംസ്ഥാനത്തെ എഫ്എച്ച്ടിസി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലുണ്ടായ വീഴ്ചയുടെ വിശദാംശങ്ങൾ**

| വർഷം | എഎപി പ്രകാരം ലക്ഷ്യമിട്ട എഫ്എച്ച് ടിസികൾ | ഭരണാനുമതിയുടെ (എ എസ്) തീയതി | കൈവരിച്ച എഫ്എച്ച്ടിസികളുടെ എണ്ണം (ജെജെഎം ഡാഷ്ബോർഡ് പ്രകാരം) | കുറവ് (കുറവിന്റെ ശതമാനം) |
|---|---|---|---|---|
| **2019-20*** | 10,10,146 | - | 85,476 | - |
| **2020-21** | 21,42,028 | ഒന്നാമത് – 21.08.2020<br>രണ്ടാമത് – 24.12.2020 | 4,04,464 | 17,37,564 (81.12) |
| **2021-22** | 29,37,564 | മൂന്നാമത് – 18.09.2021<br>നാലാമത് – 23.02.2022 | 6,63,874 | 22,73,690 (77.40) |
| **2022-23** | 32,96,325 | അഞ്ചാമത് – 13.05.2022<br>ആറാമത് – 28.10.2022 | 5,29,487 | 27,66,838 (83.94) |
| **2023-24** | 14,54,000 | ഏഴാമത് – 26.10.2023 | 3,66,937 | 10,87,063 (74.76) |

** **2019-20** വർഷത്തേയ്ക്കുള്ള എഎപി, കെഡബ്ല്യുഎ തയ്യാറാക്കിയിരുന്നില്ല. ആ വർഷത്തെ വിവരങ്ങൾ **2020-21**-ലെ എഎപിയിൽ നിന്ന് പിൻപ്രാബല്യത്തോടെ എടുത്തതാണ്.*

*(ഉറവിടം: എഎപി, ഭരണാനുമതി, ജെജെഎം ഐഎംഐഎസ്)*

**2020-21** മുതൽ **2023-24** വരെയുള്ള ഒരു വർഷത്തിലും എഫ്എച്ച്ടിസികളുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. നേട്ടത്തിലെ കുറവ് **74.76** മുതൽ **83.94** ശതമാനം വരെയാണ്.

ഇത് ചൂണ്ടിക്കാട്ടിയപ്പോൾ, **2019-20**-ൽ ജെജെഎം പ്രവൃത്തികൾ ഏറ്റെടുക്കാത്തതിനാൽ, ആദ്യ വർഷത്തെ ലക്ഷ്യവും **2020-21**-ലെ ലക്ഷ്യത്തോടൊപ്പം ചേർത്തതായി സർക്കാർ പ്രസ്താവിച്ചു (**2025**

ജനുവരി). മുൻവർഷങ്ങളിൽ കൈവരിക്കാത്ത ലക്ഷ്യങ്ങളുടെ കുടിശ്ശിക തുടർന്നുള്ള വർഷങ്ങളിലെ എഎപിയിൽ ഉൾപ്പെടുത്തിയതായും പരാമർശിക്കപ്പെട്ടു. ഇത് പ്രാരംഭ കാലയളവിൽ ഉയർന്ന ലക്ഷ്യങ്ങൾ നിശ്ചയിക്കപ്പെടുന്നതിലേക്ക് നയിച്ചു. അനുയോജ്യമായ ഭൂമി, മറ്റു വകുപ്പുകളിൽ നിന്നുള്ള അനുമതി, മുതലായവ ലഭ്യമാകുന്നതിലുണ്ടായ കാലതാമസം, ഡിഫക്റ്റ് ലയബിലിറ്റി പിരീയഡിൽ ഉള്ള റോഡുകൾ എന്നിവ നടപ്പാക്കലിന്റെ പുരോഗതിയെ മന്ദഗതിയിലാക്കിയെന്ന് സർക്കാർ അംഗീകരിച്ചു. കൂടാതെ, ഫണ്ടിന്റെ ലഭ്യതയിലുണ്ടായ കുറവും 2023-24-ലെ പുരോഗതിയെ ബാധിച്ചു.

## 2.5 ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികളെ ഫലപ്രദമായി ഏർപ്പെടുത്താത്തത്

ജെജെഎമ്മിന്റെ പ്രവർത്തന മാർഗ്ഗരേഖകൾ അനുസരിച്ച്, ഗ്രാമത്തിലെ ജലവിതരണ അടിസ്ഥാന സൗകര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, രൂപകൽപ്പന ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും വേണ്ടി സമൂഹങ്ങളെ അണിനിരത്തുവാനും ഇടപെടുത്താനും പങ്കാളികളായി ഓരോ ഗ്രാമപഞ്ചായത്തിലും ഐഎസ്എകളെ ഏർപ്പെടുത്തേണ്ടതുണ്ട്. ഐഎസ്എകളെ തെരഞ്ഞെടുക്കുന്നതിനും എംപാനൽ ചെയ്യുന്നതിനുമുള്ള ഉത്തരവാദിത്തം കേരള ഗ്രാമീണ ജലവിതരണ ശുചിത്വ ഏജൻസിയിൽ (കെആർഡബ്ല്യുഎസ്എ) നിക്ഷിപ്തമായിരുന്നു. എംപാനൽ ചെയ്ത പട്ടികയിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് ഐഎസ്എകളെ അനുവദിക്കേണ്ടത് ഡിഡബ്ല്യുഎസ്എം ആയിരുന്നു. ഒരു ഐഎസ്എയെ തെരഞ്ഞെടുക്കുമ്പോൾ, ഡിഡബ്ല്യുഎസ്എം, ഐഎസ്എ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ ഒപ്പു വയ്ക്കേണ്ടതുണ്ട്.

ആസൂത്രണത്തിൽ ഐഎസ്എകൾ നിർണ്ണായക പങ്ക് വഹിച്ചതിനാൽ, വിഎപി തയ്യാറാക്കുന്നതിന്റെ ആരംഭം മുതൽ ഗ്രാമങ്ങളിൽ ഐഎസ്എകളുടെ സമയോചിതമായ ലഭ്യത അത്യന്താപേക്ഷിതമായിരുന്നു. എന്നാൽ, പരിശോധന നടത്തിയ 21 ജിപികളിൽ 18 ജിപികൾ[14] ഐഎസ്എകളെ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇതിൽ 10 ജിപികളിൽ ആസൂത്രണത്തിന്റെയും സമാഹരണത്തിന്റെയും ഘട്ടം പൂർണ്ണമായും അവസാനിച്ച്, കരാറുകാരന് ജോലി കൈമാറിയതിനു ശേഷമാണ് ഐഎസ്എകളെ ഏർപ്പെടുത്തിയത് എന്നും ഓഡിറ്റ് കണ്ടെത്തി. ഇത് മേൽപ്പറഞ്ഞ ഘട്ടത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളിൽ[15] ഐഎസ്എകളെ ഉൾപ്പെടുത്താതിരുന്നതിനു കാരണമായി.

---

[14] ബാക്കിയുള്ള മൂന്ന് ജിപികളിൽ, രണ്ട് ജിപികളിൽ കുടുംബശ്രീയെ ഐഎസ്എയുടെ ചുമതല ഏൽപ്പിച്ചിരുന്നെങ്കിലും, ഡിഡബ്ല്യുഎസ്എം, കുടുംബശ്രീ, ജിപികൾ എന്നിവ തമ്മിൽ ഒരു കരാറും നടപ്പിലാക്കിയില്ല. കടലുണ്ടി ജിപിയിൽ ജെജെഎമ്മിനു കീഴിൽ നിലവിലുള്ള പദ്ധതികൾ മെച്ചപ്പെടുത്താനുള്ള പ്രവൃത്തികൾ മാത്രമേ നടപ്പിലാക്കിയിരുന്നുള്ളൂ എന്നതിനാൽ ഒരു ഐഎസ്എയെയും ഏർപ്പെടുത്തിയില്ല.

[15] സമൂഹപരിചയം സുഗമമാക്കൽ, ജിപികളുടെ ഉപസമിതികളുടെ രൂപീകരണം, എഫ്എച്ച്ടിസികളുടെ ആവശ്യകത വിലയിരുത്തൽ, ജിപി ഉപസമിതികൾക്കുള്ള പാർട്ടിസിപ്പേറ്ററി റൂറൽ അപ്രൈസൽ പ്രവർത്തനങ്ങളും (പിആർഎ) ശേഷി വർദ്ധിപ്പിക്കലും, വിഎപി തയ്യാറാക്കലും അംഗീകാരവും എന്നിവ.

### 2.5.1 ഐഎസ്എയ്ക്കായി നടത്തിയ നിഷ്ഫല ചെലവ്

പാലക്കാട് ജില്ലയിൽ പരിശോധന നടത്തിയ കൊല്ലങ്കോട്, പുതുനഗരം എന്നീ ജിപികൾ ഉൾപ്പെടെയുള്ള **30** ജിപികളിൽ ഐഎസ്എ ആയി സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജനമിഷൻ ആയ കുടുംബശ്രീയെ പാലക്കാട് ഡിഡബ്ല്യുഎസ്എം നിയോഗിച്ചു. ജിപികളുമായുള്ള കരാറിൽ ഏർപ്പെട്ടശേഷം കുടുംബശ്രീക്ക് ₹**27** ലക്ഷം നൽകിയെങ്കിലും, ഈ ജിപികളിൽ കുടുംബശ്രീ നടത്തിയ ഏതെങ്കിലും പ്രവർത്തനത്തിന്റെ രേഖകൾ ഓഡിറ്റിന് കണ്ടെത്താൻ കഴിഞ്ഞില്ല. ഈ ജിപികളുമായി ഒപ്പുവച്ച കരാറിന്റെ കാലാവധി അവസാനിച്ചുവെന്നും ഒരു ഐഎസ്എ എന്ന നിലയിൽ കുടുംബശ്രീയുടെ നിഷ്ക്രിയത്വവും അപര്യാപ്തമായ പ്രകടനവും കാരണം കരാർ പുതുക്കിയിട്ടില്ലെന്നും പാലക്കാട് ഡിഡബ്ല്യുഎസ്എം വ്യക്തമാക്കി (ജനുവരി **2025**).

കരാർപ്രകാരം നിശ്ചയിച്ച പൂർത്തീകരണത്തിനായുള്ള സമയത്തിനുള്ളിൽ ഐഎസ്എ അതിന്റെ ബാധ്യത നിറവേറ്റുന്നതിൽ പരാജയപ്പെട്ടാൽ, ബാക്കി നിൽക്കുന്ന സേവനങ്ങൾക്ക് **0.50** ശതമാനം നിരക്കിൽ (പരമാവധി കരാർമൂല്യത്തിന്റെ അഞ്ച് ശതമാനത്തിന് വിധേയമായി) ലിക്വിഡേറ്റഡ് ഡാമേജ് ഐഎസ്എയിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. ഇപ്രകാരം പരമാവധി തുക ഈടാക്കിയതിനുശേഷവും സേവനങ്ങൾ പൂർത്തിയാക്കുന്നതിൽ ഐഎസ്എ പരാജയപ്പെട്ടാൽ, സേവനങ്ങളുടെ ശേഷിക്കുന്ന ഭാഗം നിർത്തിവയ്ക്കേണ്ടതും, മറ്റ് മാർഗ്ഗങ്ങളിലൂടെ, വീഴ്ച വരുത്തിയ ഏജൻസിയുടെ ഉത്തരവാദിത്തത്തിലും ചെലവിലും ഏർപ്പെടുത്തേണ്ടതുമായിരുന്നു. എന്നാൽ, ഡിഡബ്ല്യുഎസ്എം ഒരു ഐഎസ്എ എന്ന നിലയിൽ കുടുംബശ്രീയുടെ പ്രകടനം നിരീക്ഷിക്കുകയോ കരാർ അവസാനിപ്പിക്കുകയോ അതിന്റെ നിഷ്ക്രിയത്വത്തിന് പിഴ ചുമത്തുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു.

മേൽപ്പറഞ്ഞ സംഭവം, തെരഞ്ഞെടുക്കൽ മാനദണ്ഡങ്ങളും, പ്രകടന നിരീക്ഷണ സംവിധാനങ്ങളും ഡിഡബ്ല്യുഎസ്എം കർശനമായി പാലിക്കേണ്ടതിന്റെ ആവശ്യകതയെ എടുത്തു കാണിക്കുന്നു.

കുടുംബശ്രീക്ക് അവരുടെ പ്രാരംഭ സ്ഥാനമുറപ്പിക്കലിനു വേണ്ടിയാണ് പണം നൽകിയതെന്നും, ബാക്കി തുക ഏജൻസിയിൽ നിന്ന് തിരിച്ച് പിടിക്കാൻ നടപടി ആരംഭിക്കുമെന്നും സർക്കാർ മറുപടി നൽകി (**2025** ജൂൺ).

## 2.6 മറ്റ് പരിപാടികളും / പദ്ധതികളുമായുള്ള സംയോജനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്), ധനകാര്യകമ്മീഷൻ (ടൈഡ് ഗ്രാന്റ്), സംയോജിത നീർത്തട പരിപാലന പദ്ധതി (ഐഡബ്ല്യുഎംപി), സ്വച്ഛ് ഭാരത് മിഷൻ (എസ്ബിഎം) (ഗ്രാമീൺ), ഡിസ്ട്രിക്ട് മിനറൽ ഡവലപ്പ്മെന്റ് ഫണ്ട് (ഡിഎംഡിഎഫ്), പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസനപദ്ധതി (എംപിലാഡ്സ്), നിയമസഭാ അംഗങ്ങളുടെ പ്രാദേശിക വികസന പദ്ധതി (എംഎൽഎലാഡ്സ്) തുടങ്ങിയ പദ്ധതികൾ / പരിപാടികൾ എന്നിവയുമായി സംയോജിപ്പിക്കുന്നതിന് ജെജെഎം മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അക്വിഫർ റീച്ചാർജ്,

മഴവെള്ളസംഭരണം, ജലാശയങ്ങളുടെയും ജലസംഭരണികളുടെയും ശേഷി വർദ്ധിപ്പിക്കൽ, പൂഴി നീക്കം ചെയ്യൽ, കുഴൽക്കിണർ റീച്ചാർജ് ചെയ്യാനുള്ള സംവിധാനങ്ങൾ, നീർത്തടപരിപാലനം, ജലസംരക്ഷണം തുടങ്ങിയ ഉറവിട സുസ്ഥിരതാ നടപടികൾ സംയോജനത്തിലൂടെ ഏറ്റെടുക്കേണ്ടതായിരുന്നു. നിർമ്മാണത്തിനും, പ്രവർത്തന പരിപാലനത്തിനുമായി മേസൺമാർ, പമ്പ് ഓപ്പറേറ്റർമാർ, പ്ലംബർമാർ, ഇലക്ട്രീഷ്യൻമാർ, മോട്ടോർ മെക്കാനിക്കുകൾ തുടങ്ങിയ വിദഗ്ദ്ധ മനുഷ്യവിഭവശേഷി വികസനത്തിന്റെ ആവശ്യകത നിറവേറ്റുന്നതിന് പ്രധാൻ മന്ത്രി കൗശൽ വികാസ് കേന്ദ്രയുമായുള്ള (പിഎംകെവികെ) സംയോജനസാദ്ധ്യത മുൻഗണനാടിസ്ഥാനത്തിലും തുടർച്ചയായും ആരായേണ്ടതായിരുന്നു.

ആവശ്യകതകൾ നിറവേറ്റുന്നതിനായി സംയോജന സ്രോതസ്സുകൾ തിരിച്ചറിയുന്നതിനും സംയോജനത്തിലൂടെ നടപ്പാക്കേണ്ട ഉറവിട സുസ്ഥിരതാ പ്രവർത്തനങ്ങൾക്കും, മലിനജലസംസ്കരണത്തിനും ഫണ്ടുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതിനുമുള്ള ഉത്തരവാദിത്തം ഡിഡബ്ല്യുഎസ്എമ്മിനെ ഏൽപ്പിച്ചിരുന്നു. ഈ ഘടകങ്ങൾ ഡിപിആറിന്റെ ഭാഗമാണെങ്കിൽ മാത്രമേ പദ്ധതികൾക്ക് അനുമതി നൽകാമായിരുന്നുള്ളൂ.

പരിശോധന നടത്തിയ ജില്ലകളിൽ ജെജെഎമ്മിനു കീഴിൽ, തൊഴിൽ, സാമ്പത്തിക സ്രോതസ്സുകൾ എന്നിവ ഉപയോഗപ്പെടുത്തി സംയോജനത്തിലൂടെ പദ്ധതികൾ നടപ്പിലാക്കാനായി സംസ്ഥാനം നടത്തുന്ന മറ്റു പദ്ധതികൾ / പരിപാടികളുമായി ഒരു സംയോജന പദ്ധതിയും രൂപപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

ഓഡിറ്റിന്റെ മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾക്ക് സർക്കാർ നിശ്ചിത മറുപടി നൽകിയില്ല.

### *ശിപാർശകൾ*

- ***സാമൂഹിക ഉടമസ്ഥതയും പങ്കാളിത്തവും ഉറപ്പാക്കുന്നതിനായി, ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിക്ക് അനുസൃതമായി, കുടിവെള്ള മാനേജ്മെന്റ് ഗ്രാമതദ്ദേശസ്ഥാപനങ്ങൾക്കു കൈമാറുവാനായി, കെപിആർ നിയമത്തിനു കീഴിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിഗണിക്കേണ്ടതുണ്ട്.***

- ***ജെജെഎമ്മിനു കീഴിൽ ഉറവിട സുസ്ഥിരതയ്ക്കും മലിനജല സംസ്കരണത്തിനുമുള്ള നടപടികൾ ഉൾക്കൊണ്ട് ഒരു സമഗ്രമായ കർമ്മപദ്ധതി സർക്കാർ തയ്യാറാക്കേണ്ടതാണ്.***

- ***ജലവിതരണ സംവിധാനങ്ങളുടെ സുസ്ഥിരതയും തുടർച്ചയും ഉറപ്പാക്കുന്നതിനു വേണ്ടി ജെജെഎമ്മിനു കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി സമഗ്രമായ ഒരു പ്രവർത്തന പരിപാലന നയം രൂപീകരിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

- ***ഗുണഭോക്തൃ കേന്ദ്രീകൃതമായ ബൃഹദ് പദ്ധതികളുടെ കാര്യത്തിൽ, ഒരു ഗ്രാമത്തിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നുണ്ടെന്ന്***

*വിലയിരുത്തുന്നതിന്, പദ്ധതിയുടെ തുടക്കത്തിൽ തന്നെ ബേസ്‌ലൈൻ സർവ്വേകൾ നടത്തുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.*

- *സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് ജല ശുചിത്വ സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും ജെജെഎം നടപ്പിലാക്കുന്നതിനുള്ള വികേന്ദ്രീകൃതവും പങ്കാളിത്തപരവുമായ ഒരു സ്ഥാപന ചട്ടക്കൂടിന്റെ ഭാഗമായി അവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കേണ്ടതാണ്.*

# അദ്ധ്യായം III
# സാമ്പത്തിക നിർവ്വഹണം

# അദ്ധ്യായം III
# സാമ്പത്തിക നിർവ്വഹണം

ജെജെഎം നടപ്പിലാക്കിയ 2020-24 കാലയളവിൽ 'ഗ്രാന്റ് XX – ശുദ്ധജല വിതരണവും ശുചീകരണവും'-നുള്ള മൊത്തം അടങ്കൽ ₹6,577.52 കോടി മാത്രമായിരുന്നു. ഗ്രാന്റ് അടങ്കലിന്റെ ആറിരട്ടിയിലധികമായിരുന്നു ജെജെഎമ്മിന് കണക്കാക്കിയിരുന്ന ധനസഹായമായ ₹44,714.79 കോടിയെങ്കിലും, ജെജെഎമ്മിന്റെ ഫണ്ട് നിർദ്ദേശം അംഗീകരിച്ചപ്പോൾ, ജെജെഎമ്മിന് കീഴിലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ ധനസഹായം സമാഹരിക്കുന്നതിനുള്ള സ്രോതസ്സുകൾ സംസ്ഥാന സർക്കാർ കണ്ടെത്തിയില്ല എന്ന് ഞങ്ങൾ നിരീക്ഷിക്കുകയുണ്ടായി.

പരിശോധിച്ച 21 ഗ്രാമപഞ്ചായത്തുകളിൽ നാല് ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം ശേഖരിച്ചത്, അതും ഭാഗികമായി. ശേഖരിച്ച തുക, ജെജെഎമ്മിനായുള്ള സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് (എസ്എൻഎ) അടയ്ക്കാതെ ഗ്രാമപഞ്ചായത്തുകളുടെ തനതുഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി കണക്കാക്കിയിരുന്ന ₹999.07 കോടിയിൽ, ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ₹24.65 കോടി മാത്രമേ ലഭിച്ചുള്ളൂ, തൽഫലമായി സമാഹരണത്തിൽ ₹974.42 കോടിയുടെ കുറവ് ഉണ്ടായി.

മാർഗ്ഗരേഖകൾ ലംഘിച്ചുകൊണ്ട്, പരിശോധനയ്ക്ക് വിധേയമാക്കിയ ഡിവിഷനുകളിലെ റോഡ് പുനഃസ്ഥാപന പ്രവൃത്തികൾക്കായി ജെജെഎം ഫണ്ടുകളിൽ നിന്ന് സെന്റേജ് ചാർജായി ₹24.71 കോടി ചെലവഴിച്ചു. 2024 ഓഗസ്റ്റ് 15-ലെ കണക്കനുസരിച്ച്, ആകെ ₹3,578.47 കോടി മതിക്കുന്ന 3,709 ബില്ലുകൾ പാസ്സാക്കാൻ ബാക്കിയുണ്ടായിരുന്നു, ഇതുമൂലം പല കരാറുകാരും അവരുടെ പ്രവൃത്തി നിർത്തിവയ്ക്കുകയോ മന്ദഗതിയിലാക്കുകയോ ചെയ്തു. കൂടാതെ, പേയ്മെന്റുകൾ വൈകുന്നതിനെക്കുറിച്ചുള്ള ആശങ്കകൾ കാരണം ₹3,625.72 കോടിയുടെ 453 വർക്ക് പാക്കേജുകൾ, ബിഡ്ഡർമാരുടെ പങ്കാളിത്തം ഇല്ലാത്തതിനാൽ അവാർഡ് ചെയ്യാനാകാതെ ശേഷിച്ചു. 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ, പരിശോധിച്ച ഡിവിഷനുകൾക്കു കീഴിലെ ജെജെഎം പദ്ധതികൾക്കായി സെക്യൂരിറ്റി ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടിയായി കൈമാറിയ ₹24.13 കോടി ഇതുവരെയും എസ്എൻഎയിലേക്ക് തിരിച്ചടച്ചിട്ടില്ല.

ജെജെഎമ്മിനായുള്ള ഫണ്ടുകൾ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50:50[16] എന്ന അനുപാതത്തിൽ പങ്കിടേണ്ടതായിരുന്നു. ഒരു സംസ്ഥാനത്തിനോ/ കേന്ദ്രഭരണ പ്രദേശത്തിനോ അനുവദിക്കുന്ന ഫണ്ട് പിന്തുണാ പ്രവർത്തനങ്ങൾക്കും, ജല ഗുണനിലവാര

[16] ഹിമാലയൻ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ (എൻ ഇ), നിയമസഭയുള്ള കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ 90:10 എന്ന അനുപാതത്തിലും, മറ്റ് സംസ്ഥാനങ്ങളിൽ 50:50 എന്ന അനുപാതത്തിലും, നിയമസഭയില്ലാത്ത കേന്ദ്രഭരണ പ്രദേശങ്ങളിൽ 100:0 എന്ന അനുപാതത്തിലും, കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ജെജെഎമ്മിന്റെ ചെലവ് പങ്കിടുന്നു.

പരിശോധനയ്ക്കും, അവലോകന സംവിധാന (ഡബ്ല്യുക്യുഎംഎസ്) പ്രവർത്തനങ്ങൾക്കുമായി യഥാക്രമം അഞ്ച് ശതമാനവും രണ്ട് ശതമാനവും വിനിയോഗിക്കണമായിരുന്നു. ശേഷിക്കുന്ന ഫണ്ടുകൾ ഗ്രാമീണ കുടുംബങ്ങൾക്ക് പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള ടാപ്പ് കണക്ഷനുകൾ (എഫ്എച്ച്ടിസി) നൽകുന്നതിനാണ് വിനിയോഗിക്കേണ്ടിയിരുന്നത്. പട്ടികജാതി (എസ്‌സി), പട്ടികവർഗ്ഗ (എസ്ടി) വിഭാഗങ്ങൾക്കുള്ള ഫണ്ടുകൾ സംസ്ഥാനത്ത് കുറഞ്ഞത് അവരുടെ ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടെങ്കിലും നീക്കിവയ്ക്കേണ്ടിയിരുന്നു. പിന്തുണാ പ്രവർത്തനങ്ങൾക്കും ഡബ്ല്യുക്യുഎംഎസ് പ്രവർത്തനങ്ങൾക്കുമുള്ള ഫണ്ടിംഗ് പാറ്റേൺ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ **60:40** എന്ന അനുപാതത്തിലായിരുന്നു. ഗ്രാമത്തിനുള്ളിലെ പദ്ധതികൾക്കായി, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടിയുള്ള മൂലധന ചെലവിന്റെ അഞ്ച് ശതമാനം[17] അല്ലെങ്കിൽ **10** ശതമാനം, പണമായോ, സാധനമായോ, അധ്വാനമായോ, സമൂഹം സംഭാവന ചെയ്യേണ്ടിയിരുന്നു.

### 3.1 ജെജെഎമ്മിന്റെ സാമ്പത്തിക പുരോഗതി

പദ്ധതി മാർഗ്ഗരേഖകളിലെ ഖണ്ഡിക **7.8** പ്രകാരം, വാർഷിക ഫണ്ട് വിഹിതം രണ്ട് തുല്യ ഗഡുക്കളായും ഓരോ ഗഡുവും രണ്ട് തുല്യ ഭാഗങ്ങളായും നൽകേണ്ടതായിരുന്നു. പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പിഎഫ്എംഎസ്) / ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (ഐഎംഐഎസ്) പോർട്ടലുകളിൽ കാണിച്ചിരിക്കുന്ന ഫണ്ട് വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ, ആദ്യ ഗഡുവിന്റെ **50** ശതമാനം വരുന്ന ആദ്യ ഭാഗം ഏപ്രിലിൽ നൽകേണ്ടതായിരുന്നു. ലഭ്യമായ ഫണ്ടുകളുടെ **75** ശതമാനം (പ്രാരംഭ നീക്കിയിരുപ്പും ആദ്യ ഗഡുവും) വിനിയോഗിക്കുമ്പോൾ രണ്ടാമത്തെ ഭാഗം റിലീസ് ചെയ്യേണ്ടതായിരുന്നു.

ആദ്യ ഗഡുവിന്റെ ശേഷിക്കുന്ന ഭാഗം, പ്രാരംഭ നീക്കിയിരുപ്പിൽ അധികം വന്നത് കിഴിച്ച്, ലഭ്യമായ ഫണ്ടിന്റെ **75** ശതമാനമെങ്കിലും സംസ്ഥാനം ചെലവഴിച്ചതിന് ശേഷമായിരുന്നു നൽകേണ്ടിയിരുന്നത്. മൊത്തം വിഹിതത്തിന്റെ **50** ശതമാനം വരുന്ന രണ്ടാം ഗഡു, രണ്ട് ഭാഗങ്ങളായി നൽകേണ്ടതാണ്. ലഭ്യമായ ഫണ്ടിന്റെ **75** ശതമാനം വിനിയോഗിച്ചതിനും ഉപയോഗിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചതിനും ശേഷം രണ്ടാം ഭാഗം നൽകേണ്ടതാണ്.

**2019-20** മുതൽ **2023-24** വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും റിലീസ് ചെയ്ത ജെജെഎം ഫണ്ടുകളും അതിന്റെ വിനിയോഗവും **പട്ടിക 3.1-ൽ** കാണിച്ചിരിക്കുന്നു.

[17] കുന്നിൻ പ്രദേശങ്ങളിലും വനപ്രദേശങ്ങളിലും

### പട്ടിക 3.1: ജെജെഎം ഫണ്ടുകളുടെ റിലീസും വിനിയോഗവും

*(₹ കോടിയിൽ)*

| വർഷം | പ്രാരംഭ നീക്കിയിരുപ്പ് | | കേന്ദ്ര സർക്കാർ റിലീസ് | സംസ്ഥാന സർക്കാർ റിലീസ് | | | ചെലവ് | | അന്തിമ നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|
| | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ | | കേന്ദ്ര സർക്കാർ വിഹിതം | സംസ്ഥാന സർക്കാ വിഹിതം | ആകെ | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ | കേന്ദ്ര സർക്കാർ | കേന്ദ്ര സർക്കാർ വിഹിതം |
| **2019-20** | 0 | 0 | 101.29* | 25 | 25 | 50# | 62.26 | 63.70 | 0.80 | -0.64 |
| **2020-21** | 0.80 | -0.64 | 303.18* | 379.47 | 379.47 | 758.94@ | 304.29 | 317.62 | 37.92 | 23.15 |
| **2021-22** | 37.92 | 23.15 | 1353.45* | 451.15 | 1353.45 | 1804.60 | 957.44 | 1059.57 | 433.92 | 317.02 |
| **2022-23** | 433.92 | 317.02 | 2206.54 | ഇല്ല | 1616.29 | 1616.29 | 1741.93 | 1741.68 | 898.53 | 191.63 |
| **2023-24** | 898.53 | 191.63 | 671.18 | ഇല്ല | 1207.16 | 1207.16 | 1457.18 | 1434.63 | 104.28 | -49.74 |
| **ആകെ** | | | **4635.64** | **855.62** | **4581.37** | **5436.99** | **4523.10** | **4617.20** | | |

* *2019-20, 2020-21 വർഷങ്ങളിലെ വിഹിതങ്ങളും 2021-22-ലെ ആദ്യ ഭാഗവും സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ നൽകിയിരുന്നു. സംസ്ഥാന സർക്കാർ ഈ ഫണ്ടുകൾ തക്കതായ സംസ്ഥാന വിഹിതത്തോടൊപ്പം കെഡബ്ല്യുഎയ്ക്ക് അനുവദിക്കണമായിരുന്നു. തുടർന്നുള്ള വിഹിതങ്ങൾ കേന്ദ്ര സർക്കാർ നേരിട്ട് കെഡബ്ല്യുഎയുടെ എസ്എൻഎയിലേക്ക് റിലീസ് ചെയ്യുകയുണ്ടായി.*

\# *2019-20 കാലയളവിൽ സംസ്ഥാന സർക്കാർ ₹202.58 കോടി അനുവദിക്കണമായിരുന്നു. എന്നാൽ, സംസ്ഥാന സർക്കാർ ₹50 കോടി മാത്രം അനുവദിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (എൽഎസ്ജി) നിക്ഷേപങ്ങളിൽ നിന്ന് ₹152.58 കോടി കൈമാറാൻ ഉത്തരവിടുകയും ചെയ്തു. കെഡബ്ല്യുഎ താത്കാലികമായി എൽഎസ്ജി നിക്ഷേപങ്ങളിൽ നിന്ന് ₹75 കോടിയും കെഡബ്ല്യുഎയിൽ ലഭ്യമായ ₹1.12 കോടിയും ജെജെഎം അക്കൗണ്ടിലേക്ക് മാറ്റി. അതിനാൽ, ജെജെഎമ്മിന് ലഭ്യമായ ഫണ്ട് ₹126.12 കോടിയായിരുന്നു (₹50 കോടി + ₹76.12 കോടി). അതായത്, കേന്ദ്ര സർക്കാർ വിഹിതം ₹63.06 കോടിയും സംസ്ഥാന സർക്കാർ വിഹിതം ₹63.06 കോടിയും. അങ്ങനെ, അന്തിമ നീക്കിയിരുപ്പ് ₹0.80 കോടിയും (₹63.06 കോടി - ₹62.26 കോടി) ₹-0.64 കോടിയും (₹63.06 കോടി - ₹63.70 കോടി) ആയിരുന്നു.*

@ *2019-20 കാലയളവിൽ മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിച്ച ഫണ്ടുകൾ തിരികെ നൽകിയതിന് ശേഷം 2020-21-ൽ ലഭ്യമായ ഫണ്ട് ₹682.82 കോടി ആയിരുന്നു ((₹758.94 കോടി - ₹75 കോടി - ₹1.12 കോടി) + പ്രാരംഭ നീക്കിയിരുപ്പ്)).*

*(ഉറവിടം: കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഫണ്ട് റിലീസ് ഉത്തരവുകൾ, കെഡബ്ല്യുഎ നൽകിയ വിവരങ്ങൾ)*

പദ്ധതിയുടെ സാമ്പത്തിക പരിപാലനത്തിൽ ഓഡിറ്റ് കണ്ടെത്തിയ വീഴ്ചകൾ തുടർഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു:

### 3.1.1 ഫണ്ടിംഗിനുള്ള സ്രോതസ്സുകൾ കണ്ടെത്താത്തത്

2019-ലെ ജെജെഎം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗരേഖകൾ അനുസരിച്ച്, കേന്ദ്ര ഫണ്ട്, സംസ്ഥാന ഫണ്ട്, മറ്റ് പദ്ധതികളുടെ ഫണ്ടുകൾ, മെംബർ ഓഫ് പാർലമെന്റ് ലോക്കൽ ഏരിയ ഡെവലപ്മെന്റ് സ്കീം (എംപിലാഡ്സ്), മെംബർ ഓഫ് ലെജിസ്ലേറ്റീവ് അസംബ്ലി ലോക്കൽ ഏരിയ ഡെവലപ്മെന്റ് സ്കീം (എംഎൽഎലാഡ്സ്), ഡിസ്ട്രിക്ട് മിനറൽ ഡെവലപ്മെന്റ് ഫണ്ട് (ഡിഎംഡിഎഫ്), കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) ഫണ്ട്, സംഭാവനകൾ തുടങ്ങിയ ഗ്രാമീണ കുടിവെള്ള വിതരണത്തിനായി ലഭ്യമായ എല്ലാ വിഭവങ്ങളും സംയോജിപ്പിച്ച് എസ്ഡബ്ല്യുഎസ്എം/ഡിഡബ്ല്യുഎസ്എം വർഷം തിരിച്ചുള്ള സാമ്പത്തിക പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. അംഗീകൃത സംസ്ഥാന ആക്ഷൻ പ്ലാനിൽ (എസ്എപി) നിന്ന് സംസ്ഥാനത്തിന്റെ വാർഷിക ആക്ഷൻ പ്ലാൻ (എഎപി) രൂപീകരിക്കേണ്ടതായിരുന്നു. എഎപിയുടെ കീഴിലുള്ള നേട്ടങ്ങൾ കണക്കിലെടുത്ത് അതത് സംസ്ഥാന/കേന്ദ്രഭരണ പ്രദേശവുമായി കൂടിയാലോചിച്ചതിന്റെയും ഫണ്ട് അനുവദിച്ചതിന്റെയും അടിസ്ഥാനത്തിൽ, കുടിവെള്ള വിതരണ വകുപ്പ്

(ഡിഡിഡബ്ല്യുഎസ്)/ നാഷണൽ ജല ജീവൻ മിഷൻ (എൻജെജെഎം), എഎപി അംഗീകരിക്കേണ്ടതായിരുന്നു.

കേന്ദ്ര സർക്കാർ ജെജെഎം ആവിഷ്കരിച്ചത് 2019-20-ലാണ്. **പട്ടിക 3.2**-ൽ വിശദീകരിച്ചിരിക്കുന്ന പോലെ 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിൽ ₹44,714.79 കോടി ചെലവഴിച്ച് 54.45 ലക്ഷം ഗ്രാമീണ ഗൃഹങ്ങൾക്ക് പൈപ്പ് വഴി കുടിവെള്ളം നൽകുന്നതിന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിരുന്നു.

**പട്ടിക 3.2: അനുവദിച്ച എഫ്എച്ച്ടിസികളുടെ വിശദാംശങ്ങളും കണക്കാക്കിയ ചെലവും**

| അംഗീകാരം നൽകിയ തീയതി | ലക്ഷ്യമിട്ട എഫ്എച്ച്ടിസികൾ (എണ്ണം ലക്ഷത്തിൽ) | കണക്കാക്കിയ ചെലവ് (₹ കോടിയിൽ) |
|---|---|---|
| 21.08.2020 | 16.48 | 4,343.89 |
| 24.12.2020 | 5.17 | 2,313.11 |
| 18.09.2021 | 14.00 | 11,551.23 |
| 23.02.2022 | 11.51 | 13,090.88 |
| 13.05.2022 | 5.74 | 7,652.87 |
| 28.10.2022 | 0.45 | 1,251.63 |
| 26.10.2023 | 1.10 | 4,511.18 |
| **ആകെ** | **54.45** | **44,714.79** |

*(ഉറവിടം: സംസ്ഥാന സർക്കാർ ജലവിഭവ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകൾ)*

സംസ്ഥാന സർക്കാർ 2020-21 സാമ്പത്തിക വർഷം മുതൽ സാമ്പത്തിക ഭൗതിക ലക്ഷ്യങ്ങൾ വിശദീകരിക്കുന്ന എഎപി, ഡിഡിഡബ്ല്യുഎസിന് സമർപ്പിച്ചുകൊണ്ടിരുന്നു. ജെജെഎമ്മിനായി എഎപിയിൽ സംസ്ഥാനത്തിന് ആവശ്യമായി നിർദ്ദേശിക്കപ്പെട്ട ഫണ്ടുകളുടെയും ബജറ്റ് വഴി സംസ്ഥാനം വകയിരുത്തിയതും റിലീസ് ചെയ്തതുമായ ഫണ്ടുകളുടെയും താരതമ്യം **പട്ടിക 3.3**-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 3.3: സംസ്ഥാന ബജറ്റ് വഴി റിലീസ് ചെയ്ത ഫണ്ടുകളുമായി എഎപിയിൽ നിർദ്ദേശിക്കപ്പെട്ട ഫണ്ടുകളുടെ താരതമ്യം**

*(₹ കോടിയിൽ)*

| | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|
| 'ശുദ്ധജലവിതരണവും ശുചീകരണവും' ശീർഷകത്തിനുള്ള ബജറ്റ് അടങ്കൽ | 1,439.68 | 1,524.95 | 2,303.15 | 1,309.74 |
| ജെജെഎം സംസ്ഥാന വിഹിതത്തിനായുള്ള ബജറ്റ് വകയിരുത്തൽ | 400.00 | 400.00 | 500.00 | 500.00 |
| എഎപി അനുസരിച്ച് ജെജെഎം സംസ്ഥാന വിഹിതമായി വേണ്ടിയിരുന്ന ഫണ്ട് | 2,912.92 | 7,463.56 | 13,978.97 | 2,223.00 |
| ജെജെഎം സംസ്ഥാന വിഹിതമായി റിലീസ് ചെയ്ത ഫണ്ട് | 379.47 | 1,353.45 | 1,616.29 | 1,207.16 |
| സംസ്ഥാന വിഹിതത്തിൽ നിന്നും വിനിയോഗിച്ച ഫണ്ട് | 317.62 | 1,059.57 | 1,741.68 | 1,434.63 |
| ആവശ്യകതയ്ക്കെതിരെ വകയിരുത്തിയ ജെജെഎം സംസ്ഥാന വിഹിതത്തിന്റെ ശതമാനം | 13.73 | 5.36 | 3.58 | 22.49 |

| | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|
| ആവശ്യകതയ്ക്കെതിരെ റിലീസ് ചെയ്ത സംസ്ഥാന വിഹിതത്തിന്റെ ശതമാനം | 13.03 | 18.13 | 11.56 | 54.30 |

*(ഉറവിടം: കേരള സർക്കാരിന്റെ ബജറ്റ് രേഖകളും ജെജെഎമ്മിന്റെ വാർഷിക കർമ്മ പദ്ധതിയും)*

ജെജെഎമ്മിനായി **2020-21** മുതൽ **2023-24** വരെയുള്ള കാലയളവിൽ സംസ്ഥാനം അനുവദിച്ച ഫണ്ട്, എഎപി പ്രകാരമുള്ള ആവശ്യകതയുടെ **3.58** ശതമാനത്തിനും **22.49** ശതമാനത്തിനും ഇടയിലായിരുന്നു. **2020** ആഗസ്റ്റിലും **2020** ഡിസംബറിലും ഭരണാനുമതികൾ നൽകുമ്പോൾ, പദ്ധതി ചെലവിന്റെ **10** ശതമാനം ഗുണഭോക്തൃ വിഹിതത്തിൽ നിന്നും, സംസ്ഥാന വിഹിതത്തിന്റെ **15** ശതമാനം തദ്ദേശ സ്ഥാപന വിഹിതത്തിൽ നിന്നും നിറവേറ്റാനാകുമെന്ന് സർക്കാർ കണക്കാക്കിയിരുന്നു. **2021, 2022, 2023** വർഷങ്ങളിൽ പുറപ്പെടുവിച്ച തുടർന്നുള്ള ഭരണാനുമതികളിൽ പ്രതീക്ഷിത സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ച് പരാമർശിച്ചിട്ടില്ല.

ജെജെഎം നടപ്പിലാക്കിയ **2020-2024** കാലയളവിൽ 'ഗ്രാന്റ് **XX** – ശുദ്ധജല വിതരണവും ശുചീകരണവും'-നുള്ള, ആകെ അടങ്കൽ വെറും **₹6,577.52** കോടി മാത്രമാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഗ്രാന്റിന്റെ മൊത്തം അടങ്കലിന്റെ ആറിരട്ടിയിലധികമായിരുന്നു ജെജെഎമ്മിന് വേണ്ടി കണക്കാക്കിയിരുന്ന **₹44,714.79** കോടി എന്നിരിക്കിലും, ജെജെഎമ്മിന് കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി ഫണ്ട് അവശ്യകതയ്ക്കുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ചപ്പോൾ, ഫണ്ട് സമാഹരിക്കുന്നതിനുള്ള ഉറവിടങ്ങൾ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിട്ടുണ്ടായിരുന്നില്ല.

മതിയായ അളവിൽ തദ്ദേശസ്ഥാപന വിഹിതവും ഗുണഭോക്തൃ വിഹിതവും സ്വരൂപിക്കാൻ കഴിയാത്ത ജിപികളുടെ കാര്യത്തിൽ ജെജെഎമ്മിനു കീഴിലുള്ള ചെലവുകൾക്കായി എംഎൽഎലാഡ്സിൽ നിന്ന് ഫണ്ട് കണ്ടെത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചെങ്കിലും **(2020** ഓഗസ്റ്റ്), എസ്ഡബ്ല്യുഎസ്എം ഈ ദിശയിൽ ഒരു നടപടിയും സ്വീകരിച്ചില്ല. സിഎസ്ആർ ഫണ്ട്, സംഭാവനകൾ മുതലായവ വഴി ഫണ്ട് സമാഹരിക്കാനുള്ള സാധ്യതയും പരിശോധിക്കുകയുണ്ടായില്ല.

ലോകബാങ്കിൽ നിന്നും സാമ്പത്തിക സഹായം നേടുന്നതിനും **(2023** സെപ്റ്റംബർ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (കിഫ്ബി) നിന്നും സാമ്പത്തിക സഹായം നേടുന്നതിനും**(2024** സെപ്റ്റംബർ) കെഡബ്ല്യുഎ നിർദ്ദേശങ്ങൾ സമർപ്പിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കാരണം മുകളിൽ പറഞ്ഞ നിർദ്ദേശം നടപ്പായില്ലെന്ന് സർക്കാർ മറുപടി നൽകി **(2025** ജൂൺ). സംസ്ഥാന വിഹിതത്തിനായി നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻറ് റൂറൽ ഡെവലപ്മെന്റ് (നബാർഡ്), ഹൗസിംഗ് ആൻറ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹഡ്കോ) എന്നിവയിൽ നിന്നുള്ള സ്ഥാപനപരമായ ധനസഹായത്തിനുള്ള നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണെന്നും പ്രസ്താവിച്ചു.

നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ആവശ്യമായ തുക, മുഴുവൻ പദ്ധതി കാലയളവിനും വേണ്ടിയുള്ളതാണെന്നും, റീഅപ്രോപ്രിയേഷൻ, അധികത്തുകയ്ക്കുള്ള അനുമതി എന്നീ വ്യവസ്ഥകൾ പ്രയോഗിച്ചുകൊണ്ട് ആവശ്യാനുസരണം പണം ലഭ്യമാക്കുമെന്നും,

ധനസഹായത്തിനുള്ള വിഭവങ്ങൾ കണ്ടെത്താത്തതിനെ സംബന്ധിച്ച്, അന്തിമ കൂടിക്കാഴ്ചയിൽ (2025 മേയ്) ഡബ്ല്യുആർഡി അഡീഷണൽ ചീഫ് സെക്രട്ടറി (എസിഎസ്) പ്രസ്താവിച്ചു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 3.3-ൽ പരാമർശിച്ചിരിക്കുന്നതുപോലെ, കരാറുകാരുടെ ബില്ലുകൾ മാറുന്നതിൽ ദീർഘകാലമായി സർക്കാരിന് വലിയ ബാധ്യതയുണ്ടെന്നത് ഫണ്ടുകളുടെ ദൗർലഭ്യത്തെ സ്ഥാപിക്കുന്നതിനാൽ, എസിഎസിന്റെ മറുപടി വസ്തുതകളുടെ അടിസ്ഥാനത്തിലല്ലെന്ന് തെളിയുന്നു. ഇത് കൂടാതെ, ആവശ്യമുള്ള നേരത്ത് അപ്പപ്പോൾ ഫണ്ട് ലഭ്യമാക്കുമെന്ന വാദവുമായി നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നത് കാര്യക്ഷമമായ സാമ്പത്തിക പരിപാലന തത്ത്വങ്ങളുമായി ചേർന്നു പോകുന്നില്ല.

### 3.1.2 തക്കതായ സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നതിലെ കാലതാമസവും തന്മൂലം കേന്ദ്ര സർക്കാർ ഗഡുക്കൾ റിലീസ് ചെയ്യാത്തതും

തൻവർഷം ലഭ്യമായ നീക്കിയിരുപ്പിന്റെ 75 ശതമാനത്തിന് തുല്യമായ തുകയുടെ താൽക്കാലിക ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ (യുസി), മുൻ വർഷത്തെ കേന്ദ്ര - സംസ്ഥാന സർക്കാർ വിഹിതങ്ങളുടെ അന്തിമ യുസികൾ മുതലായവ സംസ്ഥാനം സമർപ്പിക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവിന്റെ ആദ്യഭാഗം റിലീസ് ചെയ്യേണ്ടതായിരുന്നു. ലഭ്യമായ ഫണ്ടിന്റെ (കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതം) വിനിയോഗം 75 ശതമാനം കവിഞ്ഞാലുടൻ, രണ്ടാം ഗഡുവിന്റെ രണ്ടാംഭാഗം റിലീസ് ചെയ്യേണ്ടതായിരുന്നു. കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാന സർക്കാരിലേക്കുള്ള റിലീസുകൾ സംസ്ഥാന ട്രഷറികളിലേക്ക് നടത്തേണ്ടതും, അവിടെ നിന്ന് 15 ദിവസത്തിനുള്ളിൽ എസ്എൻഎയിലേക്ക് റിലീസ് ചെയ്യേണ്ടതുമായിരുന്നു.

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ **അനുബന്ധം 3.1**-ൽ കാണിച്ചിരിക്കുന്നതുപോലെ, കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ധനസഹായം റിലീസ് ചെയ്യതിൽ ഉണ്ടായ കാലതാമസവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു:

- 2019-20 കാലയളവിൽ, 2019 ഓഗസ്റ്റ് 28-ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് ₹101.29 കോടി അനുവദിച്ചു. തക്കതായ സംസ്ഥാന വിഹിതം ഉൾപ്പെടെ ₹202.58 കോടിയായി 2019 സെപ്റ്റംബർ 12-ന് മുമ്പ് സംസ്ഥാന സർക്കാർ റിലീസ് ചെയ്യേണ്ടതായിരുന്നു. എന്നാൽ, സംസ്ഥാന സർക്കാർ കെഡബ്ല്യുഎയ്ക്ക് ₹50 കോടി മാത്രം റിലീസ് ചെയ്തു (2019 ഡിസംബർ). കേന്ദ്ര സർക്കാർ വിഹിതത്തിനു തത്തുല്യമായ ഫണ്ട്, 270 ദിവസത്തെ കാലതാമസത്തോടെ, തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ 2020 ജൂൺ 08-ന് മാത്രമാണ് റിലീസ് ചെയ്തത്. ബാക്കി ഫണ്ട് റിലീസ് ചെയ്യുന്നതിൽ, കേന്ദ്ര സർക്കാർ റിലീസ് ചെയ്ത തീയതി മുതൽ 291 ദിവസത്തെ കാലതാമസമുണ്ടായിരുന്നു. അങ്ങനെ, 2019-20-ൽ കേന്ദ്ര സർക്കാർ വകയിരുത്തിയ ₹248.76 കോടിയിൽ, സംസ്ഥാന സർക്കാരിന് ₹101.29 കോടി മാത്രം ലഭിച്ചിരുന്നതിനാൽ, കേന്ദ്ര സർക്കാർ ഫണ്ടുകൾ റിലീസ് ചെയ്തതിൽ ₹147.47 കോടിയുടെ കുറവ് ഉണ്ടായി.

- 2020-21-ലെ ആദ്യ ഗഡുവിന്റെ ആദ്യ ഭാഗത്തിന്റെ അംശം 2020 മെയ് 30-ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് റിലീസ് ചെയ്യുകയുണ്ടായി. എന്നാൽ, 2020 നവംബർ 06-ന് മാത്രമാണ് സംസ്ഥാന സർക്കാർ തക്കതായ സംസ്ഥാന വിഹിതം റിലീസ് ചെയ്തത്. ഇത് 145 ദിവസത്തെ കാലതാമസത്തിന് കാരണമായി. കേന്ദ്ര സർക്കാരിന്റെ ഓരോ റിലീസും, മുൻ കേന്ദ്ര സർക്കാർ റിലീസിനു തക്കതായ സംസ്ഥാന വിഹിതത്തിന്റെ റിലീസും അതിൽ നിന്നുള്ള ചെലവുകളും അടിസ്ഥാനമാക്കിയുള്ളതായതിനാൽ, തക്കതായ സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നതിലുണ്ടായ പ്രാരംഭ കാലതാമസം, കേന്ദ്ര സർക്കാരിൽ നിന്നും തുടർന്നുള്ള റിലീസുകൾ വൈകിപ്പിക്കുകയും ₹101.06 കോടിയുടെ കേന്ദ്ര സർക്കാരിന്റെ വിഹിതം നഷ്ടപ്പെടുത്തുന്നതിൽ കലാശിക്കുകയും ചെയ്തു.

- 2021-22 കാലയളവിൽ, ആദ്യ ഗഡുവിന്റെ ആദ്യ ഭാഗത്തിനുള്ള കേന്ദ്ര സർക്കാർ വിഹിതവും തക്കതായ സംസ്ഥാന വിഹിതവും ചേർത്ത്, ₹902.30 കോടി റിലീസ് ചെയ്യാൻ സംസ്ഥാന സർക്കാർ 2021 മെയ് 31-ന് ഉത്തരവുകൾ പുറപ്പെടുവിച്ചു. എന്നാൽ, 2021 ജൂൺ 10, 2021 ജൂൺ 18, 2021 ജൂലൈ 12 തീയതികളിൽ മാത്രമാണ് ഭാഗിക പേയ്മെന്റുകളായി ഈ തുക ജെജെഎം ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തത്. അങ്ങനെ, മുഴുവൻ ഫണ്ടുകളും ക്രെഡിറ്റ് ചെയ്യാൻ, ഉത്തരവു നൽകിയ തീയതി മുതൽ സംസ്ഥാന സർക്കാരിന് 42 ദിവസങ്ങളെടുത്തു. ഇത് കേന്ദ്ര സർക്കാരിന്റെ തുടർന്നുള്ള ഫണ്ടുകൾ അനുവദിക്കുന്നതിനെ ബാധിക്കുകയും, വകയിരുത്തിയ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്ര സർക്കാർ ഫണ്ടുകളിൽ ₹451.14 കോടിയുടെ കുറവുണ്ടാവുകയും ചെയ്തു.

- ആദ്യ ഗഡുവിന്റെ ഒന്നും രണ്ടും ഭാഗങ്ങളുടെ സംസ്ഥാന സർക്കാർ വിഹിതം 2023-24 കാലയളവിൽ റിലീസ് ചെയ്തതിലെ കാലതാമസം, യഥാക്രമം 44 ദിവസവും 26 ദിവസവും ആയിരുന്നു. 2023 ഡിസംബർ 11-ന് റിലീസ് ചെയ്ത ആദ്യ ഗഡുവിന്റെ രണ്ടാം ഭാഗത്തിന്റെ (₹327.76 കോടി) തക്കതായ വിഹിതം 2024 ജനുവരി 31-നും 2024 മാർച്ച് 22-നും ഘട്ടങ്ങളായി, മൂന്ന് മാസവും 11 ദിവസത്തെയും കാലതാമസത്തോടെയാണ് എസ്എൻഎയിലേക്ക് ക്രെഡിറ്റ് ചെയ്തതെന്നു കൂടി ഓഡിറ്റ് കണ്ടെത്തി. അങ്ങനെ, കേന്ദ്ര സർക്കാർ വിഹിതത്തിന്റെ ആദ്യ ഗഡുവിന്റെ രണ്ടാം ഭാഗത്തിന്റെ തക്കതായ സംസ്ഥാന വിഹിതം സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ മാത്രമാണ് യഥാർത്ഥത്തിൽ സംസ്ഥാന സർക്കാർ റിലീസ് ചെയ്തത്. ഇത്, കേന്ദ്ര സർക്കാർ വിഹിതത്തിന്റെ രണ്ടാം ഗഡു സംസ്ഥാന സർക്കാരിന് അനുവദിച്ചു കിട്ടാത്തതിന്റെ കാരണങ്ങളിലൊന്നായി ഭവിക്കുകയും, വകയിരുത്തിയ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്ര സർക്കാർ വിഹിതത്തിൽ ₹671.18 കോടിയുടെ കുറവുണ്ടാവുകയും ചെയ്തു.

സംസ്ഥാന വിഹിതം എസ്എൻഎയിലേക്ക് മാറ്റാത്തതോ/മാറ്റുന്നതിന് വൈകിയതോ കാരണം, കേന്ദ്ര റിലീസുകളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ, തക്കതായ സംസ്ഥാന വിഹിതത്തിനു വേണ്ടി ബജറ്റിൽ

മതിയായ തുക വകയിരുത്തണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് നിർദ്ദേശിച്ചിരുന്നു (2023 മാർച്ച്). ബജറ്റിലെ അപര്യാപ്തമായ ഫണ്ട് വകയിരുത്തൽ സംസ്ഥാന സർക്കാരിന്റെ ഫണ്ട് റിലീസിലെ കാലവിളംബങ്ങൾക്കു കാരണമായെന്ന് **പട്ടിക 3.3**-ൽ നിന്ന് വ്യക്തമാണ്.

എസ്എൻഎയിലേക്ക് സമയോചിതമായി ഫണ്ട് കൈമാറുന്നതിൽ സംസ്ഥാന സർക്കാർ ജാഗ്രത പാലിച്ചിരുന്നെങ്കിൽ, നിർവ്വഹണത്തിന്റെ ആദ്യ വർഷങ്ങളിലെ ഫണ്ടുകളുടെ ലഭ്യത ഉറപ്പാക്കാമായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2020-21 മുതൽ എസ്എൻഎയിലേക്ക് കേന്ദ്ര സർക്കാർ നേരിട്ട് ഫണ്ട് റിലീസ് തുടങ്ങിയപ്പോൾ മുതൽ, വലിയ കാലതാമസമില്ലാതെ കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യമാകാൻ തുടങ്ങി എന്ന വസ്തുതയിൽ നിന്ന് ഇത് കൂടുതൽ വ്യക്തമാണ്.

കേന്ദ്ര സർക്കാർ ₹6,006.49 കോടി വകയിരുത്തിയെങ്കിലും, ₹4,635.64 കോടി മാത്രമാണ് റിലീസ് ചെയ്തതെന്നും, അതിന്റെ ഫലമായി ₹1,370.85 കോടിയോളം വരുന്ന കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

കോവിഡ്-19, ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം, വിവിധ വകുപ്പുകളിൽ നിന്ന് അനുമതി ലഭിക്കാത്തത് മുതലായ കാരണങ്ങൾ മൂലം ജെജെഎമ്മിന്റെ പ്രാരംഭ ഘട്ടത്തിൽ വെല്ലുവിളികൾ ഉണ്ടായിരുന്നതിനാൽ 2019-20 സാമ്പത്തിക വർഷത്തിലാണ് പ്രധാനമായിട്ടും കാലതാമസം ഉണ്ടായതെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2025 ജൂൺ). എന്നാൽ, 2021-24 കാലയളവിൽ സംസ്ഥാന വിഹിതം റിലീസ് ചെയ്തതിലുണ്ടായ കാലതാമസത്തെക്കുറിച്ച് മറുപടി നിശബ്ദമായിരുന്നു.

## 3.2 ഗുണഭോക്തൃ വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും

### 3.2.1 ഗുണഭോക്തൃ വിഹിതത്തിന്റെ തെറ്റായ അക്കൗണ്ടിംഗ്

എല്ലാ ഗ്രാമീണ വീടുകളിലും എഫ്എച്ച്ടിസികൾ നൽകുന്നതിന്, ഏക പഞ്ചായത്ത് പദ്ധതി (എസ്‌വിഎസ്)/ ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി (എംവിഎസ്)/ ചിതറിക്കിടക്കുന്ന പ്രദേശങ്ങൾക്കായി സോളാർ പവർ അധിഷ്ഠിത സ്റ്റാൻഡ്-എലോൺ പദ്ധതികൾ എന്നിവ വഴി ഇൻ-വില്ലേജ് ജലവിതരണ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതായിരുന്നു. ഗ്രാമപഞ്ചായത്തുകൾ/ വിഡബ്ള്യുഎസ്‌സി നടപ്പിലാക്കുന്ന പൈപ്പ് വഴിയുള്ള ജലവിതരണ അടിസ്ഥാന സൗകര്യങ്ങൾക്കും അനുബന്ധ ഉറവിട വികസനത്തിനും, മൂലധന ചെലവിന്റെ[18] 10 ശതമാനം അവിടങ്ങളിലെ ഗ്രാമീണ സമൂഹം നൽകേണ്ടതാണ്. ഇൻ-വില്ലേജ് അടിസ്ഥാന സൗകര്യനിർമ്മാണത്തിനു വേണ്ടി പണമായി ലഭിക്കുന്ന ഗുണഭോക്തൃ വിഹിതം വിഡബ്ള്യുഎസ്‌സി ചെയർപേഴ്സണും അതത് പഞ്ചായത്ത് സെക്രട്ടറിയും സംയുക്തമായി പ്രവർത്തിപ്പിക്കുന്ന ഗ്രാമപഞ്ചായത്ത് / വിഡബ്ള്യുഎസ്‌സിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

[18] കുന്നിൻ പ്രദേശങ്ങളിലും വനപ്രദേശങ്ങളിലുമുള്ള ഗ്രാമങ്ങളിലും, വടക്കുകിഴക്കൻ, ഹിമാലയൻ സംസ്ഥാനങ്ങളിലും 50 ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയുള്ള ഗ്രാമങ്ങളിലും.

എന്നാൽ, **2020-21**-ലും **2021-22**-ലും ചില വ്യക്തികൾ എസ്എൻഎയിലേക്ക് നേരിട്ട് വിഹിതം അടച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏതു പ്രവൃത്തിയ്ക്കായുള്ള വിഹിതമാണ് അടച്ചത്, നിക്ഷേപകൻ താമസിക്കുന്ന ഗ്രാമപഞ്ചായത്ത് എന്നിങ്ങനെയുള്ള അത്തരം പണമടയ്ക്കലുകളുടെ വിശദാംശങ്ങൾ കണ്ടെത്താനായില്ല. അങ്ങനെ ലഭിച്ച ഗുണഭോക്തൃ വിഹിതം **₹3.69** ലക്ഷം ആയിരുന്നു. ഇരുപത്തിയൊന്ന് ജിപികളിൽ ഓഡിറ്റ് നടത്തിയ സർവ്വേയിൽ, **19** ജിപികളുടെ[19] സെക്രട്ടറിമാർ പ്രസ്താവിച്ചത്, പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം നിക്ഷേപിക്കുന്നതിനായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് തുറന്നിട്ടില്ല എന്നാണ്.

തെരഞ്ഞെടുത്ത **21** ഗ്രാമപഞ്ചായത്തുകളിലെ രേഖകൾ ഓഡിറ്റ് പരിശോധിച്ചപ്പോൾ നാല് ഗ്രാമപഞ്ചായത്തുകൾ[20] മാത്രമാണ് ഗുണഭോക്തൃ വിഹിതം പിരിച്ചതെന്ന് കണ്ടെത്തി. ശേഖരിച്ച തുക **(₹131.40** ലക്ഷം**)** ജെജെഎമ്മിന്റെ എസ്എൻഎയിലേക്ക് ഗുണഭോക്തൃ വിഹിതമായി നിക്ഷേപിക്കാതെ, ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു.

പദ്ധതിയുടെ തുടക്കം മുതൽ, സമയപരിധികൾ പാലിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്കും ഗുണഭോക്താക്കൾക്കും വേണ്ടി ഫണ്ട് അനുവദിക്കുന്നുണ്ടെന്ന് സർക്കാർ മറുപടി നൽകി (**2025** ജൂൺ). ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്തൃ വിഹിതം ശേഖരിച്ച് ജെജെഎമ്മിന്റെ എസ്എൻഎയിലേക്ക് അടയ്ക്കുന്നുണ്ടെന്നും, ജിപികളുടെ പക്കൽ ശേഷിക്കുന്ന തുക എസ്എൻഎയിലേക്ക് മാറ്റുന്നതിന് എൽഎസ്ജിഡി വഴി തുടർനടപടി സ്വീകരിക്കുമെന്നും പ്രസ്താവിക്കുകയുണ്ടായി.

മുകളിൽ പറഞ്ഞതിന് വിരുദ്ധമായി, പരിശോധിച്ച **21** ഗ്രാമപഞ്ചായത്തുകളിൽ **17** എണ്ണം ഗുണഭോക്തൃ വിഹിതം സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റിനോട് പ്രസ്താവിച്ചിരുന്നു. കൂടാതെ, ശേഷിക്കുന്ന നാല് ഗ്രാമപഞ്ചായത്തുകൾ ശേഖരിച്ച വിഹിതം എസ്എൻഎയിലേക്ക് അടച്ചതായി കാണുന്നില്ല. ഈ റിപ്പോർട്ടിന്റെ **അനുബന്ധം 3.1**-ൽ കാണാൻ കഴിയുന്നത് പോലെ, **2019-20** മുതൽ **2023-24** വരെ കേന്ദ്ര സർക്കാർ വിഹിതത്തിന് തുല്യമോ അതിൽ കുറവോ ഫണ്ട് സംസ്ഥാന സർക്കാർ അനുവദിച്ചതിനാലും, ഗുണഭോക്തൃ വിഹിതത്തിനായി സംസ്ഥാന സർക്കാർ അധിക ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാലും ഗുണഭോക്തൃ വിഹിതത്തിലേക്കായി സംസ്ഥാന സർക്കാർ ഫണ്ട് അനുവദിച്ചുകൊണ്ടിരിക്കുകയാണെന്ന വാദം നിലനിൽക്കില്ല.

### 3.2.2 തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം ശേഖരിക്കാതിരിക്കൽ

**2020** ആഗസ്റ്റിലും **2020** ഡിസംബറിലും അനുവദിച്ച പദ്ധതികൾക്കായി, ചെലവിനത്തിൽ കണക്കാക്കിയ **₹6,660.46** കോടിയുടെ[21] **15** ശതമാനം വരുന്ന **₹999.07** കോടി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

---

[19] കടലുണ്ടി ഗ്രാമപഞ്ചായത്ത് പുതിയ അക്കൗണ്ട് തുറന്നു. വടവന്നൂർ ഗ്രാമപഞ്ചായത്ത് സർവ്വേയിൽ പങ്കെടുത്തില്ല.

[20] പനയം, പട്ടഞ്ചേരി, ഒളവണ്ണ, കടലുണ്ടി

[21] ഭരണാനുമതി തുകകളായ **₹4,343.89** കോടി + **₹2,316.57** കോടി (**₹2,313.11** കോടി + **₹0.61** കോടി അംഗൻവാടികൾക്ക് എഫ്എച്ച്ടിസി നൽകുന്നതിന് + **₹2.85** കോടി ജലഗുണനിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളിൽ സിഡബ്ല്യുപിപി നൽകുന്നതിന്)

വിഹിതമായുൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ ഫണ്ട് പങ്കിടൽ രീതി രൂപപ്പെടുത്തിയിരുന്നു. എന്നാൽ, **2020-21** മുതൽ **2023-24** വരെയുള്ള കാലയളവിൽ ജെജെഎമ്മിന്റെ എസ്എൻഎയിലേക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം **പട്ടിക 3.4**-ൽ കാണിച്ചിരിക്കുന്നതുപോലെ ₹**24.65** കോടി മാത്രമായിരുന്നു.

**പട്ടിക 3.4: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ**

| വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം (₹ കോടിയിൽ) |
|---|---|
| 2020-21 | 13.01 |
| 2021-22 | 6.64 |
| 2022-23 | 2.64 |
| 2023-24 | 2.36 |
| **ആകെ** | **24.65** |

*(ഉറവിടം: കെഡബ്ല്യുഎ നൽകിയ ഡാറ്റ)*

കൂടാതെ, എല്ലാ നിക്ഷേപങ്ങളിലും ജിപിയുടെ പേര്, ലഭിച്ച വിഹിത തുക, ഏതു പ്രവൃത്തിയ്ക്കായിട്ടാണ് തുക നീക്കിവെച്ചത് മുതലായ വിശദാംശങ്ങൾ വിഹിതത്തിന്റെ വിശദമായ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട്, പൂർത്തിയാക്കിയ പദ്ധതികൾക്കായി ₹**1,522.75** കോടി വിഹിതം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് പ്രിൻസിപ്പൽ ഡയറക്ടറോട് മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചതായി **(2025** ഫെബ്രുവരി**)** സംസ്ഥാന സർക്കാർ പ്രസ്താവിച്ചു **(2025** ജൂൺ**)**.

### 3.2.3 ഗുണഭോക്തൃ വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും തടസ്സപ്പെട്ടുകിടന്നത്

ഗുണഭോക്തൃ വിഹിതമായും/ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായും മതിയായ ഫണ്ടുകൾ ലഭ്യമല്ലാത്തപ്പോഴും, വിഹിതമായി ലഭിച്ച തുക പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിച്ചതായി കാണുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. **2024** മാർച്ച് **31** വരെ, ജിപികളിൽ നിന്നും സമൂഹങ്ങളിൽ നിന്നുമുള്ള വിഹിതമായി ₹**24.69** കോടി നിർവ്വഹണ ഏജൻസിയുടെ കൈവശമുണ്ടായിരുന്നെങ്കിലും, കരാറുകാർക്ക് നൽകേണ്ടിയിരുന്ന തുക നൽകാൻ ഇത് ഉപയോഗിച്ചില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതങ്ങൾ ജിപികളുടെ അക്കൗണ്ടുകളിൽ നിന്ന് നേരിട്ട് എസ്എൻഎയിലേക്ക് നൽകുന്നതിനാൽ പണമിടപാടിന്റെ വിശദാംശങ്ങൾ സംസ്ഥാനത്തിന്റെ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിൽ (ഐഎഫ്എംഎസ്) നിന്ന് പിഎഫ്എംഎസിലേക്ക് കൈമാറിയിട്ടില്ലെന്ന് സർക്കാർ മറുപടി നൽകി **(2025** ജൂൺ**)**. തൽഫലമായി, ജിപികൾ നിക്ഷേപിച്ച തുകകൾ, പിഎഫ്എംഎസിലെ സംസ്ഥാന വിഹിതത്തിന്റെ ഭാഗമായി രേഖപ്പെടുത്തിയിരുന്നില്ല. അതിനാൽ, ഈ ഫണ്ടുകൾ എസ്എൻഎയിൽ ഉപയോഗപ്പെടുത്താൻ കഴിയാതെ നിലകൊണ്ടു.

സർക്കാരിൽ നിന്ന് വ്യക്തമായ നിർദ്ദേശങ്ങൾ ലഭിക്കാത്തതിനാൽ, ജെജെഎമ്മിന് കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ജിപികൾ/സമൂഹം നൽകിയ വിഹിതമായ **₹24.69** കോടി ലഭ്യമാകാതെ കിടന്നു.

അത്തരം ഫണ്ടുകളുടെ വിനിയോഗത്തിലെ തടസ്സങ്ങൾ കെഡബ്ല്യുഎ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയോ വിനിയോഗത്തിനുള്ള നിർദ്ദേശങ്ങൾ തേടുകയോ ചെയ്തില്ല.

## 3.3 കരാറുകാർക്കുള്ള പേയ്മെന്റ് മുടങ്ങിക്കിടക്കുന്നത്

പ്രവൃത്തി പൂർത്തിയാകുമ്പോൾ, പേയ്മെന്റ് ക്ലെയിം ചെയ്യുന്നതിനുള്ള ബിൽ കരാറുകാരൻ സമർപ്പിക്കണമെന്നും മൂന്നാം കക്ഷിയുടെ പരിശോധനയ്ക്ക് ശേഷം **30** മുതൽ **45** ദിവസത്തിനുള്ളിൽ പേയ്മെന്റ് നടത്തിയിരിക്കണമെന്നും ജെജെഎമ്മിന്റെ മാർഗ്ഗരേഖകൾ വ്യക്തമാക്കിയിട്ടുണ്ട്. **2024** ഓഗസ്റ്റ് **15** വരെ, ആകെ **₹3,578.47** കോടി മതിക്കുന്ന **3,709** ബില്ലുകൾ പേയ്മെന്റ് നൽകാതെ ശേഷിച്ചു. സംസ്ഥാനത്ത് പേയ്മെന്റ് വൈകുന്നത് സംബന്ധിച്ച ആശങ്കകൾ കാരണം ബിഡ്ഡർമാരുടെ പങ്കാളിത്തം കുറവായതിനാൽ **₹3,625.72** കോടിയുടെ **453** വർക്ക് പാക്കേജുകൾ കരാർ നൽകപ്പെടാതെ തുടരുകയും ചെയ്തു. പേയ്മെന്റ് വൈകുന്നത് മൂലം പല കരാറുകാരും അവരുടെ പ്രവൃത്തി നിർത്തിവയ്ക്കുകയോ മന്ദഗതിയിലാക്കുകയോ ചെയ്തു. തെരഞ്ഞെടുത്ത കെഡബ്ല്യുഎ ഡിവിഷനുകളിലെ കരാറുകാർക്ക് പണം നൽകുന്നതിൽ തീർപ്പുകൽപ്പിക്കാത്തതിന്റെ വിശദാംശങ്ങൾ **പട്ടിക 3.5**-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.5: തെരഞ്ഞെടുത്ത കെഡബ്ല്യുഎയുടെ ഡിവിഷനുകളിലെ കരാറുകാർക്ക് പണം കൊടുക്കാനുള്ള ബില്ലുകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ഡിവിഷന്റെ പേര് | ബില്ലുകളുടെ എണ്ണം | നൽകേണ്ട തുക (₹ കോടിയിൽ) |
|---|---|---|---|
| 1 | പ്രോജക്ട് ഡിവിഷൻ, കൊല്ലം | 128 | 88.67 |
| 2 | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കൊല്ലം | 65 | 15.42 |
| 3 | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കൊട്ടാരക്കര | 114 | 30.84 |
| 4 | പ്രോജക്ട് ഡിവിഷൻ, പാലക്കാട് | 125 | 233.13 |
| 5 | പബ്ലിക് ഹെൽത്ത് ഡിവിഷൻ, പാലക്കാട് | 33 | 7.49 |
| 6 | പ്രോജക്ട് ഡിവിഷൻ, ചിറ്റൂർ | 75 | 77.19 |
| 7 | പ്രോജക്ട് ഡിവിഷൻ, കോഴിക്കോട് | 228 | 507.41 |
| 8 | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കോഴിക്കോട് | 34 | 65.33 |
| 9 | പബ്ലിക് ഹെൽത്ത് ഡിവിഷൻ, വടകര | 65 | 80.61 |
| | **ആകെ** | **867** | **1,106.09** |

*(ഉറവിടം: കെഡബ്ല്യുഎ വെബ്സൈറ്റ്)*

കരാറുകാർക്കു പണം നൽകുന്നതിലുള്ള കാലതാമസം പ്രവൃത്തിയിലെ പുരോഗതിയുടെ വേഗതയെ നേരിട്ട് ബാധിക്കുമെന്നതിനാൽ, ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനു വേണ്ടി മതിയായ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തേണ്ടതാണ്.

**2023-24, 2024-25** സാമ്പത്തിക വർഷങ്ങളിലെ ജെജെഎം പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും സംസ്ഥാനം പാലിക്കുകയും ബാധ്യതകൾ നിറവേറ്റുകയും ചെയ്തിട്ടും, **2023-24, 2024-25** വർഷങ്ങളിലെ രണ്ടാം ഗഡു ഫണ്ട് കേന്ദ്ര സർക്കാർ റിലീസ് ചെയ്തിട്ടില്ലെന്നും, ഇത് തീർപ്പാക്കാത്ത ബില്ലുകൾക്ക് പണം നൽകാനുള്ള ഫണ്ടിന്റെ അപര്യാപ്തതയ്ക്ക് കാരണമായെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി **(2025** ജൂൺ**)**.

**അനുബന്ധം 3.1**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, തക്കതായ സംസ്ഥാന വിഹിതം നൽകുന്നതിലുണ്ടായ താമസം കാരണമാണ് കേന്ദ്ര സർക്കാർ ഫണ്ടുകൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടായത് എന്നതിനാൽ, 2023-24-ൽ ജെജെഎമ്മിന് കീഴിലുള്ള എല്ലാ വ്യവസ്ഥകളും സംസ്ഥാനം പാലിച്ചു എന്ന സർക്കാരിന്റെ വാദം ന്യായീകരിക്കാവുന്നതല്ല.

## 3.4 റോഡ് പുനഃസ്ഥാപന നിരക്കുകളിൽ ഇരട്ടിയായി ജിഎസ്ടി ബുക്കിംഗ് നടത്തിയത്

പാലക്കാട് ജില്ലയിലെ ജെജെഎം പ്രവൃത്തികളിൽ പിഎംജിഎസ്വൈയ്ക്കു[22] കീഴിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെട്ടിരുന്നു. കെഡബ്ല്യുഎ, പിഎംജിഎസ്വൈയിൽ റോഡ് പുനഃസ്ഥാപന നിരക്കുകൾ നിക്ഷേപിച്ച ചില പ്രവൃത്തികൾ ഓഡിറ്റ് പരിശോധിക്കുകയുണ്ടായി (**അനുബന്ധം 3.2**).

പിഡബ്ല്യുഡി പുറപ്പെടുവിച്ച സർക്കുലറുകളിൽ[23] പരാമർശിച്ചിരിക്കുന്ന യൂണിറ്റ് നിരക്കുകളുടെ അടിസ്ഥാനത്തിലാണ് പിഎംജിഎസ്വൈ അധികാരികൾ റോഡ് പുനഃസ്ഥാപന എസ്റ്റിമേറ്റുകൾ കണക്കാക്കിയത്. ഇതിൽ ചെലവ് സൂചികയും 18 ശതമാനം ജിഎസ്ടിയും ഉൾപ്പെട്ടിരുന്നു. എന്നാൽ, പിഎംജിഎസ്വൈ അധികാരികൾ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അന്തിമ റോഡ് പുനഃസ്ഥാപന കണക്കുകളിൽ, 18 ശതമാനം ജിഎസ്ടി കൂടി ഉൾപ്പെടുത്തിയതിനാൽ, ജെജെഎം ഫണ്ടുകളിൽ നിന്ന് കെഡബ്ല്യുഎ, ജിഎസ്ടി ചാർജുകൾ വീണ്ടും അടയ്ക്കേണ്ടി വന്നു.

പിഎംജിഎസ്വൈ സമർപ്പിച്ച പുനഃസ്ഥാപന എസ്റ്റിമേറ്റ് പരിശോധിക്കുന്നതിൽ കെഡബ്ല്യുഎ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള അശ്രദ്ധ കാരണം പിഴവ് കണ്ടെത്താനാകാതെ പോവുകയും, ഇത് ഒഴിവാക്കാമായിരുന്ന ₹87.19 ലക്ഷത്തിന്റെ ജിഎസ്ടി പേയ്മെന്റിലേക്ക് നയിക്കുകയും ചെയ്തു.

ഈ വിഷയം പിഎംജിഎസ്വൈ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും, ജിഎസ്ടി ഘടകത്തിൽ പൊരുത്തക്കേടുകൾ കണ്ടെത്തിയാൽ, ഇരു കക്ഷികളും തമ്മിലുള്ള പരസ്പരധാരണയ്ക്കു വിധേയമായി ഭാവിയിലെ പേയ്മെന്റുകളിൽ നിന്ന് തത്തുല്യമായ തുക കുറയ്ക്കുമെന്നും സർക്കാർ മറുപടി നൽകി (2025 ജൂൺ).

## 3.5 സേവന നിലവാരം 55 എൽപിസിഡിയിൽ കൂടുതലായി രൂപകല്പന ചെയ്ത പദ്ധതികളിലെ കേന്ദ്ര സർക്കാർ ഫണ്ടുകളുടെ ക്രമരഹിതമായ ചെലവ്

ജെജെഎം മാർഗ്ഗരേഖകൾ അനുസരിച്ച്, കുടിവെള്ള വിതരണത്തിന്റെ സേവന നിലവാരം കുറഞ്ഞത് 55 എൽപിസിഡി[24] ആയിരിക്കണം. എന്നാൽ, കുടിവെള്ള സ്രോതസ്സുകളുടെ ലഭ്യതയെ ആശ്രയിച്ച് അത് ഉയർന്ന തലത്തിലേക്ക് വിപുലീകരിക്കാൻ സംസ്ഥാനങ്ങൾക്ക്

---

[22] പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന

[23] 30.03.2019-ലെ സിഇ(ആർ&ബി)/ജിഎൽ-ആർഎൽ/2/2018, 10.02.2023-ലെ സിഇ (പിഡബ്ല്യുഡി)/2675/2021-സി4(ഡബ്ല്യു) ആർഡി എന്നീ സർക്കുലറുകൾ പ്രകാരം പ്രസിദ്ധീകരിച്ച നിരക്കുകൾ

[24] ഒരു വ്യക്തിക്ക് ഒരു ദിവസം നൽകുന്ന വെള്ളത്തിന്റെ അളവ് ലിറ്ററിൽ

അധികാരം നൽകിയിരുന്നു. ഇതിനായി ആവശ്യമായി വന്നേക്കാവുന്ന അധിക സാമ്പത്തിക സ്രോതസ്സുകൾ സംസ്ഥാന സർക്കാർ/പ്രാദേശിക സമൂഹം/ദാതാക്കൾ വഹിക്കേണ്ടതായിരുന്നു. ഐഎംഐഎസ് ഡാറ്റ പരിശോധിച്ചപ്പോൾ, ഈ പദ്ധതികൾ വഴി 55 എൽപിസിഡിയിൽ കൂടുതൽ വെള്ളം നൽകുന്ന തെരഞ്ഞെടുത്ത ജിപികളിൽ, പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും തമ്മിൽ തുല്യമായി പങ്കിട്ടതായി ശ്രദ്ധയിൽപ്പെട്ടു (**അനുബന്ധം 3.3**). അങ്ങനെ, മാർഗ്ഗരേഖകൾ ലംഘിച്ചു കൊണ്ട് 55 എൽപിസിഡിയിൽ കൂടുതലുള്ള വിതരണത്തിന് വേണ്ടിവരുന്ന അധിക ചെലവ് കേന്ദ്ര സർക്കാരിന്റെ ഫണ്ടിൽ നിന്നുകൂടി ഈടാക്കിയതായി കണ്ടു.

സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, ജല ഉപഭോഗ രീതികൾ, ഭാവിയിലെ പ്രതീക്ഷിത പുരോഗതി എന്നിവ കണക്കിലെടുത്താണ് 100 എൽപിസിഡി സേവന നിലവാരത്തോടെ ജെജെഎം പദ്ധതികൾ തയ്യാറാക്കിയതെന്ന് സർക്കാർ മറുപടി നൽകി (2025 ജൂൺ). 2024 ജനുവരിയിൽ പുറപ്പെടുവിച്ച കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി, നിർദ്ദേശിച്ചതിലും ഉയർന്ന സേവന നിലവാരം നൽകുന്നതിനു വേണ്ടി സംസ്ഥാനം ചെലവുകൾ തമ്മിൽ പൊരുത്തപ്പെടുത്തി, മൊത്തം ₹3,656.19 കോടി അധിക ചെലവായി നിർണ്ണയിക്കുകയും ചെയ്തു. ഇത് സംസ്ഥാന വിഹിതത്തിൽ ക്രമീകരിക്കുന്നതാണ്.

അധിക ചെലവ് സംസ്ഥാന വിഹിതത്തിൽ ഇതുവരെ ക്രമീകരിക്കപ്പെട്ടിട്ടില്ല എന്ന് മറുപടി സൂചിപ്പിക്കുന്നു. മാത്രമല്ല, മുകളിൽ പറഞ്ഞ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഐഎംഐഎസ് ഡാറ്റയുടെ പരിശോധനയിൽ നിന്ന്, 100 എൽപിസിഡി സേവന നിലവാരത്തിനായി ചെലവഴിച്ച അധികത്തുക നാല് പ്രവൃത്തികളിൽ ക്രമീകരിക്കുകയുണ്ടായിട്ടില്ലെന്ന് വെളിപ്പെട്ടു.[25]

## 3.6 സെന്റേജ് ചാർജുകൾക്കുള്ള അനുവദനീയമല്ലാത്ത ചെലവ് നടത്തിയത്

ജെജെഎം മാർഗ്ഗരേഖകൾ അനുസരിച്ച്, ജെജെഎം ഫണ്ടുകളിൽ നിന്ന് നൽകേണ്ട ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്ന് ഒരു സെന്റേജും[26] ഈടാക്കാൻ പാടില്ലായിരുന്നു. അത്തരമൊരു ആവശ്യം ഉയർന്നാൽ തന്നെ, അത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തം ആയിരിക്കും.

പൊതുമരാമത്ത് വകുപ്പ് (പിഡബ്ല്യുഡി) ആവശ്യപ്പെടുന്ന റോഡ് പുനഃസ്ഥാപന നിരക്കുകൾ അടച്ചുകൊണ്ട് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ജെജെഎം നിർവ്വഹണ ഏജൻസികൾ റോഡ് കട്ടിംഗിന് അനുമതി നേടി. പരിശോധിച്ച കെഡബ്ല്യുഎ ഡിവിഷനുകളിൽ പിഡബ്ല്യുഡിക്ക് പണമടയ്ക്കുമ്പോൾ സെന്റേജ് ചാർജുകളെ റോഡ് പുനഃസ്ഥാപന ചാർജുകളിൽ[27] നിന്ന് ഒഴിവാക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. സെന്റേജ്

---

[25] **അനുബന്ധം 3.3**-ലെ ക്രമ നമ്പർ 1, 6, 12, 13

[26] മറ്റൊരു സർക്കാർ, തദ്ദേശ സ്ഥാപനം അല്ലെങ്കിൽ സ്വകാര്യ കക്ഷിയ്ക്കു വേണ്ടി നടത്തുന്ന പ്രവൃത്തികൾക്ക് സർക്കാർ ഈടാക്കുന്ന നിരക്കുകൾ.

[27] നിശ്ചിത നിരക്കുകളിൽ ചെലവ് സൂചിക, സെന്റേജ് ചാർജുകൾ, ജിഎസ്ടി എന്നിവ ഉൾപ്പെടുന്നു. റോഡ് പുനഃസ്ഥാപന നിരക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സെന്റേജ് ചാർജ് നിരക്ക് 2018 മേയ് മുതൽ 12.50 ശതമാനവും 2023 ഫെബ്രുവരി മുതൽ 13.78 ശതമാനവുമായിരുന്നു.

ചാർജുകൾക്കായുള്ള ചെലവുകൾ കേന്ദ്ര സംസ്ഥാന വിഹിതങ്ങളിൽ തുല്യമായി ബുക്ക് ചെയ്യതിനാൽ, ₹24.71 കോടിയുടെ കേന്ദ്ര സർക്കാർ ഫണ്ടുകൾ ഇതിനായി ഉപയോഗിക്കുകയുണ്ടായി (**അനുബന്ധം 3.4**).

സംസ്ഥാന മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന ഉന്നതതല യോഗത്തിൽ (2025 മാർച്ച്) പ്രശ്നം ചർച്ച ചെയ്തിട്ടുണ്ടെന്നും അക്കാര്യം സംസ്ഥാന ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി (2025 ജൂൺ).

## 3.7 സെക്യൂരിറ്റി ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടിയിന്മേലുള്ള ചെലവ് ജെജെഎം ഫണ്ടുകളിൽ നിന്ന് അന്തിമ ചെലവായി ബുക്ക് ചെയ്യത്

റോഡ് കട്ടിംഗ് ചെയ്യുന്ന സ്ഥലത്തിന് ആവശ്യമായ പുനഃസ്ഥാപന തുകയുടെ 10 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി കെഡബ്ല്യുഎ പൊതുമരാമത്ത് വകുപ്പിന് അടയ്ക്കേണ്ടതായിരുന്നു. ഇത് പുനഃസ്ഥാപന പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് (ഡിഎൽപി) അല്ലെങ്കിൽ നിലവിലുള്ള റോഡിന്റെ ഡിഎൽപി (അങ്ങനെ ഉണ്ടെങ്കിൽ), ഇവയിലേതാണോ താമസിച്ച് വരുന്നത്, അതിന് 28 ദിവസത്തിന് ശേഷം, റിലീസ് ചെയ്യേണ്ടതായിരുന്നു. അനുമതി ലഭിക്കുന്നതിനായി ട്രഷറി സേവിംഗ്സ് ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി രൂപത്തിൽ കെഡബ്ല്യുഎ സെക്യൂരിറ്റി ഡെപ്പോസിറ്റ് സമർപ്പിക്കേണ്ടതായിരുന്നു.

2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ, **പട്ടിക 3.6**-ൽ വിശദമാക്കിയിരിക്കുന്നതു പോലെ, തെരഞ്ഞെടുത്ത കെഡബ്ല്യുഎ ഡിവിഷനുകൾക്ക് കീഴിലുള്ള ജെജെഎം പദ്ധതികൾക്കു വേണ്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടിയായി ജെജെഎം ഫണ്ടുകളിൽ നിന്ന് ₹24.13 കോടി കൈമാറ്റം ചെയ്യതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു:

**പട്ടിക 3.6: പരിശോധിച്ച ഡിവിഷനുകൾക്ക് കീഴിലുള്ള ജെജെഎം പദ്ധതികൾക്കു വേണ്ടിയുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ**

*(₹ ലക്ഷത്തിൽ)*

| വർഷം | ഡിവിഷന്റെ പേര് | സെക്യൂരിറ്റി ഡെപ്പോസിറ്റ്/ ബാങ്ക് ഗ്യാരണ്ടിയ്ക്കു വേണ്ടിയുള്ള ചെലവ് |
|---|---|---|
| 2021-22 | പ്രോജക്റ്റ് ഡിവിഷൻ, കോഴിക്കോട് | 366.21 |
| | **ആകെ** | **366.21** |
| 2022-23 | പ്രോജക്റ്റ് ഡിവിഷൻ, ചിറ്റൂർ | 411.04 |
| | പ്രോജക്റ്റ് ഡിവിഷൻ, കോഴിക്കോട് | 1,416.69 |
| | പ്രോജക്റ്റ് ഡിവിഷൻ, കൊല്ലം | 1.41 |
| | പ്രോജക്റ്റ് ഡിവിഷൻ, പാലക്കാട് | 32.25 |
| | **ആകെ** | **1,861.39** |
| 2023-24 | പബ്ലിക് ഹെൽത്ത് ഡിവിഷൻ, വടകര | 67.18 |
| | പ്രോജക്റ്റ് ഡിവിഷൻ, കോഴിക്കോട് | 39.52 |
| | പ്രോജക്റ്റ് ഡിവിഷൻ, പാലക്കാട് | 78.65 |
| | **ആകെ** | **185.35** |
| **ആകെ മൊത്തം** | | **2,412.95** |

*(ഉറവിടം: കെഡബ്ല്യുഎ നൽകിയ ചെലവുകളുടെ വിശദാംശങ്ങൾ)*

സെക്യൂരിറ്റി ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി എന്നത് ഒരു നിശ്ചിത കാലയളവിലേക്ക് നിക്ഷേപിക്കേണ്ടതും, തിരികെ ലഭിക്കാവുന്നതുമായ തുകയായതിനാൽ, ജെജെഎമ്മിന് കീഴിലുള്ള അന്തിമ ചെലവായി

പ്രസ്തുത തുകയെ കണക്കാക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ജെജെഎമ്മിനായുള്ള ഫണ്ടുകൾ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ പങ്കിടുന്നതിനാൽ, ജെജെഎം ഫണ്ടുകളിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടിക്കായി ചെലവഴിക്കുന്ന തുക കേന്ദ്ര സർക്കാരും വഹിക്കേണ്ടി വരും. സെക്യൂരിറ്റി ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി ആയി പിൻവലിച്ച ഒരു തുകയും ഇതുവരെ എസ്എൻഎയിലേക്ക് തിരിച്ചടച്ചിട്ടില്ല.

ഉചിതമായ തിരുത്തൽ നടപടി സ്വീകരിക്കുന്നതിനായി അത്തരം ഫണ്ട് വിനിയോഗത്തിന്റെ ഏതെങ്കിലും സംഭവങ്ങൾ ഉണ്ടായാൽ റിപ്പോർട്ട് ചെയ്യാൻ കെഡബ്ല്യുഎ ഡിവിഷനുകളോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഭാവിയിൽ അത്തരം സംഭവങ്ങൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കുമെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി (**2025** ജൂൺ).

### 3.8 ജെജെഎമ്മിന്റെ അക്കൗണ്ടുകളിൽ കണ്ടെത്തിയ പൊരുത്തക്കേടുകൾ

**2019** ഓഗസ്റ്റിൽ കേന്ദ്ര സർക്കാർ ₹**101.29** കോടി അനുവദിച്ചതിനെത്തുടർന്ന്, ജെജെഎം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ ₹**50** കോടി കെഡബ്ല്യുഎയ്ക്ക് അനുവദിച്ചു (**2019** ഡിസംബർ). കെഡബ്ല്യുഎ അന്നു നിലവിലുണ്ടായിരുന്ന എസ്ബി അക്കൗണ്ടിലേക്ക്[28] തുക നിക്ഷേപിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (എൽഎസ്ജി) നിക്ഷേപങ്ങളിൽ നിന്നുള്ള ₹**75** കോടി **2020** ഫെബ്രുവരി **18**-ന് ഈ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയുണ്ടായി. നീതി ആയോഗ്, നാഷണൽ വാട്ടർ ക്വാളിറ്റി സബ് മിഷൻ (എൻഡബ്ല്യുക്യുഎസ്എം) എന്നീ പദ്ധതികൾക്കു വേണ്ടിയുള്ള ഫണ്ടുകൾ, തൃശൂർ ജില്ലാ കളക്ടർ തിരികെ നൽകിയ ബാക്കി തുക മുതലായവയും അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു.

**2019-24** കാലയളവിലെ ജെജെഎമ്മിന്റെ അക്കൗണ്ടുകൾ ഓഡിറ്റ് പരിശോധിക്കുകയും, താഴെപ്പറയുന്നവ നിരീക്ഷിക്കുകയും ചെയ്തു:

- **2019-20** കാലയളവിലെ കെഡബ്ല്യുഎയുടെ പദ്ധതി തിരിച്ചുള്ള ചെലവിന്റെ സ്റ്റേറ്റ്മെന്റിൽ ₹**123.17** കോടി മതിക്കുന്ന വർക്ക് ബില്ലുകളുടെ ചെലവ് ഉണ്ടായിരുന്നു. എന്നാൽ, ആ കാലയളവിലെ ചെക്ക് മെമ്മോ രജിസ്റ്ററിൽ (സിഎംആർ) ₹**18.54** കോടിയുടെ വർക്ക് ബില്ലുകളെക്കുറിച്ച് മാത്രമേ പരാമർശിച്ചിട്ടുള്ളൂ.

  **2019-20** കാലയളവിൽ, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ (എൻആർഡിഡബ്ല്യുപി) തീർപ്പാക്കാത്ത ബില്ലുകൾ[29] ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേനയാണ് അടച്ചതെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (**2025** ജൂൺ). പണമടച്ചെങ്കിലും, കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ടുകൾ ലഭിക്കുന്ന മുറയ്ക്കും, മുൻഗണന അനുസരിച്ച് ബില്ലുകളുടെ ഊഴം എത്തുമ്പോഴുമാണ് ചെലവ് ബുക്ക് ചെയ്യപ്പെടുന്നത്. കൂടാതെ, കെഡബ്ല്യുഎയിൽ ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് ചെലവ്

---

[28] അക്കൗണ്ടിൽ ₹1.27 കോടി ലഭ്യമായിരുന്നു. ഈ അക്കൗണ്ട് ജെജെഎമ്മിന്റെ എസ്എൻഎ ആയിട്ടാണ് പ്രവർത്തിച്ചത്.

[29] മുൻപുണ്ടായിരുന്ന എൻആർഡിഡബ്ല്യുപിയിൽ നിന്ന് പദ്ധതികൾ ജെജെഎമ്മിലേക്ക് കൈമാറി.

താൽക്കാലികമായി നിറവേറ്റിയതിനാൽ, ആ സമയത്ത് പദ്ധതിയ്ക്കായുള്ള നിർദ്ദിഷ്ട അക്കൗണ്ടിൽ അത് പ്രതിഫലിച്ചില്ല.

കെഡബ്ല്യുഎ താൽക്കാലികമായി ഉപയോഗിച്ച തുക അടക്കം ജെജെഎമ്മിന് ലഭിച്ച എല്ലാ ഫണ്ടുകളും ജെജെഎം പദ്ധതിക്കായുള്ള നിർദ്ദിഷ്ട അക്കൗണ്ടിലേക്ക് മാറ്റിയതിനാൽ, അതോടൊപ്പം ചെലവ് ജെജെഎം അക്കൗണ്ടിൽ പ്രതിഫലിക്കേണ്ടതായിരുന്നു എന്നതു കൊണ്ട് മറുപടി ന്യായീകരിക്കാനാകുന്നതല്ല. മാത്രമല്ല, ഈ കാലയളവിൽ ചെലവുമായി ബന്ധപ്പെട്ട വൗച്ചറുകൾ ഓഡിറ്റിനു സമർപ്പിക്കാത്തത് ചെലവിന്റെ ആധികാരികത സ്ഥിരീകരിക്കുന്നതിനുള്ള സാധ്യത ഇല്ലാതാക്കി.

- കെഡബ്ല്യുഎ സമർപ്പിച്ച ചെലവുകളുടെ സമാഹൃത സ്റ്റേറ്റ്മെന്റ് പ്രകാരം, **2020-21** ലെ ആകെ ചെലവ് ₹**621.91** കോടി ആയിരുന്നു, അതേസമയം, ഡിവിഷൻ തിരിച്ചുള്ള സ്റ്റേറ്റ്മെന്റിൽ ₹**621** കോടി മാത്രം ചെലവ് കാണിച്ചതിനാൽ ₹**91** ലക്ഷത്തിന്റെ കുറവുണ്ടായി.

  **2020-21** കാലയളവിൽ ₹**621.91** കോടിയുടെ ചെലവുണ്ടായതായി സംസ്ഥാന സർക്കാർ നൽകിയ മറുപടിയിൽ സ്ഥിരീകരിച്ചു **(2025** ജൂൺ**)**. ഓഡിറ്റ് ചൂണ്ടിക്കാണിച്ച ₹**91** ലക്ഷത്തിന്റെ കുറവിന് വിശദീകരണമൊന്നും നൽകിയില്ല.

  ഭാവിയിൽ റിപ്പോർട്ടിംഗിന്റെ കൃത്യതയും സ്ഥിരതയും മെച്ചപ്പെടുത്തുന്നതിന് തിരുത്തൽ നടപടികൾ നടപ്പിലാക്കുമെന്ന് കൂടി സർക്കാർ ഉറപ്പുനൽകി.

### *ശിപാർശകൾ*

- ***ജെജെഎമ്മിന് കീഴിലുള്ള ആവശ്യകതകൾക്ക് മുൻഗണന നൽകുന്നതിനും ഈ ആവശ്യകതകൾ നിറവേറ്റുന്നതിന് മതിയായ സാമ്പത്തിക സ്രോതസ്സുകൾ സമാഹരിക്കുന്നതിനും സർക്കാർ വ്യക്തമായ ഒരു റോഡ് മാപ്പ് രൂപപ്പെടുത്തേണ്ടതാണ്.***

- ***ജെജെഎമ്മിനായുള്ള ധനസഹായത്തിന്റെ സംസ്ഥാനവിഹിതം സമയബന്ധിതമായി റിലീസ് ചെയ്യുന്നതിനും, ഉടമസ്ഥതാബോധം പ്രോത്സാഹിപ്പിക്കുന്നതിനും, പദ്ധതിയുടെ നടത്തിപ്പിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും, സമൂഹത്തിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതങ്ങൾ ശേഖരിക്കുന്നതിനും, സർക്കാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.***

# അദ്ധ്യായം IV
# പദ്ധതികളുടെ നിർവ്വഹണം

# അദ്ധ്യായം IV
# പദ്ധതികളുടെ നിർവ്വഹണം

പദ്ധതി നടപ്പാക്കുന്നതിനായി നിർവ്വഹണ ഏജൻസികളെ ഏൽപ്പിച്ച 5,318 ജെജെഎം പ്രവൃത്തികളിൽ 2,726 എണ്ണം (51 ശതമാനം) മാത്രമാണ് പൂർത്തീകരിക്കപ്പെട്ടത് (2024 നവംബർ). പ്രോജക്റ്റ് പൂർത്തീകരണത്തിന് തുടക്കത്തിൽ വിഭാവനം ചെയ്ത കാലാവധി 2024 മാർച്ച് 31-ന് അവസാനിച്ചെങ്കിലും, 924 പ്രവൃത്തികൾ (17 ശതമാനം) ആരംഭിക്കുക പോലുമുണ്ടായില്ല. റോഡ് കട്ടിംഗ് അനുമതിക്കായി വിവിധ സ്ഥാപനങ്ങളിലേക്ക് ജെജെഎം പ്രവൃത്തികളുമായി ബന്ധപ്പെട്ട 7,458 അപേക്ഷകൾ അയച്ചതിൽ, 3,387 എണ്ണം മാത്രമാണ് സ്ഥാപനങ്ങൾ അംഗീകരിച്ചത്. റോഡ് കട്ടിംഗ് അനുമതി കാത്തുകൊണ്ട് 4,071 പ്രവൃത്തികൾ (54.59 ശതമാനം) തടഞ്ഞുവെച്ചിരിക്കുകയായിരുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു.

വിവിധതരം പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള കിടങ്ങുകളുടെ വീതി കണക്കുകൂട്ടുന്നതിൽ കോഴിക്കോട്, പാലക്കാട് മേഖലാ ഓഫീസുകളിൽ വന്ന പിശക് മൂലം, ₹2.84 കോടി അധിക പ്രതിഫലം നൽകുന്നതിന് ഇടയായി. ദർഘാസുകൾ തുറന്നതിനുശേഷം ഫേം പീരിയഡ് നീട്ടിക്കൊടുത്തുകൊണ്ട് കോഴിക്കോട് പിഎച്ച് സർക്കിളിൽ രണ്ടു ദർഘാസുകൾ പുറപ്പെടുവിക്കാതെയിരുന്നു എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതു നിരക്ക് പരിഷ്കരണം വന്നതിനാൽ, ചെലവ് ₹4.05 കോടിയായി വർദ്ധിക്കുന്നതിനിടയാക്കി. സ്ഥാപിക്കുന്നതിനുള്ള അനുമതി കാത്തുകൊണ്ട്, ₹6.44 കോടി വില വരുന്ന പോളിമർ പൈപ്പുകൾ, പല പണിസ്ഥലങ്ങളിലും ഒന്നു മുതൽ രണ്ടു വർഷക്കാലമായി അടുക്കിവെച്ചിരിക്കുന്നു. സൂക്ഷ്മ പരിശോധനയിൽ, കോഴിക്കോട്ടെയും പാലക്കാട്ടെയും കെഡബ്ല്യുഎയുടെ മേഖലാ ഓഫീസുകളിൽ, എംപാനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത കമ്പനികളിൽ/ വിതരണക്കാരിൽ നിന്നും കരാറുകാർ, പൈപ്പുകൾ സമ്പാദിച്ചതായി കണ്ടെത്തി. ഇത് കെഡബ്ല്യുഎയുടെ പൈപ്പ് നയത്തിലെ വ്യവസ്ഥകളുടെ ലംഘനമായിരുന്നു.


ഗുണമേന്മ ബാധിക്കപ്പെട്ട മേഖലകൾ, ആസ്പിരേഷണൽ ജില്ലകൾ, എസ്എജിവൈ ഗ്രാമങ്ങൾ മുതലായ ഇടങ്ങളിൽ എഫ്എച്ച്ടിസികളുടെ ലഭ്യതയ്ക്ക് മുൻഗണന നൽകുക എന്ന ജെജെഎമ്മിന്റെ ഒരു നിർണ്ണായകലക്ഷ്യം നിറവേറ്റപ്പെട്ടില്ല. അതുപോലെ തന്നെ, കേരളത്തിലെ എസ്ടി ഭൂരിപക്ഷമുള്ള ജിപികളിൽ, ഓഡിറ്റ് തെരഞ്ഞെടുത്ത മൂന്നു ജിപികളിൽ, ജെജെഎമ്മിനു കീഴിൽ ഒരൊറ്റ എഫ്എച്ച്ടിസി പോലും ലഭ്യമാക്കിയിരുന്നില്ല എന്നതും ശ്രദ്ധയിൽപ്പെടുകയുണ്ടായി. അഞ്ചു വർഷങ്ങൾക്കുശേഷവും, പാലക്കാട് ജില്ലയിലെ അഗളി ജിപിയിലെ ഫ്ളൂറൈഡ് ബാധിത വാസസ്ഥലങ്ങളിൽ നാളിതുവരെയായും, കമ്മ്യൂണിറ്റി ജലശുദ്ധീകരണ പ്ലാന്റുകൾ പ്രവർത്തനനിരതമായിട്ടില്ല എന്ന് ഓഡിറ്റ് കണ്ടെത്തി.

ജെജെഎമ്മിന്റെ നിർവ്വഹണഘട്ടം (ആറ്-പന്ത്രണ്ട് മാസങ്ങൾ), പണി ഏൽപ്പിച്ചുകൊടുത്ത് യഥാർത്ഥത്തിൽ പ്രവർത്തനങ്ങൾ തുടങ്ങുന്ന

അവസ്ഥ മുതൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതുവരെ നീണ്ടുനിൽക്കാൻ ഉദ്ദേശിക്കപ്പെട്ടതായിരുന്നു. നിർവ്വഹണാനന്തരഘട്ടം, പദ്ധതി കമ്മീഷൻ ചെയ്ത തീയതി മുതൽ മൂന്നു മുതൽ നാലു മാസങ്ങൾ വരെ നീണ്ടു നിൽക്കേണ്ടതായിരുന്നു.

ഭാരതസർക്കാർ **2019**-ൽ ദേശവ്യാപകമായി ജെജെഎം ആരംഭിച്ചെങ്കിലും കേരളത്തിൽ അതു നടപ്പാക്കിത്തുടങ്ങിയത് **2020** ആഗസ്റ്റിൽ മാത്രമാണ്. കേരളത്തിലെ നിർവ്വഹണസ്ഥിതിയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **ചാർട്ട് 4.1**-ൽ കൊടുത്തിരിക്കുന്നു.

**ചാർട്ട് 4.1: സംസ്ഥാനത്ത് പദ്ധതി നിർവ്വഹണസ്ഥിതിയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ**




*(ഉറവിടം: വാർഷിക കർമ്മപദ്ധതികളും ജെജെഎം ഡാഷ്ബോർഡും)*

പദ്ധതിയ്ക്കു കീഴിൽ നാലുവർഷത്തിനുള്ളിൽ **21** ലക്ഷം എഫ്എച്ച്ടിസികൾ നൽകിയിരുന്നെന്നും ഇത്, കഴിഞ്ഞ **50** വർഷങ്ങൾ കൊണ്ട് നൽകിയ മൊത്തം ടാപ്പ് കണക്ഷനുകളേക്കാൾ കൂടുതലായിരുന്നെന്നും സർക്കാർ പ്രസ്താവിക്കുകയുണ്ടായി (**2025** ജൂൺ). മിഷൻ ആരംഭിച്ചതിനുശേഷം ഗ്രാമീണ വീടുകൾക്ക് എഫ്എച്ച്ടിസി നൽകുന്നതിൽ **30** ശതമാനം വർദ്ധനവ് കൈവരിക്കുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വിഭിന്നമായി, പദ്ധതികളുടെ സുസ്ഥിരത വർഷങ്ങളോളം ഉറപ്പു വരുത്താൻ, കണക്ഷനുകൾക്ക് **100** ശതമാനം മീറ്ററിംഗും ബില്ലിംഗും ഏർപ്പെടുത്തിയ ഒരേയൊരു സംസ്ഥാനമാണ് കേരളമെന്നും സർക്കാർ പ്രസ്താവിച്ചു.

മുകളിൽ പ്രസ്താവിച്ച പുരോഗതിയുടെ നേട്ടം അംഗീകരിക്കുമ്പോൾ തന്നെ, തുടർന്ന് വിശദമാക്കിയിരിക്കുന്നതുപോലെ, സാമ്പിൾ ചെയ്ത മൂന്ന് ജില്ലകളിലായി പരിശോധിച്ച ജിപികളിൽ, നിർവ്വഹണത്തിലെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി:

## 4.1 പദ്ധതി നിർവ്വഹണത്തിലെ മന്ദഗതി

**2024** ഓടെ[30], എല്ലാ ഗ്രാമീണവീടുകൾക്കും പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷൻ കിട്ടത്തക്കവിധത്തിൽ ജലവിതരണ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാനങ്ങളെ / കേന്ദ്രഭരണ പ്രദേശങ്ങളെ സഹായിക്കുകയും, ശാക്തീകരിക്കുകയും, അവർക്ക് സൗകര്യങ്ങളൊരുക്കുകയുമായിരുന്നു ജെജെഎമ്മിന്റെ

[30] പിന്നീട്, **2025** മാർച്ച് **31** വരെ നീട്ടുകയുണ്ടായി.

ഉദ്ദേശ്യം. കേരള ജല അതോറിറ്റി (കെഡബ്ല്യുഎ), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (കെആർഡബ്ല്യുഎസ്എ), കേരള സർക്കാർ ഭൂഗർഭജലവകുപ്പ് (ജിഡബ്ല്യുഡി) എന്നിവയായിരുന്നു കേരളത്തിൽ ജെജെഎം പ്രവൃത്തികളുടെ മൂന്ന് നിർവ്വഹണ ഏജൻസികൾ (ഐഎ). ഓഡിറ്റ് കാലയളവിൽ ഐഎകൾ ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 4.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.1: 2019-24 കാലയളവിൽ നിർവ്വഹണ ഏജൻസികൾ ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ**

| നിർവ്വഹണ ഏജൻസിയുടെ പേര് | ഏറ്റെടുത്ത പദ്ധതികളുടെ ആകെ എണ്ണം | ഒഴിവാക്കിയ പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | പൂർത്തിയാകാത്ത പദ്ധതികളുടെ എണ്ണം | പൂർത്തിയാകാത്ത പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 535 | ഇല്ല | 157 | 378 | 71 |
| കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി | 69 | 4 | 33 | 32 | 46 |
| ഭൂഗർഭജല വകുപ്പ് | 16 | 1 | 12 | 3 | 19 |
| ആകെ | **620** | **5** | **202** | **413** | **67** |

*(ഉറവിടം: 2024 ഡിസംബർ 06-ലെ എസ്ഡബ്ല്യുഎസ്എം ഡാറ്റ)*

ജെജെഎം നിർവ്വഹണത്തിന്റെ ഭൂരിഭാഗവും (86 ശതമാനം പദ്ധതികൾ) കെഡബ്ല്യുഎയിൽ നിക്ഷിപ്തമായിരുന്നു. കെഡബ്ല്യുഎ ഏറ്റെടുത്ത 71 ശതമാനം പദ്ധതികൾ പൂർത്തിയാകാതെ കിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. കെആർഡബ്ല്യുഎസ്എ ഏറ്റെടുത്ത 69 പദ്ധതികളിലും, ജിഡബ്ല്യുഡി ഏറ്റെടുത്ത 16 പദ്ധതികളിലും യഥാക്രമം 46 ഉം 19 ഉം ശതമാനം പദ്ധതികൾ പൂർത്തിയാകാതെ കിടന്നു.

ബഹു-ഗ്രാമ പദ്ധതികളുടെ കാര്യത്തിൽ, ഗ്രാമത്തിനുള്ളിലെ പൈപ്പ് ജലവിതരണ അടിസ്ഥാനസൗകര്യങ്ങളിൽ പമ്പിംഗ് സംവിധാനം, ഓവർഹെഡ് സംഭരണികൾ, ഭൂഗർഭ സംപുകൾ, ജലവിതരണ പൈപ്പ്ലൈനുകൾ, ജലസംസ്കരണ പ്ലാന്റ്, വിതരണ ശൃംഖല, ബൾക്ക് മീറ്റർ എന്നിവ ഉൾപ്പെട്ടിരുന്നു. തദനുസൃതമായി, ഐഎകൾ, പദ്ധതികളെ പല പ്രവൃത്തി പാക്കേജുകളായി വിഭജിച്ചു. എസ്ഡബ്ല്യുഎസ്എം ലഭ്യമാക്കിയ പ്രസ്താവന പ്രകാരം, കേരള സർക്കാർ അനുമതി നൽകിയ 620 പദ്ധതികളിൽ 5,318 പാക്കേജുകൾ / പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നു. ഈ 5,318 പ്രവൃത്തികളുടെ സംസ്ഥാന വ്യാപകമായ ഭൗതികസ്ഥിതി, **പട്ടിക 4.2**-ൽ കാണുന്നതു പോലെയായിരുന്നു.

**പട്ടിക 4.2: പാക്കേജുകളുടെ ഭൗതികസ്ഥിതിയുടെ വിശദാംശങ്ങൾ**

| പാക്കേജുകളുടെ ആകെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികൾ | നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ | തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ | ദർഘാസ് ഘട്ടത്തിലുള്ളവ |
|---|---|---|---|---|
| **5,318** | 2,726 | 1,668 | 377 | 547 |

*(ഉറവിടം: 2024 ഡിസംബർ 05-ന് കെഡബ്ല്യുഎ നൽകിയ ഡാറ്റ)*

നടപ്പാക്കലിനായി നിർവ്വഹണ ഏജൻസികളെ ഏൽപ്പിച്ച 5,318 പ്രവൃത്തികളിൽ 2,726 എണ്ണം മാത്രമേ (51 ശതമാനം) പൂർത്തിയായുള്ളൂ (2024 നവംബർ). തൊള്ളായിരത്തി ഇരുപത്തിനാല്[31] പ്രവൃത്തികൾ (17 ശതമാനം), 2024 മാർച്ച് 31-ന് പ്രോജക്ട് കാലാവധി അവസാനിച്ചെങ്കിലും ആരംഭിക്കുകയുണ്ടായില്ല. നിർവ്വഹണ ഏജൻസികൾക്ക്

[31] ആരംഭിക്കാത്ത പ്രവൃത്തികളും ദർഘാസ് ഘട്ടത്തിലുള്ള പ്രവൃത്തികളും ഉൾപ്പെടെ

ഏൽപ്പിച്ചുകൊടുത്തിരുന്ന 31 ശതമാനം പ്രവൃത്തികൾ (1,668 പ്രവൃത്തികൾ) നടന്നുകൊണ്ടിരിക്കുകയായിരുന്നു.

പരിശോധിച്ച ജിപികളിൽ നടന്നുകൊണ്ടിരുന്ന 13 പ്രവൃത്തികളിൽ, ഒരെണ്ണത്തിൽ മാത്രമേ ഭൗതിക പുരോഗതി 90 ശതമാനം കവിഞ്ഞിരുന്നുള്ളൂ. ഒമ്പതു പ്രവൃത്തികളിൽ നേടിയ ഭൗതിക പുരോഗതി 70 ശതമാനത്തിൽ താഴെയായിരുന്നു.

പരിശോധിച്ച മൂന്നു ജില്ലകളിൽ ജെജെഎമ്മിന്റെ നിർവ്വഹണസ്ഥിതി **പട്ടിക 4.3**-ൽ നൽകിയിട്ടുള്ളതുപോലെ ആയിരുന്നു.

**പട്ടിക 4.3: പരിശോധിച്ച മൂന്നു ജില്ലകളിലെ ജെജെഎമ്മിന്റെ നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ**

| വർഷം | വിശദാംശങ്ങൾ | പാലക്കാട് | കോഴിക്കോട് | കൊല്ലം |
|---|---|---|---|---|
| 2020-21 | ലക്ഷ്യം | 4,10,496 | 1,38,625 | 3,03,310 |
| | നൽകിയ എഫ്എച്ച്ടിസികൾ | 75,539 | 17,803 | 30,631 |
| | കൈവരിച്ച ലക്ഷ്യത്തിന്റെ ശതമാനം | **18.40** | **12.84** | **10.10** |
| 2021-22 | ലക്ഷ്യം | 3,45,886 | 3,58,924 | 3,17,168 |
| | നൽകിയ എഫ്എച്ച്ടിസികൾ | 53,609 | 37,873 | 1,12,275 |
| | കൈവരിച്ച ലക്ഷ്യത്തിന്റെ ശതമാനം | **15.50** | **10.55** | **35.40** |
| 2022-23 | ലക്ഷ്യം | 3,84,516 | 3,20,368 | 3,25,647 |
| | നൽകിയ എഫ്എച്ച്ടിസികൾ | 47,021 | 40,183 | 93,342 |
| | കൈവരിച്ച ലക്ഷ്യത്തിന്റെ ശതമാനം | **12.23** | **12.54** | **28.66** |
| 2023-24 | ലക്ഷ്യം | 1,52,596 | 1,10,132 | 1,13,111 |
| | നൽകിയ എഫ്എച്ച്ടിസികൾ | 44,477 | 16,747 | 44,863 |
| | കൈവരിച്ച ലക്ഷ്യത്തിന്റെ ശതമാനം | **29.15** | **15.21** | **39.66** |

*(ഉറവിടം: എഎപി, ജെജെഎം ഐഎംഐഎസ് ഡാറ്റ)*

നൂറ് ശതമാനം ഗ്രാമീണ ഗൃഹങ്ങൾക്കും എഫ്എച്ച്ടിസികൾ നൽകണമെന്ന ലക്ഷ്യത്തിനെതിരെ, 2024 മാർച്ച് ആയിട്ടും സംസ്ഥാനത്തിന് 52.46 ശതമാനം മാത്രമേ കൈവരിക്കാൻ കഴിഞ്ഞുള്ളൂ. പരിശോധിച്ച മൂന്നു ജില്ലകളിലെ പ്രവൃത്തികളിൽ 38.70 ശതമാനം മുതൽ 70.34 ശതമാനം ആയിരുന്നു കവറേജ്.

ഓഡിറ്റ് നടത്തിയ ഗുണഭോക്തൃ സർവ്വേയിൽ, വാട്ടർ കണക്ഷനുകളിൽ ഒന്നുകിൽ ജലം ലഭിച്ചിരുന്നില്ല എന്നും, അല്ലെങ്കിൽ പ്രതിദിനം രണ്ട് മുതൽ നാല് മണിക്കൂർ വരെ മാത്രമേ ജലം ലഭിച്ചിരുന്നുള്ളൂ എന്നും, അതേ സമയം, ചില സ്ഥലങ്ങളിൽ ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം മാത്രമേ ജലം ലഭിച്ചുള്ളൂ എന്നും 342-ൽ 122 (35.67 ശതമാനം) ഗുണഭോക്താക്കൾ അഭിപ്രായപ്പെട്ടു. ഈ കണക്ഷനുകൾ മതിയായ അളവിലും നിർദ്ദിഷ്ട ഗുണനിലവാരത്തിലും സ്ഥിരമായ ജലവിതരണം ഉറപ്പാക്കാത്തതിനാൽ, അവ ജെജെഎം പ്രകാരമുള്ള പൂർണ്ണമായും പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ എന്ന ഗണത്തിൽപ്പെടുത്താവുന്നതല്ല.

ബൃഹദ് പദ്ധതികൾ രൂപീകരിക്കാൻ എടുക്കുന്ന നീണ്ട കാലയളവ്, ഭൂമി ഏറ്റെടുക്കുന്നതിലെ വെല്ലുവിളികൾ, വിവിധ ഏജൻസികളുടെ ഏകോപനത്തിലെ പോരായ്മകൾ, ഫണ്ടുകൾ അനുവദിക്കുന്നതിലെ കാലതാമസം എന്നിവയാണ് നിർവ്വഹണത്തിലുണ്ടായ മന്ദഗതിക്കു കാരണമായി കേരളസർക്കാർ പ്രസ്താവിച്ചത് (2025 ജൂൺ). ജെജെഎമ്മിന്റെ സമയപരിധി ഇപ്പോൾ 2028 വരെ ഔദ്യോഗികമായി

നീട്ടിയിട്ടുള്ളതിനാൽ, സംസ്ഥാനത്തെ എല്ലാ നിർവ്വഹണ ഏജൻസികളും, പുതുക്കിയ സമയപരിധിക്കുള്ളിൽ അവശേഷിക്കുന്ന പ്രവർത്തികളുടെ സമയോചിതവും ഫലപ്രദവുമായ പൂർത്തീകരണം ഉറപ്പാക്കുവാൻ വേണ്ടി പ്രവൃത്തി ഷെഡ്യൂളുകളും വിഭവാസൂത്രണവും പരിഷ്കരിച്ചു കൊണ്ടിരിക്കുകയായിരുന്നു എന്നും പ്രസ്താവിക്കപ്പെട്ടു.

തടസ്സരഹിത നിർവ്വഹണത്തിനു വേണ്ടി, ഉണ്ടാകാനിടയുള്ള പ്രതിബന്ധങ്ങൾ മുൻകൂട്ടി കാണാൻ സർക്കാരിനു കഴിഞ്ഞില്ല എന്നത് ആസൂത്രണ പ്രക്രിയയിലെ അപര്യാപ്തതയിലേക്ക് വിരൽചൂണ്ടുന്നു. ഇത്, ധനപരവും സ്ഥാപനപരവുമായ ആവശ്യകതകൾ നിറവേറ്റാനായി സംയോജനത്തിന്റെ സ്രോതസ്സുകൾ, ജലസ്രോതസ്സിന്റെ സ്ഥാനം, നിർവ്വഹണ ഷെഡ്യൂൾ എന്നിവയുടെ കണ്ടെത്തലിനെ സുഗമമാക്കാൻ ഉതകേണ്ടിയിരുന്ന വിഎപികളുടെയും ഡിഎപികളുടെയും രൂപീകരണത്തിന്റെ ആവശ്യകതയ്ക്ക് അടിവരയിടുന്നു.

## 4.2 പദ്ധതി നിർവ്വഹണത്തിലെ സമയപരിപാലനം

### 4.2.1 റെയിൽ / റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്നതിലുണ്ടായ കാലതാമസം

കെഡബ്ല്യുഎ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത പദ്ധതി നിരീക്ഷണ വിശദാംശങ്ങളുടെ (**2025** ജനുവരി **30**-ന് പ്രദർശിപ്പിച്ചത്) സൂക്ഷ്മ പരിശോധന, താഴെപ്പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തി:

- ജെജെഎം പ്രവൃത്തികളുമായി ബന്ധപ്പെട്ട്, റോഡ് കട്ടിംഗിനുള്ള അനുമതിക്കായി, വിവിധ സ്ഥാപനങ്ങൾക്ക് അയച്ച **7,458** അപേക്ഷകളിൽ, **3,387** എണ്ണം മാത്രമാണ് ടി സ്ഥാപനങ്ങൾ അംഗീകരിച്ചത്. **4,071** അപേക്ഷകൾ (**54.59** ശതമാനം) റോഡ് കട്ടിംഗിനുള്ള അനുമതി കാത്തുകൊണ്ട് തടഞ്ഞുവയ്ക്കപ്പെട്ടു എന്നാണ് ഇതു സൂചിപ്പിക്കുന്നത്. അത്തരം പ്രവൃത്തികളുടെ വിശദാംശങ്ങൾ **പട്ടിക 4.4**-ലും **ചാർട്ട് 4.2**-ലും നൽകിയിരിക്കുന്നു.


**പട്ടിക 4.4: റോഡ് കട്ടിംഗ് അനുമതി കിട്ടാതെ മാറ്റി വച്ചിരിക്കുന്ന ജെജെഎം പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| അംഗീകാരം നൽകുന്ന അധികാരസ്ഥാപനം | റോഡ് കട്ടിംഗ് അനുമതിക്കായി അയച്ച അപേക്ഷകളുടെ എണ്ണം | റോഡ് കട്ടിംഗ് അനുമതി ലഭിച്ച അപേക്ഷകളുടെ എണ്ണം | അനുമതി കാത്തു കിടക്കുന്ന അപേക്ഷകളുടെ ശതമാനം | അനുമതി ലഭിക്കുന്നതിനായുള്ള ശരാശരി കാലയളവ് (ദിവസത്തിൽ) |
|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് (പിഡബ്ല്യുഡി) | 6,583 | 3,060 | 53.52 | 154 |
| നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻഎച്ച്എഐ) | 123 | 79 | 35.77 | 60 |
| കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി) | 516 | 169 | 67.25 | 224 |
| കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെഎസ്ടിപി) | 113 | 36 | 68.14 | 180 |
| പിഡബ്ല്യുഡി (എൻഎച്ച്) - റോഡ് ഗതാഗത ഹൈവേ മന്ത്രാലയം (എംഒആർടിഎച്ച്) | 110 | 39 | 64.55 | 390 |

| അംഗീകാരം നൽകുന്ന അധികാരസ്ഥാപനം | റോഡ് കട്ടിംഗ് അനുമതിക്കായി അയച്ച അപേക്ഷകളുടെ എണ്ണം | റോഡ് കട്ടിംഗ് അനുമതി ലഭിച്ച അപേക്ഷകളുടെ എണ്ണം | അനുമതി കാത്തു കിടക്കുന്ന അപേക്ഷകളുടെ ശതമാനം | അനുമതി ലഭിക്കുന്നതിനായുള്ള ശരാശരി കാലയളവ് (ദിവസത്തിൽ) |
|---|---|---|---|---|
| റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (ആർഐസികെ) | 13 | 4 | 69.23 | ലഭ്യമല്ല |
| **ആകെ** | **7,458** | **3,387** | **54.59** | |

*(ഉറവിടം: കെഡബ്ല്യുഎ നൽകിയ ഡാറ്റ)*

**ചാർട്ട് 4.2: റോഡ് കട്ടിംഗ് അനുമതി കാത്തുകിടക്കുന്ന ജെജെഎം പ്രവൃത്തികളുമായി ബന്ധപ്പെട്ട അപേക്ഷകളുടെ ഏജൻസി തിരിച്ചുള്ള വിശദാംശങ്ങൾ**




ഏറ്റവും കൂടുതൽ അപേക്ഷകരുണ്ടായിരുന്ന അനുമതിദാന അതോറിറ്റി ആയ പിഡബ്ല്യുഡിയിൽ അനുമതി നൽകുന്നതിന് ശരാശരി 154 ദിവസങ്ങളുടെ താമസമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. അനുമതിദാന അതോറിറ്റികളുടെ ഭാഗത്തു നിന്നും അത്യധികമായ താമസമുണ്ടായതു മൂലം ചില കേസുകളിൽ 789 ദിവസങ്ങൾ വരെ നീണ്ടു നിന്ന കാലതാമസമുണ്ടായി.

റെയിൽവെ ഭൂമിയിലൂടെ പൈപ്പ്ലൈൻ ഇടുന്നതിന് റെയിൽവെ അധികാരികളുടെ അംഗീകാരത്തിനായി സംസ്ഥാനവ്യാപകമായി 90 അപേക്ഷകൾ സമർപ്പിച്ചതിൽ (2025 മാർച്ച് 19), 63 അപേക്ഷകൾക്ക് അനുവാദം ലഭിച്ചു. എന്നാൽ, അനുവാദം കിട്ടിയെങ്കിലും 39 സ്ഥാനങ്ങളിൽ പണി തുടങ്ങാനായില്ല, ഏഴിടത്ത് പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

- കൊല്ലം ജില്ലയിൽ, ആറ് പ്രവൃത്തികളിൽ, ഒരെണ്ണം മാത്രമേ പൂർത്തീകരിച്ചുള്ളൂ. റെയിൽവേയുടെ അനുവാദം ലഭിച്ച, ശേഷിക്കുന്ന അഞ്ചെണ്ണം ഇനിയും ആരംഭിച്ചിട്ടില്ല. ഇവയിൽ, നാലെണ്ണത്തിന്റെ കാര്യത്തിൽ, എൻജെജെഎമ്മിന്റെ അനുമതി കാത്തിരിക്കുകയായിരുന്നു. ശേഷിക്കുന്ന ഒരെണ്ണം, ബന്ധപ്പെട്ട പൈപ്പിടൽ ജോലികൾ പൂർത്തിയായെങ്കിൽ മാത്രമേ നിർവ്വഹിക്കാൻ കഴിയുകയുള്ളൂ.

- പാലക്കാട് ജില്ലയിൽ, റെയിൽവേ അധികാരികളുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ട 20 അപേക്ഷകളിൽ രണ്ടെണ്ണം പൈപ്പുകൾ സമാന്തരമായി കുഴിച്ചിടുന്ന പ്രശ്നം കാരണം നിരസിക്കപ്പെട്ടു. അംഗീകരിച്ച ആറ് അപേക്ഷകളിൽ സ്ഥലം ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ, സാങ്കേതികാനുമതി നൽകേണ്ട അധികാരികൾ അധിക ഇനങ്ങൾ അംഗീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസം എന്നിവ മൂലം റെയിൽവേ ക്രോസിംഗ് പണികൾ ആരംഭിച്ചിരുന്നില്ല.
- കോഴിക്കോട് ജില്ലയിൽ, സമർപ്പിച്ച ഏഴ് അപേക്ഷകൾക്ക് റെയിൽവേ വേ ലീവ് പെർമിഷൻ നൽകിയിരുന്നെങ്കിലും, കോഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ ഒരു പ്രവൃത്തിയും ആരംഭിച്ചില്ല (2025 മാർച്ച്).

2025 മാർച്ച് 19-ലെ നിലയനുസരിച്ച്, 80 പ്രവൃത്തികൾക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്ന് വേണ്ടുന്ന ഭൂമി ലഭ്യമാകാതിരുന്നത്, പ്രവൃത്തികൾ ആരംഭിക്കുന്നതിനു തടസ്സമായി. ഇവയിൽ 29 എണ്ണം വനം വകുപ്പിനു കീഴിലുള്ള ഭൂമിയും 38 എണ്ണം ജിപികളുടെ ഉടമസ്ഥതയിലുള്ള സ്വകാര്യഭൂമിയും, 13 എണ്ണം സർക്കാർ ഭൂമിയുമാണ്.

റോഡ് കട്ടിംഗ് അനുമതി, പ്രത്യേകിച്ച് പിഡബ്ല്യുഡിയിൽ നിന്നുള്ളത്, ലഭിക്കുന്നതിൽ കാലതാമസമുണ്ടായതിനാൽ പൈപ്പുകൾ ഇടുന്നതിനുള്ള പണിസ്ഥലം ലഭ്യമാക്കുന്നത് വൈകിയതായി സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). റോഡ് പുനഃസ്ഥാപന ചാർജുകൾ അടയ്ക്കുന്നതിനാവശ്യമായ ഫണ്ടിന്റെ കുറവ്, കാലികമായ നിരോധനങ്ങൾ, ഡിഫക്ട് ലയബിലിറ്റി പീരിയഡ് കഴിയാതിരുന്നത്, സംയുക്ത പരിശോധന നടത്തുന്നതിലുണ്ടായ താമസം മുതലായവ കാലതാമസത്തിന് കാരണമായി ചൂണ്ടിക്കാണിച്ചു. എൻഎച്ച്എഐയ്ക്ക് അടയ്ക്കേണ്ട തുകയ്ക്കുള്ള ഔപചാരികമായ അപേക്ഷ 2024 ജനുവരിയിൽ ജലശക്തി മന്ത്രാലയത്തിനു നൽകിയിരുന്നെന്നും, ആ ഫണ്ടുകൾ ഇനിയും കിട്ടേണ്ടിയിരിക്കുന്നു എന്നും സർക്കാർ പ്രസ്താവിച്ചു. റെയിൽവേ ക്ലിയറൻസുകളുടെ കാര്യത്തിൽ, എട്ടെണ്ണം ഇനിയും ലഭ്യമാകാനുണ്ടെന്ന് പറയുകയുണ്ടായി. എന്നിരുന്നാലും, ടി പ്രസ്താവനകളെ സാധൂകരിക്കുന്ന രേഖകളൊന്നും സർക്കാർ നൽകിയിട്ടില്ല.

### 4.2.2 ഭരണാനുമതിക്കും സാങ്കേതികാനുമതിക്കും ഇടയിലെ നീണ്ട കാലയളവ്

ജെജെഎമ്മിനു കീഴിൽ അനുമതി കിട്ടിയ പദ്ധതികൾ ചെലവും സമയവും അധികരിക്കാതെ നടപ്പാക്കേണ്ടതായിരുന്നു. അംഗീകൃത ചെലവിനു പുറത്തുള്ള ഏത് വർദ്ധനവും സംസ്ഥാനം വഹിക്കേണ്ടതും കേന്ദ്രവിഹിതത്തിൽ നിന്നും ഒരധികച്ചെലവും വരാൻ പാടില്ലാത്തതുമാണ്. പുതിയ എസ്‌വിഎസിന്റെയും[32] എംവിഎസിന്റെയും[33] പൂർത്തീകരണത്തിനുള്ള പരമാവധി കാലയളവ്, പ്രവൃത്തി അവാർഡ് ചെയ്ത തീയതി മുതൽ യഥാക്രമം 18-ഉം 36-ഉം മാസങ്ങളായി, മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. കൂടാതെ,

[32] ഏക പഞ്ചായത്ത് പദ്ധതി
[33] ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി

പൂർത്തീകരണത്തിനു മൂന്നു വർഷം വരെ വേണ്ടുന്ന പദ്ധതികൾക്കു 2021 മാർച്ചിനു മുമ്പ് നടപ്പാക്കാനുള്ള കരാർ നൽകേണ്ടതും, പൂർത്തീകരണത്തിന് രണ്ടു വർഷം വരെ വേണ്ടുന്ന പദ്ധതികൾക്ക് 2022 മാർച്ചിനു മുമ്പായി കരാർ നൽകേണ്ടതുമാണ്.

ഭരണാനുമതി (എഎസ്) ലഭിച്ചിട്ടുള്ള പ്രധാന പ്രവൃത്തികളുടെ[34] കാര്യത്തിൽ നിർവ്വഹണ ഏജൻസികൾ സാങ്കേതികാനുമതി (ടിഎസ്) നല്കുന്നതിൽ സാരമായ കാലതാമസമുണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എഎസ് നൽകിക്കഴിഞ്ഞിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ടിഎസ് നൽകുന്നതിലുണ്ടായ കാലതാമസത്തിന്റെ വ്യാപ്തി **പട്ടിക 4.5**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.5: തെരഞ്ഞെടുത്ത ജില്ലകളിലെ പ്രധാന പ്രവൃത്തികളുടെ സംഗ്രഹം**

| ജില്ലയുടെ പേര് | 2019-24-ൽ അവാർഡ് ചെയ്ത ജെജെഎം പ്രവൃത്തികളുടെ ആകെ എണ്ണം | 2022 മാർച്ചിനു ശേഷം അവാർഡ് ചെയ്ത പ്രവൃത്തികൾ | എഎസ് നൽകി, 12 മാസത്തിനു ശേഷം ടിഎസ് നൽകിയ പ്രവൃത്തികളുടെ എണ്ണം | ടിഎസ് നൽകി, ആറ് മാസത്തിനു ശേഷം അവാർഡ് ചെയ്ത പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|---|
| കൊല്ലം | 156 | 89 | 43 | 25 |
| പാലക്കാട് | 129 | 73 | 23 | 9 |
| കോഴിക്കോട് | 138 | 57 | 33 | 11 |

*(ഉറവിടം: ഐഎംഐഎസ് ഡാറ്റ - 2025 ഫെബ്രുവരി 11-ലെ ജെജെഎം പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട്)*

മാർച്ച് 2022-നു മുൻപായി കരാർ നൽകേണ്ടിയിരുന്ന പ്രവൃത്തികളുടെ കാര്യത്തിൽ, കൊല്ലത്തെ 89 പ്രവൃത്തികൾക്കും, പാലക്കാട്ടെ 73 പ്രവൃത്തികൾക്കും, കോഴിക്കോട്ടെ 57 പ്രവൃത്തികൾക്കും മാർച്ച് 2022-നു ശേഷം മാത്രമേ കരാർ നൽകാൻ കഴിഞ്ഞുള്ളൂ; ഇവയിൽ, കൊല്ലത്ത് 43 എണ്ണത്തിനും, പാലക്കാട് 23 എണ്ണത്തിനും കോഴിക്കോട് 33 എണ്ണത്തിനും ടിഎസ് നൽകുന്നതിൽ 12 മുതൽ 45 മാസം വരെ അസാധാരണമായ കാലതാമസം നേരിട്ടു.

സർവ്വേകളും എസ്റ്റിമേറ്റുകളുടെ അംഗീകാരത്തെയും തുടർന്ന്, യുക്തിസഹമായ ഒരു സമയപരിധിക്കുള്ളിൽ ടിഎസ് നൽകിയതായി കേരള സർക്കാർ മറുപടി നൽകി (2025 ജൂൺ). എന്നാൽ, ജിപികളിൽ/ റവന്യൂ വകുപ്പിൽ നിന്നുള്ള ഭൂമികൈമാറ്റം പ്രതീക്ഷിച്ചതിനേക്കാൾ നീണ്ടുപോയെന്നും ഇത് പല സന്ദർഭങ്ങളിലും ടിഎസ് നൽകിയതിൽ കാലതാമസം വരുത്തിയെന്നും സമ്മതിക്കുകയുണ്ടായി.

ജിപികളും വകുപ്പുകളും തമ്മിലുള്ള ഫലപ്രദമായ ഏകോപനത്തിലൂടെ ഭൂമികൈമാറ്റത്തിലെ തടസ്സങ്ങൾ പരിഹരിക്കാവുന്നതേ ഉണ്ടായിരുന്നുള്ളൂ. ഇത് ടിഎസ് നൽകുന്നതിലെ കാലതാമസം പരമാവധി കുറയ്ക്കുമായിരുന്നു.

## 4.3 പദ്ധതികളുടെ നിർവ്വഹണം

ഇൻടേക്ക് വെൽ, റോ വാട്ടർ പമ്പിംഗ് മെയിൻ (ആർഡബ്ല്യുപിഎം), ജലസംസ്കരണപ്ലാന്റ് (ഡബ്ല്യുടിപി), ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ (സിഡബ്ല്യുടിഎം), ഓവർഹെഡ് സർവ്വീസ് റിസർവോയർ

[34] ₹ ഒരു കോടിയ്ക്ക് മുകളിലുള്ളവ

(ഒഎച്ച്എസ്ആർ), ഗ്രൗണ്ട് ലെവൽ സർവ്വീസ് റിസർവോയർ (ജിഎൽഎസ്ആർ) എന്നിവ ഒരു ജലവിതരണപദ്ധതിയുടെ (ഡബ്ല്യുഎസ്എസ്) നിർണ്ണായക ഘടകങ്ങളാണ്. ഈ നിർണ്ണായക ഘടകങ്ങളിൽ ഏതെങ്കിലുമൊന്ന് അവാർഡ് ചെയ്യുന്നതിൽ വീഴ്ച/ കാലതാമസം ഉണ്ടായാൽ, ആ ജലവിതരണപദ്ധതിയ്ക്ക് പ്രവർത്തനക്ഷമമാകാൻ കഴിയില്ല. ഇത് വിതരണലൈനുകൾ സ്ഥാപിച്ച്, എഫ്എച്ച്ടിസികൾ നൽകുന്നതിനുള്ള ചെലവുകളെ നിഷ്ഫലമാക്കും.

### 4.3.1 പദ്ധതികളിലെ നിർണ്ണായക ഘടകങ്ങൾ അവാർഡ് ചെയ്യാത്തതു സംബന്ധിച്ച്

സംസ്ഥാനത്ത് **2024** മാർച്ച് **15**-ന്[35], കുറഞ്ഞത് ഒരു നിർണ്ണായകഘടകമെങ്കിലും അവാർഡ് ചെയ്യാത്ത **72** ജെജെഎം പദ്ധതികളുണ്ടായിരുന്നു (**13.46** ശതമാനം). ഈ പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 4.6**-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 4.6: നിർണ്ണായക ഘടകങ്ങൾ അവാർഡ് ചെയ്യാത്ത പദ്ധതികളുടെ വിശദാംശങ്ങൾ**

| അവാർഡ് ചെയ്യാത്ത നിർണ്ണായക ഘടകങ്ങൾ (എണ്ണം) | ഉദ്ദേശിച്ച എഫ്എച്ച്ടിസി (എണ്ണം) | എഎസ് തുക (₹ ലക്ഷത്തിൽ) | ബാക്കി ഘടകങ്ങൾക്ക് അവാർഡ് ചെയ്ത പിഎസി (₹ ലക്ഷത്തിൽ) | ആകെ ധനകാര്യ പുരോഗതി (₹ ലക്ഷത്തിൽ) | ഉദ്ദേശിച്ച വിതരണം (കി.മീ) | സ്ഥാപിച്ച വിതരണം (കി.മീ) |
|---|---|---|---|---|---|---|
| **സിഡബ്ല്യുടിഎം (13)** | 2,18,390 | 1,61,037 | 81,594 | 27,203 | 3,708 | 1,107 |
| **വിതരണ ശൃംഖല (1)** | 39,521 | 29,519 | 8,982 | 6,899 | 444 | 0 |
| **ഒഎച്ച്എസ്ആർ ആന്റ് ജിഎൽഎസ്ആർ (15)** | 2,25,972 | 2,08,500 | 1,13,677 | 32,666 | 3,979 | 1,423 |
| **ആർഡബ്ല്യുടിഎം (4)** | 79,978 | 91,915 | 81,293 | 8,121 | 1,740 | 26 |
| **ഡബ്ല്യുടിപി (39)** | 5,07,526 | 6,31,176 | 3,33,280 | 68,981 | 13,029 | 3,557 |

*(ഉറവിടം: കെഡബ്ല്യുഎ ഡാറ്റ)*

എഴുപത്തിരണ്ട് പദ്ധതികളുടെ പൂർത്തീകരണത്തിന് ഭരണാനുമതി നൽകിയ മൊത്തം തുകയിൽ, **52.80** ശതമാനം ചെലവു വരുന്ന പ്രവൃത്തികൾക്കു മാത്രമേ, പണി തുടങ്ങാൻ കരാറായുള്ളൂ. ഈ പ്രവൃത്തികളുടെ ധനകാര്യ പുരോഗതി, അനുവദിക്കപ്പെട്ട തുകയുടെ **20.69** ശതമാനം മാത്രമായിരുന്നു. മുഴുവൻ പദ്ധതികളും കമ്മീഷൻ ചെയ്യാൻ തക്കവിധത്തിൽ വരുന്ന ചെലവു വഹിക്കാൻ വീണ്ടുമൊരു **₹5,033** കോടി വേണ്ടി വരുമെന്ന് കെഡബ്ല്യുഎ കണക്കുകൂട്ടുകയുണ്ടായി. അങ്ങനെ, നിർണ്ണായക ഘടകങ്ങൾ അവാർഡ് ചെയ്യാത്തതു മൂലം ഈ പദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല.

ഘടകങ്ങൾക്ക് സ്ഥലമേറ്റെടുക്കുന്നതിലെയും, ജെജെഎം പദ്ധതികൾക്ക് സമയബന്ധിതമായി ഫണ്ടുകൾ ലഭിക്കുന്നതിലെയും കാലതാമസം, ദർഘാസുകളോട് കരാറുകാരുടെ തണുപ്പൻ പ്രതികരണത്തിന് കാരണമാകുന്നുവെന്നും ഇത് മൂലം ടെണ്ടർ പലവട്ടം നടത്തേണ്ടി വരുന്നുവെന്നും സർക്കാർ പ്രസ്താവിച്ചു (**2025** ജൂൺ). ഈ

[35] കേന്ദ്ര സർക്കാർ തീരുമാനിച്ച പ്രകാരമുള്ള, ജെജെഎം ദർഘാസുകൾ അവാർഡ് ചെയ്യുന്നതിനുള്ള അവസാന തീയതി

മറുപടി, നിർണ്ണായക ഘടകങ്ങൾ കരാറിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ശരിവയ്ക്കുകയാണു ചെയ്യുന്നത്.

### 4.3.2 ക്യുസിബിഎസ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ അംഗീകൃത നടപടി ക്രമങ്ങളിൽ നിന്നുള്ള വ്യതിയാനം

ഇ-ദർഘാസിൽ ഏറ്റവും താഴ്ന്ന സംഖ്യ ക്വോട്ട് ചെയ്യുന്ന ദർഘാസുകാരന് കരാർ നൽകിയിരുന്ന എൽ-1 സമ്പ്രദായമായിരുന്നു കെഡബ്ല്യുഎ 2020-21 വരെ അനുവർത്തിച്ചിരുന്നത്. സങ്കീർണ്ണതയും ഉയർന്ന ഫലപ്രാപ്തിയുമുള്ള ജലവിതരണ അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ ശീഘ്രഗതിയിൽ നടപ്പാക്കുന്നതിന് പരമ്പരാഗത സാങ്കേതികവിദ്യയിൽ നിന്നു മാറി അത്യാധുനിക സാങ്കേതിക വിദ്യ സ്വീകരിക്കാൻ കെഡബ്ല്യുഎ എംഡി തീരുമാനിക്കുകയുണ്ടായി (2021 മാർച്ച്). ഇതിനായി, ₹അഞ്ചു കോടിയ്ക്കു മുകളിൽ അടങ്കൽ വരുന്ന എല്ലാ പ്രവൃത്തികളുടെയും ദർഘാസിന് ഒരു ബദൽ തന്ത്രം എന്ന നിലയിൽ കെഡബ്ല്യുഎ, ക്വാളിറ്റി ആന്റ് കോസ്റ്റ് ബേസ്ഡ് സെലക്ഷൻ (ക്യുസിബിഎസ്) ആവിഷ്കരിച്ചു. ഈ സമ്പ്രദായത്തിൽ, ക്വോട്ട് ചെയ്തത് ഏറ്റവും താഴ്ന്ന വിലയാണോ അല്ലയോ എന്നു പരിഗണിക്കാതെ, ക്യുസിബിഎസ് റാങ്കിംഗിന്റെ അടിസ്ഥാനത്തിൽ, ഏറ്റവും ഉയർന്ന സ്കോർ ഉള്ള ദർഘാസുകാരന് (ആർ1) ദർഘാസ് നൽകേണ്ടതുണ്ടായിരുന്നു. ക്യുസിബിഎസ് മാർഗ്ഗരേഖകൾ ഉൾക്കൊള്ളിക്കുന്നതിന് ദർഘാസ് ക്ഷണ പത്രിക (എൻഐടി) അനുയോജ്യമാം വിധം പരിഷ്കരിക്കേണ്ടതും, സാങ്കേതിക ഘടകങ്ങൾക്ക് 60 ശതമാനം മാർക്കും ധനകാര്യഘടകങ്ങൾക്ക് 40 ശതമാനം മാർക്കും കൊടുത്തുകൊണ്ട് മുൻയോഗ്യതയുള്ള[36] ദർഘാസുകാരുടെ റാങ്കിംഗ് നടത്തേണ്ടതുമായിരുന്നു. പരിശോധിച്ച ജില്ലകളിൽ, ₹679.25 കോടിയ്ക്കുള്ള 31 പ്രവൃത്തികൾ ക്യുസിബിഎസിനു കീഴിൽ അവാർഡ് ചെയ്തിരുന്നു.

ക്യുസിബിഎസ് സമ്പ്രദായത്തിൽ ആർ1 ദർഘാസുകാരന്റെ വിലയിരുത്തൽ അത്യന്തം സങ്കീർണ്ണവും, സുതാര്യത ഇല്ലാത്തതും, പക്ഷപാതപരവുമായി കണക്കാക്കപ്പെട്ടതിനാൽ പ്രസ്തുത സമ്പ്രദായം സ്വീകരിക്കുന്നതിനുള്ള സാധൂകരണം കെഡബ്ല്യുഎ എംഡിയിൽ നിന്നും സർക്കാർ തേടുകയുണ്ടായി (2022 ഫെബ്രുവരി). ക്യുസിബിഎസ് രീതി നിലവിലെ ദർഘാസ് സമ്പ്രദായത്തിൽ നിന്നും വലിയൊരു മാറ്റം കൊണ്ടുവന്നതിനാൽ, അതു നടപ്പിൽ വരുത്തുന്നതിന് മുൻപ് സർക്കാർ അനുമതി അനിവാര്യമായിരുന്നു. എന്നാൽ, ക്യുസിബിഎസ് നടപ്പിലാക്കുന്നതിന് കെഡബ്ല്യുഎ സർക്കാരിൽ നിന്നും അനുമതി നേടിയില്ല.

എൽ-1 നിരക്കുകൾ, തദ്ദേശ വിപണി നിരക്കുകൾ (എൽഎംആർ), ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (ഡിഎസ്ആർ) + 10 ശതമാനം ടോളറൻസ് - ഇവയിൽ ഏറ്റവും കുറഞ്ഞ നിരക്കിലായിരിക്കണം പ്രവൃത്തികൾക്ക് കരാർ നൽകേണ്ടത് എന്നു നിർദ്ദേശിച്ചുകൊണ്ട്, സർക്കാർ, മുൻപ് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു (2016 സെപ്റ്റംബർ). ദർഘാസ് തുകകൾ അന്തിമമാക്കുന്നതു സംബന്ധിച്ച് കെഡബ്ല്യുഎയിൽ നിന്നുള്ള പ്രത്യേക നിർദ്ദേശങ്ങളുടെ അഭാവത്തിൽ ആർ1-ന് പ്രവൃത്തികൾ അവാർഡ് ചെയ്തപ്പോൾ, മേഖലാ ഓഫീസുകൾ,

[36] സാമ്പത്തികനില, മുൻപരിചയം, സംഘടനാശേഷി എന്നിവയെ അടിസ്ഥാനപ്പെടുത്തി.

മുകളിൽപ്പറഞ്ഞ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി, കരാർത്തുക പരിമിതപ്പെടുത്തുകയുണ്ടായി. സർക്കാർ ഉത്തരവനുസരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് സ്വീകരിക്കുന്നതായുള്ള ഒരു പ്രസ്താവനയും കെഡബ്ല്യുഎ എംഡിയുടെ നടപടിക്രമങ്ങളിലോ ക്യുസിബിഎസ് ദർഘാസുകൾക്ക് ഉപയോഗപ്പെടുത്തുന്ന എൻഐടിയിലോ രേഖപ്പെടുത്തിയതായി കണ്ടില്ല.

ഇതു കാരണം, 16 പ്രവൃത്തികളിലെ ബിഡ്ഡർമാർ എൽഎംആർ/ഡിഎസ്ആറിനേക്കാൾ കൂടിയ നിരക്കുകളിൽ തങ്ങൾ ക്വോട്ട് ചെയ്ത വിലയ്ക്ക് കരാർ ലഭിക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ (എച്ച്സി) സമീപിക്കുകയുണ്ടായി. പകുതി വഴിക്കു വച്ച് ദർഘാസിന്റെ നിബന്ധനകളിൽ നിന്നും ഉപാധികളിൽ നിന്നും വ്യതിചലിക്കാൻ പാടില്ലാത്തതിനാൽ, ഈ സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവ് ബാധകമാക്കാൻ കഴിയില്ലെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു (2023 മാർച്ച്). തൽഫലമായി, മുകളിൽപ്പറഞ്ഞ പ്രവൃത്തികളുടെ കരാറുകൾ പുനരവലോകനം ചെയ്യാനും ആർ1 കരാറുകാർ ക്വോട്ട് ചെയ്ത നിരക്കുകളിൽ അംഗീകൃത പിഎസി പുതുക്കാനും കെഡബ്ല്യുഎ നിർബന്ധിതരായി. ക്യുസിബിഎസ് അനുസരിച്ച് കണക്കുകൂട്ടിയ തുകയും സർക്കാർ ഉത്തരവനുസരിച്ചുള്ള തുകയും തമ്മിലുള്ള വ്യത്യാസം, കെഡബ്ല്യുഎയ്ക്ക് ₹51.30 കോടിയുടെ ബാധ്യതയായി.

അങ്ങനെ, സർക്കാർ ഉത്തരവിന്റെ സുപ്രധാന വശങ്ങൾ എൻഐടിയിൽ ഉൾക്കൊള്ളിക്കുന്നതിൽ കെഡബ്ല്യുഎയുടെ ഭാഗത്തുണ്ടായ കൃത്യവിലോപം മൂലം കരാറുകാർക്ക് നേരിട്ട നഷ്ടം നികത്തുന്നതിന് കെഡബ്ല്യുഎ ബാധ്യസ്ഥരായി.

ദർഘാസുകാരെ തെരഞ്ഞെടുക്കുന്നതിനുള്ള ക്യുസിബിഎസ് സമ്പ്രദായം കെഡബ്ല്യുഎ എംഡി 2022 മാർച്ചിൽ മരവിപ്പിച്ചതായി സർക്കാർ മറുപടി നൽകി (2025 ജൂൺ).

### 4.3.3 പുനർവിന്യാസം മൂലം നിർവ്വഹണത്തിൽ വന്ന കാലതാമസം

പാലക്കാട് ജില്ലയിലെ ഷോളയൂർ ജിപിയിൽ ജെജെഎമ്മിനു കീഴിൽ 100 ശതമാനം എഫ്എച്ച്ടിസികൾ സ്ഥാപിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി അഗളി, പുതൂർ, ഷോളയൂർ ജിപികളിലേക്കുള്ള ജലവിതരണപദ്ധതി (ഡബ്ല്യുഎസ്എസ്) നടപ്പാക്കുന്നതിനു പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു (2021 ജൂലൈ). ഈ പ്രവൃത്തി ₹29.61 കോടിയ്ക്ക് ഒരു കരാറുകാരന് നൽകുകയും കരാർ തീയതി മുതൽ 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരണം ലക്ഷ്യമിട്ട്, നിർവ്വഹണ ഏജൻസിയായ കെഡബ്ല്യുഎയുമായി ഒരു ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു (2023 മേയ്).

കൊറ്റമേട് സംഭരണിയിൽ നിന്നും കൊട്ടത്തറയിലേക്കുള്ള ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ (സിഡബ്ല്യുജിഎം), സ്കോപ്പ് ഓഫ് വർക്കിൽ ആദ്യം ഉൾപ്പെട്ടിരുന്ന വനഭൂമിയിലൂടെയുള്ള റൂട്ടിനു പകരം, പൊതുമരാമത്തു വകുപ്പിനു കീഴിലുള്ള മണ്ണാർക്കാട് - ആനക്കട്ടി റോഡിലൂടെ പുനർവിന്യസിക്കാൻ, കരാറുകാരൻ കെഡബ്ല്യുഎയോട് അഭ്യർത്ഥിച്ചിരുന്നതായി (2024 ഫെബ്രുവരി) ഫയലുകളുടെ പരിശോധനയിൽ വെളിപ്പെട്ടു. സിഡബ്ല്യുജിഎമ്മിന്റെ പുനർവിന്യാസം മൂലം, ശിരുവാണിപ്പുഴയ്ക്കു കുറുകെയുള്ള പൈപ്പ്ലൈൻ പാലത്തിന്റെ

സ്ഥാനത്തിൽ മാറ്റം വരുത്തേണ്ടിവരുമെന്നും, തദ്വാരാ, രൂപകല്പനയുടെ പരിഷ്കരണവും റോഡ് കട്ടിംഗിനുള്ള പിഡബ്ല്യുഡിയുടെ അനുമതിയും ആവശ്യമായി വരുമെന്നും കരാറുകാരൻ 2024 മേയിൽ അറിയിച്ചു. കൂടാതെ, പുനർവിന്യാസം മൂലം ബൂസ്റ്റർ പമ്പ് ഹൗസിന്റെ സ്ഥാനം മാറ്റുകയും പമ്പ്സെറ്റ് പുനർ രൂപകല്പന ചെയ്യുകയും വേണമായിരുന്നു. അതിനാൽ, കരാറുകാരൻ 2024 ഡിസംബർ 31 വരെ സമയം നീട്ടാൻ അഭ്യർത്ഥിച്ചു . കെഡബ്ല്യുഎ കരാറുകാരന്റെ അപേക്ഷ അംഗീകരിക്കുകയും പിഡബ്ല്യുഡി റോഡിലൂടെ സിഡബ്ല്യുജിഎം പുനർവിന്യസിക്കാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു (2024 സെപ്റ്റംബർ).

കരാർ തീയതിക്ക് 10 മാസങ്ങൾക്കുശേഷം, 2024 ഫെബ്രുവരിയിൽ, കരാറുകാരൻ ചൂണ്ടിക്കാണിച്ചപ്പോൾ മാത്രമാണ് പുനർവിന്യാസത്തിന്റെ ആവശ്യകത നിർവ്വഹണ ഏജൻസി തിരിച്ചറിഞ്ഞത്, ഇത് കേരളാ പിഡബ്ല്യുഡി മാന്വലിലെ വ്യവസ്ഥകളുടെ[37] ലംഘനമാണ്. നിർവ്വഹണ ഏജൻസിയുടെ തെറ്റായ പ്രാഥമിക പരിശോധനകൾ മൂലം മുഴുവൻ പ്രോജക്റ്റിന്റെയും നിർവ്വഹണം വൈകുന്നതിൽ കലാശിച്ചു. അനന്തരഫലമായി, കരാർ തീയതി മുതൽ 12 മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി, നാളിതുവരെ (2025 മാർച്ച്) പൂർത്തിയാക്കാതെ അവശേഷിച്ചു. ₹9.49 കോടി ചെലവിട്ടതിനുശേഷവും പ്രവൃത്തിയുടെ ഭൗതിക പുരോഗതി 77 ശതമാനം മാത്രമായിരുന്നു.

പൈപ്പുകളുടെ ആദ്യത്തെ വിന്യാസം ദുർഘടമായ പ്രദേശത്തു കൂടെ ആയിരുന്നതിനാൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന അറ്റകുറ്റ പണികൾ ബുദ്ധിമുട്ടേറിയതായിരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). വനം വകുപ്പിൽ നിന്നും പൈപ്പ് ഇടുന്നതിനുള്ള അനുമതി ലഭിക്കാൻ എളുപ്പവുമായിരുന്നില്ല. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നിർദ്ദേശം അംഗീകാരത്തിനു വേണ്ടി ടിഎസ് അധികാരിയുടെ സൂക്ഷ്മ പരിശോധനയിലാണ്. വിന്യാസത്തിലെ മാറ്റം നിർദ്ദേശിച്ചത് കെഡബ്ല്യുഎ ആണെന്നും കൂടി സർക്കാർ പ്രസ്താവിച്ചു.

പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനു മുൻപ്, 100 ശതമാനം തടസ്സരഹിതമായ ഭൂമിയുടെ ലഭ്യത ഉറപ്പു വരുത്താത്തത് പ്രവൃത്തിയുടെ അഴിച്ചുപണിയിൽ കലാശിച്ചതിനാൽ, ഈ മറുപടി സ്വീകാര്യമല്ല. കൂടാതെ, വിന്യാസത്തിലെ മാറ്റം കെഡബ്ല്യുഎ നിർദ്ദേശിച്ചതായിരുന്നു എന്ന സർക്കാർ വാദം സ്വീകാര്യമല്ല. കാരണം, നിർദ്ദേശത്തിന്റെ പ്രാരംഭഘട്ടത്തിൽ കെഡബ്ല്യുഎ അസിസ്റ്റന്റ് എൻജിനീയർ, പാലക്കാട് പ്രോജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്കെഴുതിയ കത്തിൽ, കരാറുകാരന്റെ അപേക്ഷ പരാമർശിച്ചിരുന്നു.

## 4.4 ശ്രദ്ധയിൽപ്പെട്ട കരാർ മാനേജ്മെന്റിലെ ക്രമക്കേടുകൾ

### 4.4.1 പൈപ്പുകൾ സ്ഥാപിക്കുന്നതിലെ അധിക ഉത്ഖനനച്ചെലവുകൾ

പിഡബ്ല്യുഡി മാന്വലിലെ വ്യവസ്ഥകൾ പ്രകാരം, ബന്ധപ്പെട്ട അധികാരിയുടെ സൈറ്റ് പരിശോധനയ്ക്കുശേഷം, പ്രവൃത്തിയുടെ വിശദമായ രൂപകല്പനകളുടെയും നിർദ്ദിഷ്ട വിവരണങ്ങളുടെയും അടിസ്ഥാനത്തിൽ, പ്രവൃത്തിയുടെ വിശദാംശങ്ങളടങ്ങിയ എസ്റ്റിമേറ്റ്

[37] പ്രവൃത്തിയുടെ ഡിസൈനിനും എസ്റ്റിമേറ്റിനും അന്തിമരൂപം നൽകുന്നതിനു മുമ്പ് എല്ലാ പ്രവൃത്തിയും ഉചിതമായി പരിശോധിച്ച്, പ്രസക്തമായ എല്ലാ ഡാറ്റയും ശേഖരിച്ച് സമന്വയിപ്പിക്കണം.

തയ്യാറാക്കേണ്ടതുണ്ടായിരുന്നു. ഒരു പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ്, ആ സമയത്ത് മുൻകൂട്ടി കാണാൻ സാധ്യമായിരുന്നത്ര വ്യക്തതയോടെ, ആ പ്രവൃത്തിയുടെ ചെലവ് പ്രതിഫലിപ്പിക്കണമായിരുന്നു.

ജെജെഎം പ്രവൃത്തികൾക്ക് പിവിസി പൈപ്പുകൾക്കു പകരം പോളി എഥിലീൻ (പിഇ) പൈപ്പുകൾ ഉപയോഗിക്കാൻ ചീഫ് എൻജിനീയർ (പ്രോജക്ട്സ് ആന്റ് ഓപ്പറേഷൻസ്) മേഖലാ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിരുന്നു (2021 ഒക്ടോബർ). കുടിവെള്ളവിതരണത്തിനുള്ള പ്ലാസ്റ്റിക് പൈപ്പ് പ്രവൃത്തികളുടെ ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ഐഎസ്) കോഡ് ഓഫ് പ്രാക്ടീസ് അനുസരിച്ച്, ഹൈ ഡെൻസിറ്റി പോളി എഥിലീൻ (എച്ച്ഡിപിഇ) പൈപ്പ്ലൈൻ, റോഡ് ഭാഗത്ത് കിടങ്ങിന്റെ ഓരത്ത് ഇടുകയും, ചേർത്തതിനു ശേഷം, വശത്തായി വളവുകൾ ഉണ്ടാകാതെ, കിടങ്ങിനുള്ളിലേക്ക് ശ്രദ്ധയോടെ താഴ്ത്തേണ്ടതുമാണ്. 20-110 മില്ലീ മീറ്റർ വലിപ്പമുള്ള പിഇ പൈപ്പുകൾ സ്ഥാപിക്കേണ്ട കിടങ്ങിന്റെ വീതി 300 മില്ലീ മീറ്റർ ആയി ഐഎസ് നിജപ്പെടുത്തിയിരുന്നു. പിഇ പൈപ്പുകളിലേക്കു മാറുമ്പോൾ, കോഴിക്കോട്-പാലക്കാട് ജില്ലകളിലെ മേഖലാ ഓഫീസുകൾ, 300 മില്ലീ മീറ്ററിനുപകരം, പിവിസി പൈപ്പുകൾക്ക് അനുവദനീയമായ അതേ കിടങ്ങു വീതിക്ക് (500 മില്ലീ മീറ്റർ) തെറ്റായി ഡീറ്റേയിൽഡ് എസ്റ്റിമേറ്റ് അനുമതി നൽകുകയുണ്ടായി. പിഇ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രാരംഭ കാലയളവിൽ മാസങ്ങളോളം ഈ പിശക് കണ്ടുപിടിക്കപ്പെടാതിരിക്കുകയും, അങ്ങനെ കരാറുകാർക്ക് ഉത്ഖനന ചെലവുകളായി ₹2.84 കോടി ആവശ്യപ്പെടാൻ ഇടയാക്കുകയും ചെയ്തു.

പ്രധാനപ്പെട്ട എല്ലാ എസ്റ്റിമേറ്റുകൾക്കും പൊതുവായി നിലവിൽ 300 മില്ലീ മീറ്റർ കിടങ്ങ് വീതി സ്വീകരിച്ചു കൊണ്ടിരിക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2025 ജൂൺ). എന്നാൽ, യഥാർത്ഥ ആവശ്യകതയ്ക്ക് ഉപരിയായി, ഉത്ഖനനങ്ങൾ നടത്തപ്പെട്ടത് വ്യവസ്ഥകൾക്ക് എതിരായിരുന്നു എന്ന വസ്തുത നിലനിൽക്കുന്നു.

### 4.4.2 പ്രവൃത്തിയുടെ വ്യാപ്തിയിൽ മാറ്റം വരുന്ന തരത്തിൽ അംഗീകൃത നടപടി ക്രമങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങൾ

ഒരു കരാറിലെ നിബന്ധനകൾ കൃത്യവും സുനിശ്ചിതവും അർത്ഥശങ്കകൾക്ക് ഇടനൽകാത്തതുമായിരിക്കണമെന്ന് ജനറൽ ഫിനാൻഷ്യൽ റൂൾസ്, 2017, നിഷ്കർഷിക്കുന്നു. കരാറിന്റെ വ്യാപ്തിയും നിർദ്ദിഷ്ട വിവരണങ്ങളും ഉൾപ്പെടുത്തി, നിബന്ധനകളിൽ ഒരിക്കൽ ഏർപ്പെട്ടുകഴിഞ്ഞാൽ, അതിൽ കാതലായ മാറ്റം വരുത്താൻ പാടില്ല. കരാറിന്റെ നിബന്ധനകളിലോ ഉപാധികളിലോ അത്തരം മാറ്റങ്ങൾ അനിവാര്യമായി വരുകയാണെങ്കിൽ, ആ മാറ്റങ്ങൾ വരുത്തുന്നതിനു മുമ്പായി, അതിൽ ഉൾപ്പെട്ടിരിക്കുന്ന ധനകാര്യവും മറ്റുള്ളതുമായ ഫലങ്ങൾ പരിശോധിച്ചു രേഖപ്പെടുത്തുകയും, അർഹതപ്പെട്ട അധികാരിയുടെ പ്രത്യേക അംഗീകാരം നേടിയിരിക്കുകയും വേണം. കൂടാതെ, പദ്ധതിയുടെ പൂർത്തീകരണത്തിനും കമ്മീഷനിംഗിനും ആവശ്യമായ മുഴുവൻ ഭൂമിയും കെഡബ്ല്യുഎയുടെ പൂർണ്ണ ഭൗതിക ഉടമസ്ഥതയിലായിട്ടില്ലെങ്കിൽ ഒരു പ്രവൃത്തിയും ലേലം ചെയ്തു കൊടുക്കരുതെന്ന്, കെഡബ്ല്യുഎ, തങ്ങളുടെ ഓഫീസർമാർക്ക് നിർദ്ദേശം നൽകി (2001 ജൂലൈയിലും 2008 സെപ്റ്റംബറിലും).

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട, താഴെപ്പറയുന്ന സന്ദർഭങ്ങൾ പ്രസ്തുത ഉപാധികളുടെ ലംഘനമായിരുന്നു:

- *കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി, മൂടാടി, സമീപ പഞ്ചായത്തുകൾ എന്നിവിടങ്ങളിലേയ്ക്കുള്ള ഡബ്ല്യുഎസ്എസ് - ഘട്ടം II പാക്കേജ് III:*

  മൂലനിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിരുന്ന, സ്ഥാപിക്കുന്നതിനുള്ള, എച്ച്ഡിപിഇ പൈപ്പുകൾക്കുപകരം പിവിസി പൈപ്പുകൾ ഉപയോഗിച്ചത് കെഡബ്ല്യുഎയ്ക്ക് ₹60.33 ലക്ഷം രൂപ അധികചെലവ് വരുന്നതിന് ഇടയാക്കി. പിവിസി പൈപ്പുകളുടെ വിതരണലൈനുകൾ സ്ഥാപിക്കുന്നതിനുള്ള നിരക്കുകളും എച്ച്ഡിപിഇ പൈപ്പുകൾക്ക് ബാധകമായ എസ്റ്റിമേറ്റ് നിരക്കുകളും തമ്മിലുള്ള വ്യതിയാനമായിരുന്നു ഇതിനു കാരണം.

- *കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി, മൂടാടി, സമീപ പഞ്ചായത്തുകൾ എന്നിവിടങ്ങളിലേയ്ക്കുള്ള ഡബ്ല്യുഎസ്എസ് പാക്കേജ് V മേഖല I, മേപ്പയൂർ ജിപിയിൽ പുതിയ വിതരണ ലൈൻ സ്ഥാപിച്ചുകൊണ്ട് എഫ്എച്ച്ടിസി നൽകിയത്:*

  ഭൂമി കിട്ടാത്ത സാഹചര്യം കാരണം, ഒഎച്ച്എസ്ആറിൽ നിന്ന് ജിഎൽഎസ്ആറിലേക്കുള്ള രൂപകല്പനാമാറ്റവും ബദൽ സൈറ്റിന്റെ കണ്ടെത്തലും ആവശ്യമായി വന്നു. എന്നാൽ, കണ്ടെത്തിയ ബദൽ സൈറ്റും അപ്രോച്ച് റോഡിന്റെ കാര്യത്തിൽ തർക്കത്തിൽപ്പെട്ടിരുന്നതിനാൽ 20 മാസങ്ങൾക്കുശേഷവും (2025 ഫെബ്രുവരി) പ്രവൃത്തി അപൂർണ്ണമായി നിലകൊണ്ടു.

- *തേങ്കര, തച്ചമ്പാറ, കാഞ്ഞിരപ്പുഴ, കാരക്കുറിശ്ശി എന്നീ ജിപികളിലേക്കുള്ള ഡബ്ല്യുഎസ്എസ്:*

  ഒഎച്ച്എസ്ആർ നിർമ്മാണത്തിന് ലഭ്യമാക്കിയ സ്ഥലം മണ്ണുപരിശോധനാഫലങ്ങൾ അനുസരിച്ച്, മതിയായ വഹനശേഷി ഇല്ലാത്തതിനാൽ നിർമ്മാണത്തിന് അനുയോജ്യമായിരുന്നില്ല. ജിപി കണ്ടെത്തിയ ബദൽ സൈറ്റും നിർമ്മാണത്തിനു പറ്റിയതല്ലെന്ന് തെളിഞ്ഞു. പ്രവൃത്തി നിശ്ചലാവസ്ഥയിൽ തുടർന്നു (2025 മാർച്ച്).

- *ഘട്ടം II - കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി, മൂടാടി, സമീപ പഞ്ചായത്തുകൾ എന്നിവിടങ്ങളിലേയ്ക്കുള്ള ഡബ്ല്യുഎസ്എസ് - പാക്കേജ് IV - മേഖല II - അത്തോളി ജിപിയിൽ പുതിയ വിതരണ ലൈനുകൾ സ്ഥാപിക്കുന്നതു വഴി എഫ്എച്ച്ടിസി നൽകുന്നത്:*

  തുടക്കത്തിൽ നിർദ്ദേശിച്ച സ്ഥലം, മണ്ണിന്റെ സ്വഭാവം നിമിത്തം അനുയോജ്യമല്ലെന്നു കണ്ടതിനാൽ, ജിപി ഒരു ബദൽ സൈറ്റ് നിർദ്ദേശിക്കുകയുണ്ടായി. കുത്തനെയുള്ള ഒരു മലഞ്ചെരുവിൽ സ്ഥിതി ചെയ്തിരുന്ന പുതിയ സൈറ്റിന് ഗണ്യമായ ഭൂമി നിരപ്പാക്കൽ ജോലികൾ വേണ്ടി വരുമെന്നതിനാൽ നിർദ്ദിഷ്ട ഒഎച്ച്എസ്ആർ, ജിഎൽഎസ്ആറിലേക്കു മാറ്റപ്പെട്ടു. ജിഎൽഎസ്ആറിന്റെയും, സൈറ്റ് ബലപ്പെടുത്താനുള്ള ആർസിസി സംരക്ഷണമതിലിന്റെയും പരിഷ്കരിച്ച

രൂപകൽപ്പന ഒരു എൻജിനീയറിംഗ് കോളേജിനു സമർപ്പിച്ചു. പ്രവൃത്തി ഇനിയും ആരംഭിച്ചിട്ടില്ല (2025 മാർച്ച്).

ആദ്യസന്ദർഭത്തെ സംബന്ധിച്ച്, പിഇ പൈപ്പുകൾ സ്ഥാപിക്കുന്ന വേളയിൽ, നിർവ്വഹണത്തിലുണ്ടാവുന്ന കാലതാമസത്തെക്കുറിച്ച് ജിപികളും പൊതുജനങ്ങളും അനേകം പരാതികൾ ഉന്നയിച്ചതായി സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). പ്രധാന ആശങ്കകളിലൊന്ന്, പൊതു വിപണിയിൽ എളുപ്പത്തിൽ ലഭ്യമല്ലാതിരുന്ന ആവശ്യമായ സ്പെഷ്യൽ ഫിറ്റിംഗുകൾ കണ്ടെത്തുന്നതിലെ ബുദ്ധിമുട്ടായിരുന്നു. സാങ്കേതികമായ പ്രായോഗികത പരിഗണിച്ച്, ടിഎസ് നൽകുന്ന അധികാരി, സാമ്പത്തിക ബാധ്യതകളൊന്നുമില്ലാതെ പിഇ പൈപ്പുകളിൽ നിന്നും പിവിസി പൈപ്പുകളിലേക്കു മാറാനുള്ള അനുമതി നൽകിയിരുന്നു. അധിക ഇനങ്ങൾക്കുള്ള ടെണ്ടർ എക്സസ് പരിഗണിച്ചാവാം ഓഡിറ്റ് നഷ്ടം കണക്കുകൂട്ടിയതെന്ന് സർക്കാർ തുടർന്നു പ്രസ്താവിച്ചു. പിവിസി ഇനങ്ങൾക്ക് അധിക ഇനങ്ങളായി അനുമതി നൽകുകയും ഈ ഇനങ്ങൾക്ക് ടെണ്ടർ എക്സസ് അനുവദിക്കാതിരിക്കുകയും ചെയ്തതിനാൽ, അധിക സാമ്പത്തിക ബാധ്യതയൊന്നും ഉണ്ടായതുമില്ല.

ജെജെഎം പ്രവൃത്തികൾക്ക് പിവിസി പൈപ്പുകൾക്കു പകരം എച്ച്ഡിപിഇ പൈപ്പുകളുപയോഗിക്കാൻ കെഡബ്ല്യുഎ എംഡി മേഖലാ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയതിനെത്തുടർന്ന് (2021 ആഗസ്റ്റ്), സംസ്ഥാനത്തെ ഭൂരിപക്ഷം ജെജെഎം പ്രവൃത്തികളും സ്റ്റോപ്പ് ഓഫ് വർക്കിന്റെ ഭാഗമായി ടെണ്ടർ ചെയ്യപ്പെടുകയും നടപ്പാക്കുകയും ചെയ്തപ്പോൾ എച്ച്ഡിപിഇ ഉപയോഗപ്പെടുത്തിയതിനാൽ സർക്കാരിന്റെ മറുപടി സ്വീകാര്യമായിരുന്നില്ല. കൂടാതെ, ടിഎസ് അധികാരി അനുമതി നൽകിയ പുതുക്കിയ എസ്റ്റിമേറ്റുകളിൽ വ്യവസ്ഥ ചെയ്തിരുന്ന പിഇ/പിവിസി പൈപ്പുകളുടെ നിരക്കുകളും ദൈർഘ്യവും പരിഗണിച്ചാണ് ഓഡിറ്റ് നഷ്ടം കണക്കുകൂട്ടിയത്, ടെണ്ടർ എക്സസ് പരിഗണിച്ചല്ല.

### 4.4.3 ക്രമരഹിതമായ നിരക്കു പരിഷ്കരണം മൂലം കെഡബ്ല്യുഎയ്ക്കുണ്ടായ അധിക ബാധ്യത

2016 സെപ്റ്റംബറിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം, ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ബിഡ്ഡർക്ക് ദർഘാസ് അംഗീകരിക്കണമെന്നും, അംഗീകൃത നിരക്ക് ഇനി പറയുന്ന മൂന്ന് ഇനങ്ങളിൽ, അതായത് (i) ഏറ്റവും താഴ്ന്ന, ക്വോട്ട് ചെയ്ത നിരക്ക്, (ii) പിഡബ്ല്യുഡിയുടെ പ്രാദേശിക വിപണി നിരക്കുകൾ, (iii) നിലവിലെ ഡിഎസ്ആർ[38] + ഏറ്റവും പുതിയ ചിലവ് സൂചിക + 10 ശതമാനം ടോളറൻസ് പരിധി, ഏറ്റവും കുറഞ്ഞതിലേക്ക് പരിമിതപ്പെടുത്തണമെന്നും, പൊതുമരാമത്തുപണികൾ ഏറ്റെടുക്കുന്ന എല്ലാ ഏജൻസികളും ഉറപ്പാക്കണമായിരുന്നു. കൂടാതെ, സ്വീകരിച്ച എൽഎംആർ, ദർഘാസ് തുറക്കുന്ന തീയതിയിൽ നിലവിലുള്ള നിരക്കായിരിക്കണമായിരുന്നു.

2021 ജൂൺ 07 മുതൽ 2021 ആഗസ്റ്റ് 12 വരെയുള്ള കാലയളവിൽ, ജെജെഎമ്മിനു കീഴിലുള്ള ഡബ്ല്യുഎസ്എസുമായി ബന്ധപ്പെട്ട, നാല്

[38] ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്

സർക്കിൾ ഓഫീസുകളിൽ[39] നിന്നുമുള്ള, 17 ദർഘാസുകൾ[40] ചീഫ് എൻജിനീയരുടെ (ഉത്തരമേഖല) (സിഇ) ഓഫീസിൽ അംഗീകാരം കാത്തു കിടക്കുകയായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഈ ദർഘാസുകളുടെ ഫേം പീരിയഡ് 2021 സെപ്റ്റംബറിൽ അവസാനിക്കുമായിരുന്നതിനാൽ, ഫേം പീരിയഡ് 2021 ഒക്ടോബർ 31 വരെ നീട്ടുന്നുവെന്ന് ഉറപ്പാക്കാൻ സർക്കിൾ ഓഫീസുകൾക്ക് ചീഫ് എൻജിനീയർ നിർദ്ദേശം നൽകി (2021 സെപ്റ്റംബർ).

കോഴിക്കോട്ടെ പിഎച്ച് സർക്കിളിലെ രണ്ട് ദർഘാസുകൾ 2021 ജൂൺ 11-ന് തുറന്നെങ്കിലും, വർക്ക് ഓർഡർ നൽകാതെ ഫേം പീരിയഡ് 2021 ഒക്ടോബർ 31 വരെ നീട്ടിയതായി ഓഡിറ്റ് നിരീക്ഷിച്ചു. അനന്തരം ദർഘാസ് തുറക്കുന്ന സമയത്തെ ഡിഎസ്ആർ, എൽഎംആർ പരിഗണിച്ച് യഥാക്രമം ₹72.06 കോടിയും ₹93.54 കോടിയും അടങ്കൽ വരുന്ന രണ്ടു പ്രവൃത്തികൾക്കും 2021 നവംബർ 19-ന് വർക്ക് ഓർഡറുകൾ നൽകി. ദർഘാസ് ഉറപ്പിക്കുന്ന സമയത്തെ ഡിഎസ്ആർ, എൽഎംആർ പരിഗണിച്ച് പ്രവൃത്തി അനുവദിച്ച് നൽകണമെന്ന് കരാറുകാരൻ അപേക്ഷിക്കുകയും (2021 നവംബർ 29), പ്രസ്തുത അപേക്ഷ പരിഗണിച്ച് കെഡബ്ല്യുഎ, നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവുകൾ ലംഘിച്ചു കൊണ്ട്, യഥാക്രമം ₹74.45 കോടിയ്ക്കും ₹95.20 കോടിയ്ക്കും വർക്ക് ഓർഡറുകൾ പുതുക്കുകയും (2021 നവംബർ 30) അതിന്റെ ഫലമായി പ്രവൃത്തിനിർവ്വഹണച്ചെലവ് വർദ്ധിക്കുകയും ചെയ്തു (**അനുബന്ധം 4.1**).

പരിഷ്കരിച്ചതിന് ശേഷം, എൽഎംആർ ഡിഎസ്ആറിനെ അധികരിക്കുകയും മൂന്നു നിരക്കുകളിൽ ഏറ്റവും കുറഞ്ഞ നിരക്കായ ഡിഎസ്ആറിൽ, കെഡബ്ല്യുഎ, രണ്ടു ദർഘാസുകളും ഉറപ്പിക്കുകയും ചെയ്തു.

രണ്ടു പ്രവൃത്തികൾക്കും അവാർഡ് ചെയ്ത തുക, ക്വോട്ട് ചെയ്ത തുകയേക്കാൾ കുറവായിരുന്നെന്നും, അവാർഡ് തുക, അനുവദനീയമായ പരിധിയായ 10 ശതമാനം അധികം ചേർത്തുള്ള ഡിഎസ്ആർ പിഎസി 2018-ന്റെ അടിസ്ഥാനത്തിലായിരുന്നെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

രണ്ടു വർക്കുകളും ഡിഎസ്ആർ 2016 നിരക്കുകളിലാണ് ടെണ്ടർ ചെയ്തിരുന്നത് എന്നതിനാൽ സർക്കാരിന്റെ മറുപടി അംഗീകരിക്കാനാവില്ല. ഓഡിറ്റ് പരാമർശിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം, ദർഘാസുകൾ തുറക്കുന്ന സമയത്തു നിലവിലുള്ള ഡിഎസ്ആർ, എൽഎംആർ നിരക്കുകളിൽ മാത്രമേ ദർഘാസ് ഉറപ്പിക്കാൻ കഴിയൂ. കൂടാതെ, 2021 നവംബർ 19-ന് നൽകിയ വർക്ക് ഓർഡറുകൾ, നിലവിലുള്ള സർക്കാർ ഉത്തരവുകളുമായി ഒത്തു പോകുന്നവ ആയിരുന്നിട്ടും, കരാറുകാരന്റെ അപേക്ഷ പ്രകാരവും നിലവിലുള്ള സർക്കാർ ഉത്തരവുകൾ വ്യക്തമായ ലംഘിച്ചു കൊണ്ടും കെഡബ്ല്യുഎ വർക്ക് ഓർഡർ പരിഷ്കരിക്കുകയും തൽഫലമായി, ₹ 4.05 കോടിയുടെ അധിക ബാധ്യത വരുത്തുകയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു.

---

[39] പിഎച്ച് സർക്കിൾ കോഴിക്കോട്, പിഎച്ച് സർക്കിൾ പാലക്കാട്, പിഎച്ച് സർക്കിൾ മലപ്പുറം, പിഎച്ച് സർക്കിൾ കണ്ണൂർ

[40] രണ്ടു ജെജെഎം വർക്കുകൾ കോഴിക്കോട് ജില്ലയിൽ നിന്നും, ഒരെണ്ണം പാലക്കാട് ജില്ലയിൽ നിന്നുമാണ്.

### 4.4.4 സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കാത്തതിനാൽ വിവിധ സ്ഥലങ്ങളിൽ അടുക്കിവച്ചിരിക്കുന്ന പോളിമർ പൈപ്പുകൾ

കരാർ നിർവ്വഹണ അതോറിറ്റി തയ്യാറാക്കിയ വിതരണ ഷെഡ്യൂൾ പ്രകാരം കരാറുകാരൻ ഘട്ടം ഘട്ടമായി എല്ലാ സാമഗ്രികളും ലഭ്യമാക്കേണ്ടതായിരുന്നു എന്ന് ജെജെഎമ്മിനു കീഴിൽ ഏറ്റെടുക്കപ്പെട്ട പ്രവൃത്തികൾക്കുള്ള എൻഐടി നിഷ്കർഷിച്ചു. ഓരോ വിതരണത്തിന്റെയും അളവും സമയവും, പൂർത്തീകരണസമയവുമായി ഒത്തു പോകുന്ന രീതിയിൽ ഈ ഷെഡ്യൂളിൽ പ്രത്യേകം പ്രസ്താവിക്കേണ്ടിയിരുന്നു. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയറിൽ (ഇഇ) നിന്നും രേഖാമൂലമായ നിർദ്ദേശം കിട്ടിയതിനു ശേഷം മാത്രമായിരിക്കണം ഓരോ കരാറുകാരനും സാമഗ്രികൾ വിതരണം ചെയ്യേണ്ടത്. മുൻഘട്ടത്തിൽ വിതരണം ചെയ്ത പൈപ്പുകൾ സ്ഥാപിക്കുന്നതിന്റെ യഥാർത്ഥ പുരോഗതി വിലയിരുത്തിയതിനു ശേഷമാണ് എക്സിക്യൂട്ടീവ് എൻജിനീയർ ഓരോ ഘട്ടത്തിലെയും സപ്ലൈ ഓർഡർ കൊടുക്കാൻ കരാറുകാരന് നിർദ്ദേശം നൽകേണ്ടത്.

ഈ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്, കരാറനുമതി നൽകുന്ന അധികാരികൾ[41] പൈപ്പുവിതരണത്തിന്റെ ഘട്ടംഘട്ടമായുള്ള ഷെഡ്യൂൾ സംബന്ധിച്ച് ഒരു റോഡ് മാപ്പ് തയ്യാറാക്കിയിരുന്നില്ല. തൽഫലമായി, **അനുബന്ധം 4.2**-ൽ കാണിച്ചിരിക്കുന്ന പ്രവൃത്തികൾക്കുവേണ്ടി കരാറുകാർ വലിയ അളവിൽ പോളിമർ പൈപ്പുകൾ കാലങ്ങളോളം വാങ്ങി കൂട്ടിവെക്കുകയുണ്ടായി.



*ചിത്രം 4.1: നാദാപുരം ആശുപത്രിക്കു സമീപം കൂട്ടിയിട്ടിരിക്കുന്ന പൈപ്പുകൾ, കെഡബ്ല്യുഎ നൽകിയ ഫോട്ടോ*

സ്ഥാപിക്കുന്നതിനുള്ള അനുമതി കാത്ത് ₹6.44 കോടി വിലമതിക്കുന്ന പോളിമർ പൈപ്പുകൾ, ഒന്നു മുതൽ രണ്ടു വർഷം വരെയായി, വിവിധ സ്ഥലങ്ങളിൽ കൂട്ടിയിട്ടിരിക്കുന്നു. മുൻ ഘട്ടത്തിൽ വിതരണം ചെയ്ത പൈപ്പുകൾ സ്ഥാപിക്കുന്നതിലെ പുരോഗതി വിലയിരുത്താതെ വീണ്ടും പൈപ്പുകൾ വിതരണം ചെയ്യാൻ കരാറുകാരെ അനുവദിക്കുകയുണ്ടായി. ദീർഘകാലം അൾട്രാ വയലറ്റ് വികിരണമേൽക്കുമ്പോൾ പോളിമർ പൈപ്പുകൾ പ്രകാശ-ഓക്സീകരണം[42] മൂലം പൊട്ടുന്നതിനു സാധ്യത ഏറുകയും തദ്വാരാ അവയുടെ ബലവും ഈടും നഷ്ടമാവുകയും ചെയ്യുന്നു.

റോഡ്-കട്ടിംഗ് അനുമതി ലഭിക്കാത്തതു കൊണ്ട്, പ്രവൃത്തികൾ തുടങ്ങാൻ സാധിക്കാത്തതിനാലാണ് പൈപ്പുകൾ കൂട്ടിയിടേണ്ടിവന്നതെന്നും, അവയിപ്പോൾ നന്നായി ആവരണം ചെയ്യപ്പെട്ട് സംരക്ഷിതമാണെന്നും സർക്കാർ മറുപടി നൽകി (2025 ജൂൺ).

---

[41] കെഡബ്ല്യുഎ പിഎച്ച് സർക്കിൾ സൂപ്രണ്ടിങ് എൻജിനീയറുടെ ഓഫീസ്

[42] പോളിമറുകളുടെ തന്മാത്രാഭാരം കുറയ്ക്കുന്ന ഒരു രാസ പ്രക്രിയ. ഇത്, അവയുടെ ആഘാതം താങ്ങാനും വലിച്ചുനീട്ടപ്പെടാനുമുള്ള ശേഷിയെ ക്ഷയിപ്പിക്കുകയും പൈപ്പുകൾ പെട്ടെന്ന് പൊട്ടാനിടയാവുകയും ചെയ്യുന്നു.

പൈപ്പു വിതരണം ഘട്ടം ഘട്ടമായി മാത്രമേ നടത്താവൂ എന്ന എൻഐടി വ്യവസ്ഥകളുടെ വ്യക്തമായ ലംഘനമായിരുന്നു ഇത് എന്നതിനാൽ പ്രസ്തുത മറുപടി സ്വീകാര്യമല്ല. കൂടാതെ, അനുമതികൾ ലഭിക്കാതെ പൈപ്പുകൾ സ്ഥാപിക്കാൻ ഒരു സാധ്യതയുമില്ലാതിരിക്കെ, അവ വൻതോതിൽ വിതരണം ചെയ്ത് ഒന്നു മുതൽ രണ്ടു വർഷം വരെ കൂട്ടിയിടാൻ അനുവദിക്കപ്പെട്ടതിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാരിന്റെ മറുപടിയിൽ (2025 ജൂൺ) പരാമർശമൊന്നുമുണ്ടായില്ല.

## 4.5 സമ്പാദനത്തിലെ ഗുണമേന്മാ പരിപാലനം

### 4.5.1 എംപാനൽഡ് അല്ലാത്ത ഉൽപ്പാദകരിൽ നിന്നും പൈപ്പുകളുടെ ക്രമരഹിത സമ്പാദനം

കെഡബ്ല്യുഎയുടെ പൈപ്പ്നയം അനുസരിച്ച്, പൈപ്പ് സാമഗ്രികൾക്കും മറ്റ് അനുബന്ധ വസ്തുക്കൾക്കും വേണ്ട ചെലവ്, ജലവിതരണ-മലിനജല നിർമാർജ്ജന പദ്ധതികളുടെ മൊത്തം ചെലവിന്റെ 60 ശതമാനത്തിൽ കൂടുതൽ വരുന്നതിനാൽ ഇവ പദ്ധതിയുടെ വിജയത്തിന് നിർണ്ണായകഘടകമാണ്. മുൻയോഗ്യതാ നിർണ്ണയത്തിലൂടെ, അർഹരായ വിതരണക്കാരുടെ/ഉൽപ്പാദകരുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്താനും അത്, പൈപ്പുകളുടെയും അനുബന്ധ സാമഗ്രികളുടെയും സമ്പാദനത്തിനായി പ്രവൃത്തിയുടെ എൻഐടിയിൽ ഉൾപ്പെടുത്താനും കേരള സർക്കാർ, കെഡബ്ല്യുഎ എംഡിക്ക് നിർദ്ദേശം നൽകി (2021 ഒക്ടോബർ). തദനുസൃതമായി, മുൻ യോഗ്യതയുള്ള ഉൽപ്പാദകരിൽ നിന്നു മാത്രമേ കെഡബ്ല്യുഎ സാമഗ്രികൾ സ്വീകരിക്കൂ എന്ന് അനുശാസിച്ചുകൊണ്ട് കെഡബ്ല്യുഎ എംഡി 2022 മാർച്ച് മുതൽ എംപാനൽ ചെയ്ത ഉൽപ്പാദകരുടെയും/വിതരണക്കാരുടെയും ഒരു പട്ടിക സർക്കുലേറ്റ് ചെയ്തു.

എംപാനൽ ചെയ്ത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സ്ഥാപനങ്ങൾ/ വിതരണക്കാരിൽ നിന്നും സ്ഥാപനങ്ങൾ/ കരാറുകാർ പൈപ്പുകൾ സമ്പാദിച്ചു കൊണ്ടിരുന്നതായും അവ കോഴിക്കോട്ടെയും പാലക്കാട്ടെയും ജെജെഎം പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയിരുന്നതായും ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.3**-ൽ നൽകിയിരിക്കുന്നു.

ഇത്, കെഡബ്ല്യുഎയുടെ പൈപ്പ് നയത്തിലെ വ്യവസ്ഥകളുടെ ലംഘനമായിരുന്നു.

അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിശ്ചിത പ്രവൃത്തികളെക്കുറിച്ച് സർക്കാർ മറുപടിയിൽ പരാമർശമുണ്ടായില്ല.

## 4.6 ഒഴിവാക്കാനാവുമായിരുന്ന ചെലവുകൾ

### 4.6.1 ടാങ്കർ ലോറികൾക്ക് / സ്റ്റാൻഡ് പോസ്റ്റുകൾക്ക് ഹർ ഘർ ജൽ പഞ്ചായത്തുകൾ അടച്ച ചാർജുകൾ

അധിവാസകേന്ദ്രങ്ങളിലെ ഓരോ ഭവനത്തിലും കുടിവെള്ളം ലഭ്യമാക്കുന്നതുവഴി, സംസ്ഥാനമൊട്ടാകെ കുടിവെള്ള സുരക്ഷ കൈവരിക്കുവാനും, അതു വഴി ഗ്രാമങ്ങളിൽ ടാങ്കറുകൾ/ ട്രെയിനുകൾ, ഹാൻഡ് പമ്പുകൾ മുതലായവ വഴിയുള്ള ജലവിതരണം ഒഴിവാക്കാനുമാണ് ജെജെഎം ലക്ഷ്യമിട്ടത്. ഹർ ഘർ ജൽ

പഞ്ചായത്തുകളിൽ 100 ശതമാനം ഭവനങ്ങൾക്കും എഫ്എച്ച്ടിസികൾ വഴി മതിയായ അളവിൽ കുടിവെള്ള ലഭ്യത ഉറപ്പായിരുന്നതിനാൽ, ജിപികൾ ജലവിതരണത്തിന്റെ ബദൽസ്രോതസ്സുകളെ ആശ്രയിക്കേണ്ടതില്ല.

തെരഞ്ഞെടുത്ത രണ്ടു ജിപികൾ, ഹർ ഘർ ജൽ പഞ്ചായത്തുകളായി പ്രഖ്യാപിക്കപ്പെട്ടതിനു ശേഷവും, സ്റ്റാൻഡ് പോസ്റ്റുകൾ / ടാങ്കർ ലോറികൾ വഴിയുള്ള കുടിവെള്ള വിതരണത്തിന് കെഡബ്ല്യുഎയ്ക്ക് തുക കൊടുത്തുകൊണ്ടിരിക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ വിശദാംശങ്ങൾ **പട്ടിക 4.7**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 4.7: പരിശോധിച്ച ജില്ലകളിലെ ഹർ ഘർ ജൽ പഞ്ചായത്തുകളിൽ സ്റ്റാൻഡ് പോസ്റ്റ്/ടാങ്കർ ലോറിയ്ക്കു ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ**

| ജിപിയുടെ പേര് | ബിപിയുടെ പേര് | ഹർ ഘർ ജൽ ജിപി ആയി പ്രഖ്യാപിച്ച തീയതി | പ്രഖ്യാപനത്തിനുശേഷം നിലവിലുള്ള സ്റ്റാൻഡ് പോസ്റ്റുകളുടെ എണ്ണം | സ്റ്റാൻഡ് പോസ്റ്റുകൾക്ക് ചെലവഴിച്ച തുക (₹) | ടാങ്കർ ലോറികൾക്കു ചെലവഴിച്ച തുക (₹) |
|---|---|---|---|---|---|
| **മൺറോതുരുത്ത്** | ചിറ്റുമല | 2022 ഒക്ടോബർ 20 | 318 | പ്രതിവർഷം 3,85,814 | ഇല്ല |
| **നീണ്ടകര** | ചവറ | 2022 ഒക്ടോബർ 20 | 46 | പ്രതിവർഷം 55,810 | 2,46,883 |

*(ഉറവിടം: ജിപികൾ നൽകിയ ഡാറ്റ)*

കുടിവെള്ള വിതരണത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമായി പ്രഖ്യാപിക്കപ്പെട്ട ജിപികൾ, ദുരിതകാലങ്ങളിൽ സ്റ്റാൻഡ് പോസ്റ്റുകളെയും ടാങ്കർ ലോറികളെയും ആശ്രയിക്കുന്നതു തുടർന്നു എന്ന വസ്തുത, ഈ ജിപികളെ ഹർ ഘർ ജൽ ജിപികളായി തെരഞ്ഞെടുക്കുന്നതിന്റെ ആധികാരികതയെ ദുർബലപ്പെടുത്തി. ജെജെഎം, ഗ്രാമീണ ജനവിഭാഗങ്ങൾക്ക്, പ്രത്യേകിച്ചും സ്ത്രീകൾക്ക്, അനായാസ ജീവിതവൃത്തി വിഭാവനം ചെയ്തിരുന്നതിനാൽ, തടസ്സരഹിതമായ ജലവിതരണത്തിന്റെ അഭാവം, ജെജെഎം ലക്ഷ്യം വച്ച ഫലത്തെ നിഷേധിക്കുകയും ഗ്രാമീണ ജനവിഭാഗങ്ങളുടെ അനായാസജീവിതവൃത്തിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

സ്റ്റാൻഡ് പോസ്റ്റുകൾ നിലനിർത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവേചനാധികാരത്തിൽപ്പെട്ടതാണെന്നും ഹർ ഘർ ജൽ ജിപികളുടെ കാര്യത്തിൽ, സ്ഥാപിതവിതരണ ശൃംഖലയിലൂടെ കെഡബ്ല്യുഎ ശരിയായ ജലവിതരണം ഉറപ്പുവരുത്തിയിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി (2025 ജൂൺ).

ഹർ ഘർ ജൽ ജിപി ആയി പ്രഖ്യാപിക്കപ്പെട്ടതിനു ശേഷവും, ബദൽ ജലസ്രോതസ്സുകളെ ആശ്രയിക്കുന്നത് ഒരു ജിപി, ഹർ ഘർ ജൽ ജിപിയുടെ പദവിക്ക് അനുരൂപമാകാനുള്ളതിന്റെ അയോഗ്യതയാണു തെളിയിക്കുന്നത്. കൂടാതെ, അധിവാസകേന്ദ്രത്തിലെ ഓരോ ഭവനത്തിനും കുടിവെള്ളം ലഭ്യമാക്കുന്നതുവഴി, സംസ്ഥാനത്തു മൊത്തത്തിൽ കുടിവെള്ളസുരക്ഷ നേടുക എന്ന ജെജെഎം ലക്ഷ്യം മുൻപറഞ്ഞ രണ്ട് ഹർ ഘർ ജൽ ജിപികളുടെ കാര്യത്തിലും കൈവരിക്കപ്പെട്ടില്ല.

### 4.6.2 കെഡബ്ല്യുഎ അധികമായി നൽകേണ്ടിവന്ന റോഡ് പുനഃസ്ഥാപന തുകകൾ

ജെജെഎം പദ്ധതികളുടെ ഭാഗമായി റോഡ് പുനഃസ്ഥാപിക്കുന്നതിന് അധിക ഫണ്ടുകൾ സ്വരൂപിക്കുന്നതിനുള്ള കഴിവില്ലായ്മ എടുത്തുകാട്ടിക്കൊണ്ട് പിഡബ്ല്യുഡി ഈടാക്കുന്ന ഗണ്യമായ തോതിൽ ഉയർന്ന റോഡ് പുനഃസ്ഥാപന തുകകൾ പുനരവലോകനം ചെയ്യുന്നതിന് കെഡബ്ല്യുഎ തീരുമാനിക്കുകയുണ്ടായി **(2023 ഡിസംബർ)**. പിഡബ്ല്യുഡി അമിതമായി തുക ഈടാക്കുന്നു എന്ന കെഡബ്ല്യുഎയുടെ അവകാശ വാദത്തിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിന്, കൊല്ലം, കോഴിക്കോട് ജില്ലകളിൽ അഞ്ചു പ്രവൃത്തികൾക്കായി[43] **(അനുബന്ധം 4.4)** കെഡബ്ല്യുഎ യഥാർത്ഥത്തിൽ അടച്ച പുനഃസ്ഥാപന തുകയും, പ്രൈസ് **3.0**-ൽ[44] കണക്കാക്കിയ തുകയുമായി ഓഡിറ്റ് താരതമ്യം ചെയ്തപ്പോൾ, കെഡബ്ല്യുഎ, പിഡബ്ല്യുഡിയ്ക്ക് ₹ **3.22** കോടി അധികമായി നൽകിയതായി കണ്ടെത്തി.

അങ്ങനെ, പിഡബ്ല്യുഡി, യഥാർത്ഥത്തിൽ ചിലവിട്ട തുകയേക്കാൾ ഏകദേശം **58.43** മുതൽ **119.13** ശതമാനം വരെയുള്ള അധികത്തുകയാണ് ചാർജ് ചെയ്തത്. ഈ ഭീമമായ പുനഃസ്ഥാപനച്ചെലവു തുകകൾ സർക്കാർ തലത്തിൽ സമയോചിതമായി അന്വേഷിച്ചു നിജസ്ഥിതി കണ്ടെത്താൻ കെഡബ്ല്യുഎയുടെ ഭാഗത്തുണ്ടായ നിഷ്ക്രിയത്വം ജെജെഎം ഫണ്ടുകളിൽ നിന്നുള്ള, ഒഴിവാക്കാനാവുമായിരുന്ന, ചെലവിൽ കലാശിച്ചു.

അവശ്യ അനുമതികൾക്കു വേണ്ടിയിരുന്ന കാലതാമസം ഒഴിവാക്കുന്നതിനാണ് പിഡബ്ല്യുഡി സമർപ്പിച്ച എസ്റ്റിമേറ്റുകൾ അംഗീകരിച്ചതെന്നും, നിരക്കുകൾ സംബന്ധിച്ച് തർക്കങ്ങളിലോ നീണ്ടുപോകുന്ന കൂടിയാലോചനകളിലോ ഏർപ്പെടുന്നത്, പ്രവൃത്തിനിർവ്വഹണത്തെ ഗണ്യമായി താമസിപ്പിക്കുമായിരുന്നെന്നും, തദ്വാരാ, ജലവിതരണ പദ്ധതികളുടെ സമയോചിത കമ്മീഷനിംഗിനെ പ്രതികൂലമായി ബാധിക്കുമായിരുന്നെന്നും സർക്കാർ മറുപടി നൽകി **(2025 ജൂൺ)**.

പൊതുമരാമത്ത് വകുപ്പിന്റെ അമിത നിരക്കുകൾ അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ നടപടി, ജെജെഎമ്മിനായിട്ടുള്ള കേന്ദ്ര ഫണ്ടിന്മേലുള്ള ഒഴിവാക്കാമായിരുന്ന അധിക ബാധ്യതയായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 4.6.3 തകർന്ന റോഡുകളുടെ പേരിൽ കെഡബ്ല്യുഎ നൽകിയ നഷ്ടപരിഹാരം

പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി-പൊള്ളാച്ചി റോഡിന്റെ ഇടതു-വലതുവശങ്ങളിലായി കുഴിച്ച് പൈപ്പുകൾ സ്ഥാപിക്കുന്നതിനും തുടർന്ന് റോഡ് അതിന്റെ പൂർവ്വസ്ഥിതിയിൽ പുനഃസ്ഥാപിക്കുന്നതിനും പിഡബ്ല്യുഡി, കെഡബ്ല്യുഎയ്ക്ക് അനുമതി നൽകുകയുണ്ടായി **(2023 ജനുവരി)**. ഡിഫക്ട് ലയബിലിറ്റി പീരിയഡിലായിരുന്ന (ഡിഎൽപി) റോഡുകൾ കുഴിക്കുന്നതിന് സെക്യൂരിറ്റിയായി, കെഡബ്ല്യുഎ ₹**1.71**

[43] ഇവയുടെ വർക്ക് ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായി.

[44] എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും ഓൺലൈനായി അംഗീകരിക്കുന്നതിനുമായി കേരള പൊതുമരാമത്തുവകുപ്പ് വികസിപ്പിച്ച പ്രോജക്ട് ഇൻഫർമേഷൻ ആന്റ് കോസ്റ്റ് എസ്റ്റിമേഷൻ (പ്രൈസ്)എന്ന സോഫ്റ്റ്‌വെയറിന്റെ ഏറ്റവും പുതിയ പതിപ്പാണ് പ്രൈസ് **3.0**.

കോടി നിക്ഷേപിക്കുകയുണ്ടായി. റോഡിന്റെ ഒരു വശം കുഴിച്ച്, പണി പൂർത്തിയാക്കി, പൂർവ്വസ്ഥിതിയിലാക്കിയതിനു ശേഷമേ മറുവശം കുഴിക്കാവൂ എന്ന ഉപാധിയിലാണ് അനുമതി നൽകിയതെന്ന് പിഡബ്ല്യുഡി പ്രസ്താവിച്ചു. എന്നാൽ, കരാറുകാരനാകട്ടെ, റോഡിന്റെ ഇരുവശങ്ങളും ഒരേ സമയം കുഴിക്കുകയും റോഡ് പഴയരൂപത്തിൽ പുനഃസ്ഥാപിക്കാതിരിക്കുകയും ചെയ്തു. ഇത്, റോഡിന്റെ മുറിക്കപ്പെടാത്ത ഭാഗത്തിനും കേടുപാടുകൾ വരുത്തി. തകർന്ന റോഡ് താൽക്കാലികമായെങ്കിലും ശരിയാക്കാൻ പിഡബ്ല്യുഡിയ്ക്ക് അധികത്തുക ചെലവഴിക്കേണ്ടി വന്നു.

ഗുണനിലവാരം കുറഞ്ഞ പ്രവൃത്തികളുടെ പേരിൽ കെഡബ്ല്യുഎയ്ക്കു പിഴ ചുമത്താൻ പിഡബ്ല്യുഡിയുടെ വിജിലൻസ് വിഭാഗം നിർദ്ദേശിച്ചതനുസരിച്ച്, കെഡബ്ല്യുഎ സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടി വച്ചിരുന്ന ₹ 1.71 കോടിയിൽ നിന്ന്, നഷ്ടപരിഹാരം എന്ന നിലയിൽ, പിഡബ്ല്യുഡി ₹ 42.50 ലക്ഷം കുറവ് ചെയ്തു (2024 ആഗസ്റ്റ്). പ്രവൃത്തിയുടെ എൻഐടി നിബന്ധനകൾക്ക്[45] അനുസൃതമായി കെഡബ്ല്യുഎ കരാറുകാരനിൽ നിന്ന് ടി തുക ഈടാക്കിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

റോഡ് കട്ടിംഗിനുള്ള അനുമതി നൽകിയ സമയത്ത്, റോഡിന്റെ ഡിഎൽപി നേരത്തേ തീർന്നിരുന്നു എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). കെഡബ്ല്യുഎ നിർവ്വഹിച്ച പണികൾ മൂലമായിരുന്നില്ല റോഡിനു കേടുപാടുകൾ ഉണ്ടായത്. പുനഃസ്ഥാപിക്കപ്പെട്ട ഭാഗങ്ങൾക്കു മാത്രമായിരുന്നു കെഡബ്ല്യുഎ ഉത്തരവാദപ്പെട്ടിരുന്നത്, അവ നല്ല സ്ഥിതിയിലായിരുന്നുതാനും. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നത് പാലക്കാട് ജില്ലാ കളക്ടർ താൽക്കാലികമായി തടഞ്ഞുവെന്നും കെഡബ്ല്യുഎയിലെയും പിഡബ്ല്യുഡിയിലെയും ഉദ്യോഗസ്ഥരുമായി ചേർന്ന് ജില്ലാ കളക്ടർ ഒരു സംയുക്ത പരിശോധന നടത്തി, അതിന്റെ റിപ്പോർട്ട് പിഡബ്ല്യുഡി സെക്രട്ടറിക്കു സമർപ്പിച്ചു എന്നും പ്രസ്താവിച്ചു.

റോഡിന്റെ ഡിഎൽപി കഴിഞ്ഞു പോയിരുന്നു എന്ന സർക്കാർ വാദം ഓഡിറ്റിനു സ്വീകാര്യമല്ല. കാരണം, സെക്യൂരിറ്റി ഡെപ്പോസിറ്റ് കെട്ടിവയ്ക്കുന്നതിനായി പിഡബ്ല്യുഡി ആവശ്യപ്പെടുന്നത്, ഡിഎൽപി ബാധകമായിട്ടുള്ള റോഡുകളുടെ കാര്യത്തിൽ മാത്രമാണ്. റോഡിനു പിന്നീടുണ്ടാകുന്ന എന്തെങ്കിലും നാശനഷ്ടങ്ങളുടെ പരിഹാരത്തുക, കെഡബ്ല്യുഎയ്ക്ക് അടച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നായിരിക്കും തട്ടിക്കിഴിക്കുക. പിഡബ്ല്യുഡിയുടെ വിജിലൻസ് വിഭാഗം, റോഡുകളുടെ കേടുപാടുകൾ വിലയിരുത്തിയെന്നും അതിനാൽ കരാറുകാരനെ ന്യായീകരിച്ചുകൊണ്ടുള്ള സർക്കാർ നിലപാട് സ്വീകാര്യമല്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

[45] വൈദഗ്ദ്ധ്യമില്ലായ്മ / സംരക്ഷണ ജോലികൾ / താങ്ങു കൊടുക്കൽ മൂലം കിടങ്ങുവീതി, വേണ്ടിയിരുന്നതിനേക്കാൾ കവിയുന്ന സാഹചര്യത്തിൽ, അധിക കേടുപാടുകൾ സംഭവിച്ച റോഡിന്റെ വീതിക്ക് പിഡബ്ല്യുഡി/എൻഎച്ച്, തദ്ദേശ സ്ഥാപനങ്ങൾക്കു കൊടുക്കേണ്ടി വരുന്ന അധിക തുക, കരാറുകാരന്റെ ബിൽതുകയിൽ നിന്നു തിരിച്ചു പിടിക്കേണ്ടതുണ്ടായിരുന്നു

## 4.7 ഉറവിടത്തിന്റെ അപര്യാപ്തതകൾ

### 4.7.1 ജലസംസ്കരണ പ്ലാന്റിന്റെ ശേഷിവർദ്ധന പ്രവൃത്തി പൂർത്തീകരിക്കാത്തതു കൊണ്ട് കുടിവെള്ള വിതരണത്തിൽ ഉണ്ടായ അപര്യാപ്തത

കൊല്ലം ജില്ലയിലെ കുണ്ടറയിലേക്കും സമീപ പഞ്ചായത്തുകളിലേക്കുമുള്ള ബൈലാറ്ററൽ അസിസ്റ്റഡ് വാട്ടർ സപ്ലൈ സ്കീം (ബിഎഡബ്ല്യുഎസ്എസ്), ഈ പഞ്ചായത്തുകളിൽ 2023 ഓടെ 100 ശതമാനം എഫ്എച്ച്ടിസികൾ ഉറപ്പുവരുത്താൻ തക്കവിധത്തിൽ, കുണ്ടറയ്ക്ക് 2,416 എഫ്എച്ച്ടിസികളും പേരയത്തിന് 4,414 എഫ്എച്ച്ടിസികളും നൽകാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു. ഈ പദ്ധതി നിർദ്ദേശത്തിൽ പൈപ്പ്ലൈൻ നീട്ടൽ, ഇളമ്പലിലെ ജലസംസ്കരണ പ്ലാന്റിന്റെ ശേഷി വർദ്ധനവ്, നിലവിലുള്ള ആസ്ബെസ്റ്റോസ് സിമന്റ് (എസി) വിതരണശൃംഖലയ്ക്ക് പകരം സംവിധാനം സ്ഥാപിക്കൽ എന്നിവ ഉൾപ്പെട്ടിരുന്നു. നിർവ്വഹണ ഏജൻസിയായ കെഡബ്ല്യുഎ, ആദ്യഘട്ടത്തിൽ, കുണ്ടറയ്ക്ക് 500 എഫ്എച്ച്ടിസികളും പേരയത്തിന് 1,514 എഫ്എച്ച്ടിസികളും നൽകാൻ നിർദ്ദേശിച്ചു. ബാക്കിയുള്ള കണക്ഷനുകൾ, ഡബ്ല്യുടിപിയുടെ നവീകരണാനന്തരം ലഭ്യമാക്കാമെന്ന് സമ്മതിച്ചിരുന്നു. ദർഘാസ് നടപടികളെത്തുടർന്ന് 2021 ജൂലൈയിൽ കരാറുകാരന് പ്രവൃത്തികൾ അവാർഡ് ചെയ്യപ്പെട്ടു. ₹8.87 കോടി ചെലവിട്ടതിനുശേഷവും ഈ പണികൾ നാളിതുവരെ പൂർത്തിയായിട്ടില്ല (2024 ഒക്ടോബർ).

ഓഡിറ്റ് താഴെപ്പറയുന്ന തുടർ നിരീക്ഷണങ്ങളും നടത്തി:

- അവശേഷിക്കുന്ന 4,816[46] കണക്ഷനുകളാണ് ഡബ്ല്യുടിപി നവീകരണത്തിനു ശേഷം സ്ഥാപിക്കേണ്ടിയിരുന്നതെങ്കിലും നവീകരണത്തിന്റെ ഭാഗമായി ചെയ്ത ഒരേയൊരു പണി, നാലു ഫിൽറ്റർ ബെഡ്ഡുകളിൽ ഒരെണ്ണം പൊളിച്ചുകളയുക എന്നതായിരുന്നു, ഇതാകട്ടെ, നാളിതുവരെ പുനഃസ്ഥാപിക്കപ്പെട്ടിട്ടുമില്ല (2024 ഒക്ടോബർ). ഡബ്ല്യുടിപിയുടെ നവീകരണവുമായി ബന്ധപ്പെട്ട ഒരു ജോലിയും ഏറ്റെടുക്കാതെ രണ്ടു ജിപികളിലുമായി കരാറുകാരൻ 5,286 കണക്ഷനുകൾ[47] നൽകുകയുണ്ടായി.

- ജലബഹിർഗമന വിശദാംശങ്ങളുടെ സൂക്ഷ്മപരിശോധനയിൽ, സ്ഥാപിതശേഷി 16 എംഎൽഡി ഉള്ള ഇളമ്പൽ ഡബ്ല്യുടിപിയിൽ സംസ്കരിക്കപ്പെട്ട ജലത്തിന്റെ ശരാശരി ഉല്പാദനം ഒമ്പത് എംഎൽഡി[48] ആയിരുന്നെന്ന് ശ്രദ്ധിക്കപ്പെട്ടു. ഇത് സ്ഥാപിതശേഷിയിൽ 44 ശതമാനത്തിന്റെ കുറവ് സൂചിപ്പിച്ചു. ജിപികളിലെ വാൽവ് പ്രവർത്തന ഷെഡ്യൂളിലെ രേഖപ്പെടുത്തലുകൾ, ആഴ്ചയിലൊരിക്കൽ മാത്രമേ ജലം വിതരണം ചെയ്യപ്പെടുന്നുള്ളൂ എന്ന് സ്ഥിരീകരിച്ചു. ഇത്, ഡബ്ല്യുടിപിയുടെ സുപ്രധാന ഘടകങ്ങളായ ക്ലാരിഫയർ, ഫ്ലാഷ് മിക്സർ, ഫ്ലോക്കുലേറ്റർ, റാപ്പിഡ് സാൻഡ് ഫിൽറ്റർ,

[46] കുണ്ടറയയിൽ 1,916 ഉം പേരയത്ത് 2,900 ഉം
[47] കുണ്ടറയിൽ 2,526 ഉം പേരയത്ത് 2,760 ഉം
[48] പ്രതിദിനം ദശലക്ഷം ലിറ്റർ

എയർ കംപ്രസ്സർ മുതലായവയുടെ പ്രവർത്തനരാഹിത്യം മൂലമായിരുന്നു.

- തിരുവനന്തപുരം ജലഗുണനിലവാരവിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ ടെസ്റ്റ് റിപ്പോർട്ട് (2024 ജൂൺ) പ്രകാരം വെള്ളത്തിന്റെ നിറവും കലങ്ങലും അനുവദനീയ പരിധികൾക്ക് മുകളിലായിരുന്നു. സാമ്പിളിൽ കോളിഫോം ബാക്ടീരിയയുടെയും ഇ-കോളിഫോം ബാക്ടീരിയയുടെയും സാന്നിദ്ധ്യമുണ്ടായിരുന്നു.

മുകളിലെ ഖണ്ഡികകളിൽ പ്രസ്താവിച്ചതുപോലെയുള്ള ഉറവിട അപര്യാപ്തതകൾ, ഉപഭോഗത്തിനുള്ള, ഗുണമേന്മയുള്ള ജലത്തിന്റെ തടസ്സരഹിതമായ വിതരണത്തിന് വിഘാതമാകുമായിരുന്നതിനാൽ, അവയ്ക്ക് മുൻഗണന കൊടുത്ത് പരിഹരിക്കേണ്ടത് ആവശ്യമായിരുന്നു.

കരാറുകാരന്റെ ഭാഗത്തു നിന്നുള്ള അലംഭാവം, ഡബ്ല്യുടിപിയുടെ നവീകരണ ജോലികൾക്കു കാലതാമസം വരുത്തിയെന്നും ഉചിതമായ നടപടിയെടുത്ത് അതു ഉടൻ പരിഹരിക്കുമെന്ന് ഉറപ്പുനൽകുന്നുവെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

### 4.7.2 കുഴൽക്കിണറുകൾ പ്രവർത്തനസജ്ജമാക്കാത്തതു മൂലം ജലവിതരണം മുടങ്ങിയത്

ജെജെഎം 2021-22-നു കീഴിൽ ചവറ-പന്മന ജലനിധി പദ്ധതിയിലേക്കുള്ള സിഡബ്ല്യുഎസ്എസ് ഒന്നാം ഘട്ട പ്രവൃത്തിയുടെ പരിധിയിൽ, ഉറവിട നവീകരണത്തിന്റെ ഭാഗമായി കെഡബ്ല്യുഎ പൂർത്തീകരിക്കേണ്ട ആറ് കുഴൽക്കിണറുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിരുന്നു. നിർദ്ദേശിക്കപ്പെട്ടിരുന്ന 2,864 കണക്ഷനുകളിൽ കെഡബ്ല്യുഎ 2,057 എണ്ണം നൽകുകയും (2024 മാർച്ച്) എഫ്എച്ച്ടിസികൾ ലഭിക്കാത്ത ഗുണഭോക്താക്കളുടെ പട്ടിക നൽകാൻ പന്മന ജിപിയോട് അഭ്യർത്ഥിക്കുകയും ചെയ്തു. ജിപി, ടി പട്ടിക, കെഡബ്ല്യുഎയ്ക്ക് ലഭ്യമാക്കിയില്ല. പദ്ധതിയുടെ പ്രവർത്തന പരിപാലന പ്രവൃത്തി ഏറ്റെടുക്കാൻ പറ്റിയ ഒരു സ്ഥിതിയിലല്ല തങ്ങളെന്ന് കെഡബ്ല്യുഎ, ജിപിയുടെ സെക്രട്ടറിയെ അറിയിക്കുകയും (2024 ജൂലൈ) കുഴൽക്കിണറുകൾ ഏറ്റെടുത്തു കൊണ്ട് പദ്ധതി പ്രവർത്തനസജ്ജമാക്കാൻ ജിപിയോട് അഭ്യർത്ഥിക്കുകയും ചെയ്തു. 2014 ജനുവരി മുതൽ 2025 ഫെബ്രുവരി വരെയുള്ള കാലയളവിൽ ₹884.11 ലക്ഷം വരുന്ന ബൾക്ക് മീറ്റർ ചാർജിന്റെ കുടിശ്ശികത്തുകകൾ, ജിപി, കെഡബ്ല്യുഎയിൽ അടയ്ക്കാനുണ്ടായിരുന്നു. ഇതിന് ജിപി നിരന്തരമായി വിമുഖത പ്രകടിപ്പിച്ചതിനാൽ, പദ്ധതിയുടെ പ്രവർത്തന പരിപാലനം ഏറ്റെടുക്കാൻ കെഡബ്ല്യുഎ തയ്യാറായില്ല. അങ്ങനെ, പദ്ധതി പ്രവർത്തന രഹിതമായി തുടരുകയും ₹278.90 ലക്ഷത്തിന്റെ നിഷ്ഫലമായ ചെലവിൽ കലാശിക്കുകയും ചെയ്തു.

ഗുണഭോക്തൃ സർവ്വേയിൽ പങ്കെടുത്ത 22 ഗുണഭോക്താക്കളിൽ 17 പേർ, തങ്ങൾക്ക് ലഭിച്ച ജെജെഎം ടാപ്പ് കണക്ഷനുകളിലൂടെ വെള്ളം ലഭിക്കുന്നില്ലെന്ന് അറിയിച്ചു.

ജിപികളിലെ ജലവിതരണം എസ്എൽഇസി / ജിപി ആണ് നിർവ്വഹിച്ചതെന്നും ജലദൗർലഭ്യമുള്ള പ്രദേശങ്ങൾക്കുവേണ്ടി, ജിപിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് കുഴൽക്കിണറുകൾ

നിർമ്മിക്കപ്പെട്ടതെന്നും സർക്കാർ മറുപടി നൽകി (2025 ജൂൺ). പന്മന ജിപിയിലെ ജലവിതരണത്തിന്റെ പ്രവർത്തന പരിപാലനത്തിൽ കെഡബ്ല്യുഎയ്ക്ക് ഒരു പങ്കുമില്ലെന്നും പ്രസ്താവിക്കപ്പെട്ടു. തദ്ദേശസ്വയംഭരണവകുപ്പിൽ നിന്നും നാളിതുവരെ യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ല (2025 ജൂൺ).

## 4.8 ജലവിതരണത്തിലെ ഗുണമേന്മയിലെ പ്രശ്നങ്ങൾ

### 4.8.1 ഫ്ളൂറൈഡ് ബാധിത അധിവാസ കേന്ദ്രങ്ങളിലെ പ്രവർത്തനരഹിതമായ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ

ഗുണനിലവാരം കുറഞ്ഞ, വിശേഷിച്ച് ആർസെനിക്-ഫ്ളൂറൈഡ് എന്നീ മലിനീകരണവസ്തുക്കൾ കലർന്ന, വെള്ളം കിട്ടുന്ന അധിവാസ കേന്ദ്രങ്ങളിൽ പാനയോഗ്യമായ ശുദ്ധജലം മുൻഗണനാടിസ്ഥാനത്തിൽ ഉറപ്പാക്കണമെന്ന് ജെജെഎമ്മിന്റെ പ്രവർത്തന മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഒരിടക്കാല നടപടി എന്ന നിലയിൽ, അത്തരം ഗ്രാമങ്ങളിൽ/ അധിവാസകേന്ദ്രങ്ങളിൽ താമസിക്കുന്ന ഓരോ വീട്ടുകാരുടെയും കുടിവെള്ള-പാചക ആവശ്യങ്ങൾ നിറവേറ്റുന്നതിന് 2021 മാർച്ച് മാസത്തോടെ, 8-10 എൽപിസിഡി ശുദ്ധജലം ലഭ്യമാക്കുന്നതിന് സമൂഹ ജലശുദ്ധീകരണ പ്ലാന്റുകൾ (സിഡബ്ല്യുപിപി) സ്ഥാപിക്കണമെന്നു തീരുമാനിക്കപ്പെട്ടു.

**പട്ടിക 4.8**-ൽ കാണിച്ചിരിക്കുന്നതുപോലെ, പാലക്കാട് ജില്ലയിലെ ഫ്ളൂറൈഡ് ബാധിത അധിവാസകേന്ദ്രങ്ങളിൽ സിഡബ്ല്യുപിപി സ്ഥാപിക്കുന്നതിനായി ₹284.77 ലക്ഷം നീക്കി വയ്ക്കപ്പെട്ടു:

**പട്ടിക 4.8: പരിശോധന നടത്തിയ ജിപികളിൽ സിഡബ്ല്യുപിപിയ്ക്കായി വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ**

| ഗ്രാമപഞ്ചായത്ത് | സിഡബ്ല്യുപിപിയ്ക്ക് നീക്കിവച്ച തുക (₹ ലക്ഷത്തിൽ) |
|---|---|
| അഗളി | 52.77 |
| തൃക്കടീരി | 89.00 |
| മുണ്ടൂർ | 128.00 |
| കിഴക്കഞ്ചേരി | 15.00 |
| **ആകെ** | **284.77** |

*(ഉറവിടം: കേരള സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതികൾ)*

പരിശോധന നടത്തിയ അഗളി ഗ്രാമപഞ്ചായത്തിലെ മൂന്നു സ്കൂളുകളിൽ, ദേശീയ ഫ്ളൂറോസിസ് നിവാരണ നിയന്ത്രണ പരിപാടിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ (2023-24), പരിശോധിച്ച 369 സാമ്പിളുകളിൽ 37 എണ്ണത്തിൽ ഫ്ലൂറോസിസ് സ്ഥിരീകരിക്കപ്പെട്ടു എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. പാലക്കാട് ജില്ലയിലുടനീളം പരിശോധനാവിധേയമായ 3,600 സാമ്പിളുകളിൽ 1,280 എണ്ണത്തിൽ (35 ശതമാനം) ഡെന്റൽ ഫ്ലൂറോസിസ് സ്ഥിരീകരിക്കപ്പെട്ടു. ഇത് അടിയന്തിര പരിഹാര നടപടികൾക്കുള്ള ആവശ്യകത ചൂണ്ടിക്കാട്ടുന്നു. ഇതു സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ, പാലക്കാട്ടെ ഫ്ലൂറൈഡ്-ബാധിത പ്രദേശങ്ങളുടെ വിശദാംശങ്ങൾ, കെഡബ്ല്യുഎയിൽ നിന്നും ജിപികളിൽ[49] നിന്നും തേടുകയും (2023 ജനുവരി) ശാസ്ത്രീയമായ രീതിയിൽ ഈ പ്രശ്നത്തിനുള്ള പരിഹാരം കണ്ടെത്താൻ

[49] ഓഡിറ്റ് പരിശോധന നടത്തിയ ഷോളയൂർ, കൊല്ലങ്കോട് ജിപികളും ഇതിൽ ഉൾപ്പെട്ടിരുന്നു

തദ്ദേശസ്ഥാപനങ്ങളോട് ആവശ്യപ്പെടുകയും ചെയ്തു (2024 മാർച്ച്). എന്നാൽ, ഈ ആരോഗ്യവിപത്ത് തടയാനുള്ള എന്തെങ്കിലും ഫലപ്രദമായ പരിഹാര നടപടി കെഡബ്ല്യുഎ / ജിപികൾ എടുത്തതായി ഓഡിറ്റിനു കണ്ടെത്താൻ കഴിഞ്ഞില്ല.

പരിശോധന നടത്തിയ അഗളി ജിപിയിൽ ₹47.01 ലക്ഷം ചെലവാക്കി അഞ്ച്[50] റിവേഴ്സ് ഓസ്മോസിസ് (ആർഒ) പ്ലാന്റുകൾ[51] സ്ഥാപിക്കപ്പെട്ടതായി (2021 ജൂൺ) സർക്കാർ മറുപടി നൽകി (2025 ജൂൺ). എന്നാൽ, പിന്നീട് പാലക്കാട് ജില്ലയിലെ കെഡബ്ല്യുഎ മണ്ണാർക്കാട് സെക്ഷനിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ (2025 ജൂൺ), **ചിത്രം 4.2**-ൽ കാണിച്ചിരിക്കുന്നതുപോലെ സ്ഥാപിക്കപ്പെട്ട ഈ അഞ്ച് ആർഒ പ്ലാന്റുകളും പ്രവർത്തനരഹിതമായി ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലായിരുന്നെന്ന് വെളിപ്പെട്ടു.




*ചിത്രം 4.2 അഗളി ജിപിയിലെ പ്രവർത്തനരഹിതമായ ആർഒ പ്ലാന്റ്.*
*2025 ജൂൺ 20-ന് ഓഡിറ്റ് പാർട്ടി എടുത്ത ഫോട്ടോ*

അങ്ങനെ ആർഒ പ്ലാൻറുകൾക്കായി ചെലവഴിച്ച തുക നിഷ്ഫലമായിത്തീരുകയും ഇത് പ്രദേശവാസികൾക്ക് സുരക്ഷിതമായ കുടിവെള്ളം ലഭിക്കാത്തതിന് കാരണമാകുകയും ചെയ്തു.

### 4.8.2 ശുദ്ധമായ കുടിവെള്ളം കിട്ടാത്ത പ്രദേശങ്ങളിൽ സമൂഹ ജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാത്തത്

കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ (സിജിഡബ്ല്യുബി) റിപ്പോർട്ട് ഭൂഗർഭജലത്തിൽ ആറ് നിർണ്ണായകഘടകങ്ങളുടെ[52] സാന്നിദ്ധ്യം രേഖപ്പെടുത്തുകയും കുടിക്കാനും പാചകം ചെയ്യാനുമുള്ള ആവശ്യത്തിലേക്കായി 8-10 എൽപിസിഡി പാനയോഗ്യമായ ജലം ലഭ്യമാക്കാനുള്ള സത്വര ആശ്വാസ നടപടി എന്ന നിലയിൽ സിഡബ്ല്യുപിപി സ്ഥാപിക്കാൻ ശിപാർശ ചെയ്യുകയും ചെയ്തു. 2019 ഏപ്രിൽ 01 മുതലുള്ള ഗുണമേന്മ കുറഞ്ഞ ശുദ്ധജലം ലഭ്യമായ അധിവാസകേന്ദ്രങ്ങൾ സംബന്ധിച്ച ജെജെഎം ഡബ്ല്യുക്യുഎംഐഎസ് ഡാറ്റയിൽ, കൊല്ലം ജില്ലയിലെ

[50] കല്ലുമല കോളനിയിൽ മൂന്നു പ്ലാന്റുകൾ, കാവുണ്ടിക്കൽ കോളനിയിൽ ഒരെണ്ണം, താവളം കോളനിയിൽ ഒരെണ്ണം.

[51] ബാധിത മേഖലകളിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ ഉൾപ്പെടെ സിഡബ്ല്യുപിപി സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു.

[52] ആർസെനിക്, ക്ലോറൈഡ്, ഫ്ളൂറൈഡ്, ഇരുമ്പ്, നൈട്രേറ്റ്, ലവണത

മൺറോതുരുത്ത് ജിപിയിലെ നെന്മേനിയെ, ശുദ്ധജല ദൗർലഭ്യ-ബാധിതമായ ഒരു അധിവാസ കേന്ദ്രമായി നിർണ്ണയിച്ചിരുന്നു.

മൺറോതുരുത്ത് ജിപിയിലെ നെന്മേനി വാർഡിൽ നിന്നെടുത്ത സാമ്പിളുകളിൽ കെഡബ്ല്യുഎ (2025 ഏപ്രിൽ) ഏറ്റവും ഒടുവിലായി നടത്തിയ പരിശോധനകളിൽ, ഇരുമ്പിന്റെ ഉയർന്ന അളവിലുള്ള രാസമലിനീകരണം കണ്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, സത്വരമായ ഒരു ആശ്വാസ നടപടി എന്ന നിലയിൽ പോലും ടി അധിവാസകേന്ദ്രത്തിന് സിഡബ്ല്യുപിപി ലഭ്യമാക്കിയിട്ടില്ല. ജലത്തിന്റെ ഗുണനിലവാര പ്രശ്നങ്ങളും പരിഹാരനടപടികളുടെ അഭാവവും ശ്രദ്ധയിൽപ്പെടുത്തിയിട്ടും, ജിപി പാസാക്കിയ പ്രമേയപ്രകാരം, 2022 ഒക്ടോബറിൽ മൺറോതുരുത്ത് ജിപി 'ഹർ ഘർ ജൽ' പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടു എന്നത് ശ്രദ്ധേയമാണ്.

ഓഡിറ്റ് നടത്തിയ ഫോക്കസ് ഗ്രൂപ്പ് യോഗത്തിൽ (2024 നവംബർ), ഈ പ്രശ്നം പരിഹരിക്കുന്നതിന് കെഡബ്ല്യുഎ ഒരു നടപടിയും എടുത്തിട്ടില്ലെന്നും തദ്ദേശവാസികൾ കുപ്പിവെള്ളമാണ് ഉപയോഗിക്കുന്നതെന്നും ജിപി പ്രസ്താവിച്ചു. ജലഗുണമേന്മാ പ്രശ്നങ്ങൾക്കുള്ള സ്ഥിരമായ ഒരു പരിഹാരം എന്ന നിലയിൽ ഡബ്ല്യുടിപിയോടു കൂടിയ ഒരു എംവിഎസ്[53] നടപ്പിലാക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി കെഡബ്ല്യുഎ അസിസ്റ്റന്റ് എൻജിനീയർ, സിഡബ്ല്യുപിപി ലഭ്യമാക്കാത്തതിനെ ന്യായീകരിച്ചു. എന്നാൽ, മുകളിൽപ്പറഞ്ഞ ഡബ്ല്യുഎസ്എസിന്റെ 16 പാക്കേജുകളിൽ നാലെണ്ണം മാത്രമേ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളൂ എന്നും, ഒമ്പതു പാക്കേജുകളിലെ പ്രവൃത്തികൾ ആരംഭിക്കുക പോലുമുണ്ടായിട്ടില്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ പദ്ധതിയിൽ നിന്ന് ശുദ്ധജലദൗർലഭ്യ ബാധിത പ്രദേശങ്ങളിലേക്ക് സംസ്കരിക്കപ്പെട്ട ജലത്തിന്റെ വിതരണം സമീപഭാവിയിൽ ഒരു വിദൂരസാധ്യത മാത്രമായതിനാൽ, സിഡബ്ല്യുപിപി പോലെയുള്ള സത്വര ആശ്വാസ നടപടി ആയിരുന്നു കാലഘട്ടത്തിന്റെ ആവശ്യം.

വിതരണം ചെയ്യപ്പെട്ട ജലം, അഭിലഷണീയമായ ഗുണമേന്മാ ഘടകങ്ങൾക്ക് അനുസൃതമായിരുന്നു എന്ന് അടുത്തിടെ നടത്തിയ സാമ്പിൾ പരിശോധനകളുടെ ഫലം സ്ഥിരീകരിച്ചുവെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). എന്നാൽ, ഈ അവകാശവാദത്തെ പിന്തുണയ്ക്കുന്ന ഒരു രേഖയും ഓഡിറ്റ് മുമ്പാകെ ലഭ്യമാക്കിയില്ല. കൂടാതെ, ഓഡിറ്റിന്റെ അഭ്യർത്ഥനയിന്മേൽ 2025 മാർച്ച് 28-ന് നെന്മേനി വാർഡിൽ നിന്ന് കൊല്ലം ക്യുസിഡിഎല്ലിൽ പരിശോധന നടത്തിയ സാമ്പിളുകളിൽ, ഖണ്ഡിക 5.3-ൽ വിവരിച്ചതുപോലെ, അനുവദനീയ പരിധിയിൽ കവിഞ്ഞ, 1.28 മി. ഗ്രാം/ ലിറ്റർ എന്ന അളവിൽ, ഉയർന്ന ഇരുമ്പിന്റെ അംശം അടങ്ങിയിട്ടുള്ളതായി കണ്ടെത്തി.

### 4.9 മുൻഗണനാമേഖലകളിൽ പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കാത്തത്

ജല ഗുണമേന്മാ ബാധിത പ്രദേശങ്ങൾ, ജപ്പാൻ മസ്തിഷ്ക്കജ്വരം / അഡ്വാൻസ്ഡ് എൻസെഫലൈറ്റിസ് സിൻഡ്രോം (ജെഇ-എഇഎസ്) ബാധിത പ്രദേശങ്ങൾ, മരുഭൂമി വികസന പരിപാടി (ഡിഡിപി) മേഖലകൾ, വരൾച്ചാസാധ്യതമേഖലാ പരിപാടി (ഡിപിഎപി)

[53] പെരിനാട്, പനയം, തൃക്കരുവ, മൺറോതുരുത്ത് എന്നിവിടങ്ങളിലേക്കുള്ള ഡബ്ല്യുഎസ്എസ്

പ്രദേശങ്ങൾ, ആസ്പിരേഷണൽ ജില്ലകൾ, സൻസദ് ആദർശ് ഗ്രാം യോജന ഗ്രാമങ്ങൾ (എസ്എജിവൈ) എന്നിവിടങ്ങളിൽ 2021 മാർച്ചോടെ എഫ്എച്ച്ടിസികൾ ലഭ്യമാക്കണമെന്ന് ജെജെഎം മാർഗ്ഗരേഖകൾ നിർദ്ദേശിച്ചു. എന്നാൽ, **പട്ടിക 4.9**-ൽ കാണിച്ചിരിക്കുന്നതുപോലെ, പരിശോധനാവിധേയമായ ജില്ലകളിലെ മുൻഗണനാ മേഖലകളിലും സംസ്ഥാനത്തെ ഒരേയൊരു ആസ്പിരേഷണൽ ജില്ലയിലും നാളിതുവരെ (2025 മാർച്ച്) 100 ശതമാനം എഫ്എച്ച്ടിസികൾ ലഭ്യമാക്കിയിരുന്നില്ല എന്നു കാണുകയുണ്ടായി:

**പട്ടിക 4.9: മുൻഗണനാ മേഖലകളിലെ എഫ്എച്ച്ടിസികളുടെ വിശദാംശങ്ങൾ**

| മുൻഗണനയുടെ വിശദാംശങ്ങൾ | ജില്ല | പഞ്ചായത്ത്/ അധിവാസകേന്ദ്രങ്ങളുടെ എണ്ണം | ആകെ വീടുകളുടെ എണ്ണം | നൽകിയ എഫ്എച്ച്ടിസികളുടെ എണ്ണം | പൂർത്തീകരണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| ആസ്പിരേഷണൽ ജില്ല | വയനാട് | 23 (പഞ്ചായത്ത്) | 1,91,308 | 72,158 | 37.72 |
| ജല ഗുണനിലവാരം കുറഞ്ഞ മേഖലകൾ | പാലക്കാട് | 2 (അധിവാസകേന്ദ്രം) | 768 | 689 | 89.71 |
| | കോഴിക്കോട് | 15 (അധിവാസകേന്ദ്രം) | 6,452 | 786 | 12.18 |
| എസ്എജിവൈ | പാലക്കാട് | 3 (പഞ്ചായത്ത്) | 19,406 | 8,073 | 41.60 |
| | കൊല്ലം | 3 (പഞ്ചായത്ത്) | 31,736 | 20,606 | 64.93 |

*(ഉറവിടം: 2025 മാർച്ച് 21-ലെ ജെജെഎം ഐഎംഐഎസ് ഡാറ്റ)*

അങ്ങനെ, ജെജെഎമ്മിന്റെ ഒരു നിർണ്ണായക സംവിധാനം, അതായത് ജല ഗുണമേന്മാ ബാധിത മേഖലകൾ/ ആസ്പിരേഷണൽ ജില്ല/എസ്എജിവൈ ഗ്രാമങ്ങൾ മുതലായവയിൽ എഫ്എച്ച്ടിസികൾ മുൻഗണനാക്രമത്തിൽ നൽകുന്നത്, നിറവേറ്റപ്പെട്ടില്ല.

പദ്ധതികളിൽ ഭൂരിഭാഗവും എംവിഎസ് ആയിരുന്നതിനാൽ, മുൻഗണനാമേഖലകൾ അധികവും വ്യത്യസ്ത ജിപികളിലായി വിന്യസിക്കപ്പെടുന്നതു കൊണ്ട് അവയെ വേർതിരിക്കുന്നത് സാധ്യമായിരുന്നില്ല എന്ന് കേരള സർക്കാർ മറുപടി നൽകി (2025 ജൂൺ). ഡബ്ല്യുടിപികൾ പ്രവർത്തനക്ഷമമായിക്കഴിഞ്ഞാൽ, അവശേഷിക്കുന്ന എഫ്എച്ച്ടിസികൾ നൽകപ്പെടും എന്നും പ്രസ്താവിക്കപ്പെട്ടു.

ഇത്, മുൻഗണന കൊടുക്കേണ്ട മേഖലകളിൽ എഫ്എച്ച്ടിസികൾ ലഭ്യമാക്കുന്നതിനു നൽകിയ കുറഞ്ഞ പ്രാധാന്യത്തെ പ്രതിഫലിപ്പിക്കുന്നതിനാൽ ഈ മറുപടി നീതികരിക്കാവുന്നതല്ല. സംസ്ഥാനത്തെ ജെജെഎം നടപ്പാക്കുന്നതിലെ ഏറ്റവും കുറഞ്ഞ (38 ശതമാനം) നിർവ്വഹണ പ്രകടനങ്ങളിലൊന്നായിരുന്നു ഒരേയൊരു ആസ്പിരേഷണൽ ജില്ലയായ വയനാടിന്റേത്. കൂടാതെ, പാലക്കാട് ജില്ലയിൽ പരിശോധന നടത്തിയ ജിപികളിൽപ്പെട്ട എസ്എജിവൈ ജിപികൾക്ക്, അതായത്, അഗളി, പുതൂർ, ഷോളയൂർ എന്നിവയ്ക്ക്, അഗളിയിലേക്കും സമീപപ്രദേശത്തെ ജിപികളിലേക്കുമുള്ള ഡബ്ല്യുഎസ്എസ് എന്ന ഒരൊറ്റ പദ്ധതി മാത്രമാണുണ്ടായിരുന്നത്. ആ പദ്ധതിയുടെ ഭൗതിക നേട്ടമാകട്ടെ, 2024 നവംബർ 01 വരെ വെറും 18.33 ശതമാനം ആയിരുന്നു. മൂന്ന് പ്രസ്തുത ജിപികൾക്കും പദ്ധതിയുടെ കീഴിൽ നാളിതുവരെ ഒരൊറ്റ എഫ്എച്ച്ടിസി പോലും നൽകിയിട്ടില്ല.

## 4.10 ക്യു & ക്യു ബ്ലോക്കുകളിൽ എസ്‌വിഎസുകൾ ഏറ്റെടുക്കുന്നതിലെ വീഴ്ച

സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ് ഭൂഗർഭജലം. കേരളത്തിലെ ഗ്രാമീണഭവനങ്ങൾ തങ്ങളുടെ കുടിവെള്ള ആവശ്യങ്ങൾക്ക് കിണറുകളെ ആശ്രയിക്കുന്നു.

നിർദ്ദിഷ്ട ഗുണനിലവാരമുള്ള ഭൂഗർഭജലം മതിയായ അളവിൽ ലഭ്യമായ ക്വാണ്ടിറ്റി ആന്റ് ക്വാളിറ്റി ബ്ലോക്കുകളുടെ (ക്യു & ക്യു ബ്ലോക്ക്) ഒരു പട്ടിക, കേന്ദ്രഭൂഗർഭജല ബോർഡ് (സിജിഡബ്ല്യുബി) തിരിച്ചറിഞ്ഞിട്ടുണ്ട്. അളവിലും ഗുണമേന്മയിലും ഭൂഗർഭജലം/ ഉപരിതല ജലം/ നീരുറവജലം ലഭ്യമായിരുന്ന ഗ്രാമങ്ങളിൽ, പ്രസ്തുത സ്രോതസ്സുകളെ അടിസ്ഥാനമാക്കി, എസ്‌വിഎസ് ഏറ്റെടുക്കാൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം ലഭിച്ചിരുന്നു. ക്യു & ക്യു ബ്ലോക്കുകളുടെ വിഭാഗത്തിൽപ്പെടാത്ത ബ്ലോക്കുകളിൽ എംവിഎസ് ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടു. സംസ്ഥാനത്തെ **14** ജില്ലകളിലായുള്ള **152** ബ്ലോക്കുകളിൽ മൂന്നെണ്ണം 'നിർണ്ണായകം' എന്നും **27** ബ്ലോക്കുകൾ 'അർദ്ധ നിർണ്ണായകം' എന്നും ശേഷിക്കുന്ന **122** എണ്ണം 'സുരക്ഷിതം' എന്നും വിഭാഗീകരിക്കപ്പെട്ടു.

പരിശോധിച്ച **21** ജിപികളിൽ, നാല്[54] സുരക്ഷിത ക്യു & ക്യു ബ്ലോക്കുകളിലായി സ്ഥിതിചെയ്യുന്ന **15** ജിപികളിൽ ഒരൊറ്റ എസ്‌വിഎസ് പോലും നടപ്പാക്കിയില്ലെന്ന് നിരീക്ഷിക്കപ്പെട്ടു. ഈ ജിപികളിൽ, കെഡബ്ല്യുഎ എംവിഎസ് ഏറ്റെടുക്കുകയും, ഘടകഭാഗങ്ങളുടെ പൂർത്തീകരണത്തിലെ കാലതാമസം മൂലം ഇവ പ്രവർത്തനരഹിതമായി നിലകൊള്ളുകയും ചെയ്തു. പരിശോധിച്ച എട്ട് ജിപികൾ[55] ഉൾപ്പെട്ട, കൊല്ലം ജില്ലയിലെ ചിറ്റുമല, ചവറ എന്നീ രണ്ട് സുരക്ഷിത ക്യു & ക്യു ബ്ലോക്കുകളിൽ നടപ്പാക്കിയിരുന്ന എംവിഎസിന് ആവശ്യമായ ജലം എടുത്തിരുന്നത്, യഥാക്രമം, കല്ലടയാറ്റിൽ നിന്നും ശാസ്താംകോട്ട തടാകത്തിൽ നിന്നും ആയിരുന്നു. അമിതചൂഷണം മൂലം ഈ രണ്ട് ജലസ്രോതസ്സുകളും ജലശോഷണം എന്ന ഭീഷണി നേരിടുകയായിരുന്നു.

സമഗ്രമായ ഒരു പദ്ധതി നേരത്തേ നിലനിന്നിരുന്നതോ, പുതുതായി രൂപകല്പന ചെയ്യപ്പെട്ട ഒരു എംവിഎസിന്റെ ഭാഗമായിരുന്നതോ ആയ ചെറിയൊരു ഭൂപ്രദേശമാകാം ക്യു & ക്യു ബ്ലോക്കുകൾ എന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (**2025** ജൂൺ). അത്തരം സാഹചര്യങ്ങളിൽ, എംവിഎസിൽ നിന്ന് ആ പ്രദേശത്തേക്ക് ലൈൻ എക്സ്റ്റൻഷൻ നൽകുന്നത് ചെലവു കുറവുള്ളതും സുസ്ഥിരവുമായിരിക്കും. എന്നാൽ, എസ്‌വിഎസ് നടപ്പാക്കാൻ കഴിയുമായിരുന്ന ക്യു & ക്യു ബ്ലോക്കുകളിൽ ഉൾപ്പെട്ടതായിരുന്നെങ്കിലും, കല്ലടയാറ്റിനെ ജലസ്രോതസ്സായി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പരിശോധിച്ച ജിപികളിൽ (പനയം, മൺറോതുരുത്ത്) പുതിയ പദ്ധതികൾ നടപ്പാക്കിയത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

കൂടാതെ, ഭൂഗർഭജലസ്രോതസ്സുകൾ, ജൈവമലിനീകരണത്തിന് എളുപ്പം വിധേയമാകുന്നവയാണെന്നും എസ്‌വിഎസിനുള്ള പ്രവർത്തന പരിപാലന ചെലവുകൾ ഉയർന്നതാണെന്നും പ്രസ്താവിക്കപ്പെട്ടു.

[54] ചവറ, ചിറ്റുമല, അട്ടപ്പാടി, മേലടി

[55] ചവറ, നീണ്ടകര, പന്മന, തേവലക്കര, കുണ്ടറ, മൺറോതുരുത്ത്, പനയം, പേരയം

എന്നാൽ, ഇതു സംബന്ധിച്ച് എന്തെങ്കിലും സാധ്യതാ പഠനങ്ങൾ നടത്തിയതായുള്ള റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റിനു കണ്ടെത്താനായില്ല. പുതിയ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ എസ്‌വിഎസിനെ പരിഗണിക്കുന്നതായ തെളിവുകളൊന്നും ഡിഡബ്ല്യുഎസ്എം, എസ്ഡബ്ല്യുഎസ്എം, സ്രോതസ്സ് കണ്ടെത്തൽ സമിതി എന്നിവയുടെ മിനിറ്റ്സിൽ ഉൾപ്പെടുത്തിയിരുന്നില്ല. എസ്‌വിഎസിന്റെയും എംവിഎസിന്റെയും എഫ്എച്ച്ടിസികൾക്കായി ഓരോ വീടിനും വേണ്ടി വരുന്ന ചെലവുകൾ ഓഡിറ്റ് താരതമ്യം ചെയ്യുകയും, എസ്‌വിഎസിൽ എഫ്എച്ച്ടിസികൾ നൽകുന്നതിനുള്ള ചെലവ് എംവിഎസിലേതിനേക്കാൾ കുറവാണെന്നു കണ്ടെത്തുകയും ചെയ്തു.

## 4.11 നിശ്ചിത സ്ഥാനങ്ങളിൽ ടാപ്പ് കണക്ഷനുകൾ നൽകാതിരുന്നത്

വെള്ളം വൃത്തിയോടെ സൂക്ഷിക്കാനും ദുരുപയോഗം തടയാനും അടുക്കള, നനയ്ക്കാനും കുളിക്കാനുമുള്ള സ്ഥലം, ടോയ്‌ലെറ്റ് എന്നീ മൂന്ന് ഡെലിവറി പോയിന്റുകളോടെ (ടാപ്പ്), ഓരോ ഭവനത്തിലും നൽകുന്ന എഫ്എച്ച്ടിസികൾ ആസൂത്രണം ചെയ്യാവുന്നതാണെന്ന് ജെജെഎം മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.5 (ii)-ൽ പ്രസ്താവിച്ചിരുന്നു. തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്തുകളിലെ വീടുകളിൽ നൽകിയ ടാപ്പ് കണക്ഷനുകൾ, ഓഡിറ്റ് പപരിശോധിച്ചപ്പോൾ കണ്ടെത്തിയ വിശദാംശങ്ങൾ **പട്ടിക 4.10**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 4.10: പരിശോധിച്ച ബ്ലോക്ക് പഞ്ചായത്തുകളിൽ നൽകിയ ടാപ്പ് കണക്ഷനുകളുടെ വിശദാംശങ്ങൾ**

| ജില്ലയുടെ പേര് | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ഓഡിറ്റ് ഭൗതിക പരിശോധന നടത്തിയ ഭവനങ്ങളുടെ എണ്ണം | നിശ്ചിത സ്ഥാനങ്ങളിൽ ടാപ്പ് കണക്ഷനുകൾ നൽകിയിട്ടില്ലാത്ത ഭവനങ്ങളുടെ എണ്ണം | നിശ്ചിത സ്ഥാനങ്ങളിൽ നൽകിയിട്ടുള്ള ടാപ്പ് കണക്ഷനുകളുടെ ശതമാനം |
|---|---|---|---|---|
| കൊല്ലം | ചിറ്റുമല | 85 | 85 | 0 |
| കൊല്ലം | ചവറ | 90 | 89 | 1 |
| പാലക്കാട് | കൊല്ലങ്കോട് | 97 | 97 | 0 |
| കോഴിക്കോട് | കോഴിക്കോട് | 50 | 50 | 0 |
| കോഴിക്കോട് | മേലടി | 20 | 20 | 0 |
| | **ആകെ** | **342** | **341** | **1** |

*(ഉറവിടം: ഓഡിറ്റ് നടത്തിയ ഗുണഭോക്തൃ സർവ്വേ)*

ഗുണഭോക്തൃ സർവ്വേ പ്രകാരം, നിർദ്ദിഷ്ട സ്ഥലങ്ങളിലല്ല, മറിച്ച് ഗുണഭോക്താക്കളുടെ വീടുകൾക്കു പുറത്താണ് ടാപ്പ് കണക്ഷനുകൾ നൽകിയിരുന്നത്. നിശ്ചിതസ്ഥാനങ്ങളിൽ ടാപ്പ് കണക്ഷനുകൾ നൽകാതിരുന്നത് പദ്ധതിയുടെ മാർഗ്ഗരേഖകളിൽ നിന്നുള്ള ഒരു വ്യതിചലനമായിരുന്നു.

സ്വകാര്യവ്യക്തികളുടെ വസ്തുവിലൂടെ സർവ്വീസ് ലൈനുകൾ നീട്ടുന്നത് ഓരോ കണക്ഷന്റെ ചെലവിലും ജെജെഎമ്മിന്റെ ചെലവിലും വർദ്ധനയുണ്ടാക്കുമായിരുന്നു എന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2025 ജൂൺ). എസ്റ്റിമേറ്റുകളിൽ അധിക ദൈർഘ്യം പരിഗണിച്ചിരുന്നെങ്കിലും ഗ്രാമീണ ജനവിഭാഗങ്ങളുടെ, പ്രത്യേകിച്ചും സ്ത്രീകളുടെ, ജീവിതം അനായാസമാക്കുമായിരുന്ന രീതിയിൽ

പദ്ധതിപ്രകാരം നിശ്ചിത സ്ഥാനങ്ങളിൽ കെഡബ്ല്യുഎ എന്തുകൊണ്ട് എഫ്എച്ച്ടിസികൾ നൽകിയില്ല എന്നത് വ്യക്തമല്ലാത്തതിനാൽ സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല.

## 4.12 പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിൽ എസ്സി/എസ്ടി ഭൂരിപക്ഷമുള്ള മേഖലകളിൽ ശുദ്ധജലവിതരണത്തിന്റെ അഭാവം

ആദിവാസി മേഖലകളിലും വാഹനഗതാഗത യോഗ്യമായ റോഡ് വഴി എത്തിച്ചേരാൻ കഴിയാത്ത വന-മലമ്പ്രദേശങ്ങളിലും ഉള്ളവയുൾപ്പെടെ രാജ്യത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 ഓടെ, കുടിവെള്ളം ടാപ്പുകൾ വഴി വിതരണം ചെയ്യുക എന്നതായിരുന്നു ജെജെഎമ്മിന്റെ ലക്ഷ്യം. ഫണ്ട് വകയിരുത്തുമ്പോൾ, എസ്സി/എസ്ടി ഭൂരിപക്ഷമുള്ള മേഖലകളിൽ വസിക്കുന്ന ജനവിഭാഗങ്ങൾക്ക് 10 ശതമാനം വെയിറ്റേജ് നൽകിക്കൊണ്ട് ആ മേഖലകളെ മുൻഗണനാക്രമത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്താനായിരുന്നു ലക്ഷ്യമിട്ടത്. സംസ്ഥാനത്തെ എസ്സി/എസ്ടി മേഖലകളിൽ വസിക്കുന്ന 0.42 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 32 ശതമാനം വീടുകൾക്കു മാത്രമായിരുന്നു ടാപ്പുകൾ വഴിയുള്ള ജലവിതരണം ലഭ്യമായിരുന്നത്. ഈ പശ്ചാത്തലത്തിൽ, പരിശോധിച്ച ജില്ലകളിലെ എസ്സി/എസ്ടി ഭൂരിപക്ഷ മേഖലകളിലെ ശുദ്ധജല വിതരണത്തിലെ കുറവിന്റെ പരിധി, ഓഡിറ്റ് വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ, **പട്ടിക 4.11**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 4.11: എസ്സി/എസ്ടി ഭൂരിപക്ഷമുള്ള അധിവാസകേന്ദ്രങ്ങളിലെ കുടിവെള്ള വിതരണത്തിന്റെ സ്ഥിതി**

| ജില്ല | പരിശോധിച്ച ബിപി (ജിപികൾ) | കുടിവെള്ള വിതരണത്തിന്റെ സ്ഥിതി |
|---|---|---|
| **പാലക്കാട്** | അട്ടപ്പാടി (അഗളി, പുതൂർ,ഷോളയൂർ) | • മൂന്നു ജിപികളിലെ ജലവിതരണ പ്രതിസന്ധി മറികടക്കാൻ നടപ്പിലാക്കിയ ചെറു ജലവിതരണ പദ്ധതികൾ വിജയിക്കാത്തതിനാൽ കെഡബ്ല്യുഎ, അട്ടപ്പാടിക്കായി സമഗ്രമായ ഒരു ഡബ്ള്യുഎസ്എസ് വിഭാവനം ചെയ്തു (2022 മേയ്). ഫണ്ടുകളുടെ ദൗർലഭ്യവും പ്രവൃത്തി നിർവ്വഹണത്തിലെ കാലതാമസവും മൂലം 2023 ആഗസ്റ്റ് മുതൽ പദ്ധതി നടപ്പാക്കലിന്റെ വേഗത ഗണ്യമായി കുറഞ്ഞു. പരിശോധിച്ച മൂന്നു ജിപികളിൽ ജെജെഎമ്മിനു കീഴിൽ ഒരൊറ്റ എഫ്എച്ച്ടിസി പോലും നൽകിയിരുന്നില്ല.<br>• വളരെ ഉയർന്ന ഭൂപ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ, പുതൂരിലെ മുള്ളി വാർഡിൽ, ജലം ലഭ്യമാക്കാൻ കെഡബ്ല്യുഎയ്ക്ക് കഴിഞ്ഞില്ല. ഇത് മൂലം പ്രദേശവാസികളെ ജെജെഎമ്മിൽ ഉൾപ്പെടുത്തുകയുണ്ടായില്ല.<br>• അഗളി പഞ്ചായത്തിലെ കൊറത്തിപ്പാറ അധിവാസകേന്ദ്രത്തിന് ജലവിതരണലൈൻ ലഭ്യമാക്കാത്തതിനാൽ ജെജെഎമ്മിൽ നിന്നു തഴയപ്പെട്ടു. |
| **കോഴിക്കോട്** | മേലടി (കീഴരിയൂർ ജിപി) | • ജിപിയിലെ ഊരുകുന്ന് എസ്സി കോളനിയെ, ജിപിയെ അറിയിക്കാതെ, അന്തിമ ഘട്ടത്തിൽ ഒഴിവാക്കുകയുണ്ടായി. ഈ ഒഴിവാക്കൽ, പ്രതീക്ഷിതസേവന വിതരണത്തിൽ വിള്ളലുകൾ ഉണ്ടാക്കിയതായി അഭിപ്രായം ഉയർന്നു. |

*(ഉറവിടം: ഓഡിറ്റ് നടത്തിയ ഫോക്കസ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ്)*

അഗളി, പുതൂർ, ഷോളയൂർ ജിപികളിൽ ജെജെഎമ്മുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിക്കുകയാണെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2025 ജൂൺ). എന്നാൽ, 2023 ആഗസ്റ്റ് മുതൽ, പദ്ധതി നിർവ്വഹണത്തിൽ ഒരു പുരോഗതിയും രേഖപ്പെടുത്താത്തതിനാൽ ഈ മറുപടി സ്വീകാര്യമല്ല. കീഴരിയൂർ ജിപിയുടെ കാര്യത്തിൽ സർക്കാർ യാതൊരു മറുപടിയും നൽകിയില്ല.

### *ശിപാർശകൾ*

- ***റെയിൽ/റോഡ് കട്ടിംഗിനുള്ള അനുമതികൾ സമയബന്ധിതമായി ലഭിക്കുന്നതിനുവേണ്ടി വകുപ്പുകളെയും ജിപികളെയും സമന്വയിപ്പിക്കുന്നതിനെ സംബന്ധിച്ച് ജെജെഎം നിർവ്വഹണ ഏജൻസികൾക്കുള്ള ഒരു പ്രോട്ടോക്കോൾ സർക്കാർ രൂപീകരിക്കേണ്ടതാണ്.***

- ***ജല ഗുണമേന്മാ ബാധിത അധിവാസ കേന്ദ്രങ്ങളിൽ സമൂഹ ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ച്, അവ പ്രവർത്തനക്ഷമമാക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കുകയും, ഇതുവഴി വീടുകളിലെ കുടിവെള്ള, പാചക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തടസ്സരഹിത കുടിവെള്ള വിതരണം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.***

# അദ്ധ്യായം V
# ജലഗുണനിലവാര മേൽനോട്ടവും നിരീക്ഷണവും

# അദ്ധ്യായം V
# ജലഗുണനിലവാര മേൽനോട്ടവും നിരീക്ഷണവും

> സംസ്ഥാന തലത്തിൽ 73 ജലഗുണനിലവാര ഘടകങ്ങൾ പരിശോധിക്കേണ്ടതിന് 40 ഘടകങ്ങളുടെ പരിശോധന നടത്തുവാനുള്ള സജ്ജീകരണമേ നെട്ടൂരിലെ സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ (എസ്ആർഐ) സജ്ജീകരിച്ചിട്ടുള്ളൂ. ചീഫ് കെമിസ്റ്റ്, മൈക്രോബയോളജിസ്റ്റ് / ബാക്ടീരിയോളജിസ്റ്റ്, ലബോറട്ടറി അസിസ്റ്റന്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ എസ്ആർഐയ്ക്ക് അനുവദിച്ചിരുന്നില്ല. എസ്ആർഐയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പദ്ധതി ആരംഭിച്ച് ₹5.65 കോടി ചെലവാക്കിയിട്ടും പണി പൂർത്തിയാകാതെ അവശേഷിക്കുന്നു (2025 ജൂൺ).
>
> സബ് ഡിവിഷണൽ ലബോറട്ടറികളുടെ അധികാരപരിധിയിലുള്ള എല്ലാ ജലസ്രോതസ്സുകളുടെയും ജലഗുണനിലവാര പരിശോധന നടത്തിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പോസിറ്റീവായ ജലസാമ്പിളുകളുടെ പരിശോധനാ ഫലം ബോധവത്കരണ/ പരിഹാര നടപടികൾക്കായി സമൂഹം/ ജിപികളുമായി പങ്കുവച്ചിരുന്നില്ല. ജിപി/വില്ലേജ് തലത്തിൽ എഫ്റ്റികെ ഉപയോഗിച്ചുള്ള ജല നിരീക്ഷണങ്ങൾ 2021-22 വർഷത്തേയ്ക്ക് മാത്രമായി പരിമിതപ്പെട്ടു.
>
> സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന എല്ലാ ലാബുകളുടെയും ടേൺ എറൗണ്ട് സമയം ഏഴു ദിവസത്തിൽ കൂടുതലായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധന നടത്തിയ കോഴിക്കോട്, കൊല്ലം, പാലക്കാട് ജില്ലകളിലെ ജില്ലാ ലാബുകളിലെ ശരാശരി ടേൺ എറൗണ്ട് സമയം യഥാക്രമം 45, 40, 33 ദിവസങ്ങൾ ആയിരുന്നു.

ജല ഗുണനിലവാര മേൽനോട്ടവും, ജല ഗുണനിലവാര നിരീക്ഷണവും വ്യത്യസ്തമാണെങ്കിലും വളരെ അടുത്ത ബന്ധമുള്ള പ്രവർത്തനങ്ങളാണ്. ജലസ്രോതസ്സുകളിൽ നിന്നും എഫ്എച്ച്ടിസികളിൽ നിന്നും ശേഖരിക്കുന്ന ജലസാമ്പിളുകളുടെ പരിശോധന ലബോറട്ടറിയിലും ഫീൽഡിലും നടത്തുന്നതാണ് ജല ഗുണനിലവാര മേൽനോട്ടം. എന്നാൽ, പ്രദേശികതലത്തിൽ ഫീൽഡ് ടെസ്റ്റ് കിറ്റുകളും[56] (എഫ്റ്റികെ) എച്ച്2എസ് വയലുകളും[57] ഉപയോഗിച്ച് നടത്തുന്നതാണ് ജല ഗുണനിലവാര നിരീക്ഷണം. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബിഐഎസ്) വ്യവസ്ഥ ചെയ്യുന്ന നിലവാരത്തിലുള്ള കുടിവെള്ളം നല്കുന്നതിനാണ് ജെജെഎം ഊന്നൽ കൊടുക്കുന്നത്. ജലസ്രോതസ്സുകളുടെ ഗുണനിലവാരം വിലയിരുത്തുകയും ബന്ധപ്പെട്ട അതോറിറ്റികളുടെ ജലശുദ്ധീകരണത്തിന്റെയും വിതരണത്തിന്റെയും ഫലപ്രാപ്തി പരിശോധിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഐഎസ് 10500 : 2012[58] രൂപീകരിച്ചത്.

---

[56] സാദ്ധ്യതയുള്ള ജലഗുണനിലവാര പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനു സഹായിക്കുന്ന സൂചനാപരിശോധനാ ഫലങ്ങൾ ലഭിക്കുന്നതിനായി ജലമലിനീകരണത്തെ സംബന്ധിച്ച പ്രാഥമിക സ്ക്രീനിംഗിനായുള്ള ഫിസിയോ-കെമിക്കൽ മാലിന്യം പരിശോധിക്കാനായി ഉപയോഗിക്കുന്ന ഒരു പോർട്ടബിൾ മൾട്ടി പാരാമീറ്റർ കിറ്റ്.

[57] ജലത്തിലെ ബാക്ടീരിയയുടെ സാന്നിദ്ധ്യം/അഭാവം കണ്ടുപിടിക്കാൻ ഉപയോഗിക്കുന്നതാണ് ഹൈഡ്രജൻ സൾഫൈഡ് (എച്ച്2എസ്) വയലുകൾ.

[58] പിഎച്ച്, കലങ്ങൽ, ആകെ ക്ഷാരാംശം, ആകെ കാഠിന്യം മുതലായ 13 അടിസ്ഥാന ജലഗുണനിലവാര ഘടകങ്ങൾ ഐഎസ് 10500:2012 നിർദ്ദേശിച്ചിട്ടുണ്ട്.

## 5.1 സംസ്ഥാനത്തെ ലബോറട്ടറികളുടെ സ്ഥാപന ചട്ടക്കൂട്

ജെജെഎമ്മിനു കീഴിൽ മൂന്നു തലങ്ങളിലായി ലബോറട്ടറികൾ സ്ഥാപിക്കേണ്ടതാണ് - ഉന്നതതലത്തിൽ ഒരു നോഡൽ യൂണിറ്റും, മദ്ധ്യതലത്തിൽ ജില്ലാ ലബോറട്ടറികളും, താഴെത്തട്ടിൽ ഉപജില്ലാ ലബോറട്ടറികളും. കൊച്ചിയിലെ നെട്ടൂരിൽ ഒരു സംസ്ഥാനതല ലബോറട്ടറിയും 14 ജില്ലാ ലബോറട്ടറികളും 71 ഉപജില്ലാ ലബോറട്ടറികളും ഉണ്ടായിരുന്നതിൽ, ₹19.66 കോടി വിനിയോഗിച്ച് 54 ഉപജില്ലാ ലബോറട്ടറികൾ സ്ഥാപിക്കുകയും നവീകരിക്കുകയും ചെയ്തത് ജെജെഎം നടപ്പാക്കിയ കാലയളവിൽ ആയിരുന്നു.

### 5.1.1 സംസ്ഥാനതല ലബോറട്ടറി

കേരളത്തിൽ ഡബ്ല്യുക്യുഎംഎസിനു വേണ്ടിയുള്ള സംസ്ഥാന ലബോറട്ടറിയും നോഡൽ യൂണിറ്റുമായി എറണാകുളത്ത് സ്ഥാപിച്ച (2009 ഫെബ്രുവരി) സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് (എസ്ആർഐ) കെഡബ്ല്യുഎയുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. മൂന്നു ഗുണനിലവാര നിയന്ത്രണ ഡിവിഷനുകളോടൊപ്പം (ക്യുസിഡി) 14 ജില്ലാ ലബോറട്ടറികളുടെയും 71 ഉപജില്ലാ ലാബുകളുടെയും മേൽനോട്ടം എസ്ആർഐയ്ക്കായിരുന്നു.

- കുടിവെള്ള ഗുണനിലവാര പരിശോധനയുടെയും അവലോകന സംവിധാനത്തിന്റെയും ചട്ടക്കൂട് (ഡബ്ല്യുക്യുഎംഎസ്എഫ്) നിബന്ധനപ്രകാരം ജല ഗുണനിലവാര പരിശോധനയ്ക്ക് മേൽനോട്ടം വഹിക്കാൻ അധികാരമുള്ള ഒരു സ്വതന്ത്ര കുടിവെള്ള ഗുണനിലവാര കമ്മീഷണറേറ്റ് സ്ഥാപിക്കേണ്ടതാണ്. ജലവിതരണവും ജലഗുണനിലവാര മോണിറ്ററിഗും സംബന്ധിച്ച പങ്കും ചുമതലയും ജീവനക്കാരോടൊപ്പം വേർതിരിച്ചു നൽകേണ്ടതായിരുന്നു. എസ്ആർഐയിലും ജില്ലാ ലബോറട്ടറികളിലും ജോലി ചെയ്യുന്ന ജീവനക്കാർ കെഡബ്ല്യുഎയുടെ മാനേജിംഗ് ഡയറക്ടർ നിയമിച്ചവരാണ്. എസ്ആർഐയുടെ ഡയറക്ടർ കെഡബ്ല്യുഎയിലെ ഒരു സൂപ്രണ്ടിംഗ് എൻജിനീയറും (എസ്ഇ), ക്യുസിഡിയുടെ മേധാവികൾ, കെഡബ്ല്യുഎയിൽ നിന്നുള്ള എക്സിക്യൂട്ടീവ് എൻജിനീയർമാരുമായിരുന്നു (ഇഇ). എസ്ആർഐയിലെ ഡയറക്ടറുടെയും ക്യുസിഡിയുടെ മേധാവികളുടെയും തസ്തികകൾ കെഡബ്ല്യുഎയിലെ പബ്ലിക് ഹെൽത്ത് (പിഎച്ച്) സർക്കിളുകളിലെ സൂപ്രണ്ടിംഗ് എൻജിനീയർമാരുടെയും ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാരുടെയും തസ്തികകളുമായി പരസ്പരം മാറ്റാവുന്നതാണ്.

  ജീവനക്കാരെയും അടിസ്ഥാനസൗകര്യങ്ങളും പരസ്പരം മാറ്റാവുന്നതാണെങ്കിലും ഗുണനിലവാര നിയന്ത്രണ ഡിവിഷനുകൾ ഏറെക്കുറെ സ്വതന്ത്ര നിലയിൽ ആണ് പ്രവർത്തിക്കുന്നത് എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). മറ്റുള്ള ശ്രേണികളിൽ നിന്നും പ്രത്യേകമായും സ്വതന്ത്രമായുമുള്ള ഒരു സംവിധാനം എന്ന നിലയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ഗുണനിലവാര നിയന്ത്രണ വിഭാഗം ഒരു പ്രത്യേക ശ്രേണിയായിട്ടാണ് ആരംഭിച്ചത്.

സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനായി ജലവിതരണ പ്രവർത്തനം ജലഗുണനിലവാര പരിശോധനാ സേവനത്തിൽ നിന്നും വേർതിരിച്ചുള്ളതായിരിക്കണം എന്ന് ജെജെഎം മാർഗ്ഗരേഖകൾ വിഭാവനം ചെയ്യുന്നതിനാൽ മുകളിൽ പറഞ്ഞ മറുപടി ഇതുമായി പൊരുത്തപ്പെടുന്നില്ല. തൽപരകക്ഷികളെ പരിശോധനാ ഫലങ്ങൾ അറിയിക്കാതിരിക്കുന്നതും, എഫ്റ്റികെ ഉപയോഗിച്ചുള്ള ജല ഗുണനിലവാര നിരീക്ഷണത്തിനു കുറഞ്ഞ പരിഗണന നൽകുന്നതും വഴി, നിലവിലെ സംവിധാനം വിരുദ്ധ താൽപ്പര്യങ്ങളുടെ അപകടസാദ്ധ്യത സൃഷ്ടിക്കുന്നു.

- സംസ്ഥാനത്തെ ലബോറട്ടറികളുടെ പ്രവർത്തനം സ്വതന്ത്രമായി ഏകോപിപ്പിക്കുന്നതിനും, എസ്ഡബ്ല്യുഎസ്എമ്മിൽ എസ്ആർഐയെ പ്രതിനിധീകരിക്കുന്നതിനും വേണ്ടി സംസ്ഥാനതല ലബോറട്ടറിയിൽ ചീഫ് കെമിസ്റ്റിന്റെ[59] തസ്തിക ഇതുവരെ സർക്കാർ അനുവദിച്ചിട്ടില്ല. മൈക്രോബയോളജിസ്റ്റ് / ബാക്ടീരിയോളജിസ്റ്റ്, ലബോറട്ടറി അസിസ്റ്റന്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളും എസ്ആർഐയ്ക്ക് അനുവദിച്ചിട്ടില്ല.

  തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരമാണെന്നും, ലഭ്യമായ മനുഷ്യശേഷി ഉപയോഗപ്പെടുത്തിയും ചട്ടങ്ങൾക്ക് അനുസൃതമായി ആവശ്യമുള്ള മനുഷ്യശേഷി താത്കാലികമായി നിയമിച്ചുകൊണ്ടും എസ്ആർഐയുടെ പ്രവർത്തനം വേണ്ട രീതിയിൽ നടത്തുന്നുണ്ടെന്നും സർക്കാർ മറുപടി പറഞ്ഞു (2025 ജൂൺ). ചീഫ് കെമിസ്റ്റിന്റെ ചുമതലകൾ ഏറ്റവും സീനിയറായ കെമിസ്റ്റ് നിർവ്വഹിക്കുന്നുണ്ടെന്നും പ്രസ്താവിച്ചു.

  എന്നാൽ, ചീഫ് കെമിസ്റ്റിന്റെ ചുമതലകൾ ഏറ്റവും സീനിയറായ കെമിസ്റ്റിനെ ഏൽപ്പിക്കുന്നതായി തെളിയിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിരുന്നില്ല. കൂടാതെ, എസ്ഡബ്ല്യുഎസ്എം ചീഫ് കെമിസ്റ്റിനെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ആയി നാമനിർദ്ദേശം ചെയ്തിരുന്നില്ല. എസ്ആർഐയുടെ 2025-ലെ ലബോറട്ടറി ഗ്യാപ് അസസ്സ്മെന്റ് ആന്റ് ഇംപ്രൂവ്മെന്റ് പ്ലാനിൽ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ് (എൻഎബിഎൽ) അക്രഡിറ്റേഷൻ നിലനിർത്താനാവശ്യമായ സ്ഥിരം ജീവനക്കാരെ നിയമിക്കേണ്ട ആവശ്യകത തിരിച്ചറിഞ്ഞിരുന്നു എന്നതും ശ്രദ്ധേയമാണ്.

- എസ്ആർഐ അഭിമുഖീകരിച്ചിരുന്ന ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെയും മാനവശേഷിയുടെയും കുറവുകൾ, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പൂർണ്ണ തോതിലുള്ള പരിശോധനകൾ നടത്തുന്നതിൽ പ്രതിബന്ധം സൃഷ്ടിച്ചു. നിബന്ധനപ്രകാരം സംസ്ഥാന തലത്തിൽ പരിശോധന നടത്തേണ്ടിയിരുന്ന 73 ജല ഗുണനിലവാര ഘടകങ്ങളിൽ 40 ഘടകങ്ങളുടെ പരിശോധനകൾ നടത്തുവാൻ മാത്രമേ എസ്ആർഐയെ സജ്ജമാക്കിയിരുന്നുള്ളൂ.

[59] ജലഗുണനിലവാര പരിശോധനയിൽ കുറഞ്ഞത് 15 വർഷത്തെ പരിചയവും സയൻസിൽ ബിരുദാനന്തര ബിരുദമുള്ളതുമായ വ്യക്തിയെ എസ്ആർഐയിൽ ചീഫ് കെമിസ്റ്റ് ആയി നിയമിക്കേണ്ടതും അദ്ദേഹം സംസ്ഥാനത്തെ എല്ലാ കുടിവെള്ള ഗുണനിലവാര പരിശോധനാ ലബോറട്ടറികളുടെയും മേൽനോട്ടം വഹിക്കേണ്ടതും ഡബ്ല്യുആർഡി സെക്രട്ടറിയ്ക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

കെഡബ്ല്യുഎയുടെ കൊച്ചിയിലെ ക്വാളിറ്റി കൺട്രോൾ ഡിവിഷന്റെ കെട്ടിടത്തിലാണ് എസ്ആർഐ നിലവിൽ പ്രവർത്തിക്കുന്നത്. രണ്ടു നിലകളിലായി ലഭ്യമായ സ്ഥലത്തെയാണ് രണ്ട് ഓഫീസുകളുടെയും ലബോറട്ടറികൾ, സ്റ്റോറേജ്, ഓഫീസ് സ്പേയ്സ്, റെസ്റ്റ് റൂം, ഒരു ഉപജില്ലാ ലബോറട്ടറി എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്.

- എറണാകുളത്ത് നെട്ടൂരിൽ എസ്ആർഐയ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകുകയും (2020 ഓഗസ്റ്റ്) ഇതിനായി ₹5.65 കോടി ഇതിനകം ചെലവഴിക്കുകയും ചെയ്തെങ്കിലും 72 ശതമാനം പണികൾ മാത്രമേ പൂർത്തിയാക്കിയിരുന്നുള്ളൂ എന്ന വസ്തുത ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത് **ചിത്രം 5.1**-ൽ കാണിച്ചിരിക്കുന്നു. ഇലക്ട്രിക്കൽ പണികളുടെ ടെണ്ടർ നടപടികൾ അവശേഷിക്കുന്നതിനാൽ 2024 ഓഗസ്റ്റ് മുതൽ പദ്ധതി തടസ്സപ്പെട്ടിരിക്കുന്നു.




*ചിത്രം 5.1: നെട്ടൂരിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പുതിയ എസ്ആർഐ കെട്ടിടം. ഓഡിറ്റ് പാർട്ടി 2024 ഒക്ടോബർ 04-ന് എടുത്ത ഫോട്ടോ*

അവശേഷിക്കുന്ന ഘടകങ്ങളുടെ പരിശോധന നടത്തുവാനായി എസ്ആർഐ ലബോറട്ടറിയെ സജ്ജമാക്കുന്നതിനുള്ള നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണെന്ന് സർക്കാർ ഉറപ്പു നൽകി (2025 ജൂൺ). അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ, പുതിയ എസ്ആർഐ കെട്ടിടത്തിനെ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ടിരിക്കുകയാണെന്നും നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുമെന്നും പ്രസ്താവിച്ചു.

### 5.1.2 ജില്ലാതല ലബോറട്ടറികൾ

സംസ്ഥാനത്തെ 14 ജില്ലാ ലബോറട്ടറികളിൽ, എൻഎബിഎൽ അക്രഡിറ്റേഷൻ ഉണ്ടായിരുന്നത് 17 ഘടകങ്ങൾക്ക് മാത്രമായിരുന്നു. 14 ജില്ലാ ലബോറട്ടറികളിൽ മൂന്നെണ്ണത്തിനു മാത്രമേ മൈക്രോബയോളജിയിൽ അക്രഡിറ്റേഷൻ ലഭിച്ചിരുന്നുള്ളൂ.

ഡബ്ല്യുക്യുഎംഎസ്എഫ് പ്രകാരം, ഒരു ജില്ലാ ലബോറട്ടറി പ്രതിമാസം 250 ജല സ്രോതസ്സുകൾ/ സാമ്പിളുകൾ (ഒരു വർഷത്തിൽ 3,000 ജല സ്രോതസ്സുകൾ[60]) പരിശോധിക്കേണ്ടതാണ്. ഭൂപ്രദേശത്തെ എല്ലാ സ്രോതസ്സുകളും റാൻഡമായി ഉൾപ്പെടുത്തേണ്ടതും, സബ് ഡിവിഷൻ /

[60] വകുപ്പ് / നാഷണൽ മിഷൻ ഐഎംഐഎസിൽ ലഭ്യമായ റോസ്റ്ററിലെ ലക്ഷ്യമനുസരിച്ച്

ബ്ലോക്ക് ലബോറട്ടറി / മൊബൈൽ ലബോറട്ടറി എന്നിവ റഫർ ചെയ്യുന്ന, പരിശോധനാഫലം പോസിറ്റീവായ സാമ്പിളുകൾ ഉൾപ്പെടെയുള്ളവ, ഏറ്റവും കുറഞ്ഞത് 13 അടിസ്ഥാന ജല ഗുണനിലവാര ഘടകങ്ങൾക്കായി പരിശോധിക്കേണ്ടതുമാണ്. പോസിറ്റീവ് ആണെന്നു തെളിഞ്ഞ സാമ്പിളുകൾ ജില്ലാ ലബോറട്ടറി ഉടൻ തന്നെ സംസ്ഥാന ലബോറട്ടറിയ്ക്ക് റഫർ ചെയ്യേണ്ടതും പരിശോധനാ ഫലങ്ങൾ ജില്ലാ പഞ്ചായത്ത് (ഡിപി)/ ജിപി, അല്ലെങ്കിൽ അവരുടെ സബ് കമ്മിറ്റികളെ പരിഹാര നടപടികൾക്കായി അറിയിക്കേണ്ടതുമാണ്.

എന്നാൽ, ജില്ലാ ലബോറട്ടറികൾ പരിശോധനാ ഫലങ്ങൾ ഡിപിയെയോ ജിപിയെയോ പരിഹാര നടപടികൾക്കായി അറിയിച്ചിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ജിപികളുടെ അധികാരപരിധിയിൽപ്പെട്ട സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരത്തിന്റെ അവസ്ഥയെപ്പറ്റി അവർക്ക് ബോധ്യമല്ലാതാകുന്നതിന് കാരണമായി.

പരിശോധനാ ഫലങ്ങൾ ഡബ്ല്യുക്യുഎംഐഎസ് സൈറ്റിൽ അപ്‌ലോഡ് ചെയ്തിരുന്നു എന്നും ഡിപി, ജിപി, പൊതുജനം എന്നിവർക്ക് ഈ വിവരങ്ങൾ ലഭ്യമാകുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നു എന്നും സർക്കാർ മറുപടി പറഞ്ഞു (2025 ജൂൺ).

ഡബ്ല്യുക്യുഎംഐഎസിൽ (ഫോർമാറ്റ് ഡബ്ല്യുക്യു 1 മുതൽ 6 വരെ), സാമ്പിൾ തെരഞ്ഞെടുത്ത തീയതി, പരിശോധനാ റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി, സാമ്പിൾ എടുത്ത പ്രദേശം, സ്വീകരിച്ച പരിഹാര നടപടികൾ എന്നിവ പോലുള്ള സുപ്രധാന വിവരങ്ങൾ ലഭ്യമല്ലായിരുന്നു എന്ന് ഓഡിറ്റിൽ കണ്ടു. ഡബ്ല്യുക്യുഎംഐഎസിൽ പരിശോധനാ ഫലങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിരുന്നു. പരിശോധന നടത്തിയ ജില്ലകളിൽ ടേൺ എറൗണ്ട് സമയം 33 മുതൽ 45 ദിവസം വരെ ആയിരുന്നു.

പരിശോധനാഫലങ്ങൾ ജിപികളുമായി പങ്കുവയ്ക്കാത്തതു കാരണം, മലിനമായ സ്രോതസ്സുകളിൽ നിന്നുമുള്ള ജലം പാചകത്തിനും കുടിക്കുന്നതിനുമായി ഉപയോഗിക്കാതിരിക്കുന്നതിനുള്ള അവബോധം സമൂഹത്തിൽ സൃഷ്ടിക്കുന്നതിനുള്ള സംവിധാനം ഇല്ലാതെ പോയി.

### 5.1.3 സബ് ഡിവിഷണൽ ലബോറട്ടറികൾ

സംസ്ഥാനത്ത് 71 സബ് ഡിവിഷണൽ ലബോറട്ടറികൾ ഉള്ളതിൽ 70 ലബോറട്ടറികൾക്ക് കെമിക്കൽ ഘടകങ്ങൾ പരിശോധിക്കുന്നതിനുള്ള എൻഎബിഎൽ അംഗീകാരം ലഭിച്ചിരുന്നു. എഴുപത്തിയൊന്ന് ലബോറട്ടറികളിൽ രണ്ടെണ്ണത്തിനു മാത്രമേ ബാക്ടീരിയോളജിക്കൽ ഘടകങ്ങൾ പരിശോധിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിരുന്നുള്ളൂ.

സബ് ഡിവിഷണൽ / ബ്ലോക്ക് തല ലബോറട്ടറികൾ അവരുടെ അധികാരപരിധിയിൽ ഉള്ള 100 ശതമാനം ജലസ്രോതസ്സുകളുടെയും പരിശോധന വർഷത്തിൽ ഒരു തവണ കെമിക്കൽ ഘടകങ്ങൾക്കായും രണ്ടു തവണ ബാക്ടീരിയോളജിക്കൽ ഘടകങ്ങൾക്കായും[61] നടത്തേണ്ടതായിരുന്നു. പരിശോധനയിൽ പോസിറ്റീവ് ആയി കണ്ട സാമ്പിളുകൾ ജില്ലാ ലബോറട്ടറികൾക്ക് റഫർ ചെയ്യേണ്ടതും പരിശോധനാഫലങ്ങൾ സമൂഹവുമായി പങ്കുവയ്ക്കേണ്ടതുമാണ്.

[61] മഴക്കാലത്തിനു മുൻപും ശേഷവും

എന്നാൽ, പരിശോധന നടത്തിയ ജില്ലകളിലെ സബ് ഡിവിഷണൽ ലബോറട്ടറികൾ അവരുടെ അധികാര പരിധിയിൽപ്പെടുന്ന എല്ലാ ജല സ്രോതസ്സുകളുടെയും ജല ഗുണനിലവാര മേൽനോട്ടം നടത്തിയിരുന്നില്ല. പരിശോധനാഫലങ്ങൾ അവബോധത്തിനും പരിഹാര നടപടികൾക്കുമായി സമൂഹവുമായോ/ജിപികളുമായോ പങ്കുവച്ചിരുന്നില്ല.

പൈപ്പിലൂടെയുള്ള ജലവിതരണത്തിന്റെ സ്രോതസ്സുകൾ മാത്രമേ ഇപ്പോൾ പരിശോധിക്കുന്നുള്ളൂ എന്നും, നിർവ്വഹണ ഏജൻസി തന്നെ പരിഹാര നടപടികൾ സ്വീകരിക്കുന്നതിനാൽ ജിപിയെ വിവരങ്ങൾ ഔദ്യോഗികമായി അറിയിച്ചിരുന്നില്ല എന്നും സർക്കാർ മറുപടിയിൽ പറഞ്ഞു (2025 ജൂൺ).

ജിപികൾക്ക് അവരുടെ അധികാര പരിധിയിൽപ്പെടുന്ന ജലസാമ്പിളുകളുടെ പരിശോധനാഫലങ്ങൾ അറിയുവാനുള്ള ന്യായമായ അവകാശം ഉണ്ടെന്നതിനാൽ മറുപടി സ്വീകാര്യമല്ല.

കെഡബ്ല്യുഎയുടെ ഡെപ്യൂട്ടി ചീഫ് എൻജിനീയർ സമാപന കൂടിക്കാഴ്ചയിൽ (2025 മേയ്) പറഞ്ഞത്, കെഡബ്ല്യുഎയുടെ ഗുണനിലവാര നിയന്ത്രണ ലബോറട്ടറികൾ അവരുടെ അധികാര പരിധിയിൽപ്പെടുന്ന പ്രദേശത്തുള്ള കെഡബ്ല്യുഎ പദ്ധതികളുടെ സ്രോതസ്സുകളെ മാത്രമേ നിരീക്ഷിക്കുന്നുള്ളൂ എന്നായിരുന്നു. സർക്കാരിന്റെ/കെഡബ്ല്യുഎയുടെ മേൽപ്പറഞ്ഞ അവകാശവാദങ്ങളെ, കേരളത്തിൽ 63 ലക്ഷം കിണറുകൾ ഉപയോഗത്തിലുണ്ട് എന്ന സമാപന കൂടിക്കാഴ്ചയിലെ കെഡബ്ല്യുഎയുടെ തന്നെ പ്രസ്താവനയുടെ വെളിച്ചത്തിലാണ് കാണേണ്ടത്. പരിശോധനയുടെ പരിധിയിൽ നിന്ന് ഈ സ്രോതസ്സുകളെ ഒഴിവാക്കുന്നത്, അവയിലെ കുടിവെള്ളം ജൈവരാസമലിനമായിത്തീരുന്ന അപകടകരമായ സാഹചര്യത്തിലേക്ക് നയിക്കുന്നു. ഇതിനു പുറമെ, 100 ശതമാനം വീടുകൾക്കും ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുക എന്നതായിരുന്നു ജെജെഎമ്മിന്റെ ലക്ഷ്യം എന്നിരിക്കെ, ഇത്രയും ഗണ്യമായ എണ്ണം സ്രോതസ്സുകളെ പരിശോധനയിൽ നിന്ന് ഒഴിവാക്കുന്നത് ഡബ്ല്യുക്യുഎംഎസ് ചട്ടക്കൂടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

## 5.2 ഗ്രാമപഞ്ചായത്ത് / വില്ലേജ് തലത്തിലുള്ള ജല ഗുണനിലവാര പരിശോധനയുടെ ഫലപ്രാപ്തി

ഡബ്ല്യുക്യുഎംഎസ് ചട്ടക്കൂട് പ്രകാരം, എല്ലാ കുടിവെള്ള സ്രോതസ്സുകളും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും എഫ്റ്റികെ ഉപയോഗിച്ച് ജലഗുണനിലവാരത്തിനായി പരിശോധിക്കേണ്ടതും, ഈ പരിശോധനകളുടെ ഫലങ്ങൾ ക്രമമായി വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് ഇൻഫർമേഷൻ സിസ്റ്റം (ഡബ്ല്യുക്യുഎംഐഎസ്) പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

എസ്ആർഐ 2021-22 സാമ്പത്തിക വർഷത്തിൽ 7,605 എഫ്റ്റികെകളും 7,60,500 ബാക്ടീരിയോളജിക്കൽ വയലുകളും (ബിവി) വാങ്ങിയതായി ഓഡിറ്റിൽ കണ്ടു. ജെജെഎം പദ്ധതി ആരംഭിച്ചതിനു ശേഷം 2021-22-ൽ മാത്രമാണ് ഉപകരണങ്ങൾ വാങ്ങിയത്. ഇതിനു പുറമെ, സമയത്തു പരിശോധന നടത്താത്തതുകാരണം **പട്ടിക 5.1**-ൽ കാണിച്ചിരിക്കുന്നപോലെ ₹6.88 ലക്ഷം വിലവരുന്ന ഉപകരണങ്ങളുടെ കാലാവധി കഴിഞ്ഞുപോയിരുന്നു.

**പട്ടിക 5.1: എസ്ആർഐ 2021-22-ൽ വാങ്ങിയ എഫ്റ്റികെയുടെയും ബിവികളുടെയും വിവരങ്ങൾ**

| പരിശോധനാ ഉപകരണം | വാങ്ങിയതിന്റെ വിവരങ്ങൾ | | കാലാവധി കഴിഞ്ഞ ഉപകരണങ്ങളുടെ വിവരങ്ങൾ | |
|---|---|---|---|---|
| | എണ്ണം | മൂല്യം (₹ ലക്ഷത്തിൽ) | എണ്ണം | മൂല്യം (₹ ലക്ഷത്തിൽ) |
| ഫീൽഡ് ടെസ്റ്റ് കിറ്റുകൾ | 7,605 | 72.78 | 401 | 3.83 |
| ബാക്ടീരിയോജിക്കൽ വയൽ | 7,60,500 | 54.26 | 42,800 | 3.05 |
| **ആകെ** | | **127.04** | | **6.88** |

*(ഉറവിടം: എസ്ആർഐ നൽകിയ മറുപടി)*

ഇതിനുപുറമെ, ഓഡിറ്റ് വേളയിൽ, മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിനു ലഭിച്ച, 500 ജലസാമ്പിളുകൾ പരിശോധിക്കാവുന്ന അഞ്ച് എഫ്റ്റികെകൾ, റീയേജന്റുകളുടെ കുപ്പികൾ അടക്കം അതിലെ സീൽ ചെയ്ത സാമഗ്രികൾ, തുറക്കുക പോലും ചെയ്യാതെ കിടക്കുന്നതായി കണ്ടു. **ചിത്രങ്ങൾ 5.2**-ലും **5.3**-ലും കാണിച്ചിരിക്കുന്നതുപോലെ കാലാവധി കഴിഞ്ഞ എഫ്റ്റികെകൾ ഗ്രാമപഞ്ചായത്ത് ഓഫീസിനകത്ത് കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു:



*ചിത്രം 5.2: മൺറോതുരുത്ത് ജിപി ഓഫീസിനകത്ത് സൂക്ഷിച്ചിരുന്ന എഫ്റ്റികെകളിലെ ഉപയോഗിക്കാത്ത കുപ്പികൾ*




*ചിത്രം 5.3: മൺറോതുരുത്ത് ജിപി ഓഫീസിനകത്ത് സൂക്ഷിച്ചിരുന്ന എഫ്റ്റികെകളുടെ കൂടെ വിതരണം ചെയ്ത റീയേജന്റുകൾ കാലാവധി കഴിഞ്ഞ സ്ഥിതിയിൽ*

ഓഡിറ്റ് മൺറോതുരുത്ത് ജിപിയിലെ നെൻമേനി വാർഡിലെ ജല സാമ്പിളുകളുടെ പരിശോധന, ലാബുകൾ വഴി നടത്തിയപ്പോൾ (2025 മാർച്ച്) നെന്മേനിയിൽ നിന്നു ശേഖരിച്ച ജലസാമ്പിളുകൾ രാസമാലിന്യം കലർന്നതായിരുന്നു എന്നു കണ്ടു. ജിപി വിതരണം ചെയ്ത ജലത്തിന്റെ ഗുണനിലവാരം എഫ്റ്റികെകൾ ഉപയോഗിച്ച് പതിവായി പരിശോധിച്ചിരുന്നെങ്കിൽ, കുടിവെള്ളത്തിൽ രാസമാലിന്യ സാന്നിദ്ധ്യം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ലഘൂകരിക്കാനുള്ള പരിഹാര നടപടികൾ ആരംഭിക്കാൻ കഴിയുമായിരുന്നു.

എഫ്റ്റികെകൾ ഉപയോഗിച്ചുള്ള പരിശോധനയ്ക്കായി കുടുംബശ്രീയെ ഏർപ്പെടുത്തിയിരുന്നെന്നും അവരുടെ വേതനത്തിന്റെ തർക്കം കാരണം അത് നിർത്തിവച്ചു എന്നും സർക്കാർ മറുപടി നൽകി (2025 ജൂൺ). കെഡബ്ല്യുഎയ്ക്ക് 84 ലാബുകളുടെ ഒരു ശൃംഖല ഉണ്ടായിരുന്നതിനാൽ എഫ്റ്റികെകൾ ഉപയോഗിച്ചുള്ള പരിശോധന നിർത്തിയത്

സംസ്ഥാനത്തെ കുടിവെള്ള ഗുണനിലവാര പരിശോധനയെ ബാധിച്ചിരുന്നില്ല എന്നും സർക്കാർ കൂട്ടിച്ചേർത്തു.

കെഡബ്ല്യുഎ, അതിന്റെ 84 ലാബുകളുടെ വ്യവസ്ഥാപിത ശൃംഖലയിലൂടെ പതിവായി പരിശോധനകൾ നടത്താത്തത് കാരണം, ഓഡിറ്റ് പരിശോധിച്ച നെന്മേനി വാർഡിലെ ജലം, സ്രോതസ്സിൽ വച്ചുതന്നെ മലിനീകരിക്കപ്പെട്ട സ്ഥിതിയിൽ കാണപ്പെട്ടതിനാൽ, സർക്കാരിന്റെ അവകാശവാദം യുക്തിസഹമല്ല. നെൻമേനി വാർഡിലെ ജലഗുണനിലവാര പരിശോധന കെഡബ്ല്യുഎ ലബോറട്ടറികൾ വർഷത്തിൽ ഒരു പ്രാവശ്യം മാത്രമേ നടത്തിയിരുന്നുള്ളൂ.

## 5.3 ജലഗുണനിലവാര പരിശോധനാ ഫലങ്ങളിലെ മൂല്യങ്ങൾ തമ്മിലുള്ള പൊരുത്തക്കേടുകൾ

തദ്ദേശസമൂഹം എല്ലാ മാസവും ജലഗുണനിലവാര നിരീക്ഷണം നടത്തണം എന്ന് ഡബ്ല്യുക്യുഎംഎസ് ചട്ടക്കൂട് നിഷ്കർഷിക്കുന്നു. ജല ഗുണനിലവാര മേൽനോട്ട നിരീക്ഷണ പ്രവൃത്തികളിൽ, സംസ്ഥാന/ കേന്ദ്രസർക്കാർ ഏജൻസികളുടെ മറ്റു ലബോറട്ടറികളുടെ ജലഗുണനിലവാര ഡാറ്റയുമായുള്ള താരതമ്യവിശകലനവും സംയോജനവും ഉൾപ്പെടുന്നു.

ഓഡിറ്റ് ടീം, കെഡബ്ല്യുഎയുടെ സഹായത്തോടെ, പരിശോധന നടത്തിയ ഓരോ ജില്ലകളിലെയും രണ്ടു വ്യത്യസ്ത സ്രോതസ്സുകളിൽ നിന്നും ജലസാമ്പിളുകൾ ശേഖരിച്ച് കെഡബ്ല്യുഎയുടെ ക്വാളിറ്റി കൺട്രോൾ ഡിവിഷൻ ലാബിൽ (ക്യുസിഡിഎൽ) പരിശോധിച്ചു. അതിനുപുറമേ, ഒരേ ദിവസം തന്നെ മറ്റു ലാബുകളിലും പരിശോധന നടത്തുകയുണ്ടായി. ക്യുസിഡിഎല്ലിൽ, ഒരു സ്രോതസ്സിൽ നിന്നുമുള്ള ജലസാമ്പിളുകൾ, രണ്ടു മാസത്തെ ഇടവേളയിൽ പരിശോധന നടത്തുകയുണ്ടായി. ക്യുസിഡിഎല്ലിലും മറ്റു ലബോറട്ടറികളിലും നടത്തിയ പരിശോധനാ ഫലങ്ങളിലെ മൂല്യങ്ങളുടെ താരതമ്യം **അനുബന്ധം 5.1**-ൽ വിവരിച്ചിരിക്കുന്നു.

- കൊല്ലത്തെ ക്യുസിഡിഎല്ലിൽ നടത്തിയ പരിശോധനാഫലങ്ങൾ സിഇപിസിഐയുടേതുമായി[62] താരതമ്യം ചെയ്തപ്പോൾ, ഒരേ സ്ഥലത്തുനിന്നു ശേഖരിച്ച ജലസാമ്പിളുകളുടെ പരിശോധനാ ഫലങ്ങളിലെ മൂല്യങ്ങൾ രണ്ടുമാസത്തെ കാലയളവിനുള്ളിൽ വീണ്ടും പരിശോധിച്ചപ്പോൾ വ്യത്യസ്തമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധിച്ച സാമ്പിളിലെ ഇരുമ്പിന്റെ സാന്നിദ്ധ്യം 0.57 മി. ഗ്രാം/ലിറ്റർ ആയും ടർബിഡിറ്റി 4.0 എൻടിയുവുമായി[63] വർദ്ധിച്ചിരുന്നു. ഒരേ ദിവസം നടത്തിയ പരിശോധനകളുടെ ഫലങ്ങളിൽ സിഇപിസിഐയുടേതിൽ ഇരുമ്പിന്റെ സാന്നിദ്ധ്യവും ടർബിഡിറ്റിയും ക്യുസിഡിഎല്ലിന്റേതിനെക്കാൾ കുറഞ്ഞ മൂല്യത്തിലായിരുന്നെങ്കിലും സിഇപിസിഐയുടേതിൽ ആകെ കോളിഫോമിന്റെ സാന്നിദ്ധ്യം പോസിറ്റീവ് ആയിരിക്കുകയും, ക്യുസിഡിഎല്ലിന്റെ പരിശോധനാഫലങ്ങളിൽ അത് നെഗറ്റീവ് ആയി കാണുകയും ചെയ്തു.

[62] കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ ലബോറട്ടറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കൊല്ലം

[63] നെഫലോമെട്രിക് ടർബിഡിറ്റി യൂണിറ്റ്

- പാലക്കാട് ജില്ലയിൽ, പാലക്കാട് ക്യുസിഡിഎല്ലിലെയും (0.20 മി. ഗ്രാം/ലിറ്റർ) ഇഎംഎഎല്ലിലെയും[64] (1.0 മി. ഗ്രാം/ലിറ്റർ) പരിശോധനാ ഫലങ്ങളിൽ ഫ്ലൂറൈഡ് ഘടകത്തിന്റെ മൂല്യത്തിൽ, 0.80 മി. ഗ്രാം/ലിറ്ററിന്റെ വ്യത്യാസത്തെ സൂചിപ്പിച്ചുകൊണ്ടുള്ള വ്യതിയാനമുള്ളതായി കണ്ടു. രണ്ടാമതു ശേഖരിച്ച സാമ്പിളിൽ ക്യുസിഡിഎൽ പരിശോധനാ ഫലങ്ങൾ കോളീഫോമിന്റെ സാന്നിദ്ധ്യം കാണിച്ചപ്പോൾ ഇഎംഎഎല്ലിന്റെ ഫലത്തിൽ അത് കാണുകയുണ്ടായില്ല.

- കോഴിക്കോട് ജില്ലയിൽ, സിഡബ്ല്യുആർഡിഎമ്മിന്റെ[65] പരിശോധനാ ഫലങ്ങളിൽ ഒരു സാമ്പിളിൽ കോളീഫോമിന്റെ സാന്നിദ്ധ്യം കണ്ടപ്പോൾ, കോഴിക്കോട് ക്യുസിഡിഎല്ലിന്റെ റിപ്പോർട്ടിൽ കോളീഫോമിന്റെ സാന്നിദ്ധ്യം ഇല്ലായിരുന്നു.

നിരീക്ഷണവും ഗുണനിലവാര പരിശോധനാ സംവിധാനവും അടിയന്തിരമായി പുനഃപരിശോധിക്കേണ്ടതിന്റെയും ഒരേ സ്രോതസ്സുകളിൽ നിന്ന് ഒരേ ദിവസം തന്നെ ശേഖരിച്ച സാമ്പിളുകളുടെ പരിശോധനാഫലങ്ങളിലെ വ്യത്യാസത്തിന്റെ കാരണങ്ങൾ അപഗ്രഥിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കുമാണ് മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ വിരൽ ചൂണ്ടുന്നത്.

കെഡബ്ല്യുഎയുടെ ലബോറട്ടറികൾ കൃത്യത ഉറപ്പാക്കുകയും ഐഎസ്ഒ/ഐഇസി 17025 : 2017 അക്രഡിറ്റേഷൻ നിലനിർത്തുകയും ചെയ്യുന്നതിനാൽ കെഡബ്ല്യുഎയുടെ ക്യുസിഡി ലാബുകളിലെ പരിശോധനാ ഫലങ്ങളിൽ പിശക് വരാനുള്ള സാദ്ധ്യത വളരെ വിരളമാണ് എന്ന് സർക്കാർ മറുപടി നൽകി (2025 ജൂൺ).

പ്രസ്തുത മറുപടി യുക്തിസഹമല്ല, എന്തെന്നാൽ, കെഡബ്ല്യുഎയുടെ കൊല്ലത്തെ ക്യുസിഡിഎല്ലിൽ രണ്ടു മാസത്തിനിടെ നടത്തിയ ജലസാമ്പിളുകളുടെ പരിശോധനകളുടെ ഫലങ്ങളിൽ ഇരുമ്പിന്റെ അംശം 1.0 മി. ഗ്രാം/ലിറ്റർ എന്ന അനുവദനീയ പരിധിയ്ക്കെതിരായി 0.71 മി. ഗ്രാം/ലിറ്ററിൽ നിന്നും 1.28 മി. ഗ്രാം/ലിറ്റർ ആയതായി ഓഡിറ്റിൽ നിരീക്ഷിച്ചിരുന്നു. ഇക്കാര്യങ്ങൾ റിപ്പോർട്ടിന്റെ ഖണ്ഡിക 4.8.2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജെജെഎം/ഐഎസ്ഒ മാർഗ്ഗരേഖകളിൽ നിഷ്കർഷിക്കുന്ന പോലെ, സംസ്ഥാന/കേന്ദ്രസർക്കാർ ഏജൻസികളുടെ മറ്റു ലബോറട്ടറികളുമായുള്ള ജലഗുണനിലവാര ഡാറ്റയുടെ താരതമ്യവിശകലനവും സംയോജനവും, അതുപോലെ തന്നെ ലബോറട്ടറികൾ തങ്ങളിലും മറ്റുള്ള ലബോറട്ടറികളുടെ ഫലങ്ങൾ തമ്മിലുമുള്ള താരതമ്യവും നടത്തിയിരുന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

## 5.4 നിർദ്ദേശിക്കപ്പെട്ട ടേൺ എറൗണ്ട് സമയം പാലിക്കാതിരുന്നത്

രാസ ഘടകങ്ങൾ പരിശോധിക്കുന്നതിന് 24 മണിക്കൂർ എന്ന സമയക്രമവും[66] ജൈവ ഘടകങ്ങൾ പരിശോധിക്കുന്നതിന് 48 മണിക്കൂർ

[64] എൺവയോൺമെന്റൽ മോണിറ്ററിംഗ് ആന്റ് അനലിറ്റിക്കൽ ലബോറട്ടറി, പാലക്കാട്

[65] സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കോഴിക്കോട്

[66] ലബോറട്ടറി സേവനങ്ങൾക്കുള്ള സമയക്രമം നിശ്ചയിക്കുന്നത്, ജല ഗുണനിലവാര ലബോറട്ടറികളിൽ സാമ്പിളുകൾ ശേഖരിക്കുന്ന സമയത്തെ തുടക്കമായും, റിപ്പോർട്ട് അച്ചടിക്കുന്ന/ഇലക്ട്രോണിക് റിപ്പോർട്ട് ലഭിക്കുന്ന സമയത്തെ സമാപനമായും കണക്കാക്കിയാണ്.

അധികരിക്കാത്ത സമയക്രമവും നിർദ്ദേശിച്ചിരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ലാബുകളും ഏഴു ദിവസത്തിൽ കൂടുതലായ ഒരു ടേൺ എറൗണ്ട് സമയം എടുത്തിരുന്നു എന്ന് ഐഎംഐഎസ് ഡാറ്റ അവലോകനം ചെയ്തപ്പോൾ ഓഡിറ്റ് നിരീക്ഷിച്ചു.

പരിശോധിച്ച ജില്ലകളായ കോഴിക്കോട്, കൊല്ലം, പാലക്കാട് ജില്ലകളിലെ ജില്ലാ ലാബുകളുടെ ശരാശരി ടേൺ എറൗണ്ട് സമയം യഥാക്രമം **45, 40, 33** ദിവസങ്ങൾ ആയിരുന്നു.

എല്ലാ സാമ്പിളുകളുടെയും പരിശോധന മൂന്നു മുതൽ അഞ്ചു ദിവസത്തിനകം പൂർത്തിയാക്കിയിരുന്നു എന്നും പരിശോധനാഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് എന്തെങ്കിലും കാലതാമസം ഉണ്ടെങ്കിൽ പരിശോധിക്കുമെന്നും സർക്കാർ മറുപടി നൽകി (**2025** ജൂൺ). പരിശോധന നടത്തിയ മൂന്നു ജില്ലകളിലും ജലസാമ്പിളുകളുടെ യഥാർത്ഥ പരിശോധന നിർദ്ദേശിക്കപ്പെട്ട സമയക്രമത്തിനുള്ളിൽ തന്നെ നടത്തിയിരുന്നെന്നും കൂട്ടിച്ചേർത്തു. എന്നാൽ, ഈ വാദം തെളിയിക്കുന്നതിനുള്ള യാതൊരു രേഖയും സർക്കാർ ഓഡിറ്റിന് നൽകിയില്ല.

## 5.5 ജല ഗുണനിലവാര മേൽനോട്ട നിരീക്ഷണ പരിപാടി (ഡബ്ല്യുക്യുഎംഎസ്പി) നടപ്പാക്കുന്നതിൽ കണ്ട മറ്റു ന്യൂനതകൾ

### 5.5.1 സാനിറ്ററി സർവ്വേ

ജലഗുണനിലവാര പരിശോധനയും, അനുയോജ്യമായ നിയന്ത്രണ നടപടികൾ നിർണ്ണയിക്കുന്നതിനുള്ള സാനിറ്ററി പരിശോധനയും ഉൾപ്പെടുന്ന ഒരു ജലസുരക്ഷാ പദ്ധതിയ്ക്ക് രൂപം നൽകണമെന്നു ജെജെഎം മാർഗ്ഗരേഖകൾ നിഷ്കർഷിച്ചിരുന്നു. സംസ്ഥാനത്തെ എല്ലാ കുടിവെള്ള സ്രോതസ്സുകൾക്കും വർഷത്തിൽ ഒരിക്കൽ ഒരു സാനിറ്ററി സർവ്വേ നടത്തേണ്ടതാണ്. വാർഷിക സാനിറ്ററി സർവ്വേ നടത്തിയെങ്കിൽ, അത് റിപ്പോർട്ടു ചെയ്യുകയും പരിഹാര നടപടികൾ എടുക്കുകയും വേണം.

മാർഗ്ഗരേഖകളിൽ വിഭാവനം ചെയ്തിരുന്ന പോലെയുള്ള ഒരു സാനിറ്ററി സർവ്വേ, പരിശോധന നടത്തിയ ജിപികളിൽ നടത്തിയിരുന്നില്ല എന്നും, സംസ്ഥാനത്തിനായി ഒരു ജലസുരക്ഷാ പദ്ധതി തയ്യാറാക്കിയിരുന്നില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

വാർഷിക സാനിറ്ററി സർവ്വേ നടത്തിയിരുന്നുവെങ്കിലും മാനവശേഷിയുടെ കുറവു കാരണം മുഴുവൻ ഡാറ്റയും ഡബ്ല്യുക്യുഎംഐഎസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിരുന്നില്ല എന്ന് സർക്കാർ മറുപടി നൽകി (**2025** ജൂൺ). സാനിറ്ററി സർവ്വേയുടെ വിവരങ്ങൾ ഡബ്ല്യുക്യുഎംഐഎസ് പോർട്ടലിൽ ചേർക്കുന്നതിനുള്ള നടപടികളെടുക്കുമെന്നും കൂട്ടിച്ചേർത്തു.

എന്നാൽ, സർക്കാരിന്റെ വാദം തെളിയിക്കുന്നതിനായി സാനിറ്ററി സർവ്വേയെ സംബന്ധിച്ചതും എടുത്ത പരിഹാര നടപടികളെക്കുറിച്ചുമുള്ള യാതൊരു രേഖയും ഓഡിറ്റിന് നൽകുകയുണ്ടായില്ല.

### 5.5.2 മൊബൈൽ ലബോറട്ടറി

വിദൂര / ഗോത്രവർഗ്ഗ / വന പ്രദേശങ്ങളിൽ ഉള്ള കുടിവെള്ള സ്രോതസ്സുകളിലെ ജല ഗുണനിലവാര നിരീക്ഷണം കൃത്യസമയങ്ങളിൽ നടത്തുന്നതിനായി മൊബൈൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. വിദൂര സ്ഥലങ്ങളിലും ദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങളിലും ഉള്ള ജലസാമ്പിളുകളുടെ പരിശോധന നടത്തുന്നതിന് മൊബൈൽ ലബോറട്ടറികൾ അത്യാവശ്യമാണ്. എന്നാൽ, സംസ്ഥാനത്ത് മൊബൈൽ ലബോറട്ടറികൾ പ്രാവർത്തികമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഗുണനിലവാര മേൽനോട്ടവും നിരീക്ഷണ പ്രവർത്തനങ്ങളും നടത്തുവാനായി 84 ലാബുകളുടെ ഒരു ശൃംഖല കെഡബ്ല്യുഎയ്ക്ക് ഉണ്ടായിരുന്നതിനാൽ, അധിക ചെലവ് വേണ്ടി വരുന്ന മൊബൈൽ ലബോറട്ടറികൾ സ്ഥാപിക്കേണ്ട ആവശ്യകത നിലവിലില്ല എന്ന് സർക്കാർ മറുപടി നൽകി (2025 ജൂൺ). ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 5.2-ൽ പരാമർശിച്ചിരിക്കുന്ന പരിശോധനകളിൽ നിന്ന് വെളിപ്പെടുന്നപോലെ, ഗ്രാമീണ കുടുംബങ്ങൾക്ക് ഗുണനിലവാരം കുറഞ്ഞ ജലം വിതരണം ചെയ്തിരുന്നതിനെക്കുറിച്ചുള്ള നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ ഈ മറുപടി സ്വീകാര്യമല്ല. ഇതിനുപുറമെ, ഗുണനിലവാര പരിശോധന കെഡബ്ല്യുഎയുടെ ജലവിതരണസ്രോതസ്സുകളിലായി മാത്രം പരിമിതപ്പെടുത്തിയിരുന്നു എന്ന് അന്തിമ കൂടിക്കാഴ്ചയിൽ സർക്കാർ തന്നെ വ്യക്തമാക്കിയിരുന്നതാണ്. നിമ്നോന്നതമായ ഭൂപ്രകൃതിയുള്ളതും അടിക്കടിയുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്നതുമായ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിൽ, ജല ഗുണനിലവാര പരിശോധനയ്ക്കും നിരീക്ഷണത്തിനും കീഴിൽ വരുന്ന പ്രദേശങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനും മൊബൈൽ ലബോറട്ടറികൾ സഹായകമായിരിക്കും.

*ശിപാർശ*

- ***കെഡബ്ല്യുഎ, ജല ഗുണനിലവാര മേൽനോട്ട നിരീക്ഷണ നടപടികൾ ക്വാളിറ്റി കൺട്രോൾ ഡിവിഷനുകളിലൂടെയും സംസ്ഥാന/ജില്ലാ/സബ് ജില്ലാ ലബോറട്ടറികളിലൂടെയും സ്ഥിരമായി നടത്തുകയും പരിശോധനാഫലങ്ങൾ തൽപരകക്ഷികളെ സമയബന്ധിതമായി അറിയിക്കുകയും ചെയ്യുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

# അദ്ധ്യായം VI
# നിരീക്ഷണവും വിലയിരുത്തലും

# അദ്ധ്യായം VI
# നിരീക്ഷണവും വിലയിരുത്തലും

സംസ്ഥാനത്തെ **241** ജലശുദ്ധീകരണ പ്ലാന്റുകളിൽ **75** എംഎൽഡിയും അതിനുമുകളിലും ശേഷിയുള്ള ആറ് ജലശുദ്ധീകരണ പ്ലാന്റുകളിൽ മാത്രമാണ് സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡാറ്റ അക്വിസിഷൻ (സ്കാഡ) സംവിധാനം സ്ഥാപിച്ചിട്ടുള്ളതെന്ന് കെഡബ്ല്യുഎ റിപ്പോർട്ട് ചെയ്തു. തൊണ്ണൂറ്റിയൊൻപത് കേസുകളിൽ, എഫ്എച്ച്ടിസികളുമായി ബന്ധപ്പെട്ട് ശേഖരിച്ച ജിയോടാഗ് ചെയ്ത ഡാറ്റ സംസ്ഥാനത്തിന് പുറത്തുള്ള സ്ഥലങ്ങളുമായി ബന്ധപ്പെട്ടതാണെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ജല ജീവൻ മിഷൻ (ജെജെഎം) പ്രകാരം നൽകിയിട്ടുള്ള കുടിവെള്ള കണക്ഷനുകളുമായി ബന്ധപ്പെട്ട ഇ-അബാക്കസ് ഡാറ്റയുടെ സൂക്ഷ്മപരിശോധനയിൽ, **66,134** ജെജെഎം കണക്ഷനുകൾക്ക് മൂന്ന് മാസം മുതൽ മൂന്ന് വർഷത്തിലധികം വരെയുള്ള കാലയളവിൽ ബില്ല് നൽകിയിട്ടില്ലെന്ന് കണ്ടെത്തി. പരിശോധനയ്ക്കായി തെരഞ്ഞെടുത്ത മൂന്ന് ജില്ലകളിൽ, കെഡബ്ല്യുഎയും നിർവ്വഹണ ഏജൻസിയും തമ്മിൽ മാത്രം പ്രവൃത്തികൾ നടത്തുന്നതിനുള്ള കരാറുകളിൽ ഏർപ്പെട്ടിരിക്കുന്നതും ജിപിയെ കരാറിൽ പങ്കാളിയാക്കാത്തതും ശ്രദ്ധയിൽപ്പെട്ടു.

ഏതെങ്കിലും പേയ്മെന്റ് റിലീസ് ചെയ്യുന്നതിന് മുമ്പ് മൂന്നാം കക്ഷി പരിശോധനയും ചെയ്ത പ്രവൃത്തിയുടെ ഗുണനിലവാരവും അളവും സംബന്ധിച്ച സാക്ഷ്യപ്പെടുത്തലും നടത്തണമെന്ന് വ്യവസ്ഥ ചെയ്യുന്ന പദ്ധതിയുടെ മാർഗ്ഗരേഖകളിൽ നിന്ന് വ്യത്യസ്തമായി, നിർമ്മാണത്തിനും റണ്ണിംഗ് അക്കൗണ്ട് ബില്ലുകളുടെ തുക നൽകിയതിനും ശേഷം മാത്രം മൂന്നാം കക്ഷി പരിശോധനകൾ നടത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

കേരള വാട്ടർ അതോറിറ്റി (കെഡബ്ല്യുഎ) **2021**-ൽ അക്വാലൂം എന്ന ഡിജിറ്റൽ പോർട്ടൽ ആരംഭിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വെബ്സൈറ്റ്/സമൂഹ മാധ്യമങ്ങൾ വഴി പ്രാപ്യമായിരുന്ന ഈ പോർട്ടലിൽ വ്യക്തികൾക്ക് അവരുടെ പരാതികൾ ലളിതമായ മാതൃകയിൽ അപ്‌ലോഡ് ചെയ്യുന്നതിനും അതിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനുമുള്ള സൗകര്യമുണ്ടായിരുന്നു. ഈ പോർട്ടലിൽ ഉപയോക്താക്കൾക്ക് പരാതികൾ സമർപ്പിക്കുന്നതിനായി, തങ്ങളുടെ ജില്ലയും നിയോജകമണ്ഡലവും രേഖപ്പെടുത്തുകയും, പ്രശ്നത്തിന്റെ തരം തെരഞ്ഞെടുക്കുകയും, തുടർന്ന് അവരുടെ ഫോൺ നമ്പരും കസ്റ്റമർ ഐഡിയും രേഖപ്പെടുത്തുകയും ചെയ്യണം. അംഗീകൃത ജല പരിശോധനാ ലബോറട്ടറിയിൽ നിന്ന് നാമമാത്രമായ തുകയ്ക്ക് ജലത്തിന്റെ ഗുണനിലവാര പരിശോധനയുടെ ഫലങ്ങൾ നേടുന്നതിനും ഈ പോർട്ടൽ ഉപയോഗിക്കാവുന്നതാണ്.

## 6.1 ടാപ്പ് കണക്ഷനുകളുടെ പ്രവർത്തനത്തിന്റെ നിരീക്ഷണം

ജെജെഎമ്മിന് കീഴിലുള്ള ടാപ്പ് കണക്ഷനുകളുടെ പ്രവർത്തനക്ഷമത, ജലത്തിന്റെ ഗുണനിലവാരം, ജലവിതരണത്തിന്റെ വിശ്വാസ്യത എന്നിവ

വിലയിരുത്തുന്നതിന് ഫലപ്രദമായ നിരീക്ഷണ സംവിധാനങ്ങൾ ഉണ്ടായിരിക്കണം. ഏക പഞ്ചായത്ത് പദ്ധതികൾക്കും (എസ്‌വിഎസ്), ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതികൾക്കും (എംവിഎസ്), തത്സമയ ഡാറ്റ ശേഖരണത്തിനും വിശകലനത്തിനും സെൻസറുകൾ, ബൾക്ക് വാട്ടർ മീറ്ററുകൾ, സ്കാഡ എന്നിവയുൾപ്പെടെയുള്ള വിവിധ സംവിധാനങ്ങൾ ആവശ്യമാണ്. ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐഒടി) എന്ന ഇത്തരം ഭൗതിക ഉപകരണങ്ങൾ, ഇന്റർനെറ്റുമായി ബന്ധിക്കുകയും ശേഖരിച്ച വിവരങ്ങൾ പങ്കിടുകയും വഴി, സേവന തല ഘടകങ്ങൾ സ്ഥിരമായും ദീർഘകാലത്തേക്കും നിരീക്ഷിക്കുന്നതിന് ഉതകുന്നതാണ്. ഒരു ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (ഐഎംഐഎസ്) മുഖേന, ഭൗതികവും സാമ്പത്തികവുമായ പുരോഗതി, ജലഗുണനിലവാരം, പ്രവർത്തനക്ഷമത എന്നിവ സ്ഥിരമായ അവലോകനങ്ങൾക്കായി ജനറേറ്റ് ചെയ്യപ്പെടുന്ന റിപ്പോർട്ടുകൾ വഴി നിരീക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഓഡിറ്റ് ചുവടെയുള്ള കാര്യങ്ങൾ നിരീക്ഷിച്ചു:

- പരിശോധനയ്ക്കായി തെരഞ്ഞെടുത്ത ജില്ലകളിൽ കേരള വാട്ടർ അതോറിറ്റിയോ (കെഡബ്ല്യുഎ) വിഡബ്ല്യുഎസ്‌സിയോ പദ്ധതിയുടെ നടപ്പാക്കലിന് ഏതുതരം അളവ് നിർണ്ണയവും നിരീക്ഷണ സംവിധാനവുമാണ് അനുയോജ്യമെന്ന് തീരുമാനിച്ചിരുന്നില്ല. തൽഫലമായി, ഉറവിട സുസ്ഥിരത, ഗുണനിലവാര നിരീക്ഷണം, തുല്യമായ വിതരണം, ചോർച്ച കണ്ടെത്തൽ, പൈപ്പിന്റെ അറ്റത്ത് ആവശ്യമായ സമ്മർദ്ദം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ലായിരുന്നു.
- പാലക്കാടും കൊല്ലത്തും എസ്‌വിഎസുമായി ബന്ധപ്പെട്ട് ഭൂഗർഭജലത്തെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളുടെ കാര്യത്തിൽ കുഴൽക്കിണറിൽ നിന്നും ഉപയോഗിച്ച വെള്ളത്തിന്റെ അളവും ജലനിരപ്പും അളക്കാൻ സെൻസറുകൾ നൽകിയിരുന്നില്ല. മേൽപ്പറഞ്ഞ ഡാറ്റയുടെ അഭാവത്തിൽ, എസ്‌വിഎസിലെ ജലത്തിന്റെ സുസ്ഥിരതയും ലഭ്യതയും ഉറപ്പിക്കാനായില്ല.
- ഐഎംഐഎസ് ഡാറ്റ പ്രകാരം, ഗ്രാമീണ ജലവിതരണത്തിനുള്ള **241** ജലശുദ്ധീകരണ പ്ലാന്റുകളിൽ, **75** എംഎൽഡിയും അതിനുമുകളിലും ശേഷിയുള്ള ആറ് പ്രധാന ജല ശുദ്ധീകരണ പ്ലാന്റുകളിൽ മാത്രമേ സ്കാഡ സംവിധാനം സ്ഥാപിച്ചിരുന്നുള്ളൂ.
- ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐഒടി) പ്ലാറ്റ്ഫോം നിലവിൽ സ്ഥാപിതമല്ല.

സ്കാഡ, ഐഒടി, റിയൽ ടൈം സിസ്റ്റങ്ങൾ എന്നിവയുടെ നടത്തിപ്പിന് വലിയ നിക്ഷേപം ആവശ്യമാണെന്ന് സർക്കാർ മറുപടി നൽകി (**2025** ജൂൺ). എന്നാൽ, നിലവിലുള്ള സംവിധാനത്തിൽ നിന്നുമുൾക്കൊള്ളുന്ന പാഠങ്ങൾ, ഭാവിയിലേക്കുള്ള വിശാലമായ ഒരു നിർവ്വഹണ പദ്ധതിയ്ക്കായി ഉപയോഗിക്കുമെന്നും ഉറപ്പു നൽകുകയുണ്ടായി.

## 6.2 ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം/ ഇ-അബാക്കസ്/ ഇ-സർവീസ്

ജെജെഎമ്മിന്റെ നിരീക്ഷണവുമായി ബന്ധപ്പെട്ട, **2019** ഏപ്രിൽ മുതൽ **2025** മാർച്ച് വരെയുള്ള കാലയളവിലെ ഐഎംഐഎസ്/ ഇ-അബാക്കസ്, ഇ-സർവീസ് ഡാറ്റ എന്നിവയുടെ സൂക്ഷ്മപരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി:

- ഐഎംഐഎസിൽ കാണിച്ച ഘടകാനുസൃത ചെലവുകളുടെ കണക്കുകളും, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ സർട്ടിഫൈ ചെയ്ത് ഡബ്ല്യുആർഡി കേന്ദ്രസർക്കാരിന് സമർപ്പിച്ച ധനവിനിയോഗ സാക്ഷ്യപത്രങ്ങളിലെ (യുസി) കണക്കുകളും തമ്മിൽ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. കേരള സർക്കാർ നൽകിയ മറുപടിയിൽ **(2025** ജൂൺ**)**, യുസിയിലെയും ഡാഷ്ബോർഡിലെയും കണക്കുകളിൽ വ്യത്യാസമില്ലെന്ന് അറിയിച്ചു. എന്നാൽ, സർക്കാരിന്റെ ഭാഗത്ത് നിന്ന് സമർപ്പിച്ച കണക്കുകൾ ഈ അവകാശവാദത്തെ സാധൂകരിക്കുന്നതല്ല.
- തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ[67] **2,020** എഫ്എച്ച്ടിസികൾ ലഭ്യമാക്കിയതായി ഐഎംഐഎസ് രേഖകളിൽ കാണിച്ചിരുന്നുവെങ്കിലും, സ്ഥലപരിശോധനയിൽ ഇവ പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്ന് വെളിവായി. പെരുവണ്ണാമുഴിയിലെ ജലശുദ്ധീകരണശാല പ്രവർത്തനസജ്ജമാകുന്നതോടെ, ഈ കണക്ഷനുകളെ പൂർണ്ണ സജ്ജമായ എഫ്എച്ച്ടിസികളാക്കി നിലവാരമുയർത്തുമെന്ന് സർക്കാർ മറുപടി നൽകി **(2025** ജൂൺ**)**.
- ആകെ **5,107** സന്ദർഭങ്ങളിൽ ജിയോടാഗിംഗ് ചെയ്തിരുന്നത് നിയുക്ത ജില്ലയ്ക്ക് പുറത്തായിരുന്നു. എഫ്എച്ച്ടിസികളുമായി ബന്ധപ്പെട്ട് ശേഖരിച്ച ജിയോടാഗ് ചെയ്ത ഡാറ്റ, **99** സന്ദർഭങ്ങളിൽ സംസ്ഥാനത്തിന് പുറത്തുള്ള പ്രദേശങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു. ഇതിൽ എട്ട് കേസുകൾ ലക്ഷദ്വീപിലെ കടലിൽ തെറ്റായി രേഖപ്പെടുത്തിയതായി കാണപ്പെട്ടു.
  ചില പ്രദേശങ്ങളിലെ നെറ്റ്‌വർക്ക് പരിമിതികൾ കാരണം, ചില കോ-ഓർഡിനേറ്ററുകൾ കമ്പ്യൂട്ടർ സംവിധാനങ്ങൾ മുഖേന രേഖപ്പെടുത്തിയതുകൊണ്ട്, യഥാർത്ഥ സ്ഥാനത്തെ അടിസ്ഥാനമാക്കാതെ, സിസ്റ്റത്തിന്റെ ഐപി വിലാസത്തിന്റെ അടിസ്ഥാനത്തിലാണ് ഡാറ്റ ശേഖരിക്കപ്പെട്ടതെന്ന് സർക്കാർ മറുപടി നൽകി **(2025** ജൂൺ**)**. തിരുത്തൽ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും, അവ പുരോഗമിക്കുകയാണെന്നും സർക്കാർ അറിയിച്ചു.
- ഇ-സർവീസിലെയും ഇ-അബാക്കസിലെയും ഡാറ്റയുടെ വിശകലനത്തിൽ, **66,134** ജെജെഎം കണക്ഷനുകൾ, **പട്ടിക 6.1**-ൽ കാണിച്ചിരിക്കുന്നത് പോലെ, മൂന്ന് മാസം മുതൽ മൂന്ന്

[67] മേപ്പയൂർ, കീഴരിയൂർ, തിക്കോടി

വർഷത്തിലധികം വരെയുള്ള കാലയളവിൽ ബിൽ ചെയ്തിട്ടില്ലെന്ന്[68] ശ്രദ്ധയിൽപ്പെട്ടു.

**പട്ടിക 6.1 : ബിൽ ചെയ്തിട്ടില്ലാത്ത എഫ്എച്ച്ടിസികളുടെ വിശദാംശങ്ങൾ**

| ബിൽ ചെയ്തിട്ടില്ലാത്ത കാലയളവ് (2024 നവംബർ 24 വരെ) | ബിൽ ചെയ്തിട്ടില്ലാത്തത് വരെയുള്ള കാലയളവ് | ആകെ കണക്ഷനുകൾ |
|---|---|---|
| 3 മാസം | 1 വർഷം | 30,829 |
| 1 വർഷം | 2 വർഷം | 22,378 |
| 2 വർഷം | 3 വർഷം | 10,170 |
| 3 വർഷത്തിൽ കൂടുതൽ | - | 2,757 |

*(ഉറവിടം: ഇ-അബാക്കസ് ഡാറ്റ)*

ദീർഘകാലത്തേക്ക് ഒരു എഫ്എച്ച്ടിസിയുടെ ബില്ലിംഗ് നടത്താത്തത് വലിയ കുടിശ്ശികയ്ക്കു കാരണമാകുകയും അത് തിരിച്ചുപിടിക്കുന്നതിനെ ബാധിക്കുകയും, കോടതിവ്യവഹാരങ്ങൾക്ക് വഴിവെക്കുകയും ചെയ്യാവുന്നതാണ്. ബില്ലിംഗിൽ നേരിടുന്ന കാലതാമസം കേരള വാട്ടർ അതോറിറ്റിയിലെ ഫലപ്രദമല്ലാത്ത ബില്ലിംഗ് സംവിധാനത്തെയും നിരീക്ഷണ സംവിധാനങ്ങളെയും വ്യക്തമാക്കുന്നു.

കുടിശ്ശികയുള്ള ബില്ലുകൾ കണ്ടെത്തുന്നതിനായി വിഷയം സൂക്ഷ്മമായി നിരീക്ഷിക്കുമെന്നും, അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമെന്നും സർക്കാർ മറുപടി നൽകി (2025 ജൂൺ).

### 6.2.1 പ്രവൃത്തികൾ നിർവഹിക്കുന്നതിനുള്ള ത്രികക്ഷി കരാർ നടപ്പാക്കാത്തത്

ജില്ലാ തല ജല-ശുചിത്വ മിഷൻ (ഡിബ്ല്യുഎസ്എം), ഗ്രാമപഞ്ചായത്തുമായി (ജിപി), അല്ലെങ്കിൽ അതിന്റെ ഉപസമിതിയുമായി ആലോചിച്ച്, തെരഞ്ഞെടുക്കപ്പെട്ട ഏജൻസിയെ പ്രവൃത്തി ഏൽപ്പിക്കുകയും, ജിപി/അതിന്റെ ഉപസമിതി, നിർവ്വാഹക ഏജൻസി എന്നിവരുമായി ത്രികക്ഷി കരാറിൽ ഏർപ്പെടുകയും ചെയ്യേണ്ടതായിരുന്നു. ഐഎസ്എ ഉൾപ്പെടുന്ന സാഹചര്യത്തിൽ, അവരും കരാറിന്റെ ഭാഗമാകേണ്ടതായിരുന്നു. എന്നാൽ, പരിശോധനയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ജില്ലകളിൽ, കേരള വാട്ടർ അതോറിറ്റിയും നിർവ്വാഹക ഏജൻസിയും തമ്മിൽ മാത്രമാണ് കരാറുകൾ നടപ്പിലാക്കിയതെന്നും, ജിപിയെ കരാറിൽ കക്ഷി ചേർത്തിട്ടില്ലെന്നും ശ്രദ്ധയിൽപ്പെട്ടു.

കെപിഡബ്ല്യുഡി മാന്വലും നിലവിലുള്ള സർക്കാർ ഉത്തരവുകളും അനുസരിച്ചാണ് പ്രവൃത്തികൾ ഏൽപ്പിച്ചതെന്നും ത്രികക്ഷി കരാർ നടപ്പാക്കിയില്ലെങ്കിലും ജിപികളുടെ സമ്മതത്തോടെയാണ് പ്രവൃത്തികൾ നടക്കുന്നതെന്നും സർക്കാർ മറുപടി നൽകി (2025 ജൂൺ). പദ്ധതി നിർവ്വഹണം വേഗത്തിലാക്കാനും പദ്ധതിയുടെ സമയപരിധി പാലിക്കാനുമാണ് കരാറുകൾ നേരിട്ട് നടപ്പിലാക്കിയതെന്നും അറിയിച്ചു.

എന്നാൽ, തെരഞ്ഞെടുത്ത 21 ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ ഗ്രാമ പഞ്ചായത്ത് തല സർവ്വേകളിൽ നിന്നും ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ നിന്നും, പ്രവൃത്തി ആരംഭിക്കുന്നതിനെക്കുറിച്ച് ജിപികളെ

[68] ദ്വൈമാസ ബില്ലിംഗ് സംവിധാനമാണ് കെഡബ്ല്യുഎ പിന്തുടരുന്നത്.

അറിയിച്ചിരുന്നില്ലെന്നും, അവരുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ ട്രയൽ റണ്ണുകൾ നടത്തപ്പെട്ടിരുന്നില്ലെന്നും കണ്ടെത്തി. ജിപികൾ കരാറുകളിൽ ഒപ്പുവെച്ചിരുന്നുവെങ്കിൽ, അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുകയും, അതുവഴി പദ്ധതി നിർവ്വഹണത്തിലെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുകയും ചെയ്യാമായിരുന്നു.

കരാറിൽ കക്ഷിയല്ലാത്തതിനാൽ, സമൂഹാടിസ്ഥാനത്തിലുള്ള പരിപാടികളിൽ സജീവമായി ഇടപെടാനുള്ള ന്യായമായ അവകാശം ജിപിക്ക് നഷ്ടമായി.

## 6.3 പരിശോധനകൾ നടത്തുന്നതിലെ ക്രമക്കേടുകൾ

### 6.3.1 പ്രവൃത്തി സ്ഥലത്ത് സംയുക്ത പരിശോധന നടത്താത്തത്

നിർവ്വഹണ ഏജൻസിയിൽ നിന്ന് റണ്ണിംഗ് പേയ്മെന്റ് റിലീസ് ചെയ്യുന്നതിനുള്ള അഭ്യർത്ഥന ലഭിച്ചു കഴിഞ്ഞാൽ, **i)** ജിപിയും അല്ലെങ്കിൽ അതിന്റെ ഉപസമിതിയും, **ii)** പിഎച്ച്ഇഡി/ആർഡബ്ല്യുഎസ് വകുപ്പും, **iii)** എസ്ഡബ്ല്യുഎസ്എം എംപാനൽ ചെയ്ത മൂന്നാം കക്ഷി പരിശോധനാ ഏജൻസിയും ചേർന്ന് (ടിപിഐഎ) പ്രവൃത്തി സ്ഥലത്തിന്റെ സംയോജിത പരിശോധന നടത്തേണ്ടതായിരുന്നു.

എന്നാൽ, ജിപികളിലെ പ്രവൃത്തി സ്ഥലങ്ങളിൽ മൂന്ന് കക്ഷികളും ഉൾപ്പെടുന്ന സംയുക്ത പരിശോധനകൾ നടത്തിയിട്ടില്ലെന്നും ചർച്ചയുടെ വിശദാംശങ്ങൾ വർക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരുന്നില്ലെന്നും തെരഞ്ഞെടുത്ത ജിപികളിലെ സെക്രട്ടറിമാർ അറിയിച്ചു.

സംയുക്ത പരിശോധനയിൽ ജിപി പ്രതിനിധികൾ ഇല്ലായിരുന്നെങ്കിൽ പോലും, ജെജെഎമ്മിനു കീഴിലുള്ള പ്രവൃത്തികൾ പഞ്ചായത്ത് അധികാരികളുടെ മുൻകൂർ അനുമതിയോടെയാണ് ചെയ്തതെന്നും, പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലും അതിന്റെ വിലയിരുത്തലിലും അവർ ജാഗ്രത പാലിക്കുന്നുണ്ടെന്നും സർക്കാർ മറുപടി നൽകി (**2025** ജൂൺ).

തെരെഞ്ഞെടുത്ത **21** ഗ്രാമപഞ്ചായത്തുകളിൽ ഓഡിറ്റ് നടത്തിയ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ മേൽപ്പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായ പ്രതികരണമായിരുന്നു ലഭിച്ചത്. അതിൽ, ഗ്രാമപഞ്ചായത്തുകൾക്ക് പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് കെഡബ്ല്യുഎയിൽ നിന്ന് മുൻകൂർ അറിയിപ്പ് ലഭിച്ചിരുന്നില്ലെന്നും ട്രയൽ റൺ നടത്തിയത് ഗ്രാമപഞ്ചായത്ത് പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അല്ലായിരുന്നെന്നും പ്രസ്താവിക്കപ്പെട്ടു. കൂടാതെ, പ്രവൃത്തികളുടെയും ഉപയോഗിക്കുന്ന വസ്തുക്കളുടെയും ഗുണനിലവാരം മോശമാണെന്നും പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ പരാതിപ്പെട്ടിരുന്നു.

### 6.3.2 മൂന്നാം കക്ഷി പരിശോധന നടത്താതെ കരാറുകാരന് ക്രമരഹിതമായി പണം നൽകിയത്

കരാറുകാരന് പണം നൽകുന്നതിനു മുമ്പ് മൂന്നാം കക്ഷി പരിശോധനയും, ചെയ്ത പ്രവൃത്തിയുടെ ഗുണനിലവാരവും അളവും സംബന്ധിച്ച സാക്ഷ്യപ്പെടുത്തലും നടത്തണമെന്ന് ജെജെഎം

മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂന്നാം കക്ഷി പരിശോധന ഏജൻസികൾക്കുള്ള (ടിപിഐഎ) നിബന്ധനകളനുസരിച്ച്, ഇൻ വില്ലേജ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ കീഴിൽ നടപ്പിലാക്കിയ എല്ലാ എൻജിനീയറിംഗ് പ്രവൃത്തികളുടെയും പേയ്മെന്റിനായുള്ള ബില്ലിൽ പറഞ്ഞ പ്രകാരമുള്ള അളവും ഗുണനിലവാരവും ടിപിഐഎകൾ പരിശോധിക്കേണ്ടതാണ്. മാർഗ്ഗരേഖകളിലെ ഈ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട്, കോഴിക്കോടെയും പാലക്കാടെയും തെരഞ്ഞെടുത്ത ജിപികളിൽ, നിർമ്മാണം കഴിഞ്ഞ് റണ്ണിംഗ് അക്കൗണ്ട് ബില്ലുകൾക്കുള്ള തുകകൾ നൽകിയതിനു ശേഷമാണ് മൂന്നാം കക്ഷി പരിശോധനകൾ നടത്തിയിരുന്നതെന്ന് ഓഡിറ്റ് കണ്ടെത്തി. കോഴിക്കോട് ജില്ലയിലെ "ജല ജീവൻ മിഷൻ - കടലുണ്ടി ഗ്രാമപഞ്ചായത്ത്" എന്ന പദ്ധതി **2021** മേയിൽ ₹**4.79** കോടി അംഗീകൃത ചെലവിൽ പൂർത്തിയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു. കടലുണ്ടി പഞ്ചായത്തിന്റെ പരിശോധനാ റിപ്പോർട്ട് അനുസരിച്ച് ഒന്നു മുതൽ ഒമ്പത് വരെയുള്ള റണ്ണിംഗ് അക്കൗണ്ട് ബില്ലുകളുമായി ബന്ധപ്പെട്ട സ്ഥല പരിശോധനകൾ **2021** ഓഗസ്റ്റ് **13**-നും **2021** ഓഗസ്റ്റ് **14**-നും നടന്നു. പത്താമത്തെ പാർട്ടിന്റെയും അവസാനത്തെയും ബില്ലിന്റെ പരിശോധന നടത്തിയത് **2021** നവംബർ **02**-നാണ്.

മൂന്നാം കക്ഷി പരിശോധനയ്ക്ക് വിധേയമാകാത്ത പ്രവൃത്തികളുടെ കാര്യത്തിൽ, ബിൽ തുകയുടെ **30** ശതമാനം തടഞ്ഞുവയ്ക്കാനും **70** ശതമാനം മാത്രം വിട്ടുകൊടുക്കാനും കെഡബ്ല്യുഎ മാനേജിംഗ് ഡയറക്ടർ നിർദ്ദേശിച്ചിരുന്നുവെങ്കിലും (**2020** ഡിസംബർ), തെരഞ്ഞെടുത്ത **21** ജിപികളിൽ മൂന്നെണ്ണത്തിൽ, മൂന്നാം കക്ഷി പരിശോധനാ സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ ബിൽ തുകയുടെ **30** ശതമാനം തുടക്കത്തിൽ തടഞ്ഞുവെച്ചിരുന്നെങ്കിലും, ടിപിഐഎ റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം തുക കരാറുകാരന് വിട്ടുകൊടുത്തതായി ഓഡിറ്റ് നിരീക്ഷിച്ചു.

മൂന്നാം കക്ഷി പരിശോധനയ്ക്ക് ശേഷം സർട്ടിഫിക്കേഷൻ വരെ ബിൽ തുകയുടെ **30** ശതമാനം തടഞ്ഞുവച്ചിരുന്നെന്ന് സർക്കാർ മറുപടി നൽകി (**2025** ജൂൺ). ടിപിഐഎയ്ക്കുള്ള അന്തിമ ബിൽ പേയ്മെന്റും മൂന്നാം കക്ഷി അനുബന്ധ പരിശോധനാ ചാർജുകളും പ്രോസസ്സ് ചെയ്യുന്നതിന് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടത് ആവശ്യവ്യവസ്ഥയാണെന്ന് ആവർത്തിക്കുകയുണ്ടായി. ടിപിഐഎ ബില്ലുകൾക്കൊപ്പം സമർപ്പിച്ച പരിശോധനാ സർട്ടിഫിക്കറ്റ് / റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് **100** ശതമാനം പേയ്മെന്റ് നടത്തിയത്.

മൂന്നാം കക്ഷി സർട്ടിഫിക്കേഷൻ ലഭിക്കാതെ പേയ്മെന്റ് അനുവദിക്കരുതെന്ന ജെജെഎം മാർഗ്ഗരേഖകൾക്ക് വിരുദ്ധമായിരുന്നു **2020** ഡിസംബറിൽ കെഡബ്ല്യുഎ പുറപ്പെടുവിച്ച നിർദ്ദേശം. ഓഡിറ്റിൽ കണ്ടെത്തിയതുപോലെ, പിന്നീടുള്ള തീയതികളിൽ ടിപിഐഎ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ബിൽ തുക നൽകിയത് ക്രമരഹിതമായിരുന്നു. കാരണം, ഏതു പേയ്മെന്റ് നൽകുന്നതിനും മുമ്പ്, മൂന്നാം കക്ഷി പരിശോധനയും പ്രവൃത്തിയുടെ ഗുണനിലവാരവും അളവും സംബന്ധിച്ച സാക്ഷ്യപ്പെടുത്തലും നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യണമായിരുന്നു. പണം നൽകിയതിന് ശേഷമുള്ള തീയതിയിൽ ടിപിഐഎ റിപ്പോർട്ടുകൾ സമർപ്പിച്ചതിനാൽ, ടിപിഐഎ യഥാർത്ഥത്തിൽ പരിശോധന നടത്തിയോ ഇല്ലയോ എന്ന് ഓഡിറ്റിന് ഉറപ്പാക്കാൻ കഴിഞ്ഞില്ല.

### 6.3.3 മൂന്നാം കക്ഷി പരിശോധനാ ഏജൻസികളുടെ നിരീക്ഷണത്തിലെ പോരായ്മകൾ

പരിശോധന നടത്തിയ ജില്ലകളിൽ ടിപിഐഎ കൃത്യമായി നിരീക്ഷണം നടത്താത്തതായി ഓഡിറ്റ് നിരീക്ഷിച്ച സന്ദർഭങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- ജലവിതരണ സംവിധാനത്തിന്റെ പദ്ധതികളിൽ ഉപയോഗിക്കാൻ അംഗീകാരം ലഭിച്ച ക്ലാസ് ബി മൾട്ടി-ജെറ്റ് വാട്ടർ മീറ്ററുകളുടെ നിർമ്മാതാക്കൾ / സ്ഥാപനങ്ങളെ കെഡബ്ല്യുഎ എംപാനൽ ചെയ്തു (2022 നവംബർ). കൊല്ലം, പാലക്കാട് ജില്ലകളിലെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ ഗുണഭോക്തൃ സർവ്വേയിൽ, കോൺട്രാക്ടർമാർ എഫ്എച്ച്ടിസികളുടെ അവസാനഘട്ടത്തിൽ നിലവാരം കുറഞ്ഞതും ചോർന്നൊലിക്കുന്നതുമായ അംഗീകൃതമല്ലാത്ത മീറ്ററുകൾ സ്ഥാപിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചത് **ചിത്രം 6.1**-ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 6.1: പാലക്കാട് പട്ടഞ്ചേരി ജിപിയിൽ അംഗീകൃതമല്ലാത്ത നിർമ്മാതാവിൽ നിന്നും ലഭ്യമാക്കിയ ചോർന്നൊലിക്കുന്ന വാട്ടർ മീറ്റർ.*
*ഓഡിറ്റ് പാർട്ടി 2025 ജനുവരി 08-ന് എടുത്ത ഫോട്ടോ*

- കൊല്ലം ജില്ലയിലെ ടിപിഐഎ ആയ ബ്യൂറോ വെരിറ്റാസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ പരിശോധനാ റിപ്പോർട്ടുകൾ പ്രകാരം, മൺറോതുരുത്ത് ജിപിയിലും പൂയപ്പള്ളി ജിപിയിലും ഐഎസ്ഐ രഹിത ടാപ്പുകൾക്കൊപ്പം നോൺ-ബ്രാസ് മെയിൽ ത്രെഡ് അഡാപ്റ്ററുകളും (എംറ്റിഎ) ഫീമെയിൽ ത്രെഡ് അഡാപ്റ്ററുകളും (എഫ്റ്റിഎ) ഉപയോഗിച്ചു. തൃക്കോവിൽവട്ടത്ത്, കെഡബ്ല്യുഎ ഡ്രോയിംഗിൽ നിഷ്കർഷിച്ചതിനേക്കാൾ കുറഞ്ഞ എണ്ണം എഫ്റ്റിഎകളും എംറ്റിഎകളുമാണ് ഉപയോഗിച്ചത്. കണ്ടെത്തലുകൾ ഗൗരവമേറിയതും ഗുരുതരവുമാണെന്ന് രേഖപ്പെടുത്തിയിരുന്നെങ്കിലും ഏജൻസി തൃപ്തികരമായ ഗുണനിലവാരത്തിനും അളവിനും സർട്ടിഫിക്കറ്റുകൾ നൽകുകയുണ്ടായി.

ടിപിഐഎകൾ നടത്തിയ പരിശോധനകൾ ഫലപ്രദമല്ലെന്ന് ഇത് വ്യക്തമായി തെളിയിക്കുന്നു.

പാലക്കാട് ജില്ലയിൽ പരാമർശിച്ചിരിക്കുന്ന എഫ്എച്ച്ടിസിയുടെ പ്രവൃത്തിയുടെ ഒരു ഭാഗം കിഫ്ബിയുടെ കീഴിൽ ആണ് പൂർത്തിയായത്

എന്ന് സർക്കാർ മറുപടി നൽകി (2025 ജൂൺ). ഓഡിറ്റ് പരാമർശിച്ച എഫ്എച്ച്ടിസി, ജെജെഎമ്മിനു കീഴിൽ സ്ഥാപിച്ചതായതിനാലും ഈ വസ്തുത കെഡബ്ല്യുഎ സ്ഥിരീകരിച്ചതിനാലും മറുപടി സ്വീകാര്യമല്ല.

മൂന്നാം കക്ഷി ഏജൻസികളുടെ പ്രകടനത്തെക്കുറിച്ച് മറുപടിയിൽ സർക്കാർ മൗനം പാലിച്ചു.

### *ശിപാർശ*

- ***ഐഎംഐഎസ് (ജെജെഎം) സംബന്ധമായ ഡാറ്റാ ഗവേണൻസിനും സാധൂകരണത്തിനുമുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐഒടി) അധിഷ്ഠിത സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി, ഉചിതമായ ഒരു അളവെടുപ്പ് നിരീക്ഷണ സംവിധാനം കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

**(പ്രീതി എബ്രഹാം)**
**അക്കൗണ്ടന്റ് ജനറൽ**
**(ഓഡിറ്റ് I), കേരള**

**തിരുവനന്തപുരം,**
**2026 ജനുവരി 15**

**മേലൊപ്പിട്ടത്**

**(കെ. സഞ്ജയ് മൂർത്തി)**
**ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ**

**ന്യൂഡൽഹി,**
**2026 ജനുവരി 19**

# അനുബന്ധങ്ങൾ

**അനുബന്ധം 1.1**
**സാമ്പിൾ തെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ**
***(സൂചിക: ഖണ്ഡിക 1.4, പേജ് 3)***

| ജില്ല | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| **കൊല്ലം** | ചവറ | ചവറ, നീണ്ടകര, പന്മന, തേവലക്കര |
| | ചിറ്റുമല | കുണ്ടറ, മൺറോതുരുത്ത്, പനയം, പേരയം |
| **പാലക്കാട്** | അട്ടപ്പാടി | അഗളി, പുതൂർ, ഷോളയൂർ |
| | കൊല്ലങ്കോട് | കൊല്ലങ്കോട്, പട്ടഞ്ചേരി, പുതുനഗരം, വടവന്നൂർ |
| **കോഴിക്കോട്** | കോഴിക്കോട് | കടലുണ്ടി, ഒളവണ്ണ |
| | മേലടി | കീഴരിയൂർ, മേപ്പയൂർ, തിക്കോടി, തുറയൂർ |

## അനുബന്ധം 3.1
## കേന്ദ്ര സർക്കാരും കേരള സർക്കാരും ഫണ്ട് അനുവദിച്ചതിന്റെ വിശദാംശങ്ങൾ

*(സൂചിക: ഖണ്ഡികകൾ 3.1.2, 3.2.1, 3.3, പേജ് 24, 27, 30)*

*(₹ കോടിയിൽ)*

| വർഷം | കേന്ദ്ര സർക്കാർ വകയിരുത്തൽ | കേന്ദ്ര സർക്കാർ വിഹിതം അനുവദിച്ച് കൊണ്ടുള്ള ഉത്തരവിന്റെ തീയതി | വിവരണം | കേന്ദ്ര സർക്കാർ അനുവദിച്ച തുക | ആകെ | സംസ്ഥാന സർക്കാർ വിഹിതം അനുവദിച്ച് കൊണ്ടുള്ള ഉത്തരവിന്റെ തീയതി | സംസ്ഥാന സർക്കാർ അനുവദിച്ച തുക | ആകെ | വകയിരുത്തലിനെതിരെ കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചതിലുണ്ടായ കുറവ് | ഫണ്ട് അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിലുണ്ടായ കാലതാമസം (ദിവസങ്ങളിൽ) |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10= (2) – (6) | 11 |
| 2019-20 | 248.76 | 28.08.2019 | ആദ്യ ഗഡു | 101.29 | 101.29 | 04.12.2019 | 50.00 | 50.00 | 147.47 | 83 |
| | | | | | | 08.06.2020 | 51.29 | 758.94 | | 270 |
| | | | | | | 29.06.2020 | 101.29 | | | 291 |
| 2020-21 | 404.24 | 30.05.2020 | ആദ്യ ഗഡുവിന്റെ ആദ്യ ഭാഗത്തിന്റെ അംശം | 72.16 | 303.18 | 06.11.2020 | 144.32 | | 101.06 | 145 |
| | | 22.01.2021 | ആദ്യ ഗഡുവിന്റെ ആദ്യ ഭാഗത്തിന്റെ ബാക്കി തുക | 28.90 | | 03.02.2021 | 57.80 | | | അനുവദനീയമായ സമയത്തിനുള്ളിൽ |
| | | 18.02.2021 | ആദ്യ ഗഡുവിന്റെ രണ്ടാം ഭാഗം | 101.06 | | 23.02.2021 | 202.12 | | | -do- |
| | | 15.03.2021 | രണ്ടാം ഗഡുവിന്റെ ആദ്യ ഭാഗം | 101.06 | | 16.03.2021 | 202.12 | | | -do- |
| 2021-22 | 1804.59 | 13.05.2021 | ആദ്യ ഗഡുവിന്റെ ആദ്യ ഭാഗം | 451.15 | 1353.45 | 31.05.2021 | 902.30 | 1804.60 | 451.14 | 3 |
| | | 18.11.2021 | ആദ്യ ഗഡുവിന്റെ രണ്ടാം ഭാഗം | 451.15 | | 04.12.2021 | 451.15 | | | 1 |
| | | 13.01.2022 | രണ്ടാം ഗഡുവിന്റെ ആദ്യ ഭാഗം | 451.15 | | 09.02.2022 | 451.15 | | | 12 |
| 2022-23 | 2206.54 | 25.07.2022 | ആദ്യ ഗഡുവിന്റെ ആദ്യ ഭാഗം | 551.64 | 2206.54 | 16.08.2022 | 538.76* | 1616.29 | 0 | 7 |
| | | 01.12.2022 | ആദ്യ ഗഡുവിന്റെ രണ്ടാം ഭാഗം | 551.64 | | 16.12.2022 | 538.76* | | | അനുവദനീയമായ സമയത്തിനുള്ളിൽ |

| വർഷം | കേന്ദ്ര സർക്കാർ വകയിരുത്തൽ | കേന്ദ്ര സർക്കാർ വിഹിതം അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ തീയതി | വിവരണം | കേന്ദ്ര സർക്കാർ അനുവദിച്ച തുക | ആകെ | സംസ്ഥാന സർക്കാർ വിഹിതം അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ തീയതി | സംസ്ഥാന സർക്കാർ അനുവദിച്ച തുക | ആകെ | വകയിരുത്തലിനെതിരെ കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചതിലുണ്ടായ കുറവ് | ഫണ്ട് അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിലുണ്ടായ കാലതാമസം (ദിവസങ്ങളിൽ) |
|---|---|---|---|---|---|---|---|---|---|---|
| | | 14.02.2023 | രണ്ടാം ഗഡുവിന്റെ ആദ്യ ഭാഗം | 551.63 | | 15.03.2023 | 538.76* | | | 14 |
| | | 31.03.2023 | രണ്ടാം ഗഡുവിന്റെ രണ്ടാം ഭാഗം | 551.63 | | 25.05.2023 | 551.64 | 1207.15 | | 40 |
| **2023-24** | 1342.36 | 28.07.2023 | ആദ്യ ഗഡുവിന്റെ ആദ്യ ഭാഗം | 335.59 | 671.18 | 25.09.2023 | 327.76* | | 671.18 | 44 |
| | | 31.10.2023 | ആദ്യ ഗഡുവിന്റെ രണ്ടാം ഭാഗം | 335.59 | | 11.12.2023 | 327.76* | | | 26 |
| **ആകെ** | **6006.49** | | | | **4635.64** | | | | **1370.85** | |

**പിന്തുണാ പ്രവർത്തനങ്ങൾക്കും ഡബ്ല്യുക്യുഎംഎസ് പ്രവർത്തനങ്ങൾക്കുമുള്ള, **60:40** അനുപാതത്തിലുള്ള, ഫണ്ട് പങ്കിടൽ രീതി കണക്കിലെടുത്തതു കൊണ്ടാണ് കേന്ദ്ര സർക്കാർ, കേരള സർക്കാർ വിഹിതങ്ങൾ തമ്മിലുള്ള അസമത്വം ഉണ്ടായത്.*

## അനുബന്ധം 3.2
## പിഎംജിഎസ്വൈയിൽ നിക്ഷേപിച്ച റോഡ് പുനഃസ്ഥാപന ചാർജുകളുടെ വിശദാംശങ്ങൾ

*(സൂചിക: ഖണ്ഡിക 3.4, പേജ് 30)*

(₹ *ലക്ഷത്തിൽ*)

| പാക്കേജ് നമ്പർ | റോഡ് | പുനഃസ്ഥാപിക്കൽ ചാർജുകൾ | ജിഎസ്ടി | ആകെ | കെഡബ്ല്യുഎ നൽകിയ തുക |
|---|---|---|---|---|---|
| **കെആർ 10-74** | ചെമ്മങ്കാട്-നമ്പള്ളം | 29.93 | 5.39 | 35.32 | 33.20 |
| **കെആർ 10-85** | കാരക്കൂത്ത്-മാഞ്ഞാമ്പ്ര | 119.72 | 21.55 | 141.27 | 141.26 |
| **കെആർ 10-88** | പൊരിയാനി കയ്യറ അരിമണി ധോണി | 39.15 | 7.05 | 46.20 | 45.07 |
| **കെആർ 10-67** | കോട്ടായി പുളിനെല്ലി കരിയങ്കോട് | 27.88 | 5.02 | 32.90 | 32.90 |
| **കെആർ 10-61** | മൂച്ചംകുണ്ട് മന്ദിപതി | 50.13 | 9.02 | 59.15 | 59.16 |
| **കെആർ 10-22** | പാപ്പാൻചള്ള ചെമ്മണംതോട് | 41.96 | 7.55 | 49.51 | 49.51 |
| **കെആർ 10-46** | പിലമരം നരസിമുക്ക് | 42.47 | 7.65 | 50.12 | 50.12 |
| **കെആർ 10-49** | ഗൂളിക്കടവ്-പട്ടിമാളം | 30.50 | 5.49 | 35.99 | 35.99 |
| **കെആർ 10-60** | താവളം പരപ്പന്തറ | 66.05 | 11.89 | 77.94 | 77.94 |
| **കെആർ 10-87** | കള്ളപ്പാടി-കുണ്ടുവംപാടം-വടശ്ശേരി | 36.56 | 6.58 | 43.14 | 43.14 |
| | **ആകെ** | **484.35** | **87.19** | **571.54** | **568.29** |

**അനുബന്ധം 3.3**
**തെരഞ്ഞെടുത്ത ജിപികളിലെ പദ്ധതികളുടെ ചെലവിന്റെ വിഹിതം**
***(സൂചിക: ഖണ്ഡിക 3.5, പേജ് 31)***

| ക്രമ നമ്പർ | സ്കീമിന്റെ പേര് | സ്കീം ഐഡി | സേവന നില വാരം (എൽപിസിഡി) | കേന്ദ്ര സർക്കാർ ചെലവ് (₹ ലക്ഷത്തിൽ) | സംസ്ഥാന സർക്കാർ ചെലവ് (₹ ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | ജെജെഎം ജലനിധി ചവറ ജിപി ചവറ പന്മന സുനാമി പുനരധിവാസ പദ്ധതി | 30079245 | 100 | 13.03 | 13.03 |
| 2 | ജെജെഎം പെരിനാട്, പനയം, തൃക്കരുവ ജിപികൾ - തൃക്കരുവ, പനയം, പെരിനാട്, മൺറോതുരുത്ത് എന്നിവിടങ്ങളിലേക്കുള്ള ഡബ്ല്യുഎസ്എസ് | 30113935 | 100 | 479.19 | 479.19 |
| 3 | ജെജെഎം - അഗളി പഞ്ചായത്തിലേക്കുള്ള ഡബ്ല്യുഎസ്എസ് - സിഡബ്ല്യുപിഎം, സിഡബ്ല്യുജിഎം, പ്ലാമരത്ത് 11എൽഎൽ ജിഎൽഎസ്ആറിന്റെ നിർമ്മാണം, മുനിമലയിൽ 6എൽഎൽ ജിഎൽഎസ്ആർ, 6എൽഎൽ ജിഎൽഎസ്ആർ കം ബിപിടി, 7000 എണ്ണം എഫ്എച്ച്ടിസികളുടെ വിതരണവും വിതരണ സംവിധാനം സ്ഥാപിക്കലും നൽകലും | 30127472 | 100 | 1124.27 | 1124.27 |
| 4 | ജെജെഎം - പുതൂർ പഞ്ചായത്തിലേക്കുള്ള ഡബ്ല്യുഎസ്എസ് - സിഡബ്ല്യുപിഎം, സിഡബ്ല്യുജിഎം, രംഗനാഥപുരത്ത് 5 എൽഎൽ ജിഎൽഎസ്ആർ, കുളപ്പടികയിൽ 2എൽഎൽ ജിഎൽഎസ്ആർ, മേലെ അബ്ബന്നൂരിൽ 1 എൽഎൽ ജിഎൽഎസ്ആർ, പടവയലിൽ 1.5 എൽഎൽ സംപ് കം പമ്പ് ഹൗസ്, ബൊമ്മിയാമ്പതിയിൽ 1.5 എൽഎൽ സംപ് കം പമ്പ് ഹൗസ്, വിതരണം, 2000 എണ്ണം എഫ്എച്ച്ടിസികളുടെ വിതരണവും വിതരണ | 30128091 | 100 | 146.15 | 146.15 |

| ക്രമ നമ്പർ | സ്കീമിന്റെ പേര് | സ്കീം ഐഡി | സേവന നില വാരം (എൽപിസിഡി) | കേന്ദ്ര സർക്കാർ ചെലവ് (₹ ലക്ഷത്തിൽ) | സംസ്ഥാന സർക്കാർ ചെലവ് (₹ ലക്ഷത്തിൽ) |
|---|---|---|---|---|---|
| | സംവിധാനം സ്ഥാപിക്കലും നൽകലും, ബ്രിഡ്ജ് ക്രോസിംഗ്, റിവർ ക്രോസിംഗ് | | | | |
| **5** | ജെജെഎം ഷോളയൂർ പഞ്ചായത്തിലേക്കുള്ള ഡബ്ല്യുഎസ്എസ് - സിഡബ്ല്യുജിഎം, **3** എൽഎൽ ജിഎൽഎസ്ആറിന്റെയും ബൂസ്റ്റർ പമ്പ് ഹൗസിന്റെയും നിർമ്മാണം, **1000** എണ്ണം എഫ്എച്ച്ടിസികളുടെ വിതരണവും വിതരണ സംവിധാനം സ്ഥാപിക്കലും നൽകലും | 30128069 | 100 | 292.63 | 292.63 |
| **6** | ജെജെഎം കൊല്ലങ്കോട് ജിപി കൊല്ലങ്കോട് പഞ്ചായത്തിലേക്കുള്ള ഡബ്ല്യുഎസ്എസ് | 30063346 | 100 | 5.95 | 5.95 |
| **7** | ജെജെഎം പെരുവെമ്പ് ജിപി പെരുവെമ്പ് പഞ്ചായത്തിലേക്കുള്ള ഡബ്ല്യുഎസ്എസ് ദീർഘിപ്പിക്കുന്നത് (ആറാമത്തെ എസ്എൽഎസ്സിസി അംഗീകാരം) | 30249335 | 100 | 0.63 | 0.63 |
| **8** | ജെജെഎം **2021-22** കൊടുവായൂർ, പുതുനഗരം ജിപികൾ - പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലുള്ള കൊടുവായൂർ, പുതുനഗരം ഗ്രാമപഞ്ചായത്തുകളിലേക്കുള്ള സിഡബ്ല്യുഎസ്എസ് ദീർഘിപ്പിക്കുന്നത് | 30126023 | 100 | 3.40 | 3.40 |
| **9** | ജലജീവൻ മിഷൻ വടവന്നൂർ ഗ്രാമപഞ്ചായത്തിന് എഫ്എച്ച്ടിസി നൽകുന്നത് | 30125948 | 100 | 453.11 | 453.11 |
| **10** | ജെജെഎം കടലുണ്ടി ജിപി കടലുണ്ടി ഗ്രാമപഞ്ചായത്തിലേക്കുള്ള ഡബ്ല്യുഎസ്എസ് (ഘട്ടം രണ്ട്) | 30061464 | 100 | 84.60 | 84.60 |
| **11** | ജെജെഎം ഒളവണ്ണ ജിപി ഒളവണ്ണ പഞ്ചായത്തിലേക്കുള്ള ഡബ്ല്യുഎസ്എസ് | 30210711 | 100 | 247.82 | 247.82 |
| **12** | ജെജെഎം ഒളവണ്ണ ജിപി ഒളവണ്ണ പഞ്ചായത്തിൽ | 30040957 | 100 | 463.05 | 463.05 |

| ക്രമ നമ്പർ | സ്കീമിന്റെ പേര് | സ്കീം ഐഡി | സേവന നില വാരം (എൽപിസിഡി) | കേന്ദ്ര സർക്കാർ ചെലവ് (₹ ലക്ഷത്തിൽ) | സംസ്ഥാന സർക്കാർ ചെലവ് (₹ ലക്ഷത്തിൽ) |
|---|---|---|---|---|---|
| | എഫ്എച്ച്ടിസികൾ നൽകുന്നത് ഘട്ടം രണ്ട് | | | | |
| **13** | ജെജെഎം ഒളവണ്ണ ജിപി ജിക്ക അസിസ്റ്റഡ് കെഡബ്ല്യുഎസ്പി കോഴിക്കോട് നഗരവും സമീപ ഗ്രാമങ്ങളിലെയും റെട്രോഫിറ്റിംഗ് | 8157520 | 70 | 14.24 | 14.24 |
| **14** | ജെജെഎം ഉള്ളിയേരി, കായണ്ണ, അത്തോളി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, അരിക്കുളം, മൂടാടി, നൊച്ചാട്, കീഴരിയൂർ, മേപ്പയൂർ, ചങ്ങരോത്ത്, കൂത്താളി, പനങ്ങാട്, കൂരാച്ചുണ്ട്, തിക്കോടി ജിപികളിലേക്കുള്ള ഡബ്ല്യുഎസ്എസ് ഘട്ടം 2 | 30058978 | 100 | 19578.39 | 19577.21 |

## അനുബന്ധം 3.4
## സെന്റേജ് ചാർജുകൾ അടച്ചതിന്റെ വിശദാംശങ്ങൾ
*(സൂചിക: ഖണ്ഡിക 3.6, പേജ് 32)*

| വർഷം | ഡിവിഷന്റെ പേര് | റോഡ് പുനരുദ്ധാരണത്തിനുള്ള ചെലവ് (₹ ലക്ഷത്തിൽ) | കേന്ദ്ര സർക്കാർ ഫണ്ടിൽ നിന്നും സെന്റേജ് ചാർജുകൾ നൽകിയത് (₹ ലക്ഷത്തിൽ) |
|---|---|---|---|
| **2020-21** | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കൊല്ലം | 6.51 | 0.72 |
| | പബ്ലിക് ഹെൽത്ത് ഡിവിഷൻ, പാലക്കാട് | 5.50 | 0.61 |
| | പ്രോജക്റ്റ് ഡിവിഷൻ, കോഴിക്കോട് | 320.13 | 35.57 |
| | **ആകെ** | **332.14** | **36.90** |
| **2021-22** | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കൊട്ടാരക്കര | 799.51 | 88.83 |
| | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കൊല്ലം | 86.71 | 9.63 |
| | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കോഴിക്കോട് | 185.65 | 20.63 |
| | പബ്ലിക് ഹെൽത്ത് ഡിവിഷൻ, പാലക്കാട് | 47.13 | 5.24 |
| | പബ്ലിക് ഹെൽത്ത് ഡിവിഷൻ, വടകര | 1295.21 | 143.91 |
| | പ്രോജക്റ്റ് ഡിവിഷൻ, ചിറ്റൂർ | 4844.95 | 538.33 |
| | പ്രോജക്റ്റ് ഡിവിഷൻ, കൊല്ലം | 3934.73 | 437.19 |
| | പ്രോജക്റ്റ് ഡിവിഷൻ, കോഴിക്കോട് | 1589.20 | 176.58 |
| | പ്രോജക്റ്റ് ഡിവിഷൻ, പാലക്കാട് | 3159.53 | 351.06 |
| | **ആകെ** | **15942.62** | **1771.40** |
| **2022-23** | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കൊല്ലം | 74.27 | 8.25 |
| | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കോഴിക്കോട് | 2212.55 | 245.84 |
| | പ്രോജക്റ്റ് ഡിവിഷൻ, കോഴിക്കോട് | 0.56 | 0.06 |
| | **ആകെ** | **2287.38** | **254.15** |
| **2023-24** | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കൊട്ടാരക്കര | 173.9 | 21.06 |
| | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കൊല്ലം | 420.13 | 50.88 |
| | പബ്ലിക് ഹെൽത്ത് ഡിവിഷൻ, കോഴിക്കോട് | 225.07 | 27.26 |
| | പബ്ലിക് ഹെൽത്ത് ഡിവിഷൻ, പാലക്കാട് | 0.98 | 0.12 |
| | പബ്ലിക് ഹെൽത്ത് ഡിവിഷൻ, വടകര | 468.44 | 56.73 |
| | പ്രോജക്റ്റ് ഡിവിഷൻ, ചിറ്റൂർ | 108.66 | 13.16 |
| | പ്രോജക്റ്റ് ഡിവിഷൻ, കൊല്ലം | 777.15 | 94.12 |
| | പ്രോജക്റ്റ് ഡിവിഷൻ, കോഴിക്കോട് | 804.77 | 97.47 |
| | പ്രോജക്റ്റ് ഡിവിഷൻ, പാലക്കാട് | 395.99 | 47.96 |
| | **ആകെ** | **3375.09** | **408.76** |
| **ആകെ മൊത്തം** | | **21,937.23** | **2471.21** |

## അനുബന്ധം 4.1
## ക്രമരഹിതമായ നിരക്ക് പരിഷ്കരണം മൂലം കെഡബ്ല്യുഎയ്ക്കുണ്ടായ അധിക ബാധ്യതയുടെ വിശദാംശങ്ങൾ

*(സൂചിക: ഖണ്ഡിക 4.4.3, പേജ് 50 )*

| പ്രവൃത്തി | ടിപിഎസി | ബിഡ് തുറന്ന തീയതി | 1.എൽഎംആർ 2.ഡിഎസ്ആർ +10% 3.എൽ1 | ടെൻഡർ തുറന്ന ഉടൻ തന്നെ ബിഡ് അന്തിമമാക്കിയിരുന്നെങ്കിൽ ഉള്ള എപിഎസി | 1.എൽഎംആർ 2.ഡിഎസ്ആർ +10% 3. നിരക്കുകൾ പരിഷ്കരിച്ചതിന് ശേഷമുള്ള എൽ1 | ഡിഎസ്ആർ 2018 പ്രകാരമുള്ള അന്തിമ എപിഎസി | അധിക തുക |
|---|---|---|---|---|---|---|---|
| 26,689 എഫ്എച്ച്ടിസികളും വിതരണ ലൈനുകളും നൽകുന്നത് - ചേളന്നൂർ, കുരുവട്ടൂർ, കക്കോടി, തലക്കുളത്തൂർ, പെരുവയൽ, ഒളവണ്ണ, കുന്ദമംഗലം ജിപികൾ | ₹54.55 കോടി (ഡിഎസ് ആർ 2016) | 11.06. 2021 | 1.₹72.06 കോടി 2.₹74.45 കോടി 3.₹81.83 കോടി | ₹72.06 കോടി | 1.₹78.16 കോടി 2.₹74.45 കോടി 3. ₹81.83 കോടി | ₹74.45 കോടി | ₹2.39 കോടി |
| ബാലുശ്ശേരി, കായക്കൊടി, കുറ്റ്യാടി, നാദാപുരം, നന്മണ്ട, നരിപ്പറ്റ, തൂണേരി, വളയം, വാണിമേൽ ജിപികളിൽ 37273 എഫ്എച്ച്ടിസികൾ നൽകുന്നത് | ₹65.92 കോടി (ഡിഎസ് ആർ 2016) | 11.06. 2021 | 1.₹93.54 കോടി 2.₹95.20 കോടി 3.₹98.89 കോടി | ₹93.54 കോടി | 1.₹104.43 കോടി 2.₹95.20 കോടി 3.₹98.89 കോടി | ₹95.20 കോടി | ₹1.66 കോടി |
| ആകെ | | | | | | | ₹4.05 കോടി |

## അനുബന്ധം 4.2
## ദീർഘകാലമായി അടുക്കി വച്ചിരിക്കുന്ന പോളിമർ പൈപ്പുകളുടെ വിശദാംശങ്ങൾ

*(സൂചിക: ഖണ്ഡിക 4.4.4, പേജ് 51)*

| ക്രമ നമ്പർ. | പ്രവൃത്തിയുടെ പേര് | പൈപ്പിന്റെ വിശദാംശങ്ങൾ | പൈപ്പിന്റെ നീളം | നിരക്ക് /മീറ്റർ (₹) | ചെലവ് (₹ ലക്ഷത്തിൽ) | പൈപ്പ് നിഷ്ക്രിയമായിക്കിടക്കുന്ന കാലയളവ് | ഏജൻസി | കാലതാമസത്തിനുള്ള കാരണം |
|---|---|---|---|---|---|---|---|---|
| 1. | ജല ജീവൻ മിഷൻ (ജെജെഎം) - നാദാപുരം, തൂണേരി, വാണിമേൽ, വളയം ഗ്രാമപഞ്ചായത്തുകളിലെ ബാക്കി പ്രവൃത്തികൾ - നാദാപുരം ജിപി മേഖല 10 – ലെ ജല ജീവൻ മിഷൻ ബാക്കി പ്രവൃത്തികൾ - പൈപ്പ് ലൈൻ പണി | 140 മി.മീ 8 കി. ഗ്രാം/ സെ. മീ² പിവിസി | 1300 മീ. | 817.05 | 10.62 | 1 വർഷം | പിഡബ്ല്യുഡി | ഡിമാൻഡ് നോട്ട് നൽകിയിട്ടില്ല |
| 2. | കോഴിക്കോട് ജില്ലയിലെ ഏറാമലയിലേക്കും സമീപത്തെ ഏഴു പഞ്ചായത്തുകളിലേക്കുമുള്ള സിഡബ്ല്യുഎസ്എസ് - മുളിയൻകുന്നിൽ 14 ലക്ഷം ലിറ്റർ (8 എൽഎൽ + 6 എൽഎൽ) ശേഷിയുള്ള ജിഎൽഎസ്ആറിന്റെ നിർമ്മാണവും കമ്മീഷൻ ചെയ്യലും, എടച്ചേരി ഗ്രാമപഞ്ചായത്തിൽ വിതരണ സംവിധാനം സ്ഥാപിക്കുന്നതും എഫ്എച്ച്ടിസികൾ നൽകുന്നതും | 90 മി.മീ 8 കി. ഗ്രാം/ സെ. മീ² പി.വി.സി | 43690 മീ. | 327.80 | 143.22 | 1 വർഷം 5 മാസം | പിഡബ്ല്യുഡി | അനുമതി ലഭിച്ചിട്ടില്ല |
| | | 110 മി.മീ 8 കി. ഗ്രാം/ സെ. മീ² പിവിസി | 4317 മീ. | 482.91 | 20.85 | | | |
| | | 140 മി.മീ 8 കി. ഗ്രാം/ സെ. മീ² പിവിസി | 7883 മീ. | 817.05 | 64.41 | | | |
| | | 160 മി.മീ 8 കി. ഗ്രാം/ സെ. മീ² പിവിസി | 511 മീ. | 1039.81 | 5.31 | | | |
| 3. | നാദാപുരം, തൂണേരി, വാണിമേൽ, വളയം ഗ്രാമപഞ്ചായത്തുകളിലെ ബാക്കി പ്രവൃത്തികൾ - വാണിമേൽ ഗ്രാമപഞ്ചായത്ത് സോൺ 10 പിഡബ്ല്യുഡി | 110 മി.മീ 8 കി. ഗ്രാം/ സെ. മീ² പിവിസി | 1600 മീ. | 482.91 | 7.73 | 1 വർഷം | പിഡബ്ല്യുഡി | റോഡിൽ അതിനകം തന്നെ ഭൂഗർഭ (യുജി) കേബിൾ |

| ക്രമ നമ്പർ. | പ്രവൃത്തിയുടെ പേര് | പൈപ്പിന്റെ വിശദാംശങ്ങൾ | പൈപ്പിന്റെ നീളം | നിരക്ക് /മീറ്റർ (₹) | ചെലവ് (₹ ലക്ഷത്തിൽ) | പൈപ്പ് നിഷ്ക്രിയമായിക്കിടക്കുന്ന കാലയളവ് | ഏജൻസി | കാലതാമസത്തിനുള്ള കാരണം |
|---|---|---|---|---|---|---|---|---|
| | വലതുവശത്തെ ബാക്കി പ്രവൃത്തി | | | | | | | സ്ഥാപിച്ചിരിക്കുന്നതിനാൽ കെഎസ്ഇബി അനുമതി നിഷേധിച്ചു. |
| 4. | ജല ജീവൻ മിഷൻ (ജെജെഎം) - കോഴിക്കോട് ജില്ലയിലെ ഏറാമലയിലേക്കും സമീപത്തെ ഏഴ് പഞ്ചായത്തുകളിലേക്കുമുള്ള സിഡബ്ല്യുഎസ്എസ്, പുറമേരി ഗ്രാമപഞ്ചായത്ത്- വിലാതപുരത്ത് നിലവിലുള്ള 6 ലക്ഷം ലിറ്റർ ഒഎച്ച്എസ്ആറിന്റെ പുനരുദ്ധാരണം, വിതരണ സംവിധാനം സ്ഥാപിക്കുന്നതും എഫ്എച്ച്ടിസികൾ നൽകുന്നതും – അരൂർ: സോൺ: 2 | 90 മി.മീ 8 കി. ഗ്രാം/ സെ. മീ² പിവിസി | 1000 മീ. | 327.80 | 3.28 | 1 വർഷം 6 മാസം | പിഡബ്ല്യുഡി | അനുമതി ലഭിച്ചിട്ടില്ല |
| 5. | കോഴിക്കോട് ജില്ലയിലെ ഉള്ളിയേരിയും മൂടാടിയും സമീപ പഞ്ചായത്തുകൾ പാക്കേജ് V- സോൺ I- മേപ്പയൂർ ഗ്രാമപഞ്ചായത്തിൽ പുതിയ വിതരണ ലൈനുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷൻ നൽകുന്നത്. | 90 മി.മീ 8 കി. ഗ്രാം/ സെ. മീ² പിവിസി | 8.60 കി.മീ | 327.80 | 28.19 | 1 വർഷം | പിഡബ്ല്യുഡി | പുതുക്കിയ ഡിമാൻഡ് നോട്ട് നൽകിയിട്ടില്ല |

| ക്രമ നമ്പർ. | പ്രവൃത്തിയുടെ പേര് | പൈപ്പിന്റെ വിശദാംശങ്ങൾ | പൈപ്പിന്റെ നീളം | നിരക്ക് /മീറ്റർ (₹) | ചെലവ് (₹ ലക്ഷത്തിൽ) | പൈപ്പ് നിഷ്ക്രിയമായിക്കിടക്കുന്ന കാലയളവ് | ഏജൻസി | കാലതാമസത്തിനുള്ള കാരണം |
|---|---|---|---|---|---|---|---|---|
| **6.** | ജല ജീവൻ മിഷൻ (ജെജെഎം)-ജെജെഎം-ഘട്ടം 2 വയനാട് ജില്ലയിലെ മൂപ്പൈനാട്, മേപ്പാടി, വൈത്തിരി പഞ്ചായത്തുകളിലേക്കുള്ള സിഡബ്ല്യുഎസ്എസ് ഘട്ടം II | **90** മി.മീ. **10** കി. ഗ്രാം/ സെ. മീ² പിഇ | 24.94 കി.മീ | 240.01 | 59.86 | 1.5 വർഷം | കെആർഎഫ്ബി | അനുമതി ലഭിച്ചില്ല |
| | | **125** മി.മീ. **10** കി. ഗ്രാം/ സെ. മീ² പിഇ | | 456.95 | 113.96 | | | |
| | | **160** മി.മീ. **10** കി കി. ഗ്രാം/ സെ. മീ² പിഇ | | 746.59 | 186.20 | | | |
| | **ആകെ** | | | | **643.63** | | | |

* ***30.04.2021**-ലെ സാങ്കേതിക സർക്കുലർ അടിസ്ഥാനമാക്കിയാണ് നിരക്കുകൾ കണക്കാക്കിയത്.*

## അനുബന്ധം 4.3
## തെരഞ്ഞെടുത്ത ജില്ലകളിൽ വസ്തുക്കൾ വിതരണം ചെയ്ത എംപാനൽ ചെയ്യാത്ത സ്ഥാപനങ്ങളുടെ / വിതരണക്കാരുടെ വിശദാംശങ്ങൾ*
*(സൂചിക: ഖണ്ഡിക 4.5.1, പേജ് 52)*

| പ്രവൃത്തിയുടെ പേര് | പൈപ്പ് വിതരണക്കാരുടെ പേരും പരിശോധനാ തീയതിയും | പൈപ്പ് ക്ലാസ് | അളവ് (മീറ്റർ) | പൈപ്പുകളുടെ വിപണി മൂല്യം (₹ ലക്ഷത്തിൽ) | കണ്ടെത്തലുകൾ |
|---|---|---|---|---|---|
| ജെജെഎം 2020-21, ഒളവണ്ണ, ചേളന്നൂർ, കുരുവട്ടൂർ മുതലായ ഇടങ്ങളിലെ എഫ്എച്ച്ടിസി | ശതവാഹന 17.12.2022 | ഡിഐ കെ9 250 മി.മീ (₹2420.34/ മീ.) | 2,000 | 48.41 | ശതവാഹനയെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22, ഘട്ടം 2- ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ എഫ്എച്ച്ടിസി നൽകൽ | മംഗളം പൈപ്പ്സ് 29.08.2022 | എച്ച്ഡിപിഇ 20 മി.മീ പി ഇ 80 പിഎൻ 16 (₹21.24/ മീ.) | 30,000 | 6.37 | മംഗളം പൈപ്പ്സിനെ 21.11.2023-ൽ മാത്രമാണ് എംപാനൽ ചെയ്തത് |
| ജെജെഎം 2021-22 – ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. കൂത്താളിയിൽ എഫ്എച്ച്ടിസി നൽകുന്നത് | അപ്പോളോ പൈപ്പ്സ് 28.12.2022 | പിവിസി 90 മി.മീ (10 കി. ഗ്രാം) (₹306.84/ മീ.) | 44,076 | 135.24 | അപ്പോളോ പൈപ്പ്സിനെ 21.11.2023-ൽ മാത്രമാണ് എംപാനൽ ചെയ്തത് |
| ജെജെഎം 2021-22 – ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. കൂത്താളിയിൽ എഫ്എച്ച്ടിസി നൽകുന്നത് | അപ്പോളോ പൈപ്പ്സ് 28.12.2022 | പിവിസി 90 മി.മീ (8 കി. ഗ്രാം) (₹254/ മീ.) | 36,866 | 93.64 | അപ്പോളോ പൈപ്പ്സിനെ 21.11.2023-ൽ മാത്രമാണ് എംപാനൽ ചെയ്തത് |
| ജെജെഎം 2021-22 – ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. കൂത്താളിയിൽ എഫ്എച്ച്ടിസി നൽകുന്നത് | അപ്പോളോ പൈപ്പ്സ് 28.12.2022 | പിവിസി 140 മി.മീ (10 കി. ഗ്രാം) (₹744.55/ മീ.) | 5,657 | 42.12 | അപ്പോളോ പൈപ്പ്സിനെ 21.11.2023-ൽ മാത്രമാണ് എംപാനൽ ചെയ്തത് |
| ജെജെഎം 2021-22 – ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. കൂത്താളിയിൽ എഫ്എച്ച്ടിസി നൽകുന്നത് | അപ്പോളോ പൈപ്പ്സ് 28.12.2022 | പിവിസി 140 മി.മീ (8 കി. ഗ്രാം) (₹617/ മീ.) | 2,615 | 16.13 | അപ്പോളോ പൈപ്പ്സിനെ 21.11.2023-ൽ മാത്രമാണ് എംപാനൽ ചെയ്തത് |
| ജെജെഎം 2021-22 – ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. കൂത്താളിയിൽ എഫ്എച്ച്ടിസി നൽകുന്നത് | അപ്പോളോ പൈപ്പ്സ് **28.12.2022** | പിവിസി 160 മി.മീ (10 കി. ഗ്രാം) (₹980/ മീ.) | 8,778 | 86.02 | അപ്പോളോ പൈപ്പ്സിനെ 21.11.2023-ൽ മാത്രമാണ് എംപാനൽ ചെയ്തത് |
| ജെജെഎം 2021-22 – ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. കൂത്താളിയിൽ | അപ്പോളോ പൈപ്പ്സ് **28.12.2022** | പിവിസി 160 മി.മീ (8 കി. ഗ്രാം) (₹805/ മീ) | 1,768 | 14.23 | അപ്പോളോ പൈപ്പ്സിനെ 21.11.2023-ൽ മാത്രമാണ് |

| പ്രവൃത്തിയുടെ പേര് | പൈപ്പ് വിതരണക്കാരുടെ പേരും പരിശോധനാ തീയതിയും | പൈപ്പ് ക്ലാസ് | അളവ് (മീറ്റർ) | പൈപ്പുകളുടെ വിപണി മൂല്യം (₹ ലക്ഷത്തിൽ) | കണ്ടെത്തലുകൾ |
|---|---|---|---|---|---|
| എഫ്എച്ച്ടിസി നൽകുന്നത് | | | | | എംപാനൽ ചെയ്തത് |
| ജെജെഎം ചാത്തമംഗലത്തേക്കുള്ള ഡബ്ല്യുഎസ്എസ് പുതുപ്പാടിയിലെ എഫ്എച്ച്ടിസി | അപ്പോളോ പൈപ്പ്സ് 01.08.2023 | ജിഐ മീഡിയം 100 മി.മീ (₹1155/മീ) | 2,370 | 27.37 | ജിഐ പൈപ്പുകൾ വിതരണം ചെയ്യുന്നതിന് അപ്പോളോ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം ചാത്തമംഗലത്തേക്കുള്ള ഡബ്ല്യുഎസ്എസ് പുതുപ്പാടിയിലെ എഫ്എച്ച്ടിസി | അപ്പോളോ പൈപ്പ്സ് 01.08.2023 | ജിഐ മീഡിയം 80 മി.മീ (₹785.03/ മീ.) | 1,330 | 10.44 | ജിഐ പൈപ്പുകൾ വിതരണം ചെയ്യുന്നതിന് അപ്പോളോ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 90 മി.മീ പി ഇ 100 പിഎൻ 10 (₹227.8/ മീ.) | 1,28,452 | 292.61 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 90 മി.മീ പി ഇ 100 പിഎൻ 12.5 (₹271.32/ മീ.) | 9,841 | 26.70 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 90 മി.മീ പി ഇ 100 പിഎൻ 16 (₹323.79/ മീ.) | 12,851 | 41.61 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 110 മി.മീ പി ഇ 100 പിഎൻ 10 (₹331.95/ മീ.) | 4,812 | 15.97 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 125 മി.മീ പി ഇ 100 പിഎൻ 10 (₹440.46/ മീ.) | 4,948 | 21.79 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 125 മി.മീ പി ഇ 100 പിഎൻ 12.5 (₹535.87/ മീ.) | 1,371 | 7.35 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 125 മി.മീ പി ഇ 100 പിഎൻ 16 (₹636.51/ മീ.) | 1,070 | 6.81 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |

| പ്രവൃത്തിയുടെ പേര് | പൈപ്പ് വിതരണ ക്കാരുടെ പേരും പരിശോധനാ തീയതിയും | പൈപ്പ് ക്ലാസ് | അളവ് (മീറ്റർ) | പൈപ്പുകളുടെ വിപണി മൂല്യം (₹ ലക്ഷത്തിൽ) | കണ്ടെത്തലുകൾ |
|---|---|---|---|---|---|
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 140 മി.മീ പി ഇ 100 പിഎൻ 10 (₹552.86/ മീ.) | 508 | 2.81 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 160 മി.മീ പി ഇ 100 പിഎൻ 10 (₹724.08/ മീ.) | 772 | 5.59 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 160 മി.മീ പി ഇ 100 പിഎൻ 16 (₹1044.29/ മീ.) | 94 | 0.98 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22. ഉള്ളിയേരിയിലേക്കുള്ള ഡബ്ല്യുഎസ്എസ്. പനങ്ങാട് എഫ്എച്ച്ടിസി നല്കുന്നത് | ശ്രീ രേണുകാംബ പൈപ്പ്സ് 04.02.2023 | എച്ച്ഡിപിഇ 180 മി.മീ പി ഇ 100 പിഎൻ 10 (₹916.21/ മീ.) | 4,012 | 36.76 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22, പനങ്ങാട് ജിപിയിലെ വിതരണവും പൈപ്പുകൾ സ്ഥാപിക്കുന്നതും കമ്മീഷൻ ചെയ്യുന്നതും | ശ്രീ രേണുകാംബ പൈപ്പ്സ് 24.05.2023 | എച്ച്ഡിപിഇ 180 മി.മീ പി ഇ 100 പിഎൻ 10 (₹916.21/ മീ.) | 36,452 | 333.98 | ശ്രീ രേണുകാംബ പൈപ്പ്സിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 21-22 പെരിങ്ങോട്ടുകുറിശ്ശി, കുത്തന്നൂർ പഞ്ചായത്തുകളിലേക്കുള്ള സിഡബ്ല്യുഎസ്എസ് | ഫ്ലോഫ്ലെക്സ് ഇൻഡസ്ട്രീസ് 01.10.2022 | എച്ച്ഡിപിഇ പി ഇ 20 മി.മീ പി ഇ 80 പിഎൻ 16 (₹21.24/ മീ.) | 23,000 | 4.89 | ഫ്ലോഫ്ലെക്സ് ഇൻഡസ്ട്രീസിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22 പെരിങ്ങോട്ടുകുറിശ്ശി, കുത്തന്നൂർ പഞ്ചായത്തുകളിലേക്കുള്ള സിഡബ്ല്യുഎസ്എസ് | ഫ്ലോഫ്ലെക്സ് ഇൻഡസ്ട്രീസ് 01.10.2022 | എച്ച്ഡിപിഇ 63 മി.മീ പി ഇ 100 പിഎൻ 10 (₹110.45/ മീ.) | 3,600 | 3.98 | ഫ്ലോഫ്ലെക്സ് ഇൻഡസ്ട്രീസിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 21-22 പെരിങ്ങോട്ടുകുറിശ്ശി, കുത്തന്നൂർ പഞ്ചായത്തുകളിലേക്കുള്ള സിഡബ്ല്യുഎസ്എസ് | ഫ്ലോഫ്ലെക്സ് ഇൻഡസ്ട്രീസ് 01.10.2022 | എച്ച്ഡിപിഇ 75 മി.മീ പി ഇ 100 പിഎൻ 10 (₹157.42/ മീ.) | 6,000 | 9.45 | ഫ്ലോഫ്ലെക്സ് ഇൻഡസ്ട്രീസിനെ എംപാനൽ ചെയ്തിട്ടില്ല |
| ജെജെഎം 2021-22 പെരിങ്ങോട്ടുകുറിശ്ശി, കുത്തന്നൂർ പഞ്ചായത്തുകളിലേക്കുള്ള സിഡബ്ല്യുഎസ്എസ് | ഫ്ലോഫ്ലെക്സ് ഇൻഡസ്ട്രീസ് 01.10.2022 | എച്ച്ഡിപിഇ 90 മി.മീ പി ഇ 100 പിഎൻ 10 (₹227.80/ മീ.) | 4,500 | 10.25 | ഫ്ലോഫ്ലെക്സ് ഇൻഡസ്ട്രീസിനെ എംപാനൽ ചെയ്തിട്ടില്ല |
| ആകെ | | | | 1,301.51 | |

***2021 നവംബർ 06 മുതൽ നിലവിൽ വന്ന കെഡബ്ല്യുഎ വിപണി നിരക്കുകളെ അടിസ്ഥാനമാക്കി കണക്കാക്കിയ നിരക്കുകൾ**

## അനുബന്ധം 4.4
## പിഡബ്ല്യുഡിക്ക് അധികമായി നൽകിയ റോഡ് പുനഃസ്ഥാപന ചാർജുകളുടെ വിശദാംശങ്ങൾ

*(സൂചിക: ഖണ്ഡിക 4.6.2, പേജ് 54)*

| ആർ ഒ ഡബ്ല്യൂ ആപ്ലിക്കേഷൻ നമ്പറും റോഡിന്റെ പേരും | ജില്ല | 30.03.2019-ലെയും 10.02.2023-ലെയും സർക്കുലറുകൾ അടിസ്ഥാനമാക്കിയുള്ള പിഡബ്ല്യുഡിയുടെ ഡിമാൻഡ് നോട്ട് പ്രകാരം കെഡബ്ല്യുഎ അടച്ച തുക (₹ ലക്ഷത്തിൽ) | പ്രൈസ് 3.0-ൽ പിഡബ്ല്യുഡിയുടെ ഡിമാൻഡ് നോട്ട് ജനറേറ്റ് ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ അടയ്ക്കേണ്ടിയിരുന്ന തുക (₹ ലക്ഷത്തിൽ) | കെഡബ്ല്യൂഎ, പൊതുമരാമത്ത് വകുപ്പിന് റോഡ് പുനഃസ്ഥാപന ചാർജായി അധികം നൽകിയ തുക (₹ ലക്ഷത്തിൽ) | പിഡബ്ല്യുഡി ഈടാക്കിയ അധിക തുകയുടെ ശതമാനം |
|---|---|---|---|---|---|
| ആർ ഒ ഡബ്ല്യൂ /1031483/37135 പെരുമ്പോയിൽ കണ്ടോത്തുപാറ റോഡ് (കി.മീ 0/000 മുതൽ 4/000 വരെ) | കോഴിക്കോട് | 220.19 | 136.08 | 84.11 | 61.81 |
| ആർ ഒ ഡബ്ല്യൂ /1053249/60252 ചാത്തമംഗലം-ചെട്ടിക്കടവ് റോഡ് (കി.മീ 3/300 മുതൽ 3/900 വരെ) | കോഴിക്കോട് | 57.22 | 36.12 | 21.10 | 58.42 |
| ആർ ഒ ഡബ്ല്യൂ /1042274/2022 പുത്തൂർമുക്ക്-ഏനാത്ത് പാലം (കി.മീ 80/285 മുതൽ 83/100 വരെ) | കൊല്ലം | 90.25 | 41.19 | 49.07 | 119.13 |
| ആർ ഒ ഡബ്ല്യൂ /1027526 പടനായർകുളങ്ങര - കാരൂർക്കടവ് റോഡ് (കി.മീ 1/770 മുതൽ 2/750 വരെ) | കൊല്ലം | 60.19 | 34.40 | 25.79 | 74.97 |
| ആർ ഒ ഡബ്ല്യൂ /1081919/90973 നടുവണ്ണൂർ-അരിക്കുളം-ഇരിങ്ങത്ത് (കി.മീ 6/430 മുതൽ 10/730 വരെ) | കോഴിക്കോട് | 367.76 | 225.58 | 142.17 | 63.02 |
| **ആകെ** | | **795.61** | **473.37** | **322.24** | |

*(ഉറവിടം: കെഡബ്ല്യുഎ ഡാറ്റ)*

## അനുബന്ധം 5.1
## കെഡബ്ല്യുഎ ക്യുസിഡി ശേഖരിച്ച് കെഡബ്ല്യുഎയിലും മറ്റ് ലബോറട്ടറികളിലും പരീക്ഷിച്ച ജല സാമ്പിളുകളുടെ പരിശോധനാ ഫലങ്ങളിലെ മൂല്യങ്ങളുടെ താരതമ്യം

*(സൂചിക: ഖണ്ഡിക 5.3, പേജ് 74)*

| ജില്ല | സാമ്പിളിന്റെ ഉറവിടം | സാമ്പിൾ പരിശോധിച്ച ലബോറട്ടറിയുടെ പേര് (തീയതി) | പാരാമീറ്റർ / യൂണിറ്റുകൾ *(സ്വീകാര്യമായ പരിധികൾ)* | | | | |
|---|---|---|---|---|---|---|---|
| | | | ഫ്ലൂറൈഡ് | ഇരുമ്പ് | ആകെ കോളി ഫോം (കണ്ടുപിടിക്കപ്പെടാൻ പാടില്ല/ *100* മില്ലി ലിറ്റർ) | ടർബിഡിറ്റി | നിറം |
| | | | മി. ഗ്രാം/ ലിറ്റർ *(1.0)* | മി. ഗ്രാം/ ലിറ്റർ *(1.0)* | | എൻടിയു *(6.50 മുതൽ 8.50 വരെ)* | സിയു[69] *(5)* |
| **കൊല്ലം** | നെന്മേനി കുഴൽക്കിണർ | ക്യുസിഡിഎൽ കൊല്ലം (18.01.2025) | 0.05 – നേക്കാൾ കുറവ് | 0.71 | ഇല്ല | 3.50 | 5 |
| | | ക്യുസിഡിഎൽ കൊല്ലം (28.03.2025) | 0.07 | 1.28 | ഇല്ല | 7.50 | 30 |
| | | സിഇപിസിഐ കൊല്ലം (28.03.2025) | 0.20 | 0.20 | ഇല്ല | 2.20 | 1 – നേക്കാൾ കുറവ് |
| | നെന്മേനി ടാപ്പ് വെള്ളം | ക്യുസിഡിഎൽ കൊല്ലം (28.03.2025) | 0.05 – നേക്കാൾ കുറവ് | 1.45 | ഇല്ല | 9.30 | 20 |
| | | സിഇപിസിഐ കൊല്ലം (28.03.2025) | 0.10 | 0.10 | ഉണ്ട് | 2.40 | 1 – നേക്കാൾ കുറവ് |
| **പാലക്കാട്** | എസ്ടി കോളനി കുഴൽക്കിണർ | ക്യുസിഡിഎൽ കെഡബ്ല്യുഎ പാലക്കാട് (24.04.2025) | 0.20 | 0.01 | ഇല്ല | 0.25 | 5 |
| | | ഇഎംഎഎൽ ലാബ്, പാലക്കാട് (24.04.2025) | 1 | 0.10 | ഇല്ല | ബിഡിഎൽ[70] | ബിഡിഎൽ |
| | തുറന്ന കിണർ | ക്യുസിഡിഎൽ കെഡബ്ല്യുഎ പാലക്കാട് (24.04.2025) | 0.84 | 0.01 | 84 | 0.58 | 5 |
| | | ഇഎംഎഎൽ ലാബ്, പാലക്കാട് (24.04.2025) | 0.80 | 0.10 | ഇല്ല | ബിഡിഎൽ | ബിഡിഎൽ |
| **കോഴിക്കോട്** | അംഗൻവാടി-14 | ക്യുസിഡിഎൽ കോഴിക്കോട് (29.04.2025) | ചെയ്തിട്ടില്ല | 0.25 | ഇല്ല | 1.25 | 1 |
| | | സിഡബ്ല്യുആർഡിഎം ലാബ്, കോഴിക്കോട് **(29.04.2025)** | ചെയ്തിട്ടില്ല | ബിഡിഎൽ | ഇല്ല | 0.40 | **1** – നേക്കാൾ കുറവ് |
| | ജെജെഎം ഗുണഭോക്താവ് | ക്യുസിഡിഎൽ കെഡബ്ല്യുഎ കോഴിക്കോട് **(29.04.2025)** | ചെയ്തിട്ടില്ല | 0.19 | ഇല്ല | 0.86 | 1 – നേക്കാൾ കുറവ് |
| | | സിഡബ്ല്യുആർഡിഎം ലാബ്, കോഴിക്കോട് **(29.04.2025)** | ചെയ്തിട്ടില്ല | 0.28 | ഉണ്ട് | 3.20 | 2 |

---

[69] കളർ യൂണിറ്റ്
[70] കണ്ടെത്തൽ പരിധിക്ക് താഴെ

# പദസൂചിക

## റിപ്പോർട്ടിൽ ഉപയോഗിച്ചിരിക്കുന്ന ചുരുക്കെഴുത്തുകളുടെ പദസൂചിക

| ചുരുക്കെഴുത്ത് | പദസൂചിക |
|---|---|
| എഎപി | വാർഷിക കർമ്മ പദ്ധതി |
| എസി | ആസ്ബെസ്റ്റോസ് സിമന്റ് |
| എസിഎസ് | അഡീഷണൽ ചീഫ് സെക്രട്ടറി |
| എഎസ് | ഭരണാനുമതി |
| ബിഎഡബ്ല്യുഎസ്എസ് | ബൈലാറ്ററൽ അസിസ്റ്റഡ് വാട്ടർ സപ്ലൈ സ്കീം |
| ബിഡിഎൽ | കണ്ടെത്തൽ പരിധിക്ക് താഴെ |
| ബിഐഎസ് | ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് |
| ബിപിടി | ബ്രേക്ക് പ്രഷർ ടാങ്ക് |
| ബിവി | ബാക്ടീരിയോളജിക്കൽ വയലുകൾ |
| സിഇ | ചീഫ് എൻജിനീയർ |
| സിഇപിസിഐ | കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ ലബോറട്ടറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് |
| സിജിഡബ്ല്യുബി | കേന്ദ്ര ഭൂഗർഭജല ബോർഡ് |
| സിഎംആർ | ചെക്ക് മെമ്മോ രജിസ്റ്റർ |
| കോവിഡ് | കൊറോണ വൈറസ് രോഗം |
| സിഎസ്ആർ | കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി |
| സിയു | കളർ യൂണിറ്റ് |
| സിഡബ്ല്യുജിഎം | ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ |
| സിഡബ്ല്യുപിപി | സമൂഹ ജലശുദ്ധീകരണ പ്ലാൻ്റ് |
| സിഡബ്ല്യുആർഡിഎം | സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് |
| സിഡബ്ല്യുടിഎം | ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ |
| ഡിഎപി | ജില്ലാ ആക്ഷൻ പ്ലാൻ |
| ഡിഡിപി | മരുഭൂമി വികസന പരിപാടി |
| ഡിഡിഡബ്ല്യുഎസ് | കുടിവെള്ള വിതരണ വകുപ്പ് |
| ഡിഎൽപി | ഡിഫക്ട് ലയബിലിറ്റി പീരിയഡ് |
| ഡിഎംഡിഎഫ് | ഡിസ്ട്രിക്ട് മിനറൽ ഡവലപ്പ്മെന്റ് ഫണ്ട് |
| ഡിപിഎപി | വരൾച്ചാസാധ്യതമേഖലാ പരിപാടി |
| ഡിപിആർ | വിശദമായ പദ്ധതി റിപ്പോർട്ട് |
| ഡിഎസ്ആർ | ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് |
| ഡിഡബ്ല്യുഎസ്എം | ജില്ലാതല ജല-ശുചിത്വ മിഷൻ |
| ഇഇ | എക്സിക്യൂട്ടീവ് എൻജിനീയർ |
| ഇഎംഎഎൽ | എൺവയോൺമെന്റൽ മോണിറ്ററിംഗ് ആന്റ് അനലിറ്റിക്കൽ ലബോറട്ടറി |
| എഫ്എച്ച്ടിസി | പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷൻ |
| എഫ്റ്റിഎ | ഫിമെയിൽ ത്രെഡ് അഡാപ്റ്ററുകൾ |
| എഫ്റ്റികെ | ഫീൽഡ് ടെസ്റ്റിങ് കിറ്റ് |
| ജിഎൽഎസ്ആർ | ഗ്രൗണ്ട് ലെവൽ സർവ്വീസ് റിസർവോയർ |
| ജിഒഐ | ഭാരത സർക്കാർ |
| ജിഒകെ | കേരള സർക്കാർ |
| ജിപി | ഗ്രാമപഞ്ചായത്ത് |
| ജിപിഡബ്ല്യുഎസ്സി | ഗ്രാമപഞ്ചായത്ത് ജല-ശുചിത്വ സമിതി |
| ജിഎസ്ടി | ചരക്ക്-സേവന നികുതി |
| ജിഡബ്ല്യുഡി | ഭൂജല വകുപ്പ് |
| എച്ച്2എസ് | ഹൈഡ്രജൻ സൾഫൈഡ് |
| എച്ച്സി | ഹൈക്കോടതി |
| എച്ച്ഡിപിഐ | ഹൈ ഡെൻസിറ്റി പോളി എഥിലീൻ |
| എച്ച്ടിസി | ഗാർഹിക ടാപ്പ് കണക്ഷൻ |
| ഹഡ്കോ | ഹൗസിംഗ് ആൻറ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |

| ചുരുക്കെഴുത്ത് | പദസൂചിക |
|---|---|
| ഐഡിയ | ഇന്ററാക്ടീവ് ഡാറ്റ എക്സ്ട്രാക്ഷൻ ആന്റ് അനാലിസിസ് |
| ഐഇസി | അന്താരാഷ്ട്ര ഇലക്ട്രോ ടെക്നിക്കൽ കമ്മീഷൻ |
| ഐഎഫ്എംഎസ് | ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം |
| ഐഎംഐഎസ് | ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം |
| ഐഒടി | ഇന്റർനെറ്റ് ഓഫ് തിംഗ്സ് |
| ഐഎസ് | ഇന്ത്യൻ സ്റ്റാൻഡേർഡ് |
| ഐഎസ്എ | ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസി |
| ഐഎസ്ഐ | ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ഇൻസ്റ്റിറ്റ്യൂഷൻ |
| ഐഎസ്ഒ | ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ |
| ഐടിഡിപി | സംയോജിത ആദിവാസി വികസന പദ്ധതി |
| ഐഡബ്ല്യുഎംപി | സംയോജിത നീർത്തട പരിപാലന പരിപാടി |
| ജെഇ-എഇഎസ് | ജപ്പാൻ മസ്തിഷ്ക്കജ്വരം / അഡ്വാൻസ്ഡ് എൻസെഫലൈറ്റിസ് സിൻഡ്രോം |
| ജിക്ക | ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി |
| ജെജെഎം | ജല ജീവൻ മിഷൻ |
| കിഫ്ബി | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് |
| കെപിആർ ആക്റ്റ് | കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് |
| കെപിഡബ്ല്യുഡി | കേരള പൊതുമരാമത്തു വകുപ്പ് |
| കെആർഎഫ് ബി | കേരള റോഡ് ഫണ്ട് ബോർഡ് |
| കെആർഡബ്ല്യുഎസ്എ | കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി |
| കെഎസ്ഇബി | കേരള സംസ്ഥാന വൈദ്യുതി ബോർഡ് |
| കെഎസ്ടിപി | കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് |
| കെഡബ്ല്യുഎ | കേരള വാട്ടർ അതോറിറ്റി |
| കെഡബ്ല്യുഎസ്പി | കേരള ജലവിതരണ പദ്ധതി |
| എൽഎൽ | ലക്ഷം ലിറ്റർ |
| എൽഎംആർ | പ്രാദേശിക വിപണി നിരക്കുകൾ |
| എൽപിസിഡി | ഒരു വ്യക്തിക്ക് ഒരു ദിവസം നല്കുന്ന വെള്ളത്തിന്റെ അളവ് ലിറ്ററിൽ |
| എൽഎസ്ജി | തദ്ദേശ ഭരണകൂടം |
| എൽഎസ് ജി ഡി | തദ്ദേശ സ്വയംഭരണ വകുപ്പ് |
| എൽഎസ്ജിഐ | തദ്ദേശ സ്വയംഭരണസ്ഥാപനം |
| എംഡി | മാനേജിംഗ് ഡയറക്ടർ |
| എംജിഎൻആർഇജിഎസ് | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| എംഎൽഎലാഡ്സ് | മെംബർ ഓഫ് ലെജിസ്ലേറ്റീവ് അസംബ്ലി ലോക്കൽ ഏരിയ ഡെവലപ്മെന്റ് സ്കീം |
| എംഒആർടിഎച്ച് | റോഡ് ഗതാഗത ഹൈവേ മന്ത്രാലയം |
| എംപിലാഡ്സ് | മെംബർ ഓഫ് പാർലമെന്റ് ലോക്കൽ ഏരിയ ഡെവലപ്മെന്റ് സ്കീം |
| എംറ്റിഎ | മെയിൽ ത്രെഡ് അഡാപ്റ്ററുകൾ |
| എംവിഎസ് | ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി |
| നബാർഡ് | നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻറ് റൂറൽ ഡെവലപ്മെന്റ് |
| എൻഎബിഎൽ | നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ് |
| എൻഇ | വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ |
| എൻഎച്ച് | ദേശീയ പാത |
| എൻഎച്ച്എഐ | നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ |
| എൻഐടി | ദർഘാസ് ക്ഷണ പത്രിക |

| ചുരുക്കെഴുത്ത് | പദസൂചിക |
|---|---|
| എൻജെജെഎം | ദേശീയ ജല ജീവൻ മിഷൻ |
| എൻആർഡിഡബ്ല്യുപി | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി |
| എൻടിയു | നെഫലോമെട്രിക് ടർബിഡിറ്റി യൂണിറ്റ് |
| എൻഡബ്ല്യുക്യുഎസ്എം | നാഷണൽ വാട്ടർ ക്വാളിറ്റി സബ് മിഷൻ |
| ഒ ആന്റ് എം | പ്രവർത്തനവും പരിപാലനവും |
| ഒഎച്ച്എസ്ആർ | ഓവർഹെഡ് സർവ്വീസ് റിസർവോയർ |
| പിഎ | പ്രവർത്തനക്ഷമതാ ഓഡിറ്റ് |
| പിഎസി | പ്രോബബിൾ എമൗണ്ട് ഓഫ് കോൺട്രാക്ട് |
| പിഇ | പോളി എഥിലീൻ |
| പിഎഫ്എംഎസ് | പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം |
| പിഎച്ച് | പബ്ലിക് ഹെൽത്ത് |
| പിഎച്ച്ഇഡി | പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് വകുപ്പ് |
| പിഎംജിഎസ്വൈ | പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന |
| പിഎംകെവികെ | പ്രധാൻ മന്ത്രി കൗശൽ വികാസ് കേന്ദ്ര |
| പ്രൈസ് | പ്രോജക്ട് ഇൻഫർമേഷൻ ആന്റ് കോസ്റ്റ് എസ്റ്റിമേഷൻ |
| പിവിസി | പോളി വിനൈൽ ക്ലോറൈഡ് |
| പിഡബ്ല്യുഡി | പൊതുമരാമത്തു വകുപ്പ് |
| ക്യു & ക്യു | ക്വാണ്ടിറ്റി ആന്റ് ക്വാളിറ്റി |
| ക്യുസിബിഎസ് | ക്വാളിറ്റി ആന്റ് കോസ്റ്റ് ബേസ്ഡ് സെലക്ഷൻ |
| ക്യുസിഡി | ക്വാളിറ്റി കൺട്രോൾ ഡിവിഷൻ |
| ക്യുസിഡിഎൽ | ക്വാളിറ്റി കൺട്രോൾ ജില്ല ലബോറട്ടറി |
| ആർഒ | റിവേഴ്സ് ഓസ്മോസിസ് |
| ആർഒഡബ്ല്യു | റൈറ്റ് ഓഫ് വേ |
| ആർഡബ്ല്യുപിഎം | റോ വാട്ടർ പമ്പിംഗ് മെയിൻ |
| ആർഡബ്ല്യുഎസ് | ഗ്രാമീണ ജലവിതരണം |
| എസ്എജിവൈ | സൻസദ് ആദർശ് ഗ്രാമ യോജന |
| എസ്എപി | സംസ്ഥാന ആക്ഷൻ പ്ലാൻ |
| എസ്ബിഎം | സ്വച്ഛ് ഭാരത് മിഷൻ |
| എസ്സി | പട്ടിക ജാതി |
| സ്കാഡ | സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡാറ്റ അക്വിസിഷൻ |
| എസ്ഡിജി | സുസ്ഥിര വികസന ലക്ഷ്യങ്ങൾ |
| എസ്ഇ | സൂപ്രണ്ടിങ് എൻജിനീയർ |
| എസ്എൽഇസി | സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി |
| എസ്എൽഎസ്എസ്സി | സംസ്ഥാനതല സ്കീം സാങ്ഷനിംഗ് കമ്മിറ്റി |
| എസ്എൻഎ | സിംഗിൾ നോഡൽ അക്കൗണ്ട് |
| എസ്ആർഐ | സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് |
| എസ്ടി | പട്ടിക വർഗ്ഗം |
| എസ്വിഎസ് | ഏക പഞ്ചായത്ത് പദ്ധതി |
| എസ്ഡബ്ല്യുഎസ്എം | സംസ്ഥാന ജല ശുചിത്വ മിഷൻ |
| ടിപിഎസി | ടെണ്ടർഡ് പ്രോബബിൾ എമൗണ്ട് ഓഫ് കോൺട്രാക്ട് |
| ടിപിഐഎ | മൂന്നാം കക്ഷി പരിശോധനാ ഏജൻസി |
| ടിഎസ് | സാങ്കേതികാനുമതി |
| യുസി | ധനവിനിയോഗ സാക്ഷ്യപത്രം |
| യുറ്റി | കേന്ദ്ര ഭരണപ്രദേശം |
| വിഎപി | വില്ലേജ് ആക്ഷൻ പ്ലാൻ |
| വിഡബ്ല്യുഎസ്സി | പഞ്ചായത്ത് ജല-ശുചിത്വ സമിതി |
| വാഷ് | വാട്ടർ സാനിറ്റേഷൻ ആന്റ് ഹൈജീൻ |
| ഡബ്ല്യുക്യുഎംഐഎസ് | ജല ഗുണനിലവാര മാനേജ്മെന്റ് വിവര സംവിധാനം |
| ഡബ്ല്യുക്യുഎംഎസ് | ജലഗുണനിലവാര മേൽനോട്ടവും നിരീക്ഷണവും |

| ചുരുക്കെഴുത്ത് | പദസൂചിക |
|---|---|
| ഡബ്ല്യുക്യുഎംഎസ്എഫ് | കുടിവെള്ള ഗുണനിലവാര പരിശോധനയുടെയും അവലോകന സംവിധാനത്തിന്റെയും ചട്ടക്കൂട് |
| ഡബ്ല്യുക്യുഎംഎസ്പി | ജല ഗുണനിലവാര മേൽനോട്ട നിരീക്ഷണ പരിപാടി |
| ഡബ്ല്യുആർഡി | ജലവിഭവ വകുപ്പ് |
| ഡബ്ല്യുഎസ്എസ് | ജലവിതരണ പദ്ധതി |
| ഡബ്ല്യുടിപി | ജലശുദ്ധീകരണ പ്ലാന്റ് |

© COMPTROLLER AND
AUDITOR GENERAL OF INDIA
https://cag.gov.in

https://cag.gov.in/ag1/kerala/en